യോഗക്ഷേമസഭ

# സ്വസ്തി

ത്രൈമാസിക

2019
ജൂലായ്
പുസ്തകം 3 ലക്കം 3

യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസിദ്ധീകരണം



## വന്ദേ ഗുരുപരമ്പരാം

## ഘർവാപ്പസിക്ക് വൈദികവിധി

4



## കണ്ണിപറമ്പിൽ കവിത വിരിയുന്ന കാലം

43

23 കുട്ടിക്കവികൾ 23 കവിതകൾ



**മേഘ്ന**
D/o കൃഷ്ണൻ നമ്പൂതിരിപ്പാട്
& ജയശ്രീ
അകവൂർ മന
ആലുവ, തിരുവൈരാണിക്കുളം

**ആസാദ് നാരായണൻ**
S/o നാരായണൻ നമ്പൂതിരി
& രാധ
പട്ടാഴി മന
ഇരിമ്പിളിയം

ആശംസകളോടെ:
ബന്ധുമിത്രാദികൾ




പുസ്തകം 3 ലക്കം 3

2019 ജൂലായ്

**Email: swasthitrimonthly@gmail.com**

യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസിദ്ധീകരണം
യുഗാബ്ദം 5121 ആഷാഢം
കൊല്ലവർഷം 1194 കർക്കിടകം
ശ്വേതവരാഹകല്പം-
വൈവസ്വത മന്വന്തരം 7
ഗ്രീഷ്മ ഋതു

**ടീം സ്വസ്തി**

ചീഫ് എഡിറ്റർ:
കൊയ്ത്തൊടി ചെറുമുക്കു പരമേശ്വരൻ 9072383651
അസോസിയേറ്റ് എഡിറ്റർ:
പാനാട് പദ്മനാഭൻ നമ്പൂതിരി 9400992823
മാനേജിംഗ് എഡിറ്റർ: ഉമശ്രീ കിഴക്കുമ്പാട്, 9496164912
അംഗങ്ങൾ: ഡോ. വീട്ടിക്കാട്ട് പരമേശ്വരൻ നമ്പൂതിരി, വി.ഇ. നാരായണൻ നമ്പൂതിരി, വിനോദ് മങ്ങത്തായ, രവി മങ്ങത്തായ

മാനേജിംഗ് കമ്മിറ്റി
പ്രിന്റർ ആന്റ് പബ്ലിഷർ
കെ.ഐ.വിഷ്ണു നമ്പൂതിരി 9496925471
ജില്ലാ പ്രസിഡന്റ്:
മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി 8113904840
ജില്ലാ സെക്രട്ടറി
താമരക്കുളം ദിവാകരൻ നമ്പൂതിരി 9447337337
അംഗങ്ങൾ: നാറാണിയാട് ദാമോദരൻ നമ്പൂതിരി
കിഴക്കുമ്പാട് ഉണ്ണികൃഷ്ണൻ നമ്പൂതിരിപ്പാട്

(പരസ്യം):
ജയൻ പഴങ്ങോട്ടുപൊറ്റ 9745137987

ഡിസൈനിംഗ്
റീഡിഫൈൻ ഗ്രാഫിക്സ്, കോയൻകോ ബസാർ, കോഴിക്കോട് -673001,
മൊബൈൽ: 9847941277, 9847907630

വര: കൃഷ്ണൻ പാതിരിശ്ശേരി

Printed & Published by
K.I. Vishnu Namboodiri

യോഗക്ഷേമസഭ
സ്വസ്തി
ത്രൈമാസിക

# മാതൃധർമ്മത്തിലേക്കുള്ള മടക്കം എളുപ്പമാക്കിയ വൈദികവിധി

"എല്ലാ പുണ്യവാളന്മാർക്കും ഒരു ഭൂതകാലം ഉണ്ടായിരുന്നു; ഓരോ പാപിക്കും ഒരു ഭാവിയുണ്ട്'' എന്ന് ഒന്നേകാൽ നൂറ്റാണ്ടു മുമ്പ് സ്വാമി വിവേകാനന്ദൻ പറഞ്ഞു. ഇവിടത്തെ വിചിത്ര അനാചാരങ്ങൾ കണ്ട് 'ഭ്രാന്താലയ'ത്തോട് കേരളത്തെ ഉപമിക്കുകയുമുണ്ടായി. കേരളത്തെ വീണ്ടും 'തീർത്ഥാലയ'മാക്കുന്നതിനുള്ള നവോത്ഥാന പ്രസ്ഥാനങ്ങൾക്ക് സമുദായ നേതൃത്വങ്ങൾ തുടക്കം കുറിച്ചത് അതിനെ തുടർന്ന്. 1908-ൽ (കൊല്ലവർഷം 1083-ൽ) ശിവരാത്രി നാളിൽ ആലുവദേശത്തെ വൈദികൻ ചെറുമുക്കുമനയിൽ നമ്പൂതിരി യോഗക്ഷേമ സഭക്ക് സമാരംഭം കുറിച്ചു. ഭാരത സ്വാതന്ത്ര്യ ലബ്ധി വരെ യോഗക്ഷേമസഭയുടെ നേതൃത്വത്തിൽ സമുദായത്തിനകത്തും പുറത്തും നടന്ന സോദ്ദേശ്യ പ്രവർത്തനങ്ങൾ ചരിത്രത്തിന്റെ ഭാഗമത്രേ. വൈദേശിക മതഭ്രാന്ത ശക്തികളുടെ പ്രലോഭനങ്ങൾക്കും നിർബന്ധങ്ങൾക്കും ഭീഷണികൾക്കും വശംവദരായി ഹിന്ദുക്കൾ മതപരിവർത്തനത്തിന് ഇരയായിരുന്നു. പോർച്ചുഗീസ്, ഡച്ച്, ഫ്രഞ്ച്, ജർമ്മൻ, ബ്രിട്ടീഷ് പാശ്ചാത്യശക്തികൾ നാലു നൂറ്റാണ്ടുകളിൽ ക്രൈസ്തവ മതത്തിലേക്ക് കുഞ്ഞാടുകളാക്കിയെങ്കിൽ അറബ്- മുഗള വിദേശ ശക്തികൾ മുഹമ്മദീയ മതത്തിലേക്കാണ് ആളെക്കൂട്ടിയത്. 1766-92 എ.ഡി. കാലഘട്ടത്തിൽ ഹൈദരാലി- ടിപ്പു സുൽത്താന്മാരുടെ ആക്രമണങ്ങളും 1921 ലെ മാപ്പിള ലഹളയും കേരളത്തിലെ, വിശേഷിച്ചും മലബാറിലെ ധാർമ്മിക ജീവിതത്തിനും സാമൂഹ്യ സമാധാനത്തിനും മത സാഹോദര്യത്തിനും ഉണക്കാനാവാത്ത മുറിവേൽപ്പിച്ചു.

ഹിന്ദു സമൂഹത്തിൽ നിന്നും പുറത്തുപോകേണ്ടിവന്ന നിർഭാഗ്യവാന്മാരെ മാതൃധർമ്മത്തിലേക്ക് തിരിച്ചുകൊണ്ടുവരാൻ ഗൗരവപൂർണ്ണമായ നീക്കമുണ്ടായത് കേരളത്തിൽ 1922-ൽ ആയിരുന്നു. കോഴിക്കോട്ടെ തിരുവച്ചിറ സാമൂതിരി കച്ചേരിയിൽ വെച്ച് ആഗസ്റ്റ് 20-ാം തീയതി ഞായറാഴ്ച (1097 ചിങ്ങം 4) കേരളത്തിലെ പ്രമുഖ വൈദികരും ബ്രാഹ്മണശ്രേഷ്ഠരും ഒത്തുകൂടി ചർച്ച ചെയ്ത് വിധിപ്രസ്താവത്തിൽ ഒപ്പുവെച്ചത്, മതംമാറിയവർക്ക് തങ്ങളുടെ പൂർവ്വികരുടെ സമുദായത്തിലേക്കും തറവാടുകളിലേക്കും മടങ്ങിവരാനുള്ള- ഘർവാപസി- മാർഗ്ഗനിർദ്ദേശങ്ങൾ മുന്നോട്ടുവെച്ചുകൊണ്ടാണ്. അതിന്റെ ഒരു ചരിത്രരേഖ സാമൂതിരി വംശക്കാരുടെ കൈയിലുണ്ട്. ആ ചരിത്ര രേഖയിൽ ഒപ്പുവെച്ച വൈദികബ്രാഹ്മണ ശ്രേഷ്ഠരുടെയും സാമൂതിരിപ്പാടിന്റെയും മലയാം ജില്ലാ കലക്ടറുടെയും പേര് വിവരങ്ങളും ഈ ലക്കം സ്വസ്തിയിൽ നൽകുന്നുണ്ട്. 1921 ലെ മാപ്പിള ലഹളയിൽ രക്തസാക്ഷികളായ ആറ്റുപുറം, ചുഴലിപ്പുറം, നാഗേരി നമ്പൂതിരിമാരെക്കുറിച്ചുള്ള പിൻഗാമികളുടെ ഓർമ്മകളും സാമൂഹ്യമനസ്സിനെ അസ്വസ്ഥമാക്കുന്നതാണ്.

തൃശ്ശിവപേരൂരിൽ ശങ്കരാചാര്യ ശിഷ്യപരമ്പരയിലേക്ക് ഒറവങ്കര അച്യുത ഭാരതി സന്യാസദീക്ഷയെടുത്തതായ സദ്വാർത്ത നാം കേട്ടിരിക്കും. കോഴിക്കോട്ടെ കണ്ണിപറമ്പ് ഉപസഭയിൽ കവിത വിരിയുന്ന പൂക്കാലത്തിന്റെ ഉദയമുണ്ടായി. 23 കുട്ടിക്കവികളൊരുക്കുന്ന ഓണപ്പൂക്കളം ഈ ലക്കം സ്വസ്തിയുടെ സവിശേഷതയത്രേ.

**-പത്രാധിപർ**

Swasthi Trimonthly | Yogakshema Sabha Office | Near Kovoor Vishnu temple | Chevayur P.O | Kozhikode -673017
Printed at Premier Printers | Annie Hall Road | Calicut-2 | For private circulation only

Contact: City 8089441634 | Perumanna 9495892653 | Kakkodi 9447484904 | Narikkuni 9446160817 | Uchakkavu 0495 2208095 | Chathamangalam 9447337337 | Mukkom 9447468956 | Kanniparamba 9495611629 | Thamarasseri 9747950225 | Koyilandy 9846698489 | Vatakara 9446779191 | Balusseri 8281984397 | Feroke 9447332611 | Areacode 9539926654 | Chevayur 7293751990 | Ramallur 9847564517 |

യോഗക്ഷേമസഭ

# സ്വസ്തി

ത്രൈമാസിക



# സ്വസ്തി – നമ്പൂതിരിയുടെ മുഖപുസ്തകം

യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസിദ്ധീകരണം

**വാർഷിക വരിസംഖ്യ Rs. 200/-**


**വരിസംഖ്യ ബാങ്ക് അക്കൗണ്ടിൽ നേരിട്ട് അയക്കാം**

**A/c Details**
Bank- Kozhikode Dt. Co-operative Bank
Medical College Br.
(KDC Bank)
A/c No. 100041201020018
IFSC Code: KDCB0000004

വരിസംഖ്യ അടച്ചശേഷം സ്വസ്തി അയക്കേണ്ട ആളുടെ പേര്, അഡ്രസ്, പിൻകോഡ്, ഫോൺ നമ്പർ എന്നിവ ഉടനെ 9447332611 എന്ന നമ്പറിൽ വാട്സ്ആപ്പ് മെസ്സേജ് അയക്കണം

Email: swasthithrimonthly@gmail.com

## ആരൊക്കെ/ എന്തൊക്കെ

ഇല്ലപ്പെരുമ -
**മാനിപുരത്തെ ബ്രഹ്മശ്രീ**
വിനോദ് മങ്ങത്തായ
**32**



**കിരാതനടനം**
താമരക്കുളം ദിവാകരൻ നമ്പൂതിരി
**30**




**അക്ഷരവെളിച്ചം അണയാതെ സൂക്ഷിച്ച മുത്തശ്ശി**
ജ്യോതി നാരായണൻ
**20**

---

ഘർ വാപ്പസി എന്തെളുപ്പം ........ കെ.എം.പരമേശ്വരൻ ........ 4
മുട്ടുശാന്തിക്കാരൻ മഠം
മാനേജരായ കഥ ........ ടീം സ്വസ്തി ........ 9
ദൈന്യതയിൽ നിന്ന് ഉയർന്ന
ധന്യജീവിതം ........ കുഞ്ഞുകുട്ടൻ കീഴ്മുണ്ടയൂർ ........ 11
വന്ദേ ഗുരുപരമ്പരാം ........ ടീം സ്വസ്തി ........ 15
സതീർത്ഥ്യനായ സ്വാമിയാരെ
അഭിവാദ്യം ചെയ്യാൻ ........ മങ്ങത്തായ കൃഷ്ണൻ നമ്പൂതിരി ........ 16
ആചാരലംഘനം ........ പാനാട് പദ്മനാഭൻ നമ്പൂതിരി ........ 17
1921 - ലെ മുറിപ്പാടുകൾ ........ ഉമശ്രീ കിഴക്കുമ്പാട് ........ 22
നിശ്ശബ്ദ ജീവികൾ (ചെറുകഥ) ........ അനിയൻ മണ്ണാനിക്കാട് ........ 27
കമ്പ്യൂട്ടറിലെ നമ്പൂരിഭാഷ ........ സി.സ്മിത ........ 29
സമയസൂചികൾ (കവിത) ........ ജ്യോതി നാരായണൻ ........ 42
കണ്ണിപറമ്പിൽ കവിത
വിരിയുന്ന നേരം ........ വി.ഇ.ഉണ്ണികൃഷ്ണൻ ........ 43
അച്ഛന്റെ ഇല്ലം എന്റേതുമായി ........ ദാമോദരൻ വൈഷ്ണവം ........ 51
പാലാഞ്ചീരി ഒരു ദീപ്തസ്മരണ ........ 55
ഉപസഭാ വാർത്തകൾ ........ 56
കത്തുകൾ പ്രതികരണങ്ങൾ ........ 60

# ‘ഘർ വാപ്പസി’ എന്തെളുപ്പം!

## 1921 ലെ മാപ്പിള ലഹളക്കു ശേഷം വൈദികവിധിയിലൂടെ സർക്കാരിന്റെ ഹൈന്ദവാചാര സംരക്ഷണം


1097 ചിങ്ങം 4-ാംനു-ക്ക 1922 ആഗസ്റ്റ 20-ാംനു- ഞായറാഴ്ച

സാമൂതിരിരാജാ എസ്റ്റേറ്റ കച്ചേരിയിൽ വെച്ചു.

സാമൂതിരിരാജാവ അവർകളും മലയാം കലക്ടർ അവർകളും

സന്നിഹിതരായി നടന്ന വൈദീകസഭയിൽ വെച്ചു തീർച്ചപ്പെടുത്തിയ

സംഗതികൾ.

1096 ചിങ്ങം മുതൽ

തൊണ്ണൂറ്റി ഏഴുവർഷം മുമ്പ് 1097 ചിങ്ങം നാലാം തിയ്യതി (ആഗസ്റ്റ് 20, 1922 ഞായർ) കേരളത്തിലെ വൈദിക ശ്രേഷ്ഠർ ചരിത്രപ്രാധാന്യമുള്ള ഒരു വിധിപ്രമാണത്തിൽ ഒപ്പിട്ടു! നിർബന്ധിത മതംമാറ്റത്തിനു വിധേയരായ മുൻ ഹിന്ദുക്കളായ ആയിരക്കണക്കിൽ ‘മാപ്പിള’മാർക്ക് തങ്ങളുടെ മാതൃധർമ്മത്തിലേക്കു മടങ്ങാനുള്ള വാതിൽ തുറക്കപ്പെട്ടു!


കോഴിക്കോട്ടെ സാമൂതിരി രാജാവിന്റെ കച്ചേരിയിലായിരുന്നു വൈദിക സഭ ചേർന്നത്. തിരുവച്ചിറയുടെ വടക്കെകരയിൽ ഇന്ന് എൻ.എസ്.എസ്. ഹൈസ്കൂൾ പ്രവർത്തിക്കുന്ന കെട്ടിട സമുച്ചയം അന്ന് സാമൂതിരി കോവിലകമായിരുന്നു.

1766 ൽ ഹൈദരാലിയും തുടർന്ന് ടിപ്പു സുൽത്താനും തുടങ്ങിവെച്ച ജിഹാദി ഭീകരാക്രമണങ്ങളുടെ പരിസമാപ്തി കുറിച്ചു കൊണ്ടുള്ള ‘ഖിലാഫത്ത്’ എന്ന മാപ്പിള ലഹള 1921 ലാണ് സംഹാരതാണ്ഡവമാടിയത്. ഗൂർഖ പടയാളികളെ വരുത്തിയാണ് ഭരണാധികാരികൾ ലഹള അടിച്ചമർത്തിയത്.

തുർക്കിയിലെ ഖലീഫയുടെ ഭരണം സ്ഥാപിക്കാൻ ഐ.എസ്. ഭീകരർ അഫ്ഗാനിസ്ഥാനിലും ഇറാക്കിലും സിറിയയിലും മറ്റും തുടരുന്ന ജിഹാദ് അന്നേ മലബാറിൽ തിരനോട്ടം നടത്തിയതാണ്.

ഉത്തരേന്ത്യയിൽ മുഗളാധിപത്യം അവസാനിച്ചപ്പോൾ കാശ്മീരിലെ മതംമാറ്റപ്പെട്ട ഹിന്ദുക്കൾ രാജാവിനെ സമീപിച്ച് ഹിന്ദുധർമ്മത്തിലേക്ക് മടങ്ങിവരാൻ സന്നദ്ധത അറിയിച്ചു. കാശ്മീരി പണ്ഡിറ്റുകളായ രാജപുരോഹിതർ ആണ് അന്ന് അതിനു തടസ്സം നിന്നത്. ഇന്നത്തെ കാശ്മീർ പ്രശ്നത്തിന്റെ കാരണങ്ങളിലൊന്നായി അതും പറയാറുണ്ട്. ദക്ഷിണേന്ത്യയിൽ ഹിന്ദുത്വത്തിലേക്ക് മടങ്ങാനുള്ള ആഗ്രഹവുമായി പ്രജകൾ സാമൂതിരി രാജാവിനെ സമീപിച്ചപ്പോൾ കേരളത്തിലെ വൈദികർ വൈദികസഭ കൂടി ‘ഘർവാപ്പസി’ക്ക് അനുമതി നൽകി!

കൊച്ചി രാജ്യത്തെ കൈമുക്ക്, പന്തൽ, പെരുമ്പടപ്പ്, കപ്ലിങ്ങാട്, വൈദികന്മാരും തളിപ്പറമ്പിലെ വൈദികൻ ഇരുവേശിപുടയൂരും



ഈ വൈദിക സഭയിൽ പങ്കെടു ത്തിരുന്നു.

കാശ്മീരി പണ്ഡിറ്റുകളെ ടുത്ത ദേശസ്നേഹപരമല്ലാത്ത നിലപാടുമായി കേരള ബ്രാഹ്മണരു ടെ പുരോഗമനപരവും കാലോചി തവുമായ നിലപാടിനെ താരതമ്യം ചെയ്യേണ്ടതാണ്.

ഹിന്ദുത്വത്തിലേക്ക് തിരിച്ചു വരാൻ വളരെ ലളിതമായ ചടങ്ങുക ളും വൈദിക സഭ നിശ്ചയിച്ചു.

എട്ടുതരത്തിലുള്ള ദോഷങ്ങൾ നിർണ്ണയിച്ചു. കുടുമ മുറിച്ചതും കു പ്പായമിട്ടതും, കാതു കുത്തിയതും സുന്നത്ത് നടത്തിയതും, ഗോമാം സം കഴിച്ചതും, സഹവാസം ചെ യ്തതും എല്ലാം പൊറുക്കാവുന്ന ദോഷങ്ങളായി വൈദികസഭ വില യിരുത്തി. ചില കേസുകളിൽ 12 ദിവസത്തെ ഭജനയും ചിലതിൽ 21 ദിവസത്തേയും ഗോമാംസം ഭക്ഷി ക്കേണ്ടി വന്നവർക്ക് സേതുസ്നാ നവും 41 ദിവസത്തെ ഭജനയുമാ ണ് പ്രായശ്ചിത്തം. ഒരു ദിവസം പന്തീരായിരം നാമം ജപിക്കണം. തങ്ങളുടെ ദേശക്ഷേത്രത്തിൽ വെ ച്ച് ഈ പ്രായശ്ചിത്തങ്ങൾ ഒരു തപ സ്സുപോലെ ചെയ്താൽ മതിയെന്നു വിധിച്ചു.

വിദേശ മത (ഭ്രാന്ത) ശ ക്തികൾ നിർബന്ധിച്ചും പ്രലോ ഭിപ്പിച്ചും മതംമാറ്റിയവരാണ് ഭാരതത്തിലെ 99 ശതമാനം ന്യൂന പക്ഷമതക്കാരും. കാശ്മീർതൊട്ട് കന്യാകുമാരി വരേയും നാഗാലാന്റ് തൊട്ട് ഗോവ വരേയും ഇതാണു സത്യം.

1919 ൽ ഒന്നാം ലോകമഹായു ദ്ധം കഴിഞ്ഞപ്പോൾ തുർക്കിയിൽ ഖലീഫയുടെ ഭരണത്തിനും അന്ത്യ മായി. ഖലീഫയുടെ അനുയാ യികളെ ബ്രിട്ടീഷുകാർക്കെതിരെ ലഹളയുണ്ടാക്കാൻ ഇന്ത്യയിൽ കോൺഗ്രസ്സുകാർ പ്രേരിപ്പിച്ചു. കോൺഗ്രസ് ഒത്താശയോടെ ഖി ലാഫത്തു കമ്മിറ്റികൾ ഇങ്ങു തെ ക്ക് കേരളത്തിലും നിലവിൽ വന്നു. അതിന്റെ ഫലമായി 1921 ൽ മലബാ റിൽ മാപ്പിള ലഹളയുണ്ടായി. കഷ്ട നഷ്ടങ്ങളെല്ലാം അനുഭവിക്കേണ്ടി വന്നത് ഇവിടത്തെ ഹിന്ദുക്കൾക്ക്. കൊള്ളക്കും കൊലക്കും പലായ നത്തിനും നിർബന്ധിത മതം മാറ്റ ത്തിനും വിധേയരാവേണ്ടി വന്നത് നിരപരാധികളായ ഹിന്ദുക്കൾ!

ദക്ഷിണേന്ത്യയിൽ ഹിന്ദു ത്വത്തിലേക്ക് മടങ്ങാനുള്ള ആഗ്രഹവുമായി പ്രജകൾ സാമൂതിരി രാജാവിനെ സമീ പിച്ചപ്പോൾ കേരളത്തിലെ വൈദികർ വൈദികസഭ കൂടി 'ഘർവാപസി'ക്ക് അ നുമതി നൽകി! കൊച്ചി രാ ജ്യത്തെ കൈമുക്ക്, പന്തൽ, പെരുമ്പടപ്പ്, കപ്ലിങ്ങാട്, വൈദികന്മാരും തളിപ്പറ മ്പിലെ വൈദികൻ ഇരുവേ ശിപുടയൂരും ഈ വൈദിക സഭയിൽ പങ്കെടുത്തിരുന്നു.

കോഴിക്കോട്ടെ ഹിന്ദുരാജാവ് സാമൂതിരിപ്പാട് തന്റെ പ്രജകളെ സാമൂഹ്യമായും സാംസ്കാരികമാ യും മതപരമായും പുനരധിവസി പ്പിക്കാൻ കേരളത്തിലെ വൈദിക പ്രമുഖരേയും ബ്രാഹ്മണ ശ്രേ ഷ്ഠരേയും തന്റെ കച്ചേരിയിൽ വിളിച്ചു വരുത്തി. ടിപ്പുവിൽ നിന്നും മലബാർ (മലയാം) ജില്ലാ ഭരണം കരഗതമായ ബ്രിട്ടീഷ് സർക്കാർ ഉ ദ്യോഗസ്ഥനായ കലക്ടർ ആർ.എച്ച്. എല്ലീസ് (Ellis) നിരീക്ഷകനായി പങ്കെടുത്തു. ആലുവപ്പുഴക്കു വട ക്കും ചന്ദ്രഗിരിപ്പുഴക്കു തെക്കുമുള്ള പ്രദേശത്തെ പ്രതിനിധീകരിക്കുന്ന നമ്പൂതിരി വൈദികരാണ് 1097 ചിങ്ങം 4 ന് (1922 ആഗസ്റ്റ് 20) ഞായറാഴ്ച കോഴിക്കോട്ടു നടന്ന ചരിത്ര സംഭവത്തിൽ പങ്കെടുത്തത്.

1908 ൽ ആലുവ ശിവരാത്രി നാളിൽ ദേശത്തെ ചെറുമുക്കുമന യിൽ രൂപീകൃതമായ യോഗക്ഷേ മസഭയുടെ സ്വാധീനം സാമൂതി രിയുടെ സ്വാധീന മേഖലക്കു പുറത്തുള്ള ബഹുഭൂരിപക്ഷ വൈദി ക പ്രമുഖരെ തിരുവച്ചിറയിലെ സാ മൂതിരി കച്ചേരിയിൽ എത്തിക്കാൻ കാരണമായി എന്ന് കരുതാവുന്ന താണ്.

1890 കളുടെ ആദ്യത്തിൽ വിവേകാനന്ദ സ്വാമികളുടെ സന്ദർശനം കേരളത്തിൽ ദേശീ യ നവോത്ഥാനത്തിന്റെ സന്ദേശ മെത്തിക്കുകയുണ്ടായി. ആദ്ധ്യാ ത്മികാചാര്യന്മാരെ മുൻനിർത്തി തങ്ങളുടെ സമുദായത്തിന്റെ ആവ ശ്യകതകൾ പരിഗണിച്ച് സംഘടി ച്ചു ശക്തരാകാനാണ് ശ്രീരാമകൃ ഷ്ണ പരമഹംസ ശിഷ്യോത്തമൻ ആഹ്വാനം ചെയ്തത്. കേരളം അതു ശിരസാ വഹിച്ചു.

തൃശ്ശിവപേരൂരിലെ ശങ്കരമഠ ങ്ങൾ വേദ-വേദാന്തങ്ങളുടെ പഠന കേന്ദ്രങ്ങളായിരുന്നു. ആധുനിക വിദ്യാഭ്യാസം കാംക്ഷിച്ച് സാംസ് കാരിക തലസ്ഥാനത്തെത്തുന്നവരു ടെ താവളവും അതായി.

# വൈദിക സഭയിൽ വെച്ചു തീർച്ചപ്പെടുത്തിയ സംഗതികൾ

1096 ചിങ്ങം മുതൽക്കുണ്ടായ മാപ്പിള ലഹളയിൽ ശൂദ്ര രായ പലെ ഹിന്ദുക്കളെയും നിർബന്ധിച്ചു പലെ അക്ര മങ്ങളും മാപ്പിളമാർ നടത്തിയതിൽ മേൽപറഞ്ഞ ഹിന്ദു ക്കൾക്കു ജാത്യാചാര വിരുദ്ധമായ താഴെ പ്രസ്താവിച്ച അനിവാര്യമായ ദോഷങ്ങൾ സംഭവിച്ചതുകൊണ്ട് അവ രുടെ ദോഷം തീർത്ത് സ്വജാതിയിൽ കൂട്ടേണ്ടതാണെ ന്നും ദോഷപരിഹാരത്തിനു താഴെ കാണിച്ച പ്രകാരമുള്ള പ്രായശ്ചിത്തങ്ങൾ മതിയാകുന്നതാണെന്നും ഇന്ന് ഈ സഭയിൽ വെച്ചു അധികാരസ്ഥന്മാരായ വൈദികന്മാരും വാദ്ധ്യാനും മറ്റു യോഗ്യരായ ബ്രാഹ്മണരും കൂടി പ്രമാണ രൂപേണ ആലോചിച്ചു തീർച്ചപ്പെടുത്തിയിരുന്നു.

ദേശ ക്ഷേത്രത്തിൽ കുളിച്ചു തൊഴൽ നാരായണ -നമശ്ശിവായ നാമജപം, പഞ്ചഗവ്യം സേവിക്കൽ, സേ തുസ്നാനം എന്നീ പ്രായശ്ചിത്താനുഷ്ഠാനത്തിലൂടെ ഹിന്ദുവാകാം. നമ്പൂതിരി വൈദിക ശ്രേഷ്ഠരുടെ ഈ വിധിയുണ്ടായത് 97 വർഷം മുമ്പ്. കോഴിക്കോട് നിർ ബ്ബന്ധിത മതംമാറ്റത്തിന് വിധേയരായവർക്ക് സ്വന്തം കുടുംബാംഗങ്ങളോടും സമുദായാംഗങ്ങളോടും ഒപ്പം കഴിയാൻ യോഗ്യത നൽകുന്ന 'സർട്ടിഫിക്കറ്റും' നൽ കും!

1766 നും 1921 നും ഇടയിൽ മലബാറിൽ ഇസ്ലാമിലേ ക്ക് നിർബന്ധപൂർവ്വം മാറ്റപ്പെട്ട ഹിന്ദുക്കൾക്കു വേണ്ടിയാ ണ് വൈദികവിധി. ഇതിന് ഔദ്യോഗിക സ്വഭാവവുമുണ്ട്. വൈദികസഭ വിളിച്ചുകൂട്ടിയത് കോഴിക്കോടിന്റെ പരമ്പ രാഗത ഭരണാധികാരി മാനവിക്രമ സാമൂതിരി രാജയും ജില്ലാ കലക്ടർ ആർ. എച്ച്. എല്ലീസും സംയുക്തമായി.

ഹൈദരാലിയുടേയും ടിപ്പുവിന്റെയും പടയോട്ട മാണ് മലബാറിന്റെ സാംസ്കാരിക സാമൂഹ്യ ജീവിത ത്തിൽ വൈദേശിക മതഭ്രാന്തശക്തികളുടെ വിഷവിത്തു കൾ പാകിയത്. മതംമാറിയ ഹിന്ദുക്കളെ 'മാപ്പിള' മാർ ഹാലിളകി അക്രമങ്ങൾ നടത്തുന്നതാണ് മാപ്പിള ലഹള. അന്യമത വിദ്വേഷം കുത്തിവെക്കുന്നതും കാ ഫിറിനെ കൊന്നാൽ സ്വർഗ്ഗം കിട്ടുമെന്ന വിശ്വാസമുള വാക്കുന്നതുമായ മതപഠനങ്ങളാണ് മാപ്പിള ലഹളയുടെ മൂലകാരണം. 1921 ലെ ഖിലാഫത്തായിരുന്നു അതിന്റെ പരിസമാപ്തി.

ഇക്കാലയളവിൽ അന്യംനിന്നുപോയ ഇല്ലങ്ങൾ ക്കും കേടുപാടുകൾ സംഭവിച്ച ക്ഷേത്രങ്ങൾക്കും കയ്യും കണക്കുമില്ല. അഭയാർത്ഥികളായവരുടെ സംഖ്യ മുപ്പതി നായിരം എന്ന് ഏകദേശ കണക്ക്. അപ്പോൾ നമ്പൂതിരി മാരല്ലാത്ത, അഭയ സ്ഥാനമില്ലാത്തവർ ഗതികേടുകൊണ്ട് മതം മാറേണ്ടിവന്നവർ. മതം മാറാൻ തയ്യാറാകാത്തവർ ക്കു മുമ്പിൽ മരണം മാത്രം അവരും മാനം കാക്കാൻ ആത്മാഹുതി ചെയ്തവരും ഗതികിട്ടാപ്രേതങ്ങളായി.

1922 ൽ (1097 ചിങ്ങം 4 ന്) തിരുവച്ചിറ സാമൂതി രി കച്ചേരിയിൽ വൈദികസഭ വിളിച്ചു കൂട്ടിയത് ഹിന്ദു പുനരധിവാസത്തിന്റെ ഭാഗമായിട്ടായിരുന്നു.

അതുവരെയുള്ള വൈദിക മനോഭാവം മതം മാ റിയവരും ജാത്യാചാരം ലംഘിച്ചവരും സമുദായത്തിനു പുറത്ത് എന്നായിരുന്നു. 'അയിത്ത ജാതി'യിൽപ്പെട്ട ഹി ന്ദു മതം മാറി വന്നാൽ ഇല്ലത്തെ കാര്യസ്ഥനാവാൻ യോഗ്യനായി. മലബാറിൽ മാപ്പിള മുസ്ലീമും തിരുകൊ ച്ചിയിൽ മാപ്പിള ക്രിസ്ത്യാനിയും!

കേരളത്തിലെ ഹിന്ദുക്കളുടെ വിചിത്ര നടപടികൾ കണ്ടാണ് 'ഭ്രാന്താലയ' വിശേഷണം വിവേകാനന്ദസ്വാ മികൾ നൽകിയത്. ഭാരത മാതാവിനെ ആരാധ്യദേവത യാക്കി അമ്പതു വർഷമെങ്കിലും ഒത്തൊരുമിച്ചു പ്രവർ ത്തിക്കാനുള്ള ആഹ്വാനം കൂടിയായിരുന്നു 'ഉത്തിഷ്ഠത' ജാഗ്രത! പ്രാപ്യവരാൻ നിബോധത!'

ചെറുമുക്കു വൈദികനു പുറമെ കപ്പിളിങ്ങാട്ടു വൈ ദികൻ രവി നമ്പൂതിരി, വൈദികൻ പെരുമ്പടപ്പു നാരാ യണൻ നമ്പൂതിരി, ഇട്ടിത്തായൻ (ഹുതാശനൻ) എന്നു പേരായ തിരുനാവായ വാദ്ധ്യാൻ നമ്പൂതിരി, പന്തൽ വൈദികൻ ശങ്കരൻ നമ്പൂതിരി, കൈമുക്കു വൈദികൻ കൃഷ്ണൻ നമ്പൂതിരി, വെള്ളക്കാട്ടു മനക്കൽ ദാമോ ദരൻ ഭട്ടതിരിപ്പാട്, വൈദികൻ മേപ്പള്ളി വാസുദേവൻ നമ്പൂതിരിപ്പാട്, ഇരുവേശി പുടയൂർ വൈദികൻ നമ്പൂതി രി, തൃശൂർ പട്ടച്ചോമായത്തുമന ജാതദേവൻ നമ്പൂതിരി എന്നിവർക്കു താഴെയാണ് ദേശമംഗലം, കിള്ളിമംഗലം നമ്പൂതിരിപ്പാടന്മാർ ഒപ്പിട്ടു കാണുന്നത്. പടിഞ്ഞാറെ തട ത്തിൽ പരമേശ്വരൻ നമ്പൂതിരി, കരിയന്നൂർ മനക്കൽ വാസുദേവൻ നമ്പൂതിരി, താന്നിപ്പിള്ളി വിഷ്ണു പരമേ ശ്വരൻ നമ്പൂതിരി, ചിറമംഗലത്തു ചെറിയ നാരായണൻ നമ്പൂതിരിപ്പാട്, വന്നിലാ പറമ്പത്തു കരിപ്പത്തെ നാരാ യണൻ നമ്പൂതിരി, പെരുന്തട ഈറ്റിശ്ശേരി കൃഷ്ണൻ നമ്പൂതിരി, കാരിശ്ശേരി പറപ്പൂര് കെ.പി. മഹേശ്വരൻ നമ്പൂതിരി എന്നിവർ ഒപ്പിട്ട ശേഷമാണ് മലയാം ജില്ലാ കലക്ടറും മാനവിക്രമ സാമൂതിരി രാജാ അവർകളും ഒപ്പിട്ടിരിക്കുന്നത്.

ഭോഗമായ ജീവിതം നയിച്ചു പോന്ന മലയാളികൾ ക്കായി ഭക്തിയുടെയും ജ്ഞാന വൈരാഗ്യങ്ങളുടെയും ആദ്ധ്യാത്മിക ജീവിത സന്ദേശം പകർന്നു കഴിഞ്ഞിരുന്നു. ഹരിനാമ കീർത്തനത്തിൽ 'നാരായണായ നമഃ എന്ന നാമം ' ഋതുവായ പെണ്ണിനും ഇരപ്പനും ദാഹകനും പതിതനും അഗ്നിജയനം ചെയ്ത ഭൂസുരനും ഏതു സമ യത്തും ജപിക്കാം എന്ന് എഴുത്തച്ഛൻ പണ്ടേ നിർദ്ദേശി ച്ചിട്ടുമുണ്ട്. 'നരജന്മം' സഫലമായിടുവാൻ ഭഗവാന്റെ തിരുനാമങ്ങൾ നാവിന്മേൽ എപ്പോഴും പിരിയാതെ ഇ രിയ്ക്കണം' എന്ന് പൂന്താനവും ഉപദേശിക്കുന്നു. നാ രായണ ശിവ നാമങ്ങളാണ് ഹിന്ദു ധർമ്മത്തിലേക്കുള്ള പുനഃ പ്രവേശനത്തിനായി കോഴിക്കോട്ടെ വൈദിക സഭ വിധിച്ചത്.

സ്വാതന്ത്ര്യാനന്തരം ഘർവാപ്പ സിക്കുള്ള അധികാരം മതേത ര ഭരണാധികാരികൾ ആര്യ സമാജം പോലുള്ള പ്രസ്ഥാന ങ്ങൾക്കാണ് നൽകിക്കാണു ന്നത്. സാമൂതിരി രാജാവിന് സർട്ടിഫിക്കറ്റു നൽകാനുള്ള അധികാരം 1922 ൽ വൈദി ക സഭ നൽകിയിട്ടുള്ളതാണ്. പ്രായശ്ചിത്ത ഭജനമിരിക്കലും പഞ്ചഗവ്യ സേവയും പൂർ ത്തിയാക്കി ക്ഷേത്ര അധികാ രിയുടെ എഴുത്ത് സാമൂ തിരിപ്പാടിനു സമർപ്പിച്ചാൽ സർട്ടിഫിക്കറ്റു നൽകും. പൂർ വിക കുടുംബങ്ങളിലേക്കും സമുദായങ്ങളിലേക്കുമാണ് അതോടെ പ്രവേശന യോഗ്യ ത കിട്ടുക.

തിരുവിതാംകൂർ രാജാവിന്റെ രക്ഷാകർത്തൃത്വത്തിൽ ആലുവയിൽ നടന്ന യാഗത്തിന് നേതൃത്വം നൽകിയ ശുകപുരം ഗ്രാമ വൈദിക കുടുംബത്തിലെ ചെറുമുക്കു വാസുദേവൻ സോമയാജിപ്പാടു തന്നെയാണ് കോഴിക്കോട്ടെ വൈദിക സഭയുടെ പ്രമാണത്തിൽ ആദ്യ ഒപ്പുകാരൻ.

സ്വാതന്ത്ര്യാനന്തരം ഘർവാപ്പസിക്കുള്ള അധികാരം മതേതര ഭരണാധികാരികൾ ആര്യ സമാജം പോലുള്ള പ്രസ്ഥാനങ്ങൾക്കാണ് നൽകിക്കാണുന്നത്. സാമൂതിരി രാജാവിന് സർട്ടിഫിക്കറ്റു നൽകാനുള്ള അധികാരം 1922 ൽ വൈദിക സഭ നൽകിയിട്ടുള്ളതാണ്. പ്രായശ്ചിത്ത ഭജനമിരിക്കലും പഞ്ചഗവ്യ സേവയും പൂർത്തിയാക്കി ക്ഷേത്ര അധികാരിയുടെ എഴുത്ത് സാമൂതിരിപ്പാടിനു സമർപ്പിച്ചാൽ സർട്ടിഫിക്കറ്റു നൽകും. പൂർവിക കുടുംബങ്ങളിലേക്കും സമുദായങ്ങളിലേക്കുമാണ് അതോടെ പ്രവേശന യോഗ്യത കിട്ടുക. ഇപ്പോഴത്തെ മിശ്രവിവാഹതരും ആര്യസമാജത്തിലൂടെ പരാവർത്തനം ചെയ്യപ്പെടുന്നവരും അവിടെയുമില്ല ഇവിടെയുമില്ല എന്ന ദുരവസ്ഥ അനുഭവിക്കുന്നുണ്ട്. അതിനാൽ ദേശ ക്ഷേത്ര കേന്ദ്രീകൃതമായ, ഔഷധ സേവക്കും നാമം ജപതപസ്സിനും മുങ്ങിക്കുളിച്ചു ദേഹശുദ്ധി വരുത്തുന്നതിനും പുണ്യാഹം തളിക്കലിനുമൊക്കെ ഊന്നൽ നൽകിയുള്ള 1922 ലെ വൈദികവിധിക്കു നിയമസാധുത നഷ്ടപ്പെടുന്നില്ല.

കുടുമ മുറിച്ചതിനും, മേൽക്കാതു കുത്തിയതിനും മുസ്ലിം കുപ്പായമിട്ടതിനും, മുസ്ലിങ്ങൾ പാകം ചെയ്ത ഭക്ഷണം കഴിച്ചതിനും പ്രായശ്ചിത്തം വിധിച്ചിട്ടുണ്ട്. സുന്നത്ത്, ഗോമാംസം ഭക്ഷിക്കൽ, ഖുറാൻ ചൊല്ലൽ തുടങ്ങി എട്ടോ

## എട്ടുവിധം ദോഷങ്ങൾക്ക് നാലുവിധം പ്രായശ്ചിത്തങ്ങൾ

**ദോഷങ്ങൾ**

1. കുടുമ കളയിപ്പിച്ചത്
2. ലിംഗച്ഛേദം നടത്തിയത്
3. (ഖുറാൻ) വേദം ചൊല്ലിച്ചത്
4. മാപ്പിളമാർ പാകം ചെയ്ത ഭക്ഷണം കഴിപ്പിച്ചത്.
5. സ്ത്രീകളെ കാതുകുത്തി ചിറ്റിടീച്ചത്.
6. സ്ത്രീകളെ കുപ്പായം ഇടീച്ചത്.
7. കൂടി സഹവാസം ചെയ്യിച്ചത്
8. ഹിന്ദുമതാചാര പ്രകാരമല്ലാതെ മറ്റു വല പ്രവൃത്തികളും ചെയ്യിച്ചിട്ടുണ്ടെങ്കിൽ ആയതുകളും.

തങ്ങളുടെ ഇഷ്ടപ്രകാരമല്ലാതെ ബലാൽക്കാരമായി ഖിലാഫത്തുകാർ ഇരകളോടു പെരുമാറിയത് അക്കാലത്ത് അവരുടെ മനസ്സിനും ശരീരത്തിനും അപരിഹാര്യമായ മുറിവേൽപ്പിച്ചിരുന്നു എന്നത് വാസ്തവമാണ്. അവരാണ് ഹിന്ദു മതത്തിലേക്കു മടങ്ങി വരാൻ താല്പര്യപ്പെട്ടത്. ഒരു ഖിലാഫത്തുകാരനേയും മാപ്പിള ലഹളക്കാരനേയും അതിനെ സ്വാതന്ത്ര്യ സമരമായി മഹത്വവൽക്കരിച്ചവരേയും പ്രായശ്ചിത്തം ചെയ്യാൻ ഒട്ടും നിർബന്ധിക്കുന്നില്ല.

പ്രായശ്ചിത്തം ഒന്ന് (1,3,5,6 ദോഷത്തിന്)
പ്രായശ്ചിത്തം രണ്ട് (2,7 ദോഷത്തിന്)
പ്രായശ്ചിത്തം മൂന്ന് (4 ന്)
പ്രായശ്ചിത്തം നാല് (8 ന്)

1. ദോഷം സംഭവിച്ചവരുടെ അടുത്തുള്ള ക്ഷേത്രത്തിൽ പോയി മൂന്നു ദിവസം പഞ്ചഗവ്യം സേവിച്ച് യഥാശക്തി വഴിപാടും ചെയ്ത് 'നാരായണ' എന്നോ 'ശിവ' എന്നോ ദിവസേനാൽ മൂവ്വായിരത്തിൽ കുറയാതെ നാമം ജപിച്ചു ഭജിക്കുക.
2. (2,7) ദോഷങ്ങൾ സംഭവിച്ചവർക്ക് അവരുടെ അടുത്തുള്ള ക്ഷേത്രത്തിൽ പോയി പന്ത്രണ്ടു ദിവസം പഞ്ചഗവ്യം സേവിച്ച് യഥാശക്തി വഴിപാടും ചെയ്ത് ദിവസേനാൽ പന്തീരായിരത്തിൽ കുറയാതെ നാമം ജപിച്ചു ഭജിക്കുക.
3. (മാപ്പിളഭക്ഷണം കഴിച്ചതിന്) രാമേശ്വരം പോയി സേതുസ്നാനം ചെയ്തതിനു ശേഷം ക്ഷേത്രാധികാരിയോടോ കഴിപ്പിക്കുന്ന ആളോടോ ലക്ഷ്യം വാങ്ങി വന്ന് അവരുടെ അടുത്തുള്ള ക്ഷേത്രത്തിൽ പോയി നാല്പത്തൊന്നു ദിവസം പഞ്ചഗവ്യം സേവിച്ച് യഥാശക്തി വഴിപാടും ചെയ്ത് ദിവസേനാൽ പന്തീരായിരം നാമം ജപിച്ചു ഭജിക്കുക.
4. ഹിന്ദുമതാചാര പ്രകാരമല്ലാത്ത പ്രവൃത്തികൾ ചെയ്യേണ്ടി വന്നവർ അവരുടെ അടുത്തുള്ള ക്ഷേത്രത്തിൽ പോയി ഇരുപത്തൊന്നു ദിവസം പഞ്ചഗവ്യം സേവിച്ച് യഥാശക്തി വഴിപാടും ചെയ്ത് ദിവസേനാൽ പന്തീരായിരം നാമം ജപിച്ചു ഭജിക്കുക.

ളം ദോഷങ്ങൾക്കാണ് ദേഹശുദ്ധിയും മനശ്ശുദ്ധിയും ആത്മശുദ്ധിയും നേടാനുള്ള ലളിത തപസ്സ് വിധിച്ചത് എന്ന് ആമുഖമായി പ്രസ്താവിച്ചിട്ടുണ്ട്

ഈ പ്രായശ്ചിത്തങ്ങൾ പ്രമാണ രൂപേണ വിധിച്ച വൈദികർ പ്രാദേശിക ക്ഷേത്രേശന്മാർക്ക് അത് നടത്താനുള്ള ചുമതല നൽകിയത് ശ്രദ്ധേയമാണ്. ക്ഷേത്രേശരുടെ കത്തുമായി വൈദിക ബ്രാഹ്മണനെയല്ല, സാമൂതിരിപ്പാടിന്റെ ഓഫീസിനെയാണ് 'ഘർ വാപ്പസി'ക്കാർ സമീപിക്കേണ്ടത്. ഹിന്ദുമതത്തിൽ തിരിച്ചെത്തിയതിന് സർട്ടിഫിക്കറ്റു നൽകുന്നത് സാമൂതിരിപ്പാടിന്റെ കച്ചേരി. തുഞ്ചത്തെഴുത്തച്ഛനും പൂന്താനവും മറ്റു ഭക്തകവികളും ആത്മശുദ്ധീകരണത്തിനായി നിർദ്ദേശിച്ച നാമജപവും മനസ്സിനിഷ്ടപ്പെടാത്ത ഭക്ഷണം അകത്തു പെട്ടാൽ ആയുർവേദം വിധിച്ചിട്ടുള്ള പഞ്ചഗവ്യാദി ഔഷധ സേവയും ഈ വൈദികവിധിയുടെ ശാസ്ത്രീയതയാണ് വ്യക്തമാക്കുന്നത്. 97 വർഷം മുമ്പത്തെ വിധി ഹിന്ദുത്വത്തിലേക്കു മടങ്ങി വരാനാഗ്രഹിക്കുന്നവർക്ക് ഇന്നും അനുഷ്ഠിക്കാവുന്നതാണ്.

'നാരായണ', 'ശിവ' എന്നീ നാമങ്ങളാണ് സ്വസമുദായത്തിലേക്ക് തിരിച്ചു വരാൻ നിർബന്ധിത മതംമാറ്റത്തിന് ഇരകളായ ഹിന്ദുക്കൾക്ക് 1922 ലെ 'വൈദിക സഭ' വിധിച്ചത്. അതിന് ഒന്നര നൂറ്റാണ്ടു മുമ്പ് ഹൈദരാലിയുടെയും ടിപ്പുവിന്റെയും ഭീകരാക്രമണ വേളയിൽ ഇസ്ലാം മതത്തിൽ ഗതികേടു കൊണ്ടു ചേരേണ്ടി വന്ന ഹിന്ദുക്കൾക്ക് 'ഘർ വാപ്പസി'ക്ക് അവസരം കിട്ടാതിരുന്നതല്ലേ 1921 ൽ ഖിലാഫത്തിനും അതിനു മുമ്പ് ചെറുതും വലുതുമായ മാപ്പിള ലഹളകൾക്കും ഇടയാക്കിയത് എന്ന് ന്യായമായും സംശയിക്കാം.

1922 ലെ (1097) ചിങ്ങം 4 നാണ് കോഴിക്കോട് തിരുവച്ചിറയിലെ സാമൂതിരി കച്ചേരിയിൽ വെച്ച് 'വൈദിക സഭ' കൂടിയത്. ഇസ്ലാമിലേക്ക് നിർബന്ധിത മതപരിവർത്തനത്തിന് ഇരയായവരെ തിരികെ ഹിന്ദുത്വ സമൂഹത്തിലേക്ക് പുനഃപ്രവേശിപ്പിക്കുന്ന വിഷയം ചർച്ച ചെയ്യാൻ കേരളത്തിലെ നമ്പൂതിരി വൈദികർ അതിനു മുമ്പ് യോഗം കൂടിയിരുന്നില്ല. മതംമാറാൻ തയ്യാറാകാതിരുന്നവരെ ഖിലാഫത്തുകാർ 1921 ൽ നിഷ്ക്കരുണം കൊന്ന് കിണറ്റിൽ തള്ളിയിരുന്നു. തുവ്വൂർ കിണർ അവയിൽ ഒന്നു മാത്രം. നമ്പൂതിരിമാർ ഉൾപ്പെടെ നാനാജാതി നിരപരാധികളായ ഹിന്ദുക്കൾ രക്തസാക്ഷികളായി. ജീവൻ രക്ഷിക്കാൻ വേണ്ടി ജിഹാദ് ഭീകരരുടെ പീഡനത്തിനിരയായവരെ തിരികെ ഹിന്ദു സമൂഹത്തിൽ തിരിച്ചെടുക്കാൻ നടപടികൾ സ്വീകരിക്കുകയാണുണ്ടായത്.

കേന്ദ്ര- സംസ്ഥാന സർക്കാറുകൾ കോഴിക്കോട്ടെ സാമൂതിരിപ്പാടിന്റെ ഓഫീസിന് ഹിന്ദു-മത-സാമൂഹ്യ-സാംസ്കാരിക വിഷയങ്ങളിൽ മുൻകാലത്തെപ്പോലെ സർട്ടിഫിക്കറ്റ് നൽകാനുള്ള യോഗ്യത പുനഃസ്ഥാപിക്കേണ്ടതാണ്. ബ്രിട്ടീഷ് ഭരണകൂടവും കേരളീയ വൈദിക നേതൃത്വവും അംഗീകരിച്ചു നൽകിയ അധികാരം മതേതര സർക്കാരുകൾക്ക് റദ്ദാക്കാൻ അധികാരമുണ്ടെന്നു തോന്നുന്നില്ല.

2019 ൽ നിന്ന് തിരിഞ്ഞു നോക്കുമ്പോൾ തൊണ്ണൂറ്റി ഏഴു വർഷങ്ങൾക്കു മുമ്പ് നമ്മുടെ ക്ഷേത്രസങ്കേതങ്ങൾ നാരായണ-നമശ്ശിവായ മന്ത്രങ്ങളാൽ മുഖരിതമായ ചിത്രം തെളിഞ്ഞു വരും.

**സമ്പാ: കെ.എം.പരമേശ്വരൻ**


**ആയിരം പേർക്ക് ആവശ്യമുള്ള ശുദ്ധ വെജിറ്റേറിയൻ പാത്രങ്ങൾ മിതമായ നിരക്കിൽ ലഭിക്കുന്നു. ആവശ്യമുള്ള നമ്പൂതിരിമാർ ബന്ധപ്പെടുക.**



**ഉച്ചക്കാവ്**
**ഉപസഭ**
**9747432040,**
**9048822618**

# മുട്ടുശാന്തിക്കാരൻ തൃക്കൈക്കാട്ടു മഠം മാനേജരായ കഥ

35 വർഷം തൃക്കൈക്കാട്ടുമഠം മാനേജരായി സ്തുത്യർഹ സേവന മനുഷ്ഠിച്ചിട്ടുള്ള പരമേശ്വരൻ പുതുശ്ശേരി ബാലുശ്ശേരിക്കടുത്ത് തൃക്കുറ്റിശ്ശേരിയിൽ വിശ്രമജീവിതം നയിക്കുമ്പോഴാണ് ചെന്നു കണ്ടത്. ഒട്ടേറെ സ്വാമിയാർമാരുടെ അവരോധ ചടങ്ങുകൾക്കും സമാധിയിരുത്തലുകൾക്കും അദ്ദേഹത്തിനു മേൽനോട്ടം വേണ്ടി വന്നിട്ടുണ്ട്.

'ലോകാ: സമസ്താ: സുഖിനോ ഭവന്തു' എന്നതു നമ്മുടെ പ്രാർത്ഥനാ മുദ്രാവാക്യമാണ്. ഭാരത രാഷ്ട്രത്തിന്റെ സർവ്വതോമുഖമായ പരമവൈഭവം ലക്ഷ്യം. ധർമ്മ സംരക്ഷണത്തിനു സമർത്ഥമായ സംഘടന കൊണ്ടേ ലക്ഷ്യം നേടാനാവൂ സംഘടനയിലെ അംഗങ്ങൾക്കു സദ്ഗുണങ്ങൾ കൂടിയേ കഴിയൂ. അവ വളർത്തിയെടുക്കാൻ അവനവന്റെ ഭാഗത്ത് നിന്നു നിരന്തര തപസ്സ് അത്യാന്താപേക്ഷിതം.

വിദ്യ, ധനം, പരിശ്രമം, ത്യാഗം ഇവയാണ് വ്യക്തികളുടേയും അത്തരം വ്യക്തികളാൽ വളർത്തപ്പെടുന്ന സംഘടനകളുടെയും ചാലകശക്തി. ധർമ്മം, അർത്ഥം, കാമം, എന്നിവ പുരുഷാർത്ഥങ്ങളും മോക്ഷം പരമപുരുഷാർത്ഥവും. നാം മനുഷ്യജന്മത്തിൽ ഇവ നേടാനായിട്ടാണ് പാടുപെടുന്നത്.


ത്യാഗികൾക്കാണ് ജീവിതധന്യത. ഒരു നേരം മാത്രം ഭക്ഷണം കഴിക്കുന്നവർ യോഗികൾ. രണ്ടു നേരം ഭക്ഷിക്കുന്നവർ ഭോഗികൾ, മൂന്നു നേരം മൃഷ്ടാന്നം ഭുജിക്കുന്നവർ രോഗങ്ങൾ ക്ഷണിച്ചു വരുത്തുന്നവർ, നാലു നേരം ഭക്ഷിക്കുന്നവർ (കുടുംബ-സമൂഹ) ദ്രോഹികൾ എന്നു പറയാറുണ്ട്. 'അല്പാഹാരം ജീർണ്ണ വസ്ത്രം' എന്നത് വിദ്യാധനം കാംക്ഷിക്കുന്നവരുടെ ലക്ഷണമായി വിശേഷിപ്പിക്കാറുണ്ട്.

സമ്പത്തുകൾ ആർജ്ജിക്കുന്നത് യോഗവും ഭാവിയ്ക്കായി കരുതിവെയ്ക്കുന്നത് ക്ഷേമവും- 'യോഗക്ഷേമ'ത്തെ നിർവചിക്കാറുണ്ട്. മുൻ തലമുറകൾ ആർജ്ജിച്ചതും കെട്ടിപ്പടുത്തതുമായ ആദ്ധ്യാത്മിക സാംസ്കാരിക കേന്ദ്രങ്ങളെ കോട്ടംതട്ടാതെ സംരക്ഷിക്കാനുള്ള ചുമതലയും ഇന്നത്തെ തലമുറക്കു തന്നെ

സദാശിവ സമാരംഭാം
ശങ്കരാചാര്യ മദ്ധ്യേമാം
അസ്മദാചാര്യ പര്യന്താം
വന്ദേ ഗുരുപരമ്പരാം

ഇങ്ങനെ ഗുരുവന്ദനം ചെയ്യുന്നവർ ഏറെ. യോഗക്ഷേമ സഭ

## തൃക്കൈക്കാട്ട് മഠം സ്വാമിയാർ പരമ്പര


1. തിരുമംഗലത്തു് ദാമോദര ബ്രഹ്മാനന്ദ
2- നാഗേരി ഗോവിന്ദ ബ്രഹ്മാനന്ദ തീർത്ഥർ
3. [illegible] പരമേശ്വരാനന്ദ ബ്രഹ്മാനന്ദ തീർത്ഥർ
4- പാലയൂർ ഗോവിന്ദാനന്ദ ബ്രഹ്മാനന്ദ തീർത്ഥർ
5- [illegible] കേശവ ബ്രഹ്മാനന്ദ തീർത്ഥർ
6- [illegible] വാസുദേവാനന്ദ ബ്രഹ്മാനന്ദ തീർത്ഥർ
7- പൈനാവ് വിഷ്ണു ബ്രഹ്മാനന്ദ തീർത്ഥർ.
8- ഇടമന പരമേശ്വരാനന്ദ
9- മേപ്പിള്ളി ശങ്കരാനന്ദ
10- കുറുമാടത്തു് വാസുദേവാനന്ദ
11- മണ്ണക്കാട്ട് നാരായണാനന്ദ
12- [illegible] ശങ്കരാനന്ദ
13- നെടിയേടത്തു് രാമാനന്ദ
14- താമരശ്ശേരി വാമനാനന്ദ
15- [illegible] കേശവാനന്ദ
16- പാലക്കൂർ ഗോവിന്ദാനന്ദ
17- മൂത്തേടത്തു് കൃഷ്ണാനന്ദ
18- [illegible] രാമാനന്ദ
19- [illegible] രാമാനന്ദ
20- നെന്മിനി മഹേശ്വരാനന്ദ
21- കല്ലൂർ സുബ്രഹ്മണ്യാനന്ദ
22- [illegible] ശങ്കരാനന്ദ
23- നാഗേരി വിഷ്ണു ബ്രഹ്മാനന്ദ തീർത്ഥർ
[ME-955-ൽ [illegible] സ്വാമിയാർ]
24- [illegible] നാരായണാനന്ദ
25- ചെറുകുന്നം പരമേശ്വരാനന്ദ
26- കല്ലൂർ മാധവാനന്ദ
27- [illegible] ഗോവിന്ദാനന്ദ
28- ചെമ്പകശ്ശേരി ഗോവിന്ദാനന്ദ.
30- [illegible] സ്വാമിയാർ
31- [illegible] സ്വാമിയാർ
32- താമരപ്പിള്ളി സ്വാമിയാർ
33- എടക്കുന്നത്തു ശങ്കരാനന്ദ
34- വടക്കേടത്തു രാമാനന്ദ
35- [illegible] കൃഷ്ണാനന്ദ [ME-1109]
36- [illegible] കൃഷ്ണാനന്ദ
37- വടക്കേടത്തു് [illegible] കൃഷ്ണാനന്ദ
38- [illegible] പരമേശ്വരാനന്ദ
39- [illegible]
40 [illegible] വാമനാനന്ദ
41 [illegible] വടക്കേടത്തു് പരമേശ്വരാനന്ദ 1962
42- [illegible] സുബ്രഹ്മണ്യാനന്ദ
43- [illegible] പരമേശ്വരാനന്ദ 7-7-1979
44- [illegible] ശങ്കരാനന്ദ 8-12-1979
45- [illegible]
46- [illegible] വാസുദേവാനന്ദ
47- [illegible]
48- [illegible] ബ്രഹ്മാനന്ദ തീർത്ഥ 7-11-2011
49- [illegible] പരമേശ്വരാനന്ദ തീർത്ഥ 8 Dec 2011

ആചാര്യസ്ഥാനത്തു പ്രതിഷ്ഠിച്ചിട്ടുള്ളത് ശ്രീമദ് ശങ്കരഭഗവത്പാദരെയാണ്. കേരളത്തിലെ തൃശ്ശിവപേരൂരിൽ നാലു ശങ്കരമഠങ്ങൾ- നാലു പ്രധാന ശിഷ്യരുടെ - എ.ഡി. 1200 ൽ സ്ഥാപിതായി. തെക്കേ മഠം, ഇടയിൽ മഠം, നടുവിൽ മഠം, വടക്കേമഠം എന്ന പേരിൽ. പത്മപാദ, തോടക സുരേശ്വര, ഹസ്താമലക ആചാര്യരുടെ പരമ്പരകൾ ഈ അദ്ധ്യാത്മിക കേന്ദ്രങ്ങളെ സമ്പുഷ്ടമാക്കി. ഏതാനും നൂറ്റാണ്ടുകൾക്ക് മുമ്പ് വടക്കേമഠം

> കേരളത്തിലെ തൃശ്ശിവപേരൂരിൽ നാലു ശങ്കര മഠങ്ങൾ– നാലു പ്രധാന ശിഷ്യരുടെ എ.ഡി. 1200 ൽ സ്ഥാപിതായി. തെക്കേ മഠം, ഇടയിൽ മഠം, നടുവിൽ മഠം, വടക്കേമഠം എന്ന പേരിൽ. പത്മപാദ, തോടക സുരേശ്വര, ഹസ്താമലക ആചാര്യരുടെ പരമ്പരകൾ ഈ അദ്ധ്യാത്മിക കേന്ദ്രങ്ങളെ സമ്പുഷ്ടമാക്കി.

തുളുനാട്ടിൽ കാസർഗോഡ് എടനീർമഠമായും ഇടയിൽ മഠം സാമൂതിരി രാജാവിന്റെ ഉത്സാഹത്തിൽ താനൂർ പരിയാപുരത്ത് തൃക്കൈക്കാട്ടുമഠമായും പറിച്ചു നട്ടു.

35 വർഷം തൃക്കൈക്കാട്ടുമഠം മാനേജരായി സ്തുത്യർഹ സേവന മനുഷ്ഠിച്ചിട്ടുള്ള പരമേശ്വരൻ പുതുശ്ശേരി ബാലുശ്ശേരിക്കടുത്ത് തൃക്കുറ്റിശ്ശേരിയിൽ വിശ്രമജീവിതം നയിക്കുമ്പോഴാണ് ചെന്നു കണ്ടത്. ഒട്ടേറെ സ്വാമിയാർമാരുടെ അവരോധ ചടങ്ങുകൾക്കും സമാധിയിരുത്തലുകൾക്കും അദ്ദേഹത്തിനു മേൽനോട്ടം വേണ്ടി വന്നിട്ടുണ്ട്.

എന്റെ ഇല്ലത്തെ മുതുമുത്തശ്ശന്റെ മരുമഹനായ രാമപുരത്തു വടക്കേടത്തെ രാമാനന്ദ സ്വാമിയാരെ പറ്റി ചോദിക്കലായിരുന്നു യാത്രോദ്ദേശ്യം. തൃക്കൈക്കാട്ടെ മൂപ്പിൽ സ്വാമിയാരായ വെമ്മലത്തൂർ സ്വാമിയാരുടെ അഭിപ്രായം മാനിച്ചാണ് പുതുശ്ശേരിയെ ബന്ധപ്പെടുന്നത്.

വടക്കേടത്തെ സ്വാമിയാരുടെ സമാധിക്കു ശേഷമാണ് പരമേശ്വരൻ പുതുശ്ശേരി മാനേജരായി തൃക്കൈക്കാട്ടു മഠത്തിലെത്തിയതെന്നു പറഞ്ഞു. ഉള്ളിയേരി കൊയക്കാടു ഭാഗത്തെ പള്ളിയിൽ കിടാവു കുടുംബത്തിന്റെ വക അമ്പലത്തിൽ അപ്ഫന്റെ മുട്ടുശാന്തിക്കാരനായിക്കഴിയവെ ജ്ഞാനാനന്ദ സരസ്വതിയിൽ നിന്ന് സംസ്കൃതം പഠിക്കാൻ ഭാഗ്യമുണ്ടായത് ജീവിതത്തിൽ വഴിത്തിരിവായ കാര്യവും പുതുശ്ശേരി വിസ്തരിച്ചു. സമാവർത്തനം കഴിഞ്ഞ കാലമാണ്. കിടാവിന്റെ തറവാട്ടിലെ ഒരു പയ്യനെ സംസ്കൃതം പഠിപ്പിക്കാൻ പാലക്കാട് ശ്രീകൃഷ്ണപുരത്തു നിന്നും വരുത്തി താമസിക്കുന്ന ഒരു വാര്യർ ആയിട്ടാണ് ജ്ഞാനാനന്ദ സരസ്വതി സ്വാമികളുടെ അവസ്ഥ. സന്ധ്യാവന്ദനം, പൂജ തുടങ്ങിയ അനുഷ്ഠാനങ്ങളുടെ താല്പര്യമെന്താണെന്ന് വാരിയരുടെ ലളിതമായ ഏതാനും ചോദ്യങ്ങൾക്കു മുമ്പിൽ 'അറിയില്ല' എന്ന മറുപടിയേ പുതുശ്ശേരി പരമേശ്വരൻ ഉണ്ണിക്കു നൽകാനായുള്ളു. മൂക്കത്തു വിരൽവെച്ചുള്ള വാരിയരുടെ 'കഷ്ടം' പറച്ചിൽ ആണ് തന്നെ ശിഷ്യനാക്കണമെന്ന് അദ്ദേഹത്തോട് അഭ്യർത്ഥിക്കാൻ സംഗതിയായത്.

തൽക്കാലം ശിഷ്യനാക്കിയില്ലെങ്കിലും ഒരു വർഷം കഴിഞ്ഞ് കോഴിക്കോട്ടെ ബിലാത്തിക്കുളത്ത് ഗുരുകുലം ആരംഭിച്ചപ്പോൾ പഴയ മുട്ടുശാന്തിക്കാരനെത്തേടി വാരിയർമാഷ് പള്ളിയിൽ കിടാവിന്റെ ഭവനത്തിലെത്തി. മുട്ടുശാന്തിക്കാരൻ ഏതാണ്ട് സ്ഥിരം ശാന്തിക്കാരനായി മാറിയിരിക്കുന്നതാണ് അദ്ദേഹം കണ്ടത്.

''സംസ്കൃതം പഠിക്കണമെന്ന് ഇപ്പോഴും തോന്നുന്നുണ്ടോ?'' വാരിയർ മാഷുടെ ചോദ്യം. ''ഉണ്ട്'' പുതുശ്ശേരി ഉണ്ണിയുടെ മറുപടി. വാരിയർ: ''ബിലാത്തിക്കുളത്ത് ഒരു വീടു വാടകയ്ക്കെടുത്ത് കുറച്ചു പേരെ പഠിപ്പിക്കുകയാണ്. അവിടെ താമസിച്ചു പഠിക്കാൻ തയ്യാറുണ്ടോ?'' പുതുശ്ശേരി: ''തയ്യാറാണ്''

വാരിയർ: ''എന്നാൽ അച്ഛനോടു സമ്മതം വാങ്ങി. എന്റെ കൂടെ പോന്നോളൂ''

ഇതു കേട്ടതോടെ ഇല്ലത്തേക്ക് ഒരു ഓട്ടമായിരുന്നു. വാരിയർമാഷ് തന്നെ സംസ്കൃതം പഠിപ്പിക്കാൻ സമ്മതിച്ചിട്ടുണ്ടെന്നും കോഴിക്കോട് ബിലാത്തിക്കുളത്ത് അദ്ദേഹത്തോടൊപ്പം താമസിച്ചു കൊണ്ടാണ് സംസ്കൃത പഠനമെന്നും ഒറ്റ ശ്വാസത്തിൽ അച്ഛന്റെ മുമ്പിൽ അവതരിപ്പിച്ചു. അച്ഛന്റെ സമ്മതവും അനുഗ്രഹവും വാങ്ങി ഗുരുസന്നിധിയിലേക്ക് തിരിച്ചോട്ടം. സംസ്കൃതം പഠിക്കാനായി താൻ ശാന്തിവൃത്തി മതിയാക്കുകയാണെന്നും വൈകുന്നേരം മുതൽ ശാന്തിക്ക് ആളെ ഏർപ്പാടാക്കണമെന്നും പള്ളിയിൽ കിടാവിന്റെ വീട്ടുകാരോടും പറഞ്ഞ് ഗുരുനാഥനോടൊപ്പം മടക്കം.

ബിലാത്തിക്കുളത്തെ സംസ്കൃത പഠനം വർഷങ്ങൾ നീണ്ടു. ശ്രീമദ് ഭാഗവത ഗ്രന്ഥമാണ് ശിഷ്യനെ അനുഗ്രഹിച്ചുകൊണ്ട് വാരിയർമാഷ് നൽകിയത്. ഇതിനെ വിടാതെ ഉപാസിച്ചോളൂ എന്നു പറഞ്ഞു. പിന്നീട് ജ്ഞാനാനന്ദ സരസ്വതി സ്വാമികളായിട്ടാണ് പരമേശ്വരൻ പുതുശ്ശേരി ഗുരുനാഥനെ കണ്ടിട്ടുള്ളത്.

മഞ്ചേരി കരിക്കാട്ടെ നമ്പൂതിരി വിദ്യാലയത്തിൽ താമസിച്ചുകൊണ്ട് മാടമ്പി നീലകണ്ഠൻ നമ്പൂതിരിയിൽ നിന്നും ഇംഗ്ലീഷും മറ്റും പഠിയ്ക്കുകയുണ്ടായി. കൂട്ടത്തിൽ മാടമ്പിയെ പുതുശ്ശേരി സംസ്കൃതം പഠിപ്പിക്കലുമുണ്ടായത്രെ!

അക്കാലത്ത് ''തൃക്കൈക്കാട്ടു മഠത്തിലേക്ക് മാനേജരെ ആവശ്യമുണ്ട്'' എന്ന പരസ്യം പത്രത്തിൽ കണ്ടു. അങ്ങിനെ കരിക്കാട്ടു നിന്നും തൃക്കൈക്കാട്ടു മഠത്തിലേക്ക്.

ഗുരുവായൂർക്ക് പോകുന്ന ഒരു നമ്പൂതിരിയായിട്ടാണ് ഉദ്യോഗാർത്ഥിയായല്ല കൊല്ലോറ്റ സ്വാമിയാരുടെ മുമ്പിൽ പരമേശ്വരൻ പുതുശ്ശേരി എത്തിയത്. കുശല പ്രശ്നങ്ങൾ കഴിഞ്ഞപ്പോൾ സ്വാമിയാർ വഴിപോക്കനോടു പറഞ്ഞു.

''ഇവിടത്തെ കാര്യങ്ങൾ നോക്കി നടത്താൻ ഒരാളെ അന്വേഷിച്ചു കൊണ്ടിരിക്കുകയാണ്. ഇനി ഗുരുവായൂർക്കൊന്നും പോകേണ്ട. ഇവിടെ കൂടാം'' അങ്ങിനെ പരമേശ്വരൻ പുതുശ്ശേരി തൃക്കൈക്കാട്ടുമഠം മാനേജരായി.

പുതുശ്ശേരിയുടെ ഭാഗവതോപാസനയിലെ ഭക്തിയും ശ്രദ്ധയും നിഷ്ഠയും നേരിൽ കണ്ടു ബോദ്ധ്യപ്പെട്ടപ്പോൾ സ്വാമിയാർ പറഞ്ഞു. സപ്താഹമായി ഭാഗവതം ശ്രവിയ്ക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ഇവിടെ ഒരു സപ്താഹം നടത്തണം.

പുതുശ്ശേരിയും അതുവരെ സപ്താഹമായി ഭാഗവതം വായിച്ചിട്ടില്ല. പിഴവുവരാൻ പാടില്ലല്ലോ. പാലക്കാട്ടുകാരനായ ഒരു ശാസ്ത്രികളെ ക്ഷണിച്ചു വരുത്തി അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ വായിക്കാം എന്നു നിശ്ചയിച്ചു. പിന്നെ അങ്ങിനെയാണ് തൃക്കൈക്കാട്ടു മഠത്തിൽ പുതുശ്ശേരിയുടെ ആദ്യത്തെ സപ്താഹം. വക്താവും ശ്രോതാവും സദസ്യനും മാത്രം.


തൃക്കൈക്കാട്ടു മഠത്തിലെ മുപ്പത്തഞ്ചാമത്തെ ശങ്കരാചാര്യ ശിഷ്യ പ്രശിഷ്യനായിട്ടാണ് കൊഴില്ലാറ്റ കൃഷ്ണാനന്ദ സ്വാമിയാരുടെ നാമധേയം കാണുന്നത്.

കൊല്ലവർഷം 1107 ൽ (1932) ആണ് രാമപുരത്തു വടക്കേടത്തെ രാമൻ നമ്പൂതിരിയുടെ സന്യാസ ചടങ്ങുകൾ നടന്നത്. തൃക്കൈക്കാട്ടു മഠത്തിൽ നിന്നും കാർമ്മികത്വം വഹിക്കാൻ പോയ സ്വാമിയാർമാരുടെ നേതൃത്വത്തിലുള്ള സംഘം വടക്കേടത്തെ പടിപ്പുരയിലെത്തി ശംഖനാദം മുഴക്കിയപ്പോൾ സ്വീകരിക്കാൻ വന്നവരുടെ കൂട്ടത്തിലുള്ള ഏഴിനും പതിനെട്ടിനും ഇടയിൽ പ്രായമുള്ള ഉണ്ണികളും പെൺകിടാങ്ങളുമായ അഞ്ചാറു കുട്ടികളെ മൂപ്പിൽ സ്വാമിയാർക്ക് ചൂണ്ടിക്കാട്ടി പരിചയപ്പെടുത്തുകയുണ്ടായത്രെ! ''ഇത്ര ചെറിയ ചെറിയ കുട്ടികളുള്ളപ്പോൾ എങ്ങിനെയാണ് വടക്കേടത്തിന് സന്യസിക്കാൻ കഴിയുക?'' എന്ന് മൂപ്പിൽ സ്വാമിയാർ തന്നെ ചോദിച്ചതായും തന്റെ തീരുമാനത്തിന് യാതൊരു ഇളക്കവുമില്ലെന്ന് വടക്കേടം മറുപടി പറഞ്ഞതായും അതിനു ശേഷമാണ് സന്യാസ ചടങ്ങുകൾ നടന്നതെന്നും അയിരിലെ മഹളായ ആട്ടീരി അമ്മ ഈ ലേഖകനോടു പറഞ്ഞിട്ടുണ്ട്. അവരെ വേട്ട നമ്പൂതിരി ആ സംഘത്തിൽ ഉണ്ടായിരുന്നു. തിരിച്ചു വന്നശേഷം വിശേഷങ്ങൾ പറയുന്ന കൂട്ടത്തിലാണ് ഹൃദയസ്പൃക്കായ അനുഭവം പങ്കുവെച്ചത്.

**കൊയ്ത്തടി വലിയ പാച്ചു**

# ത്യാഗശീലർ അകിഞ്ചനർ



ഒറവങ്കര അച്യുത ഭാരതി സ്വാമികളുടെ സന്യാസ ദീക്ഷാ ചടങ്ങിൽ നിന്ന്

## ദൈന്യതയിൽനിന്നും ഉദിച്ചുയർന്ന ഒരു ധന്യജീവിതം

**കുഞ്ഞുകുട്ടൻ കീഴ്മുണ്ടയൂർ**

തൃശ്ശൂർ ശ്രീരമാദേവിമന്ദിരത്തിലെ തെക്കേ വരാന്തയിലെ കിഴക്കേ അറ്റത്തെ മുറി. അവിടെ തപസ്വിയെപ്പോലെ താടിയും മുടിയും വളർത്തിയ ഒരാൾ ഇരിക്കുന്നു. സ്ഥൂലിച്ച ശരീരമുള്ള അദ്ദേഹത്തിന്റെ സദാ പ്രസന്നമായ മുഖഭാവം ആരേയും ആകർഷിക്കുന്നതാണ്. കണ്ണുകളിൽ സ്നേഹത്തിന്റെ ആർദ്രത.

അവിടേക്കു ജീവിതയാത്രാക്ളേശത്താൽ പരിക്ഷീണനായ ഒരു പ്രാരാബ്ധക്കാരൻ കടന്നു വരുന്നു. പുഞ്ചിരിതൂകിക്കൊണ്ട് അയാളെ അദ്ദേഹം സ്വീകരിച്ചിരുത്തുന്നു. അയാളുടെ പ്രാരാബ്ധങ്ങളുടെ കെട്ടുകൾ അയാൾ അവിടെ ഇറക്കിവെച്ച് നെടുവീർപ്പിടുന്നു. സ്വന്തം അവശതയെ മറന്ന് അയാളെ ആശ്വസിപ്പിക്കുവാനായി അദ്ദേഹം ആശ്വാസവചനങ്ങൾ ചൊരിയുന്നു. ആ



കെ.എൻ.കൃഷ്ണൻ നമ്പൂതിരി

വാക്കുകളുടെ കുളിർമ്മയിൽ ആ പ്രാരാബ്ധക്കാരന്റെ മനസ്സിന്റെ ഭാരം കുറയുകയും അയാൾ അദ്ദേഹത്തോടു നന്ദി പറയുകയും ചെയ്യുന്നു.

''തിരുമേനിയുടെ അടുത്തിരുന്ന് അങ്ങയുമായി സംസാരിക്കുന്നത് വേനലിൽ ഒരു തണൽ മരത്തിന്റെ താഴെ ഇരിക്കുന്നതു പോലെയാണ്.''അയാൾ സന്തോഷത്തോടെ വിടവാങ്ങുന്നു.

ഈ രംഗം അവിടെ എല്ലാ ദിവസവും നിരവധി തവണ ആവർത്തിക്കപ്പെടാറുണ്ട്. അതിലെ ആവലാതിക്കാർ മാത്രമേ മാറുന്നുള്ളു എന്നുമാത്രം.

ഇതിലെ തപസ്വിയെപ്പോലുള്ള ആ ആളാണ് കെ.എൻ.കൃഷ്ണൻ നമ്പൂതിരി. പിള്ളവാതം വന്ന് കാലുകൾ രണ്ടും തളർന്നിട്ടും തന്റെ ഇച്ഛാശക്തികൊണ്ടും ഗുരുകാരുണ്യംകൊണ്ടും ജീവിതവിജയംനേടിയ ഒരു അസാധാരണ വ്യക്തിത്വമായിരുന്നു കൃഷ്ണൻ നമ്പൂതിരിയുടേത്. രമാദേവിമന്ദിരത്തിലെ അദ്ദേഹത്തിന്റെ മുറി

# തൃക്കൈക്കാട്ട് മഠത്തിൽ സമാധിയടഞ്ഞ സ്വാമിയാർമാർ



പൊട്ടക്കുഴി സ്വാമിയാർ



മടങ്ങർളി സ്വാമിയാർ



വടക്കേടത്ത് സ്വാമിയാർ



*അരിത്തോട്ടം സ്വാമിയാർ*

യിൽ തന്റെ ശാരീരിക ക്ലേശങ്ങളെ അവഗണിച്ചുകൊണ്ട് ജീവിതത്തിൽ പ്രാരാബ്ധങ്ങളും പരിവേദനങ്ങളുമായി വരുന്ന അനേകം ആളുകളെ അദ്ദേഹം ആശ്വാസവാക്കുകൾകൊണ്ടും സാമ്പത്തികമായ സഹായംകൊണ്ടും സദാ സഹായിക്കുമായിരുന്നു. അദ്ദേഹത്തിന്റെ സമീപത്തു നിത്യസന്ദർകരായി എത്തുന്നവർ അത്തരക്കാർ മാത്രമായിരുന്നില്ല. ജ്യോതിഷത്തിലും പാണ്ഡിത്യമുണ്ടായിരുന്നതുകൊണ്ട് ജാതകവിഷയമായും നിരവധി ആളുകൾ വരുമായിരുന്നു. വേദത്തിലും പുരാണങ്ങളിലുമുള്ള അദ്ദേഹത്തിന്റെ അഗാധമായ വിജ്ഞാനത്തിന്റെ വെള്ളിവെളിച്ചംകൊണ്ടു തങ്ങളുടെ ജീവിതത്തെ പ്രകാശമാനമാക്കാൻ അഭിലഷിച്ചുവരുന്നവരും സന്ദർശകരിലുണ്ടായിരുന്നു. പണ്ഡിതാഗ്രേസരനായ ശ്രീ.കെ.പി.നാരായണപിഷാരോടി,സാഹിത്യകാരന്മാരായ ശ്രീ സുകുമാർ അഴീക്കോട്,ശ്രീ വിഷ്ണുനാരായണൻ നമ്പൂതിരി,ശ്രീ അക്കിത്തം,ശ്രീ എം.എൻപാലൂര്,ശ്രീ സുധാംശു ചതുർവേദി,ശ്രീമതി.കെ.ബി. ശ്രീദേവി തുടങ്ങി നിരവധി സാഹിത്യകാരന്മാർ തങ്ങളുടെ പാണ്ഡിത്യവും സഹൃദയത്വവും പങ്കുവെക്കുന്നതിനായി അദ്ദേഹത്തെ സന്ദർശിക്കാറുണ്ടായിരുന്നു. ഗാനഗന്ധർവ്വൻ യേശുദാസിനെ അദ്ദേഹത്തിനു വലിയ ആദരവായിരുന്നു. ഒരിക്കൽ കൃഷ്ണൻ നമ്പൂതിരിയെ ഏറെ ആദരിക്കുന്ന തെക്കേ മഠം മാനേജരും സാമൂഹ്യ പ്രവർത്തകനുമായ ശ്രീവടക്കുംപാടു നാരായണൻ വഴി ശ്രീ യേശുദാസ് അദ്ദേഹത്തിന്റെ മുറിയിൽ വന്ന് പരസ്പരം ആദരങ്ങൾ പങ്കുവെക്കുകയുമുണ്ടായിട്ടുണ്ട്.

ആ അപൂർവ്വ വ്യക്തിത്വത്തിന്റെ അത്യന്തം ക്ലേശകരമായിരുന്ന ജീവിതകഥയിലേക്കു ഒന്നു എത്തിനോക്കുകയാണ് ഈ ലേഖനംകൊണ്ട് ഉദ്ദേശിക്കുന്നത്.

1941 ഒക്ടോബറിൽ ഒരു ദീപാവലി ദിവസം തൃസ്സൂർ ജില്ലയിൽ പേരാമംഗലത്തു തന്ത്രികുടുംബമായ കിഴുമുണ്ടയൂർ മനയിൽ പ്രമുഖ തന്ത്രിയായിരുന്ന നമ്പ്യാത്തൻ നമ്പൂതിരിയുടെയും നങ്ങേലി അന്തർജനത്തിന്റെയും മകനായി കൃഷ്ണൻ നമ്പൂതിരി ജനിച്ചു്.. ഏകദേശം 10 മാസം പ്രായമുള്ളപ്പോൾ ഒരു പനി വന്നു. അച്ഛനമ്മമാർ വിചാരിച്ചത് സാധാരണ പനിയാണെന്നാണ്. പക്ഷേ പനി മാറിയപ്പോൾ ശരീരം ആകെ തളർന്നുപോയി. ആദ്യം മടങ്ങർളി വൈദ്യനെയാണ് കാണിച്ചത്. അദ്ദേഹത്തിന്റെ ചികിൽസകൊണ്ട് കാര്യമായ മാറ്റം ഉണ്ടായില്ല. അതിനുശേഷം കുട്ടഞ്ചേരി മൂസ്സിന്റെ ചികിൽസയിലാണ് കുറെ ഭേദമായത്. എങ്കിലും എഴുന്നേറ്റു നടക്കാനൊന്നും പറ്റുമായിരുന്നില്ല. മൂത്ത സഹോദരിയായ പാർവ്വതി(പാപ്പി)യായിരുന്നു ശ്രദ്ധിക്കാനായി എപ്പോഴും കൂടെ ഉണ്ടാവുക. ഇല്ലത്തു താമസിച്ചിരുന്ന താത്രി എന്ന പത്തിയിലെ അച്ഛൻപെങ്ങളുടെയും പരിചരണത്തിലും ലാളനത്തിലും അസുഖത്തിനു ചെറിയ തോതിൽ ആശ്വാസമുണ്ടായി. സ്ഥൂലപ്രകൃതിയായയആ അച്ഛൻപെങ്ങൾ കൃഷ്ണനുവേണ്ടി എന്തു ത്യാഗവും സഹിക്കാൻ തയ്യാറായിരുന്നു. ആരോ പറഞ്ഞതനുസരിച്ചു തിരുവില്വാമലയിലെ 60 പടികൾ, കൃഷ്ണനു സാമാന്യം ഭാരമുണ്ടായിരുന്നിട്ടും എടുത്തു കയറ്റി എന്നു പറഞ്ഞാൽ അച്ഛൻപെങ്ങൾക്ക് കൃഷ്ണനോടുള്ള വാത്സല്യം എത്രയാണെന്നു ഊഹിക്കാവുന്നതേയുള്ളു. അതുപോലെത്തന്നെ അച്ഛന്റെ മാതൃഗൃഹമായ കണ്ടഞ്ചാത ഇല്ലത്തേക്കു എത്രയോ തവണ കൃഷ്ണനേയും എടുത്തുകൊണ്ട് അച്ഛൻപെങ്ങൾ പോയിട്ടുണ്ട്. കൂടെ മൂത്ത സഹോദരിയായ പാപ്പിഓപ്പോളും ഉണ്ടാവണമെന്നതു കൃഷ്ണനു നിർബന്ധമായിരുന്നു. അച്ഛനും കൃഷ്ണന്റെ ആഗ്രഹം സാധിപ്പിച്ചുകൊടുക്കാൻ എപ്പോഴും അവസരം നോക്കിയിരിക്കാറുണ്ട്. ഒരു ദിവസം അടുത്തുള്ള വിലങ്ങൻകുന്ന് എന്ന സാമാന്യം ഉയരമുള്ള കുന്ന് കൃഷ്ണനെ ചുമലിൽ വഹി



*ലേഖകൻ*

ഉപനയനവും മൂന്നു വർഷത്തിനു ശേഷം സമാവർത്തനവും നടന്നു. അച്ഛന്റെ നിഷ്ക്കർഷ കാരണം എല്ലാ വ്രതങ്ങളും മുടങ്ങാതെ നടന്നു. അതിനിടക്കു ഋഗ്വേദം അച്ഛൻ ചൊല്ലിക്കാൻ തുടങ്ങി. സംഹിത മുഴുവൻ ചൊല്ലിച്ചു. അതു ഹൃദിസ്ഥമാക്കുകയും ചെയ്തു. മരിക്കുന്നതു വരെ എന്നും അദ്ദേഹം ഓത്തു ചൊല്ലാറുണ്ടായിരുന്നു.

ച്ചുകൊണ്ട് കയറ്റുകയും കൃഷ്ണന്റെ വിലങ്ങൻകുന്നു കയറണമെന്ന ആ ഗ്രഹം സാധിപ്പിച്ചു കൊടുക്കുകയും ചെയ്തു.

മറ്റൊരു ദിവസം പണ്ഡിറ്റ് ജവഹർലാൽ നെഹറു ഒരു സന്ദർശനത്തിനായി തൃശ്ശൂരിൽ വന്നപ്പോൾ പേരാമംഗലം വഴി കടന്നുപോകുകയുണ്ടായി. അച്ഛന്റെ തോളിൽ കയറി കൃഷ്ണനും നെഹറുവിനെ കാണാൻ വഴിവക്കിൽ നിന്നു. അവശതയുള്ള കുട്ടിയെ കണ്ടതുകൊണ്ടോ എന്തോ നെഹറു തുറന്ന കാറിൽ എഴുന്നേറ്റു നിന്നു അച്ഛനേയും കൃഷ്ണനേയും തൊഴുതു എന്നു പറയുന്നു. പിന്നെ ഏറ്റവും കൂടുതൽ കൃഷ്ണനെ തോളിലെടുത്തു നടന്നിട്ടുള്ളതു കാര്യസ്ഥനായിരുന്ന ഗോപാലൻ നായരാണ്. ഉറച്ച ശരീരമുള്ള ഗോപാലൻ നായർ വാരത്തിനോ പൂരത്തിനോ എങ്ങോട്ടു കൊണ്ടുപോകാനും സന്നദ്ധനായിരുന്നു. അക്കാലത്തു ഇല്ലത്തെ വലിയ കുളത്തിൽ നീന്തലും പഠിച്ചു. നീന്താൻ ആരും പരിശീലിപ്പിച്ചതല്ല എന്നതാണ് അത്ഭുതം. സ്വയം പഠിച്ചതായിരുന്നു.

ഏകദേശം ആറു വയസ്സായപ്പോഴേക്കും ഇല്ലത്തിരുന്ന് മലയാളം, സംസ്കൃതം എന്നിവ അച്ഛന്റെ ശിക്ഷണത്തിൽ പഠിക്കാൻ തുടങ്ങി. പെട്ടെന്നു ഗ്രഹിക്കാനുള്ള ശക്തിയുള്ളതുകൊണ്ട് എല്ലാം വളരെ വേഗത്തിൽ ഹൃദിസ്ഥമാക്കി. എട്ടാം വയസ്സിൽ ഭാഗവതം വായിക്കാനും ഗീത വായിക്കാനും തുടങ്ങി. അതിനിടക്കു ഉപനയനവും മൂന്നു വർഷത്തിനു ശേഷം സമാവർത്തനവും നടന്നു. അച്ഛന്റെ നിഷ്ക്കർഷ കാരണം എല്ലാ വ്രതങ്ങളും മുടങ്ങാതെ നടന്നു. അതിനിടക്കു ഋഗ്വേദം അച്ഛൻ ചൊല്ലിക്കാൻ തുടങ്ങി. സംഹിത മുഴുവൻ ചൊല്ലിച്ചു. അതു ഹൃദിസ്ഥമാക്കുകയും ചെയ്തു. മരിക്കുന്നതു വരെ എന്നും അദ്ദേഹം ഓത്തു ചൊല്ലാറുണ്ടായിരുന്നു.

സാഹിത്യത്തിൽ താൽപര്യം കാരണം മാതൃഭൂമി ആഴ്ചപ്പതിപ്പു വരുത്തണമെന്ന നിർബന്ധബുദ്ധിയുണ്ടായിരുന്നു. അതിൽ അക്കാലത്തു പ്രസിദ്ധീകരിച്ച വിഭൂതിഭൂഷൻ ബന്ദ്യോപാദ്ധ്യായയുടെ പഥേർ പാഞ്ചലി എന്ന നോവൽ അനുജന്മാരെ ചുറ്റും ഇരുത്തി ആസ്വദിച്ചു വായിക്കുമായിരുന്നു. അതിലെ ബാലപംക്തിയിലേക്കു ഒരു നാടകം എഴുതി അയച്ചത് അതിൽ പ്രസിദ്ധീകരിച്ചു വന്നപ്പോൾ, കൃഷ്ണന്റെ സന്തോഷത്തിനതിരില്ലായിരുന്നു.

പല രാത്രികളിലും തനിക്കു മറ്റുള്ളവരെപ്പോലെ നടക്കാനോ പുറത്തേക്കുപോകാനോ സാദ്ധ്യമല്ലെന്ന ചിന്തയുണ്ടാകുമ്പോൾ ആരും കാണാതെ കരയാറുണ്ടായിരുന്നു എന്ന് പിൽക്കാലത്ത് അദ്ദേഹം പറയുകയുണ്ടായിട്ടുണ്ട്.

ഏകദേശം 16 വയസ്സുള്ളപ്പോൾ പേരശ്ശിയുടെ തറവാടായ എളവള്ളി ഏപ്പുറത്തു വെച്ച് ഒരു ഉഴിച്ചിൽ നടത്തി. കഠിനമായ വേദന അനുഭവിക്കേണ്ടിവന്ന ആ ഉഴിച്ചിലിനുശേഷമാണ് അത്യാവശ്യം വടി കുത്തി നടക്കാറായത്.

## സദ്ഗുരുലാഭം

അതിനു ശേഷമാണ് ആദ്യമായി സപ്താഹം വായിക്കാൻ തുടങ്ങിയത്. അർത്ഥം പറയാൻ പരിചയക്കുറവുള്ളതുകൊണ്ട് വൈശ്രവണത്തു ശ്രീ രാമൻ നമ്പൂതിരി എഴുതിയ ഒരു അർത്ഥസംഗ്രഹം വായിക്കുകയാണ് ചെയ്തിരുന്നത്. പിന്നീട് ഇല്ലത്തു എല്ലാ വർഷവും സപ്താഹം നടത്തിത്തുടങ്ങി. അടുത്തുള്ള തെച്ചിക്കോട്ടുകാവിലും രണ്ടുമൂന്നു വർഷം സപ്താഹം നടത്തുകയുണ്ടായിട്ടുണ്ട്. കണ്ടഞ്ചാത രാമൻ നമ്പൂതിരിയുടെ ഇല്ലത്തെ സപ്താഹം കഴിഞ്ഞ സമയത്താണ് പുങ്കുന്നത്ത് സദ്ഗുരു ശ്രീരമാദേവി വന്നിട്ടുണ്ട് എന്നു കേട്ടത്. കണ്ടഞ്ചാതനിന്നും നേരേ പോയത് പുങ്കുന്നത്തെ ശ്രീരമാദേവി മന്ദിരത്തിലേക്കാണ്.

അവിടെ അമ്മയുടെ ആദ്ധ്യാത്മിക പ്രഭാവത്തിൽ ആകൃഷ്ടനായ കൃഷ്ണൻ നമ്പൂതിരിയെ അമ്മ ശാംഭവീ ദീക്ഷയെന്ന ഏറ്റവും ഉന്നതമായ ഉപദേശദീക്ഷ നൽകി അനുഗ്രഹിച്ചു. അതിനുശേഷം അമ്മ പറഞ്ഞു,''കുട്ടിയുടെ മനസ്സിൽനിന്നും രോഗം അമ്മ മാറ്റി. ശാരീരികമായ രോഗം മാത്രമേ ഇനി അനുഭവിക്കേണ്ടതുള്ളു.'' താൻ രോഗിയാണെന്ന മാനസികവിഷമം അതിനുശേഷം ഒരിക്കലും അദ്ദേഹത്തിന് ഉണ്ടായിട്ടില്ല. അതിനുശേഷം സദാ പ്രസന്നവദനനായി മാറി കൃഷ്ണൻ നമ്പൂതിരി. അതിനു ഉദാഹരണമായി ഒരു സംഭവം വിവരിക്കാം.

ശ്രീരാമകൃഷ്ണമഠത്തിലെ സ്വാമി രംഗനാഥാനന്ദ സ്വാമിയെ കാണാൻ ഒരിക്കൽ അദ്ദേഹം പോയി. വരാന്തയുടെ അറ്റത്തെ മുറിയിൽ ഇരിക്കുകയായിരുന്ന സ്വാമിജി കയ്യുകൾകൂത്തി പ്രയാ.സപ്പെട്ടു നടന്നു വരുന്ന കൃഷ്ണൻ നമ്പൂതിരിയെ പറ്റി ഇങ്ങിനെ വിചാരിച്ചു. ഇനി ഇദ്ദേഹം ഇവിടെ വന്നാൽ എന്റെ മുന്നിലിരുന്ന് തന്റെ അവശതയെ പറ്റി പറഞ്ഞ് കരയാൻ സാദ്ധ്യതയുണ്ട്. പക്ഷേ തന്റെ മുന്നിൽ വന്നിരുന്ന കൃഷ്ണൻ നമ്പൂതിരിയുടെ പ്രസന്നമുഖം കണ്ട് അദ്ദേഹം അത്ഭുതപ്പെട്ടുപോയി. ഒരു ആവലാതിയും പറഞ്ഞില്ല എന്നുമാത്രമല്ല സ്വാമിജിയോട് ആദ്ധ്യാത്മിക കാര്യങ്ങൾ സംസാരിക്കുകയും അനുഗ്രഹം വാങ്ങിക്കുകയുമാണ് ഉണ്ടായത്. പിന്നീട് സ്വാമിജി സഹോദരസന്ന്യാസിമാരോട്

> അമ്മയുടെ ആദ്ധ്യാത്മിക പ്രഭാവത്തിൽ ആകൃഷ്ടനായ കൃഷ്ണൻ നമ്പൂതിരിയെ അമ്മ ശാംഭവീ ദീക്ഷയെന്ന ഏറ്റവും ഉന്നതമായ ഉപദേശദീക്ഷ നൽകി അനുഗ്രഹിച്ചു. അതിനുശേഷം അമ്മ പറഞ്ഞു,"കുട്ടിയുടെ മനസ്സിൽനിന്നും രോഗം അമ്മ മാറ്റി. ശാരീരികമായ രോഗം മാത്രമേ ഇനി അനുഭവിക്കേണ്ടതുള്ളു."

ആ അത്ഭുതാനുഭവം പങ്കുവെച്ചുവത്രേ

1969ൽ ശ്രീരമാദേവി മന്ദിരത്തിൽ പൂജാരിയായി നിയമിച്ചശേഷമുള്ള അദ്ദേഹത്തിന്റെ ജീവിതം ഏറെ ശോഭനമായിരുന്നു. അക്കാലത്ത് പഴയന്നൂരിലുള്ള ഒരു അയ്യർ അവിടെ വന്ന് ജ്യോതിഷം പഠിപ്പിക്കുകയുണ്ടായി. അതിനുശേഷം ജ്യോതിഷവിഷയമായി ഒരുപാടു സന്ദർശകർ വരാൻ തുടങ്ങി. വേദമന്ത്രങ്ങൾകൊണ്ട് അമ്മയുടെ ശ്രീകോവിലിൽ പൂജചെയ്യാൻ തുടങ്ങിയപ്പോൾ, സ്വയംവരപുഷ്പാഞ്ജലി,ഭാഗ്യസൂക്തം തുടങ്ങിയ വേദമന്ത്ര പുഷ്പാഞ്ജലികൾ ചെയ്ത് പെട്ടെന്നു അനുഭവം കണ്ടവരുടെ എണ്ണം കൂടിവന്നു.

അതിനുശേഷം ആ തരത്തിലും ആളുകൾ വന്നു തുടങ്ങി.

## കൃതികൾ

1975ലുണ്ടായ പാഞ്ഞാളിലെ അതിരാത്രത്തിൽ ശ്രീ ഏർക്കര രാമൻ നമ്പൂതിരിയുടെ നിർദ്ദേശപ്രകാരം മുഴുവൻ ദിവസങ്ങളിലും അവിടെ സന്നിഹിതനായി അതിൽ ഭാഗഭാക്കായി. യജ്ഞത്തിന്റെ ആദ്ധ്യാത്മിക അർത്ഥം വിവരിച്ചുകൊണ്ട് പിൽക്കാലത്ത് ഒരു പുസ്തകം എഴുതുവാൻ ഇതുമൂലം സാധിച്ചു. പിന്നീട് വേദത്തിന്റെ അർത്ഥഭാഗങ്ങളെക്കുറിച്ച് ശ്രീ അരവിന്ദഘോഷ്,ശ്രീ വി.കെ.നാരായണ ഭട്ടതിരി എന്നിവരുടെ കൃതികൾ വായിച്ച് അവഗാഹം നേടി. കേരള സാഹിത്യ അക്കാദമിയുടെ വൈദികസാഹിത്യത്തിനുള്ള അവാർഡ് ലഭിച്ച കൃതിയായ, വേദത്തിന്റെ അർത്ഥത്തെ പ്രതിപാദിക്കുന്ന ഗ്രന്ഥം''വേദാർത്ഥവിചിന്തനം'',അങ്ങിനെ നേടിയ അറിവിന്റെ വെളിച്ചത്തിൽ എഴുതിയ കൃ



*തൃശ്ശിവപേരൂരിലെ സ്വാമിയാർ മഠവും പടിഞ്ഞാറേചിറയും*

രമാദേവിയമ്മ സ്വപ്ന ത്തിൽ വന്ന് 'മാധവൻ പറ ഞ്ഞ മന്ത്രം അമ്മ കുട്ടിക്കു ഉപദേശിക്കാ'മെന്നു പറയു കയും അതു ഉപദേശിക്കു കയും ചെയ്തു. കാലത്തു ഉണർന്നപ്പോൾ എല്ലാം ഓർമ്മയുണ്ടായിരുന്നു. ഒരു കടലാസിൽ എഴുതി വെച്ചശേഷം മാധവ്ജിയെ വിളിച്ചു പറഞ്ഞു. അദ്ദേ ഹം ഉടനെ എത്തുകയും, മന്ത്രം അതു തന്നെയാണെ ന്നു അത്ഭുതത്തോടെ സമ്മ തിക്കുകയും ചെയ്തു.

തിയാണ്. ഡീ.സീ.ബുക്സ് വഴി 'വേദാന്തരംഗം'' എന്ന ഒരു കൃതിയും പിന്നീട് പ്രസിദ്ധീകരിക്കുകയുണ്ടായി. അടുത്ത കാലത്ത് അദ്ദേഹത്തിന്റെ അപ്രകാശിതലേഖനങ്ങളുടെ ഒരു സമാഹാരം ''വൈദിക ദർശനം''എന്ന പേരിൽ പഞ്ചാംഗം പ്രസ്സു വഴി പ്രസിദ്ധീകരിക്കുകയുണ്ടായി.

ശ്രീരാകൃഷ്ണാശ്രമത്തിലെ ശ്രീ മൃഡാനന്ദജിയുമായി നല്ല ഒരു ആത്മബന്ധം അദ്ദേഹത്തിനുണ്ടായിരുന്നു. രമാദേവിമന്ദിരത്തിൽ മൃഡാനന്ദജിയുടെ ആദ്ധ്യാത്മിക ക്ളാസുകൾ തുടങ്ങാൻ കാരണം ഈ സൗഹൃദമാണ്.

## മന്ത്രോപദേശം സ്വപ്ന ദർശനത്തിലൂടെ

ശ്രീ രമാദേവിമന്ദിരത്തിൽവെച്ച് ഒരിക്കൽ ശ്രീചക്രോപസകനായ മാധവ്ജി ശ്രീചക്രമന്ത്രദീക്ഷയെപ്പറ്റി പറയുന്ന സമയത്ത് 16 അക്ഷരങ്ങളുള്ള ഷോഡശാക്ഷരിയേക്കാൾ 28 അക്ഷരങ്ങളുള്ള മന്ത്രമുണ്ടെന്നും അത് അദ്ദേഹത്തിന് കന്യാകുമാരിയിലെ ഒരു സിദ്ധനിൽനിന്നും ഉപദേശം കിട്ടിയിട്ടുണ്ടെന്നും പറഞ്ഞപ്പോൾ അതു ഉപദേശിച്ചു തരാൻ മാധവ്ജിയോടു പറഞ്ഞു. അതു കൊടുക്കാൻ തനിക്ക് അധികാരമില്ലെന്നു മാധവ്ജി പറഞ്ഞപ്പോൾ വിഷമംതോന്നിയ കൃഷ്ണൻ നമ്പൂതിരിക്ക്, അന്നു രാത്രി ഗുരുമാതായായ ശ്രീ രമാദേവിയമ്മ സ്വപ്നത്തിൽ വന്ന് 'മാധവൻ പറഞ്ഞ മന്ത്രം അമ്മ കുട്ടിക്കു ഉപദേശിക്കാ'മെന്നു പറയുകയും അതു ഉപദേശിക്കുകയും ചെയ്തു. കാലത്തു ഉണർന്നപ്പോൾ എല്ലാം ഓർമ്മയുണ്ടായിരുന്നു. ഒരു കടലാസിൽ എഴുതിവെച്ചശേഷം മാധവ്ജിയെ വിളിച്ചു പറഞ്ഞു. അദ്ദേഹം ഉടനെ എത്തുകയും, മന്ത്രം അതു തന്നെയാണെന്നു അത്ഭുതത്തോടെ സമ്മതിക്കുകയും ചെയ്തു.

ശ്രീരമാദേവിമന്ദിരത്തിൽ പൂജ ചെയ്യുന്ന സമയത്തു ഒരുപാട് അത്ഭുതാനുഭവങ്ങൾ അദ്ദേഹത്തിനു ഉണ്ടായിട്ടുണ്ട്. എല്ലാം വിവരിക്കാൻ ഈ ലേഖനം മതിയാവില്ല.

2001ൽ ഷഷ്ടിപൂർത്തി ഗംഭിരമായി ആഘോഷിക്കുകയുണ്ടായി. ജീവിതത്തിലെ നാനാ തുറകളിലുള്ള ആളുകൾ അദ്ദേഹത്തിനു പ്രണാമം അർപ്പിക്കാൻ ഇല്ലത്തു എത്തിച്ചേർന്നിരുന്നു. അവരിൽ മിക്കവരും അദ്ദേഹത്തിൽനിന്നും ഏതെങ്കിലും തരത്തിൽ ആശ്വാസവും മാർഗദർശനവും കിട്ടിയവരായിരുന്നു.

2004 മാർച്ചുമാസം അവസാനത്തിൽ ശ്രീ അശേഷാനന്ദജി, രമാദേവിമന്ദിരത്തിൽ വെച്ചു നടത്തിയ സപ്താഹം കൃഷ്ണൻ നമ്പൂതിരിയുടെ നിർദ്ദേശപ്രകാരം നടത്തിയ അവസാനത്തെ പരിപാടിയായിരുന്നു. (അന്ന് ഒരുപാടു ഭക്തജനങ്ങളും അഭ്യുദയകാംക്ഷികളും രമാദേവിമന്ദിരത്തിലേക്കു പ്രവഹിച്ചു. എല്ലാവർക്കും സമൃദ്ധമായി ഭക്ഷണം കൊടുക്കണമെന്നും ആരേയും ഭക്ഷണമില്ലെന്നു പറഞ്ഞ് തിരിച്ചയക്കരുതെന്നും അദ്ദേഹത്തിനു നിർബന്ധമുണ്ടായിരുന്നു. സപ്താഹത്തിന്റെ അവസാനത്തെ ദിവസം അദ്ദേഹം അമ്മയോടുള്ള ഭക്തിഭാവത്തിന്റെ മൂർദ്ധന്യാവസ്ഥയിൽ പണം കൊണ്ട് പറവെച്ചും പുഷ്പാഭിഷേകവും മറ്റു വിശേഷാൽ ആരതികളും പൂജകളും നടത്തിയും അന്തരീക്ഷത്തെ ആനന്ദമയവും ഭക്തിസാന്ദ്രവുമാക്കി. അത് രമാദേവിമന്ദിരത്തിലെ അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള അവസാനത്തെ പരിപാടിയായിരുന്നു.

2004 ഏപ്രിൽ 5ന് വെളുപ്പിന് ശ്രീരമാദേവിമന്ദിരത്തിൽ വെച്ചുണ്ടായ ഒരു ചെറിയ ദേഹാസ്വാസ്ഥ്യം പെട്ടെന്നു തന്നെ ആശുപത്രിയിലേക്കു കൊണ്ടുപോകാൻ കാരണമായി. അവിടെ വിദഗ്ധഡോക്ടർമാർ പരിശോധിച്ചശേഷം സെമി ഐസിയുവിൽ കിടത്തിയ അദ്ദേഹത്തെ പിറ്റെ ദിവസം മുറിയിലേക്കു മാറ്റാമെന്നു പറഞ്ഞിരുന്നു. അടുത്തദിവസം വെളുപ്പിന് അഞ്ചുമണിയോടെ കൂടെ നിന്ന ആളോട്(സെമി ഐസിയൂവിൽ കൂടെ ഒരാൾക്കു നിൽക്കാൻ അനുവാദമുണ്ടായിരുന്നു.) ഫാൻ നിർത്താൻ ആവശ്യപ്പെട്ടു. പിന്നെ പുഞ്ചിരിച്ചുകൊണ്ട് കണ്ണുകളടക്കുകയും ഗുരുമാതാവിനെ ഉള്ളിൽ കണ്ടതുപോലെ കൈകൂപ്പിക്കൊണ്ട് ''അമ്മേ'' എന്നുച്ചരിച്ചു ദേഹം വെടിയുകയും ചെയ്തു.

അങ്ങിനെ അത്യന്തം ക്ളേശപൂർണ്ണവും എന്നാൽ ഈശ്വരാനുഗ്രഹത്താൽ ധന്യവുമായിത്തീർന്ന ഒരു മഹത് ജീവിതത്തിന് അങ്ങിനെ തിരശ്ശീല വീണു. അദ്ദേഹത്തെക്കുറിച്ചുള്ള ഓർമ്മകൾതന്നെ മനസ്സിന് എന്തെന്നില്ലാത്ത ശാന്തി പ്രദാനം ചെയ്യുന്നു. അദ്ദേഹത്തെ പരിചയപ്പെടുകയും അദ്ദേഹത്തിന്റെ സാമീപ്യത്തിന്റെ കളിർമ്മ അനുഭവിക്കുകയും ചെയ്തിട്ടുള്ള ഏവരുടെയും അനുഭവം ഇതുതന്നെയാണ്.(ശുഭം)

# ....വന്ദേ ഗുരുപരമ്പരാം

**ഹിന്ദു സമൂഹം തിരിഞ്ഞു നോക്കാതിരുന്നപ്പോൾ നമ്മുടെ അമ്പലങ്ങളിൽ അന്തിത്തിരികത്താതായി. ഭക്തജന ശ്രദ്ധയിൽ അവ വന്നപ്പോൾ അവ ചൈതന്യവത്തായി.**



'ദേശാടനം' സിനിമയിൽ 'ഷാര' (ശിഷ്യൻ) യോട് ആചാര്യൻ ഉപദേശിക്കുന്ന ഒരു കാര്യമുണ്ട്. അച്ഛ നമ്മമാരേയും കുടുംബാംഗങ്ങളേയും സ്നേഹിക്കുന്നപോലെ മുഴുവൻ സമാജത്തേയും ലോകത്തേയും സ്നേഹിക്കുന്നവനേ സന്യാസിയാവാൻ കഴിയൂ. ജീവിതത്തിൽ നിന്നുള്ള ഒളിച്ചോട്ടമല്ല സന്യാസം. ഗൃഹസ്ഥന്റെ ആതിഥ്യം സ്വീകരിക്കാത്ത ബ്രഹ്മചാരിയോ, വാനപ്രസ്ഥിയോ സന്യാസിയോ ഇല്ലല്ലോ. ത്യാഗമയമായ സമൂഹ ജീവിതത്തിന് ഒത്താശ ചെയ്യുന്ന ത്യാഗിയായ ഗൃഹസ്ഥൻ സന്യാസിക്കു തുല്യനാണെന്ന് വിവേകാനന്ദ സ്വാമികൾ എടുത്തു പറയുന്നുണ്ട്.

ഹിന്ദു സമൂഹം തിരിഞ്ഞു നോക്കാതിരുന്നപ്പോൾ നമ്മുടെ അമ്പലങ്ങളിൽ അന്തിത്തിരികത്താതായി. ഭക്തജന ശ്രദ്ധയിൽ അവ വന്നപ്പോൾ അവ ചൈതന്യവത്തായി.

നമ്മുടെ പൂർവ്വീകരിൽ ആരെങ്കിലുമൊക്കെ ഉണ്ടായിരുന്ന കേരളത്തിലെ ശങ്കര സന്യാസി മഠങ്ങളുടെ ഇന്നത്തെ അവസ്ഥയെന്താണ്? ശങ്കര ഗുരുകുലങ്ങളാവേണ്ട ആദ്ധ്യാത്മിക വിദ്യാലങ്ങളല്ലേ അവ. തന്റെ സഹപാഠിയായ ആചാര്യൻ മഠത്തിൽ കിടപ്പിലാണെന്നറിഞ്ഞു അദ്ദേഹത്തെ അഭിവാദ്യം ചെയ്യാൻ പോയ ശ്രീമങ്ങത്തായ കൃഷ്ണൻ നമ്പൂതിരിയെ തൃക്കൈക്കാട്ടു മഠത്തിലേക്കു അനുഗമിച്ചപ്പോഴാണ് മഠത്തിന്റ ശോച്യാവസ്ഥ ബോദ്ധ്യമായത്. ഒരു നമ്പൂതിരിയും അങ്ങോട്ടു തിരിഞ്ഞു നോക്കുന്നില്ല. സ്വാമിയാരെ പരിചരിക്കുന്ന കുട്ടിപ്പട്ടരുമില്ല. സമീപവാസികൾ ആരെങ്കിലും വന്ന് ഉണ്ടാക്കി വിളമ്പിക്കൊടുത്താൽ 'ഭിക്ഷ'യായി. ശങ്കരാചാര്യരുടെ ശിഷ്യപ്രശിഷ്യ പരമ്പരയിൽ സന്യസിച്ച വ്യക്തിയാണ് വയ്യാതിരിക്കുന്നത്. ഭരണാധികാരികൾക്കാണോ ഇവരുടെ യോഗക്ഷേമം നോക്കാനുള്ള ഭാരം. അവർ ജനിച്ചു വളർന്ന സമുദായത്തിനില്ലേ? ഇല്ലക്കാർക്കില്ലേ? ബന്ധുക്കൾക്കില്ലാതായോ? സമുദായത്തിനും സമുദായ സംഘടനക്കും ഒഴിഞ്ഞു മാറാൻ കഴിയുമോ?

ഇത്തവണത്തെ നാലമ്പല യാത്രയിൽ തൃക്കൈക്കാട്ടെ ശ്രീരാമ സ്വാമി ദർശനവും ഉൾപ്പെടുത്തുക. പരപ്പനങ്ങാടിക്കും താനൂരിനും ഇടയിൽ പരിയാപുരം 'സ്കൂൾ പടി' സ്റ്റോപ്പിന് അടുത്താണ് ഈ ശങ്കരമഠം. ശുദ്ധിയോടും തപസ്സോടും കൂടിക്കഴിയുന്ന ആചാര്യനുണ്ടായിരുന്ന കാലത്ത് ഇവിടത്തെ തീർത്ഥക്കുളത്തിൽ ചെങ്കഴി നീർപൂക്കൾ വിരിഞ്ഞിരുന്നു. ക്ഷേത്ര പ്രതിഷ്ഠാ കർമ്മങ്ങൾക്കായി വിദൂര ദേശങ്ങളിൽ നിന്നുവരെ തന്ത്രിമാരുടെ എഴുത്തുമായി ക്ഷേത്ര ഭാരവാഹികൾ വരുമായിരുന്നു.

മലബാറിലെ നാല്പതോളം തറവാടുകളിൽ നിന്നുള്ള നമ്പൂതിരിമാരായിരുന്ന സന്യാസി ശ്രേഷ്ഠരുടെ പേർ വിവരങ്ങൾ ലഭ്യമാണ്.

വിശ്വേദേവകളുടെ സ്ഥാനമാണ് സന്യാസിക്ക്. പിതൃക്കളുടെ ശ്രാദ്ധമൂട്ടുമ്പോൾ കിഴക്കോട്ട് സന്യാസി ശ്രേഷ്ഠരും വടക്കോട്ടു ശ്രാദ്ധമുണ്ണുന്ന പിതൃപ്രതിനിധികളും ഇരിക്കുന്നു. ഇവരെ ഒരുമിച്ചു ഊട്ടി വേദമന്ത്രാലാപനത്തോടെ ശ്രാദ്ധമൂട്ടുമ്പോൾ ദേവകളും ഋഷിമാരും പിതൃക്കളും ഒരുപോലെ സംപ്രീതരാകും തീർച്ച.

മുതുമുത്തശ്ശന്റെ മരുമകൻ തൃക്കൈക്കാട്ടു മഠത്തിൽ സന്യസിച്ചിരുന്നു. മുത്തശ്ശന്റെ അമ്മാത്തു നിന്നുള്ള രണ്ടു സ്വാമിയാർമാരെ (കലിയത്തു സ്വാമിയാരേയും മേപ്പോയിലത്തു സ്വാമിയാരേയും) നേരിൽ വന്ദിക്കാനും കഴിഞ്ഞിട്ടുണ്ട്. തെക്കേമഠം മൂപ്പിൽ സ്വാമിയാരുടെ ശുചീന്ദ്രം-തൃച്ചെമ്മരം യാത്രകളിൽ ഒന്നിലേറെ തവണ അനുയായിയാവാനും കഴിഞ്ഞിട്ടുണ്ട്.

ബ്രഹ്മചര്യം തൊട്ടു സന്യാസം വരെയുള്ള നാലു ആശ്രമങ്ങളുടെയും അച്ചടക്കത്തിൽ നിൽക്കാത്ത് 'അത്യാശ്രമി' കളും അപൂർവ്വമല്ല. അവരും പൂർവ്വികർ തന്നെ.

അടുത്ത ദിവസമാണ് തിച്ചൂർ പള്ളിപ്പാട്ടു മനയിൽ എനിക്കു പോകാൻ കഴിഞ്ഞത്. അവിടെ ഇല്ലത്തെ മരുമകൾ ഉണ്ടായിരുന്നു. മുത്തശ്ശന്റെ മുത്തശ്ശൻ പെങ്ങളെ (ശ്രീദേവി) ചെമ്പ്ര പുത്തില്ലത്തേക്കു വിവാഹം ചെയ്തു കൊടുത്തതിലെ മകൾ-സാവിത്രി. പുത്തില്ലത്തെ മരുമക്കളായി മൂന്നു ഉണ്ണികളും ഒരു പെൺകിടാവും സാവിത്രിക്കും ഉണ്ടായി. മകളെ പാലക്കാട്ടിരി കുന്നത്തേക്കു കൊടുത്തു. ഉണ്ണികൾ-നാരായണൻ നാരായണ ഭൂതി എന്ന പേരിൽ തെക്കേ മഠത്തിലേക്കും വാസുദേവൻ വാസുദേവ ഭാരതി എന്ന പേരിൽ നടുവിൽ മഠത്തിലേക്കും രാമൻ തൃക്കൈക്കാട്ടു മഠത്തിലേക്കും സന്യസിക്കുകയാണത്രെ ഉണ്ടായത്. ഒരില്ലത്തെ ജ്യേഷ്ഠാനുജന്മാരായ മൂന്നു പേർ മൂന്നു ശങ്കരശിഷ്യ പരമ്പരയുടെ അനുയായികളായി സന്യസിച്ച സംഭവം അതിനു മുമ്പോ ശേഷമോ ഉണ്ടായതായി കേട്ടിട്ടില്ല. അമ്മാത്തെ മുത്തശ്ശന്റെ പേരിട്ട രാമൻ പള്ളിപ്പാടാണ് തൃക്കൈക്കാട്ടു മഠത്തിലേക്കു സന്യസിച്ചതായി പറയപ്പെടുന്നത്. എന്നാൽ തൃക്കൈക്കാട്ടെ ലഭ്യമായ സ്വാമിയാർ പട്ടികയിൽ പള്ളിപ്പാട്ടെ രാമാനന്ദ തീർത്ഥ സ്വാമിയാരുടെ പേരു കാണുന്നില്ല. അതിനാൽ തൃശൂരിലെ ഏതെങ്കിലും മഠത്തിൽ രണ്ടു പേർ സന്യസിച്ചിരിക്കാനും സാദ്ധ്യതയുണ്ട്. കോലകങ്ങളിൽ സേവകരായിട്ടും സംബന്ധക്കാരായിട്ടും നമ്പൂതിരിമാർ കോലം കെട്ടു നടക്കുന്ന കാലത്താണ് പള്ളിപ്പാട്ടെ നമ്പൂതിരി സഹോദരങ്ങൾ ശങ്കരപരമ്പരയാൽ സന്യാസികളായത്. തെക്കേ മഠത്തിലെ സ്വാമിയാർ ആറ്റൂരിലും നടുവിൽ മഠത്തിലെ സ്വാമിയാർ തിരുവനന്തപുരത്തും സമാധിയായി. തങ്ങളുടെ വലിയച്ഛൻ തിരുവനന്തപുരത്ത് സ്വാമിയാരെ ശുശ്രൂഷിക്കാൻ താമസിച്ചിരുന്നതായും അക്കാലത്ത് പള്ളിപ്പാട്ടുമന അഗ്നിബാധയിൽ നശിച്ചതായും സ്വാമിയാരുടെ ഗുരുത്വവും അനുഗ്രഹവും ലഭിച്ച വലിയച്ഛൻ മടങ്ങി വന്ന് ഇല്ലം പുനർ നിർമ്മിച്ചതായും ഇപ്പോഴത്തെ തറവാട്ടു മുത്തശ്ശി ഓർക്കുന്നു.

**കൊയ്ത്തടി വലിയ പാച്ചു**

# സതീർത്ഥ്യനായ സ്വാമിയാരെ അഭിവാദ്യം ചെയ്യാൻ

വെള്ളിപറമ്പ് കിഴനിപ്പുറത്തെ വിഷ്ണു കുട്ട്യേട്ടനുമായുള്ള പരിചയം അരനൂറ്റാണ്ടുമുമ്പ് അവിടത്തെ സ്വാമിയാരുടെ യോഗീശ്വരപൂജയിൽ പങ്കെടുക്കാൻ ഇടയാക്കിയിരുന്നു. എന്നാൽ അന്നൊന്നും തൃക്കൈക്കാട്ട് മഠത്തിൽ പോകാനോ സ്വാമിയാർമാരെ അഭിവാദ്യം ചെയ്യാനോ കഴിഞ്ഞില്ല.

ആറു പതിറ്റാണ്ടു മുമ്പ് പെരുവയൽ സെന്റ് സേവിയേഴ്സ് എ.യു.പി. സ്കൂളിൽ എനിക്ക് സഹപാഠിയായി കുഴിപ്രം കൃഷ്ണൻ എന്നൊരു ഉണ്ണി നമ്പൂതിരിയുണ്ടായിരുന്നു. പിൽക്കാലത്ത് ഗൃഹസ്ഥാശ്രമം അവസാനിപ്പിച്ച് ആ കൂട്ടുകാരൻ തൃക്കൈക്കാട്ട് മഠത്തിലേക്ക് സന്യസിച്ചതായും അറിഞ്ഞിരുന്നു. മഠത്തിൽ ചെന്ന് കൃഷ്ണാനന്ദ സ്വാമിയാരെ അഭിവാദ്യം ചെയ്യണമെന്ന ആഗ്രഹം അടുത്ത കാലത്തേ സഫലമായുള്ളൂ. പോകുമ്പോൾ എന്റെ ശിറ്റശ്ശിയുടെ മകനായ കൊയ്ത്തടി പരമേശ്വരനെയും ഒപ്പം കൂട്ടി.

അതിവിശാലമായ, എട്ട് ഏക്രയോളം വരുന്ന പറമ്പിന്റെ പടിഞ്ഞാറ് ഭാഗത്താണ് സ്വാമിയാർ മഠവും ചേർന്നുകിടക്കുന്ന ചിറയും. മഠത്തിൽ നിന്ന് ഇറങ്ങിയാൽ കുളിക്കടവ്. മാവും പുളിയും സമൃദ്ധമായി കായ്ച്ചും കൊഴിഞ്ഞും കിടക്കുന്നു. ആളനക്കമില്ലാത്ത മഠത്തിൽ ഉച്ചയോടെയാണ് എത്തിയത്. ബെല്ലടിച്ചു. സ്വാമിയാരുടെ സഹായി പുറത്തുവന്നപ്പോൾ വിവരം പറഞ്ഞു. സ്വാമിയാർ വിശ്രമിക്കുകയാണ്. മൂന്നരമണിക്കേ സന്ദർശകരെ കാണൂ. പുറത്ത് കാത്തിരുന്നു.

അറുപത് വർഷം മുമ്പത്തെ സ്കൂൾ വിദ്യാഭ്യാസ കാലത്തേക്ക് ചിന്തകൾ പോയി. പൂർവ്വാശ്രമ സ്മരണകളുണർത്തുന്നത് ശരിയല്ലാത്തതിനാൽ സന്യാസിയോട് പേരും നാടും ചോദിക്കാറില്ല. എങ്ങിനെയാണ് അഭിവാദ്യം ചെയ്യേണ്ടത്?

മണി മൂന്നര. സഹായി ഞങ്ങളെ അകത്തേക്ക് കൂട്ടിക്കൊണ്ടുപോയി. സ്വാമിയാർ കട്ടിലിൽ കിടക്കുകയാണ്. എഴുന്നേറ്റിരിക്കാൻ പരസഹായം വേണം.

‘അഭിവാദയേ കൃഷ്ണശർമ്മാ നാമ അഹമസ്മിഭോഃ’ എന്നു പറഞ്ഞു. ഞാനും ‘അഭിവാദയേ പരമേശ്വര ശർമ്മാ fഹംഭോഃ’ എന്നു പറഞ്ഞു കൊയ്ത്തടി പരമേശ്വരനും ശങ്കരാചാര്യ പരമ്പരയിലെ കൃഷ്ണാനന്ദ തീർത്ഥരുടെ പാദകമലങ്ങളിൽ അഭിവാദ്യം ചെയ്ത് സാഷ്ടാംഗ നമസ്കാരം ചെയ്തു.



*തൃക്കൈക്കാട്ട് കൃഷ്ണാനന്ദ സ്വാമിയാരെ കാണാൻ വിദേശ വനിതയും ഗവേഷകയുമായ വോൾഗ എത്തിയപ്പോൾ*

മുകളിലേക്ക് കൈചൂണ്ടി ‘അങ്ങോട്ടുള്ള ടിക്കറ്റ് എടുത്തിരിക്കുകയാണ്’ എന്ന നർമ്മത്തിൽ ചാലിച്ച ഒരു മൊഴിയാണ് കുശലപ്രശ്നത്തിനിടയിൽ എന്റെ ബാല്യകാല സതീർത്ഥ്യനും പ്രൈമറി ക്ലാസ്സുകളിൽ സഹപാഠിയുമായ യോഗാചാര്യനിൽ നിന്നുണ്ടായത്. അത് ഞങ്ങളുടെ സംഭാഷണം പെരുവയൽ എ.യു.പി. സ്കൂൾ അങ്കണത്തിലെത്തിച്ചു. ഞങ്ങൾ കുഴിപ്രം കൃഷ്ണനും മങ്ങത്തായ കൃഷ്ണനുണ്ണിയുമായി രൂപാന്തരപ്പെട്ടു. 5, 6, 7 ക്ലാസ്സുകളിലെ പഠനകാലത്ത് തുടങ്ങിയ പരിചയത്തിന്റെ ഷഷ്ഠിപൂർത്തി കഴിഞ്ഞു.

യോഗ പഠിച്ചും പഠിപ്പിച്ചുമാണ് എന്റെ സതീർത്ഥ്യൻ സന്യാസത്തിന്റെ പടി ചവിട്ടിയത്. തൃക്കൈക്കാട്ട് മഠത്തിലെ ശ്രീരാമസ്വാമിക്കും തേവാരമൂർത്തികൾക്കും സാളഗ്രാമങ്ങൾക്കും പതിവ് തേവാരം പോലും നിർവ്വഹിക്കാനാവാത്ത നിസ്സഹായാവസ്ഥയിലായിരിക്കുന്നു സ്വാമിപാദങ്ങൾ.

മഠവും പരിസരവും കാണാൻ ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ താക്കോൽക്കൂട്ടം നൽകി പരിചാരകനെ സ്വാമിയാർ നിയോഗിച്ചു. ശ്രീരാമസ്വാമിയുടെ ശ്രീകോവിൽ ഒഴികെ എല്ലാ മുറികളും നടുമിറ്റവും കുളക്കടവും എല്ലാം ഞങ്ങൾ തുറന്നുകണ്ടു. ഇവിടെ എത്രയോ മുമ്പേ വരേണ്ടതായിരുന്നു. ഇപ്പോഴാണ് ഒത്തത്. എന്റെ മരുമഹൻ നടുവിലേടം ഗോവിന്ദൻ, വെമ്മലത്തൂർ സ്വാമിയാരുടെയും മറ്റും സഹായിയായി തൃക്കൈക്കാട്ട് മഠത്തിൽ വർഷങ്ങൾ താമസിച്ച് സുകൃതിയാണ്. അക്കാലത്തു പോലും വരാനായില്ല.

ആദ്ധ്യാത്മികവും ആധി ഭൗതികവും ആയ സ്വാമിയാർ മഠങ്ങൾ സമുദായ ജീവിതത്തിനും ഉൽക്കർഷത്തിനും മാർഗ്ഗദർശനം ചെയ്യാൻ പ്രാപ്തിയുള്ളവയായി മാറേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. പുതിയ തലമുറയുടെ ശ്രദ്ധ ഇതിലേക്ക് തിരിയുമെന്ന് പ്രത്യാശിക്കുന്നു.

ബാല്യകാലത്തെ കൂട്ടുകാരെക്കുറിച്ചുള്ള അന്വേഷണങ്ങളുമുണ്ടായി. പാടേരി രുദ്രൻ നമ്പൂതിരിപ്പാട്, പറക്കുന്നം ഗംഗാധരൻ നമ്പൂതിരി, ശ്രീമാനുണ്ണി, കട്ടാടിക്കൽ രാഘവൻ നായർ, പി.ടി.ബാലകൃഷ്ണൻ, എം.ടി.ബാലകൃഷ്ണൻ, പൊന്നമ്പുറത്ത് ദിവാകരൻ അങ്ങനെ ഇപ്പോഴുള്ളവരും യശഃശരീരരായവരുമായ ഒട്ടേറെ പേരുടെ ക്ഷേമാന്വേഷണങ്ങൾ സ്വാമിയാർ നടത്തിയത് ഏറെ കൗതുകകരമായി. ലോകാഃ സമസ്താഃ സുഖിനോ ഭവന്തു എന്ന ഋഷിവാക്യമാണ് നമ്മുടെ ആചാര്യന്മാരെ നിരന്തരം ജീവിതോന്മുഖരാക്കുന്നത് എന്നു തോന്നുന്നു.

**മങ്ങത്തായ കൃഷ്ണൻ നമ്പൂതിരി**
**8129452274**

അനുഭവക്കുറിപ്പ്
പദ്മനാഭൻ നമ്പൂതിരി

## ഇല്ലത്ത് നിന്ന് അമ്മാത്തേക്കുള്ള ദൂരം

### അഥവാ

# ആചാരലംഘനവും

**ഇത് ആചാരലംഘികളുടെയും ആചാരസംഘികളുടെയും കാലം**

**ഒരിക്കൽ ഓണം അവധിയിലാണ്**
**ഒമ്പതാം ദിവസമെന്ന ആചാരം**
**പിടിമുറുക്കിയത് !**
**കമ്മ്യൂണിസ്റ്റായ അച്ഛൻ**
**ഇടപെട്ടില്ലായിരുന്നെങ്കിൽ**
**അക്കൊല്ലം അത്തം**
**എട്ടോണമായേനേ!!**
**വിശ്വാസിയെ ഹനിക്കാതെ**
**ആചാരം ലംഘിച്ച**
**അപൂർവമായൊരനുഭവം !!!**

കുട്ടിക്കാലത്ത്
ഒരാചാരവും
ലംഘിക്കാൻ
പറ്റില്ലായിരുന്നു.
വിലക്കുകളുടെ
മഹാ പാതാളത്തിൽ
ബന്ധിതനായിരുന്നു
ഉണ്ണി മാവേലി.



പ്രൈമറി സ്കൂൾ കാലം അമ്മാത്തായിരുന്നു. മദ്ധ്യവേനലവധി കഴിഞ്ഞ് ജൂൺ ഒന്നിന് സ്കൂൾ തുറന്നാൽ അമ്മാത്തെത്തും.പിന്നെ ഇല്ലത്തേക്കുള്ള യാത്ര ഓണത്തിന് പൂട്ടുമ്പോൾ മാത്രം. കടും ആചാര നിയമങ്ങൾ കൊണ്ട് കുട്ടികളെ സംബന്ധിച്ച് പാതാളസമാനമായിരുന്നു അമ്മാത്ത്.

അമ്മാത്തെ മുത്തശ്ശനാണെങ്കിൽ കടുകട്ടി വിശ്വാസി. മുൻകുടുമയില്ലെങ്കിലും മുൻശുണ്ഠി വേണ്ടുവോളമുണ്ട്. മുറ്റത്തിറങ്ങി കളിക്കാൻ പാടില്ല. കുളത്തിൽ ചാടാൻ പാടില്ല. സിനിമാപ്പാട്ട് മൂളാൻ പാടില്ല. കൂട്ടം കൂടി ചിരിക്കാൻ പാടില്ല.അയൽപക്കത്തെ നായന്മാരായ കുട്ടികളുടെ കൂടെ പന്തു കളിക്കാൻ പാടില്ല. പിന്നെ ഒപിനിച്ചുണ്ണി ആയതുകൊണ്ട് നൂറു കണക്കിലുള്ള വിധി നിഷേധങ്ങൾ വേറെയും.മേഖലയ്ക്കു മുകളിലൂടെ കോണകമുടുത്തു, ചമത ഇടുമ്പോൾ കൃഷ്ണാജിനം മറന്നു...തുടങ്ങി ചീത്ത കേൾക്കാൻ ഇന്നതേ കാര്യമുള്ളൂ എന്നില്ല. ഏതാണ്ട് ഹിറ്റ്ലറുടെ ഏകാധിപത്യവാഴ്ച. അതിൽ നിന്ന് പത്തു ദിവസമെങ്കിലും മോചനം കിട്ടുന്നതിന്റെ ഉത്സാഹമാ

ആചാരം
ലംഘിക്കാനും
നവോത്ഥാനം
സംസ്ഥാപിക്കാനും
പിണറായി
വിജയനോ മറ്റോ
അക്കാലത്ത്
അവതരിച്ചിരുന്നു
എങ്കിൽ
സിന്ദാബാദ്
വിളിച്ചു പോയേനേ!

ണ് ഓണാവധി. ഒരു മിനുട്ടെങ്കിൽ ഒരു മിനുട്ട് മുമ്പെ ഇല്ലത്തെത്താനായിരുന്നു മോഹം.

അതിനു കാരണവുമുണ്ട്.അമ്മാത്തെ അന്തരീക്ഷത്തിനു നേരെ വിപരീതമായിരുന്നു ഇല്ലത്ത്. അർമ്മാദം എന്ന വാക്കൊന്നും അക്കാലത്ത് ഇറങ്ങീട്ടില്ലാത്തതിനാൽ വേറെചില ലെവലിലായിരുന്നു അത്യുത്സാഹം.അച്ഛനമ്മമാരെ കാണാം. അനിയനുമൊത്ത് കുന്നും മലയും കയറി പൂപറിക്കാം.സൈക്കിൾ ചവിട്ടാം.കുളത്തിൽ ചാടാം. മതിലിന്മേൽ കൂടി നടക്കാം. മരത്തിൽ കയറാം. കളിവീട് കെട്ടിയുണ്ടാക്കാം. ഇന്നതേ ചെയ്യാവൂ എന്നില്ല. ഇന്നത് ചെയ്യരുത് എന്നുമില്ല. വിലക്കുകളില്ലാത്ത സമത്വസുന്ദരമായ സോഷ്യലിസ്റ്റ് ലോകം.

അച്ഛൻ കമ്മ്യൂണിസ്റ്റായതിനാൽ എഴുപതുകളുടെ തുടക്കത്തിൽ തന്നെ ഇല്ലത്തെ നാലുകെട്ടിൽ നിന്ന് ശുദ്ധം പടിയിറങ്ങിപ്പോയിരുന്നു.അയിത്തം കയറി നിരങ്ങാൻ തുടങ്ങിയതോടെ അടുക്കള, കിഴക്കിനി , തെക്കിനി പടിഞ്ഞാറ്റ തുടങ്ങി എല്ലായിടത്തു നിന്നും പിൻവാങ്ങിയ ശുദ്ധം നിൽക്കക്കള്ളിയില്ലാതെ വടക്കിനിയിലും പള്ളിയറയിലുമായി ഒതുങ്ങിക്കൂടി .

അതിനാൽ,നടുമുറ്റത്തിനു ചുറ്റുമുള്ള കോലായയെ നാഷണൽ ഹൈവേ ആക്കി മുച്ചക്രസൈക്കിൾ ചവിട്ടാം.നായരായ വടക്കേത്തൊടീലെ ഉണ്ണിയെയും കൂട്ടാം.ശുദ്ധാശുദ്ധത്തിന്റെ കണക്കു സൂക്ഷിച്ചിരുന്നത് അമ്മമ്മയെന്ന് വിളിച്ചിരുന്ന ജലപിശാച് മുത്തശ്ശിയായിരുന്നു. അവരെ നേരിടാൻ വളരെ എളുപ്പവുമാണ്. തൊട്ട് ശുദ്ധം മാറ്റും എന്നു പറഞ്ഞാൽ ആ മുത്തശ്ശി വടക്കാറയിലോ തെക്കേ മോളിലോ മറ്റോ പോയി പേടിച്ചിരുന്നോളും. സിനിമാപ്പാട്ടല്ല ആമിനാ ബീബിക്കോമന മോനേ എന്ന മാപ്പിളപ്പാട്ടു പോലും തൊണ്ടപൊട്ടിപ്പാടാം. ചോദിക്കാനും പറയാനും ആരൂംല്ല്യ.

സ്കൂൾ പൂട്ടുന്നത് മിക്കവാറും ഒരു വെള്ളിയാഴ്ചയാവും. ഇല്ലത്തേക്ക് കൊണ്ടു പോവേണ്ടത് മുത്തശ്ശനാണ്.അന്ന് ഒരുങ്ങിപ്പുറപ്പെട്ട് പോയാൽ സന്ധ്യ കഴിയും ഇല്ലത്തെത്താൻ.സന്ധ്യയ്ക്ക് മുമ്പെത്തി കുളിച്ച് സന്ധ്യാവന്ദനം നടത്താൻ സൗകര്യപ്പെടുകയാണ് മുത്തശ്ശന് വേണ്ടത്.അത് തരായില്ലെങ്കിൽ വൈകീട്ടുള്ള യാത്ര ഒഴിവാക്കും. ഇല്ലത്തെത്താൻ മുട്ടി നിൽക്കുന്ന കൊച്ചു മാവേലി ഒരു ദിവസം കൂടി പാതാളത്തിൽ തന്നെ കഴിച്ചു കൂട്ടു



മേഖലക്ക് മുകളിൽ
കോണകമുടുത്തു. കൃഷ്ണാജിനം
മറന്നു. ഇനി ചമത ആവർത്തിക്കണം

കയേ രക്ഷയുള്ളൂ.പിറ്റേന്ന് ശനിയാഴ്ചയാവും ഇല്ലത്തേക്ക് പോവുക..

ഇല്ലത്തെത്തിയാൽ കണ്ണു ചിമ്മിത്തുറക്കുന്ന വേഗത്തിൽ അവധി ദിവസങ്ങൾ കഴിയും. അപ്പോഴേക്കും ശനിയോട് ശനി എട്ട്, ഞായർ ഒമ്പത് എന്ന് കണക്കു കൂട്ടി പറയാൻ തുടങ്ങീട്ടുണ്ടാവും ജലപിശാച് മുത്തശ്ശി. അത് അച്ഛനെ ഓർമ്മിപ്പിക്കാനാണ്.സ്കൂൾ തുറക്കും മുമ്പ് അമ്മാത്ത് തിരിച്ചെത്തിക്കേണ്ട പണി അച്ഛനാണ്. അച്ഛനാണെങ്കിൽ രാവും പകലുമില്ല. കുളീം സന്ധ്യാവന്ദനവും ഇല്ല. ഓണോം സംക്രാന്തീമില്ല .എന്നാലും അതുള്ള ആളുകളെ ബുദ്ധിമുട്ടിക്കാറില്ല.സ്വന്തമായി ഒരാചാരവും പാലിക്കാറില്ലെങ്കിലും മറ്റുള്ളവരുടെ ആചാരം ലംഘിക്കാറില്ല.

സ്കൂൾ തുറക്കുന്നത് തിങ്കളാഴ്ചയാണ്. ഇല്ലത്ത് നിന്ന് ഞായറാഴ്ച ഉച്ചക്ക് ശേഷം പോയാലും മതി. എന്നാൽ അമ്മാത്ത് നിന്ന് പുറപ്പെട്ട ശനിയാഴ്ചയുടെ കണക്ക് നോക്കിയാൽ ഞായറാഴ്ച ഒമ്പതാം ദിവസമാണ്. അതാണ് പ്രശ്നം. അതു കൊണ്ട് എട്ടാം ദിവസമായ ശനിയാഴ്ച തന്നെ തിരിച്ചു പോണം.ശനിയോട് ശനി എട്ട് എന്ന് ഓർമ്മിപ്പിക്കുന്നത് അതിനാണ്. പോവുന്ന ആൾക്കും കൊണ്ടു പോവുന്ന ആൾക്കും കുഴപ്പമൊന്നും വരില്ലെങ്കിലും ഒമ്പതാം ദിവസമായി എത്തുന്ന സ്ഥലത്തിനാണ് കേട്.ഒമ്പതാം ദിവസം കയറിച്ചെന്നാൽ അമ്മാത്ത് നാശമുണ്ടാവും. അത് ഒഴിവാക്കണമെന്ന് കമ്മ്യൂണിസ്റ്റായിട്ടും അച്ഛന് നിർബന്ധമുണ്ട്. കാരണം അമ്മാത്തെ മുത്തശ്ശൻ ഒട്ടും കമ്മ്യൂണിസ്റ്റല്ല.

ആചാരലംഘനം നടത്താനും നവോത്ഥാനം സംസ്ഥാപിക്കാനും അന്ന് പിണറായി വിജയനോ മറ്റോ അവതരിച്ചിരുന്നെങ്കിൽ സിന്ദാബാദ് വിളിച്ചു പോയേനേ.

പക്ഷേ, അതു വേണ്ടി വന്നില്ല.

ഇ.എം.എസ് നമ്പൂതിരിപ്പാടിനെപ്പോലെ കാഞ്ഞ ബുദ്ധിയാണ് പി.എസ് നമ്പൂതിരിയായ അച്ഛനും. തിരഞ്ഞെടുപ്പിൽ തോറ്റാൽ കണ്ടെത്തുന്ന പ്രതിക്രിയാവാതകവും അന്തർദ്ധാരയും പോലെ എന്തെങ്കിലും ന്യായം കണ്ടെത്തും. അങ്ങനെ ശനിയോട് ശനി എട്ട്, ഞായർ ഒമ്പത് എന്ന സദാസത്യവാക്യത്തെ നേരിടാൻ അച്ഛൻ ഒരു മറുമരുന്ന് കണ്ടു പിടിച്ചു. ഇല്ലത്തു നിന്ന് ഇറങ്ങുന്നതിന് ഒമ്പതാം ദിവസം തടസ്സമല്ല, അമ്മാത്ത് എത്തുന്നതിനേ തടസ്സമുള്ളൂ. അങ്ങനെ ഇലക്കും അമ്മാത്തും കേടില്ലാതെ ആചാരം സംരക്ഷിക്കാൻ കണ്ടു പിടിച്ച വഴിയാണ് രാത്രിയാത്ര.

അമ്മാത്ത് എത്തുമ്പോൾ രാത്രിയാവണം. അസ്തമിക്കുന്നതോടെ ഒമ്പതാം ദിവസത്തിന്റെ ഇഫക്ട് ഇല്ലാതാവുമത്രെ. പകലിന്റെ അത്ര ഗോചരമല്ലല്ലൊ രാത്രി.ആ നിയമം അമ്മയ്ക്കും സമ്മതമായി.

ഈശ്വരാ,നീയെത്ര കരുണയുള്ളവൻ.

അങ്ങനെ ഞായറാഴ്ചയായി. മടങ്ങാനുള്ള ദിവസം. പുറപ്പെടാറായപ്പോൾ നേരം സന്ധ്യ.മുത്തശ്ശനെപ്പോലെ സന്ധ്യാവന്ദനവാദിയല്ല അച്ഛൻ. ഇക്കണക്കിന് അമ്മാത്തെത്തുമ്പോൾ ഒമ്പതാം ദിവസം കഴിയുമെന്നും പത്താം നാൾ പുലരുമെന്നും അമ്മ നസ്യം പറഞ്ഞു.അതിന് വേറെന്തോ വാക്കുപയോഗിച്ച് അച്ഛൻ അടപ്പിട്ടു.

ഇല്ലത്തു നിന്ന് സന്ധ്യക്ക് ആറിന് പുറപ്പെട്ടാൽ രാത്രി ഒമ്പതിനെങ്കിലും അമ്മാത്ത് എത്താവുന്നതാണ്. രാമനാട്ടുകര ഇറങ്ങി അറപ്പുഴ കടവ് കടന്ന് നടക്കണമെന്നേയുള്ളൂ. മുത്തശ്ശനൊപ്പമുള്ള യാത്ര അങ്ങനെയാണ്. എന്നാൽ ,വളഞ്ഞു മൂക്ക് പിടിക്കുന്ന പോലെ ഫറോക്കും മീഞ്ചന്തയും കോഴിക്കോടും ചുറ്റി മാങ്കാവ് പന്തീരാങ്കാവ് വഴിയാണ് അച്ഛന്റെ യാത്ര. ബസ്സിൽ

രണ്ടു മണിക്കൂർ യാത്ര ചെയ്ത് കോഴിക്കോട്ടെത്തിയപ്പോൾ രാത്രി എട്ടരയെങ്കിലും ആയിട്ടുണ്ടാവും.

ബസ്സിൽ കയറിയാൽ ഛർദ്ദിക്കുന്ന കാലമാണ്. അതു കൊണ്ട് നാലുമണിപ്പലഹാരമൊന്നും കഴിച്ചിട്ടില്ല. സാമാന്യം നല്ല വിശപ്പുണ്ട് . അക്കാലത്ത് നമ്പൂതിരിമാരുടെ ആശ്വാസം പാളയത്തെ ഇമ്പീരിയലിലെ മസാല ദോശയാണ്. എന്നാൽ അച്ഛന് പഥ്യം ശാന്തഭവനിലെ പൊറോട്ടയും ഗ്രീൻപീസുമാണ്. അന്ന് നമ്പൂതിരിമാരൊന്നും പൊറോട്ട ഇഷ്ടവിഭവമായി കണക്കാക്കിത്തുടങ്ങിയിട്ടില്ല. ഗ്രീൻപീസ് ആദ്യമായി കഴിക്കുന്നത് അന്നാണ്.

പൊറോട്ട കഴിച്ച് ബസ്സ് സ്റ്റാൻഡിലെത്തിയപ്പോൾ പന്തീരാങ്കാവിലേക്കുള്ള അവസാനത്തെ ബസ്സും പോയിരിക്കുന്നു. എന്നാൽ,അച്ഛന് പരിഭ്രമമൊന്നുമില്ല. ആന കുത്താൻ വന്നാലും പരിഭ്രമിക്കരുതത്രെ! പരിഭ്രമിക്കാതെ നിന്നാൽ ആന മടങ്ങിപ്പോവുമെന്നാണ് അച്ഛന്റെ സിദ്ധാന്തം.

പക്ഷേ, പരിഭ്രമിക്കാതെ നിന്നിട്ടും ബസ്സു വന്നില്ല. പത്തു മണിയെങ്കിലുമായിക്കാണും. അപ്പോഴതാ കുന്നത്തു പാലം വരെയുള്ള ഒരു ബസ്സ്.അവിടെയിറങ്ങിയാൽ നാലു കിലോമീറ്ററുണ്ട് നടക്കാൻ. രാമനാട്ടുകരയിറങ്ങിയാലുള്ള അതേ ദൂരം! സമയം പോയത് മിച്ചം.

തിക്കിത്തിരക്കിയുള്ള ആ അവസാന ട്രിപ്പിൽ സീറ്റും ശ്വാസവും കിട്ടാതെ നിന്നു. സൈഡ് സീറ്റിൽ കാറ്റ് കൊണ്ടിരുന്നാൽ ഒരുവിധം ഛർദി ഒഴിവാക്കാൻ പറ്റും.എന്നാൽ ശ്വാസം പോലും കിട്ടാത്ത തിരക്കാണ്. റോഡിലെ കുണ്ടിലും കുഴിയിലും ചാടുമ്പോൾ വയറ്റിലെ പൊറോട്ട പുറത്തു വരാൻ ശ്രമിച്ചു കൊണ്ടിരുന്നു. വായ പൊത്തിക്കൊണ്ട് കുറെ നേരം നിന്നു.

പത്തു പതിനഞ്ച് മിനുട്ട് കഴിഞ്ഞ് മാങ്കാവ് എത്തിയതോടെ സകല നിയന്ത്രണങ്ങളും കൈവിട്ടു. ഛർദ്ദി അതിന്റെ സമ്പൂർണ്ണ രൂപത്തിൽത്തന്നെ പുറത്തു വന്നു. ഗ്രീൻ പീസ് യെല്ലോ പീസ് ആയിരിക്കുന്നു. പൊറോട്ട ഇറച്ചിപ്പരുവത്തിലും.

ഛർദ്ദിച്ച് അവശനായി ഒരടി പോലും നടക്കാൻ ശേഷിയില്ലാത്ത അവസ്ഥയിൽ കുന്നത്തു പാലത്ത് ബസിറങ്ങിയപ്പോൾ രാത്രി പത്തേമുക്കാൽ.

ഇനി ഒന്നര മണിക്കൂർ നടക്കുക! അതോർത്തപ്പോൾ തന്നെ വയ്യാതായി. പക്ഷേ, നടന്നേ പറ്റൂ



ജലപിശാച് മുത്തശ്ശിയാണ് അമ്മയെ ഉപദേശിച്ചത്. വേഗം ചെന്ന് വാതിൽ തുറക്കണ്ട. കമ്മ്യൂണിസ്റ്റുകാരൻ കുറച്ച് നാമം ജപിക്കട്ടെ.

,ഇന്നത്തെ പോലെ ഓട്ടോറിക്ഷയൊന്നുമില്ല.

മെഴുകുതിരി നാലഞ്ചെണ്ണം വാങ്ങി.അതിൽ കടലാസ് ചുറ്റി.ഒന്നു കഴിഞ്ഞാൽ അടുത്തത്.

അങ്ങനെ ആ മെഴുകുതിരി വെളിച്ചത്തിൽ കൈമ്പാലവും കൈലാടവും പിന്നിട്ട് അമ്മാത്തെ മുറ്റത്തെത്തുമ്പോൾ അമ്മയുടെ വാക്കുകൾ അച്ചട്ടായി. ഒമ്പതാം ദിവസം കഴിയാറായിരിക്കുന്നു.

എല്ലാവരും സുഖനിദ്രയിൽ. അക്കാലത്ത് ഇലക്ട്രിസിറ്റി എത്തിയിട്ടില്ല.ബെല്ലടിച്ച് ഉണർത്താൻ മാർഗ്ഗമില്ല.വിളിച്ചുണർത്തണം.

വടക്കേ മോളിലാണ് മുത്തശ്ശി. ഛർദ്ദിയും യാത്രാ ക്ഷീണവും കാരണം എത്ര ഉറക്കെ വിളിച്ചിട്ടും മുത്തശ്ശി ഉണർന്നില്ല. പിന്നെ അപ്പുറത്തെ ജനലിനു താഴെ നിന്ന് അമ്മാമനെയും കുറെ വിളിച്ചു. അനക്കമില്ല.

അറ്റ കൈയ്ക്ക് അച്ഛൻ തന്നെ വിളിതുടങ്ങി.

അച്ഛനാണെങ്കിൽ ശുണ്ഠി വന്നാൽ മാത്രമേ ശബ്ദമുയരൂ.അല്ലെങ്കിൽ ഏറ്റവും പതിഞ്ഞ സ്വരത്തിലാണ്. രാമാ, രാമാ എന്ന് മന്ത്രം ജപിക്കുന്ന പോലെ ശബ്ദം താഴ്ത്തി വിളിക്കാൻ തുടങ്ങി.ആരും ഉണർന്നില്ല.പിന്നെ അച്യുതനെ വിളിച്ചു. അമ്മാമന്മാരായ രാമനോ അച്യുതനോ എഴുന്നേറ്റു വന്നില്ല.

മുത്തശ്ശിയും അമ്മാമൻമാരും അമ്മയുടെ തന്ത്രം സ്വീകരിക്കുകയാണോ? കമ്യൂണിസ്റ്റുകാരനെ കൊണ്ട് നാമം ജപിപ്പിക്കാനുള്ള സൂത്രമാണത്.

രാത്രി വൈകി ഇല്ലത്തെത്തുമ്പോൾ മുറ്റത്ത് നിന്ന് നാരായണാ എന്ന് അനിയനെയാണ് അച്ഛൻ വിളിക്കാറ്.അമ്മ ചെന്ന് വാതിൽ തുറക്കും.അക്കാലത്ത് ജലപിശാച് മുത്തശ്ശിയാണ് അമ്മയെ ഉപദേശിച്ചത്.വേഗം ചെന്ന് വാതിൽ തുറക്കേണ്ട. കുറച്ചു നേരം നാരായണനെ വിളിക്കട്ടെ. കമ്മ്യൂണിസ്റ്റായ അച്ഛൻ അങ്ങനെയെങ്കിലും കുറച്ച് നാമം ജപിക്കട്ടെ.സന്ധ്യാവന്ദനം ചെയ്യാത്തതിന്റെ പാപം കുറച്ചെങ്കിലും തീരുമല്ലൊ.

ഇതിപ്പോൾ അമ്മാത്തുള്ളവരും അച്ഛനെക്കൊണ്ട് നാമം ജപിപ്പിക്കാനുള്ള പുറപ്പാടാണോ? രാമനാമത്തിന് ഫലം ഇല്ലാതായതോടെ അച്ഛൻ വാല്മീകിയാവാനൊന്നും നിന്നില്ല. പൂമുഖപ്പടിയിൽ കിടന്നുറങ്ങാൻ തീരുമാനിച്ചു. അവസാന ബസ് കിട്ടാതാവുമ്പോൾ ബസ് സ്റ്റാൻഡിൽ പേപ്പറ് വിരിച്ച് കിടക്കുന്ന ആളാണ്.ഒരു പേടിയുമില്ല ഒന്നിനെയും.പക്ഷേ,അമ്മാത്തെ മുറ്റത്തു കൂടി പകൽ പോലും കുറുക്കൻ ഓരിയിട്ടു പോവുന്നത് ധാരാളം കണ്ടിട്ടുണ്ട്.കോക്കാം പൂച്ചയും കുറുക്കനുമൊക്കെയായിരുന്നു അക്കാലത്തെ ഭീകരർ.

അർജ്ജുനൻ ,ഫൽഗുനനൻ, പാർത്ഥൻ വിജയനും.... പേടി മാറ്റാൻ മുത്തശ്ശി പഠിപ്പിച്ച ഒറ്റമൂലി ജപിച്ചു. ആലത്തൂർ ഹനുമാനെയും കൂട്ടുപിടിച്ചു.പേടി മാറ്റാൻ ഇത്തരം ആചാരത്തിന് നല്ല സിദ്ധിയുണ്ടെന്ന് അനുഭവിച്ചറിഞ്ഞതാണ്.ഉറക്കത്തിൽ പൂമുഖപ്പടിയിൽ നിന്ന് താഴെ വീഴാതിരിക്കാനും അത് ഉപകരിക്കും. വേറൊന്നിനു കൂടി അതുപകരിച്ചു.അതാ, വടക്കേ മോളിലെ കോണിവാതിൽ തുറക്കുന്ന ശബ്ദം!മുത്തശ്ശി വന്നു പുറത്താളത്തിന്റെ വാതിൽ തുറന്നു !!

അഹസ്സ് പകർന്നൂന്നാ തോന്ന് ണത് മുത്തശ്ശി പറഞ്ഞു.

അതേ, ഒമ്പതാം ദിവസം കഴിഞ്ഞ് പത്താംനാൾ പുലർന്നിരിക്കുന്നു.ആ അർദ്ധരാത്രിയുടെ അന്ധകാരത്തിനും അലംഘനീയമായ ആചാരത്തിനും മേൽ മുത്തശ്ശി നിലാവു പോലെ പരന്നു. ●

# അക്ഷരവെളിച്ചം അണയാതെ സൂക്ഷിച്ച മുത്തശ്ശി

**ജ്യോതി നാരായണൻ**

ഉള്ളിൽ അക്ഷരവെളിച്ചം അണയാതെ സൂക്ഷിച്ച ഭാർഗ്ഗവി മുത്തശ്ശിക്ക് സംഗീതവും ചിത്രരചനയുമൊക്കെ ഇഷ്ടമേഖലകളാണ്. ഏട്ടന്മാരെ സംഗീത മഭ്യസിപ്പിക്കാൻ പാലക്കാട്ട് നിന്നെത്തിയ ഭാഗവതരുടെ ക്ലാസ് ഏടത്തിയോടൊപ്പം കുട്ടിപ്പത്തായത്തിന്റെ പിന്നിൽ ഒളിച്ചിരുന്ന് കേട്ട് പഠിച്ച് സംഗീതത്തിന്റെ ബാലപാഠങ്ങളും മുത്തശ്ശി സ്വായത്തമാക്കി. സ്വരസ്ഥാനങ്ങളും കീർത്തനവുമൊക്കെ ഇന്നും മായാതെ ഓർമ്മയിലുണ്ട്.

ഏഴിൽ നിന്ന് എട്ടിലേക്ക് ജയിച്ച സന്തോഷത്തിൽ മതിമറക്കും മുമ്പ് കേട്ടു. ''ഇനി കുട്ടി പഠിക്കാൻ പോണില്യ...'' തെരണ്ട പെൺകുട്ട്യോള് പടിക്ക് പുറത്തിറങ്ങില്ല. അതാണ് തീരുമാനം. അച്ഛന്റേതുമാത്രമല്ല. നാട്ടുനടപ്പ്. ഇല്ല ങ്ങളിൽ നിന്ന് പുറത്തേക്ക് പോയി വിദ്യാഭ്യാസം നേടാൻ ആചാരങ്ങളും ശീലങ്ങളും പെൺകുട്ടികൾക്ക് നിയന്ത്രണമേർപ്പെടുത്തുന്ന അക്കാലത്ത് അതൊന്നുമറിയാതെ ഗൗരി തേങ്ങി. കൂടെ ഭാർഗ്ഗവിയും. ഇത് എഴുപത് വർഷങ്ങൾക്ക് മുമ്പുള്ള സംഭവം.

അച്ഛനുമമ്മയ്ക്കും നാല് ആൺമക്കൾ, രണ്ട് പെൺമക്കൾ. അച്ഛൻ നാരായണൻ നമ്പൂതിരി. അമ്മ ശ്രീദേവി അന്തർജ്ജനം. എല്ലാ വിഷയങ്ങൾക്കും ഉയർന്ന മാർക്ക് വാങ്ങാറുള്ള കുട്ടികൾ. എങ്കിലും പെൺകുട്ടികൾക്ക് കാലം കാത്തുവെച്ചത് അകത്തളങ്ങളിലും അടുക്കള ചുമരിനുള്ളിലുമുള്ള നീതിന്യായങ്ങളായിരുന്നു. ഔപചാരിക പഠനം നിലച്ചു. ഇല്ലത്ത് തന്നെയായി വിദ്യയും വിദ്യാഭ്യാസവും. എട്ടുകെട്ടിന്റേയും മുറ്റത്തെ വലിയ കുളത്തിന്റേയും സൗന്ദര്യത്തിലും പ്രൗഢിയിലും സമ്പന്നമായ ചേമഞ്ചേരി മഠം. അവിടെ ജനിച്ചതല്ല അവരുടെ ശാപം. അവിടത്തെ കുട്ടികളായതുകൊണ്ട് മാത്രം അത്രയും പഠിക്കാനായി. ''ഉൽപതിഷ്ണുവായിരുന്നു അച്ഛൻ. എങ്കിലും നാട്ടുനടപ്പിനെ ധിക്കരിക്കാൻ വയ്യ...''

കരിങ്ങമണ്ണ ഇല്ലത്തെ വിശാലമായ പൂമുഖത്തിരുന്ന് ഭാർഗ്ഗവി അന്തർജ്ജനം ബാല്യവും കൗമാരവുമൊക്കെ ഓർത്തെടുത്തു.

തെളിഞ്ഞ ബുദ്ധി, ഓജസ്സാർന്ന ഓർമ്മകൾ, തപസ്സിന് സമമായ ശാന്ത ജീവിതവും ആഗ്രഹങ്ങളെ നിഗ്രഹിക്കാനുള്ള ഇച്ഛാശക്തിയും കടഞ്ഞെടുത്ത് നിശ്ചയിച്ചിരിക്കുന്ന വ്യക്തമായ ജീവിത നിലപാടുകൾ. ആത്മബലം വിളിച്ചോതുന്ന സംസാരം, അതിലുപരി അഗാധമായ കൃഷ്ണഭക്തി, എപ്പോഴും പ്രസന്ന വദനയായി ഭാർഗ്ഗവി മുത്തശ്ശി.

കൈയിലൊരു പുസ്തകത്തിൽ നിറയെ വടിവൊത്ത അക്ഷരത്തിൽ കുറിച്ചിട്ട മനോഹരമായ കവിതകൾ. (28.08.2018 ന് അമ്മയുടെ ശതാഭിഷേകത്തിന് മക്കളായ നാരായണനും (മണി) ഗീതയും രമയും ചേർന്ന് സമർപ്പിച്ചതാണ് 'കൃഷ്ണപുഷ്പാഞ്ജലി'. എൺപത് വയസ്സിന്റെ ചെറുപ്പത്തിൽ അമ്മ നടത്തിയ കാവ്യസപര്യയെ സാദിമാനം ഗ്രന്ഥരൂപത്തിൽ സമർപ്പിക്കുകയായിരുന്നു). പശ്ചാത്തലമായി സ്വയം വരച്ച ചിത്രങ്ങൾ, ഈശ്വരരൂപങ്ങൾ. ഭക്തിയും പ്രണയവും ദേശസ്നേഹവുമൊക്കെ നിറഞ്ഞുനിൽക്കുന്ന അക്ഷരവൃത്തങ്ങളിലൊതുങ്ങിനിൽക്കുന്ന കവിതകൾ കണ്ട് ആശ്ചര്യപ്പെട്ടു ചോദിച്ചു.

''പണ്ടേ എഴുതുമായിരുന്നു ഇല്ലേ...?''

ഒരു പൊട്ടിച്ചിരിയായിരുന്നു മറുപടി.

''ഇല്ലെന്റെ കുട്ട്യേ... വെറുതെ ഇരിക്കാൻ വയ്യ. ശീലമില്ല. പകലുകൾ ഉറങ്ങിത്തീർക്കാനിഷ്ടവുമില്ല. അങ്ങനെ ഓരോന്ന് കുത്തിക്കുറിച്ചുതുടങ്ങി. ഏതാണ്ടൊരഞ്ചു വർഷം മുമ്പ് അത്ര തന്നെ...''

''അപ്പോൾ വായനയോ..?''

''പഠനം നിലച്ചപ്പോൾ നിരാശയായി. പുസ്തകങ്ങളൊന്നും കിട്ടാനില്ല. ഒടുവിൽ ഒറ്റക്ക് ഹിന്ദി പഠനം ആരംഭിച്ചു. പരീക്ഷ ലക്ഷ്യം വെച്ചുതന്നെ പഠിച്ചു. ആത്മവിശ്വാസവുമുണ്ടായിരുന്നു. പക്ഷേ, കോഴിക്കോട് പോണം പരീക്ഷയെഴുതാൻ.. അത് പെൺകുട്ട്യോൾക്ക് ചേർന്നതല്ല. അതോടെ അതും നിന്നു.''

പിന്നീട് പതിനാറാം വയസ്സിൽ അമ്മയെ തനിച്ചാക്കി അച്ഛൻ പോയപ്പോൾ ''ഈ സങ്കടങ്ങൾ എനിക്ക് സഹിക്കാനാവണില്ലല്ലോ എന്ന് കരഞ്ഞ അമ്മയെ ആശ്വസിപ്പിക്കാൻ തുളസീ രാമായണം വായിച്ചു കേൾപ്പിച്ചു. ര



*ഭാർഗ്ഗവി അന്തർജ്ജനവും യശഃശരീരനായ ഭർത്താവ് കൃഷ്ണൻ നമ്പൂതിരിയും*



**അമ്മ പത്തു വയസ്സിനു മുമ്പ് പറഞ്ഞുതന്ന കഥകളാണ് ഓരോ കവിതയുടെയും പിറകിൽ. ഒരു കഥയെങ്കിലും പറയാതെ ഉറങ്ങാനനുവദിക്കില്ലായിരുന്നു അമ്മയെ. ഇന്നെഴുതുന്ന ഓരോ വരികൾക്കും പിറകിൽ ജീവിതാനുഭവങ്ങളിലൊന്നും കെട്ടുപോകാതെ കാത്തുസൂക്ഷിച്ച അക്ഷരങ്ങളോടുള്ള അസാധാരണമായ ഇഷ്ടം മാത്രമാണുള്ളത്. എൺപതിന്റെ നിറവിലും ആ ചോദനകളാണ് മുത്തശ്ശിയെ ജ്വലിപ്പിച്ചുനിർത്തുന്നത്.**

ണ്ടര വർഷമെടുത്തു തീരാൻ. രാത്രി ഉറങ്ങാൻ നേരമാണ് വായന. വായിച്ച് അർത്ഥം വിശദീകരിച്ചുകൊടുക്കുമായിരുന്നു.

വായന ബൗദ്ധിക മണ്ഡലത്തിന്റെ ദാഹമാണ്. ഭാർഗ്ഗവി മുത്തശ്ശിക്കുമതേ. പത്തൊമ്പതാം വയസ്സിൽ. വേളി കഴിഞ്ഞ് കരിങ്ങമണ്ണ ഇല്ലത്തെ കൃഷ്ണൻ നമ്പൂതിരിയുടെ പത്നിയായി ഒരു മുടക്കവുമില്ലാതെ എല്ലാ കടമകളും നിറവേറ്റുമ്പോഴും പുസ്തകങ്ങളോടുള്ള അതിയായ ഇഷ്ടം മുത്തശ്ശി സൂക്ഷിച്ചു. ഒരു മാതൃഭൂമി പത്രം മാത്രമായിരുന്നു എല്ലാത്തിനും പകരം. ഇന്നത്തെ പത്രം പിറ്റേന്ന് ഉച്ചക്ക് മാത്രമാണ് കൈയിലെത്തുക. അതിനായുള്ള കാത്തിരിപ്പ് വായനയുടെ ചരിത്രമങ്ങനെ.

അമ്മ പത്തു വയസ്സിനു മുമ്പ് പറഞ്ഞുതന്ന കഥകളാണ് ഓരോ കവിതയുടെയും പിറകിൽ. ഒരു കഥയെങ്കിലും പറയാതെ ഉറങ്ങാനനുവദിക്കില്ലായിരുന്നു അമ്മയെ. ഇന്നെഴുതുന്ന ഓരോ വരികൾക്കും പിറകിൽ ജീവിതാനുഭവങ്ങളിലൊന്നും കെട്ടുപോകാതെ കാത്തുസൂക്ഷിച്ച അക്ഷരങ്ങളോടുള്ള അസാധാരണമായ ഇഷ്ടം മാത്രമാണുള്ളത്. എൺപതിന്റെ നിറവിലും ആ ചോദനകളാണ് മുത്തശ്ശിയെ ജ്വലിപ്പിച്ചുനിർത്തുന്നത്.

ശതാഭിഷേകത്തോടനുബന്ധിച്ച് പ്രസിദ്ധീകരിച്ച കൃഷ്ണപുഷ്പാഞ്ജലി എന്ന കവിതാ സമാഹാരത്തിലെ കവിതകൾക്ക് ഏറെക്കാലമായി എഴുതിത്തെളിഞ്ഞ ഒരാളുടെ അടക്കവും ഒതുക്കവുമുണ്ട്.

തുച്ഛമായ വായനാനുഭവങ്ങളും, സുദീർഘമായ ജീവിതം തന്ന അനുഭവങ്ങളും ഓർമ്മകളും ഇഴചേർത്ത് നെയ്തെടുത്ത ഓരോ കവിതകൾക്കും അറിവിന്റെ ആധികാരികതയും അക്ഷരക്രമങ്ങളുടെ താളഭംഗിയുമുണ്ട്.

സന്താനഗോപാലം, ബാലഗോപാലരൂപം, ഗജേന്ദ്രമോക്ഷം, കുചേലോപാഖ്യാനം, കാളിയമർദ്ദനം, ശിവമാനസപൂജ അങ്ങനെ നിരവധി കവിതകൾ...

ഉള്ളിൽ അക്ഷരവെളിച്ചം അണയാതെ സൂക്ഷിച്ച ഭാർഗ്ഗവി മുത്തശ്ശിക്ക് സംഗീതവും ചിത്രരചനയുമൊക്കെ ഇഷ്ടമേഖലകളാണ്. ഏട്ടന്മാരെ സംഗീതമഭ്യസിപ്പിക്കാൻ പാലക്കാട്ട് നിന്നെത്തിയ ഭാഗവതരുടെ ക്ലാസ് ഏടത്തിയോടൊപ്പം കുട്ടിപ്പത്തായത്തിന്റെ പിന്നിൽ ഒളിച്ചിരുന്ന് കേട്ട് പഠിച്ച് സംഗീതത്തിന്റെ ബാലപാഠങ്ങളും മുത്തശ്ശി സ്വായത്തമാക്കി. സ്വരസ്ഥാനങ്ങളും കീർത്തനവുമൊക്കെ ഇന്നും മായാതെ ഓർമ്മയിലുണ്ട്.

ഓണവും വിഷുവും പിറന്നാളു മാതിര.. ഇതായിരുന്നു ഇതു മാത്രമായിരുന്നു ജീവിതമെന്ന് പറയുമ്പോഴും ഇനിയുമേറെ എഴുതാനും പറയാനുമുണ്ടെന്ന് വിളിച്ചുപറയുകയാണ് മുത്തശ്ശിയുടെ കണ്ണുകൾ.

ഒരു പ്രവൃത്തിയും മനസ്സർപ്പിക്കാതെ ചെയ്യരുതെന്ന് ഉറച്ചു വിശ്വസിക്കുന്ന മുത്തശ്ശിക്ക് ഭഗവാൻ തരുന്നതെല്ലാം– നല്ലതും ചീത്തയുമെന്ന വേർതിരിവില്ലാതെ– കൈനീട്ടി സ്വീകരിക്കുന്നതാണിഷ്ടം. അനിഷ്ടമില്ല. ആരോടും ഒന്നിനോടും.

അടുത്തിരുന്ന് ഏറെ കേട്ടപ്പോൾ, അറിഞ്ഞപ്പോൾ അനിർവചനീയമായ ഒരു ശാന്തി ഉള്ളിലും പടരുന്നതറിഞ്ഞു. ●

# 1921ലെ മുറിപ്പാടുകൾ



കൊള്ളയിലൂടെയും കൊലയിലൂടെയും നിർബന്ധിത മതംമാറ്റത്തിലൂടെയും മലബാറിലെ ഹിന്ദുജനത ആകമാനം കഷ്ടത്തിലായ ആ കലാപത്തിന് നൂറു വയസ്സ് തികയാൻ പോകുന്നു. 1921 ലെ മലബാർ കലാപം.....

പിന്നീട് സ്വാതന്ത്ര്യസമരമായി പ്രഖ്യാപിക്കപ്പെട്ട കലാപം..

അതൊരു ബ്രിട്ടീഷ് സാമ്രാജ്യത്വ വിരുദ്ധ സമരം മാത്രമായിരുന്നോ..?

ഒരു കർഷകകലാപം മാത്രമായിരുന്നോ...?

അല്ല എന്നു തന്നെ പറയേണ്ടി വരും..

മതത്തിന്റെയും വർഗ്ഗീയതയുടെയും കടന്നുകയറ്റം അതിൽ ഉണ്ടായി എന്നത് നമുക്ക് ചരിത്രത്തിലൂടെ കടന്നു പോയാൽ കാണാം...

ഏറനാട്ടിൽ ഭൂരിപക്ഷ സമുദായമായിരുന്ന, വള്ളുവനാട്ടിൽ ശക്തമായ സ്വാധീനമുണ്ടായിരുന്ന അന്നത്തെ മാപ്പിള കുടിയാൻമാർക്ക് തങ്ങളുടെ ജൻമിമാരുമായുള്ള ബന്ധത്തിലെ ഉലച്ചിൽ ഉണ്ടാക്കിയ ഒരു കലാപത്തിന്റെ തീവ്രമായ അനന്തരഫലം അനുഭവിക്കേണ്ടി വന്നത് മലബാറിലെ വലിയൊരു ഹിന്ദു സമൂഹം.. അന്ന് അക്രമിക്കപ്പെട്ട് രക്തസാക്ഷികളായ നിരവധി ഹിന്ദുക്കളിൽ നമ്പൂതിരിയും ഉണ്ടായിരുന്നു. ഏറനാട്ടിലെ, രക്തസാക്ഷികൾ സൃഷ്ടിക്കപ്പെട്ട, ആ ഇല്ലങ്ങളിലൂടെ, അവിടുത്തെ അന്നിന്റെ ചില അവശേഷിപ്പുകളിലൂടെ ചരിത്ര സ്മരണകളിലേക്ക് ഒരു യാത്രയാവാം...

തയ്യാറാക്കിയവർ:
ഉമശ്രീ
എൻ.സി.വി. നമ്പൂതിരി,
Ph: 9847493849



# കൊലക്കളമാക്കിയ നടുമുറ്റം

വഴിയരികിൽ നിന്ന ഒരു സ്ത്രീയോട് ലഹളക്കാർ ചോദിച്ചത് നടുവത്തേടത്തില്ലത്തേയ്ക്കുള്ള വഴി.. അവൾ കാണിച്ചു കൊടുത്തത് നടുവിലേടത്തേക്കുള്ള വഴി. പക്ഷേ അവർ എത്തിച്ചേർന്നത് ചുഴലിപ്പുറത്ത്.. സ്ത്രീ പറഞ്ഞ അടയാളമനുസരിച്ച് ഇടവഴിയിലൂടെ പോയാൽ കാണുന്ന കോണിപ്പടികൾ കയറി എത്തുന്ന നടവഴി. ആ സൂചന രണ്ടു ഇല്ലത്തിനും ഒരേ പോലെ ഉണ്ടായിരുന്നു. രണ്ട് ഇല്ലത്തേയ്ക്കും കോണിപ്പടികൾ.. ലഹളക്കാർ ആദ്യം കണ്ട കോണിപ്പടികൾ കയറി നീണ്ട നടവഴിയിലൂടെ മനസ്സിൽ നടുവത്തേടമെന്ന ചിന്തയോടെ ചുഴലിപ്പുറത്ത്... തൊട്ടടുത്ത ഇല്ലമായ ചെറുവക്കാട്ടെ തറവാട്ടുമുറത്ത് രാവിലെ പത്തു മണിയോടെ എത്തിയ ലഹളക്കാർ എന്തുകൊണ്ടോ അവിടെ കൊള്ള നടത്താതെ തിരിച്ചിറങ്ങുകയായിരുന്നു. ഇരുന്നൂറിലധികം അക്രമികൾ ഉണ്ടായിരുന്നത്രേ. കാര്യസ്ഥൻ രാമൻ നായർ അവർ എത്തും മുൻപു തന്നെ ഈ അപകടസ്ഥിതി തിരിച്ചറിഞ്ഞിരുന്നു. എല്ലാവരോടും ഓടി രക്ഷപ്പെടുവാൻ വേണ്ടി അദ്ദേഹം വിവരം നൽകിയിരുന്നു. തൃക്കളയൂർ ക്ഷേത്രത്തിലെ ശാന്തി കഴിഞ്ഞെത്തി കിഴക്കിനിപ്പടിയിൽ വിശ്രമിക്കുകയായിരുന്ന വാസുദേവൻ നമ്പൂതിരി മാത്രം എന്തോ അത് വിശ്വസിച്ചില്ല. കുനിയിൽ എന്ന സ്ഥലത്തു നിന്ന് പാട്ടം പിരിച്ച് മാപ്പിള കുടിയാന്മാർ എത്തും എന്ന് പറഞ്ഞ ദിവസവും ആയിരുന്നത്രെ അന്ന്. രാമൻ പറഞ്ഞത് മാപ്പിള ലഹളക്കാരല്ല എന്ന് വിശ്വസിക്കാൻ അതും ഒരു കാരണമായി. വലിയൊരു സംഘമാണ് വരുന്നതെന്നും അദ്ദേഹം മനസ്സിലാക്കിയിരുന്നില്ല. അക്രമികൾ അകത്തെത്തിയപ്പോഴേ അദ്ദേഹത്തിന് അബദ്ധം മനസ്സിലായിട്ടുണ്ടാവൂ.. അരോഗദൃഢഗാത്രനും ആയോധന കലകൾ അഭ്യസിച്ച ആളുമായിരുന്നുവത്രെ വാസുദേവൻ നമ്പൂതിരി. ധീരനായി ചെറുത്തു നിന്നിട്ടുണ്ടാകാം. പക്ഷേ അക്രമികളുടെ രാക്ഷസീയത ആ ജീവൻ ഇല്ലാതാക്കി. നടുമിറ്റത്തിട്ട് വെട്ടി കൊല്ലുകയായിരുന്നു. തലയറുത്ത്, കൈകാലുകൾ അറുത്ത്.. ക്രൂരമായി, അതിക്രൂരമായി. വിരലുകളിൽ നിറയെ അണിഞ്ഞിരുന്ന മോതിരങ്ങൾ കവർന്നെടുക്കാൻ വിരലുകൾ പത്തും അറുത്തെടുത്തുവത്രെ ആ കാട്ടാളൻമാർ. അതി പൈശാചികമായ ഒരു കൊലപാതകം.

അകത്തുണ്ടായിരുന്ന അന്തർജനങ്ങളും ഇല്ലത്തെ പണിക്കാരും ഓടി രക്ഷപ്പെടുകയായിരുന്നു. ഇല്ലത്തിനു പിന്നിൽ വളർന്നു കിടന്നിരുന്ന കൂവക്കാടുകൾക്കിടയിലൂടെ അവർ പ്രാണരക്ഷാർത്ഥം വളരെ ദൂരം ഓടി. നേരമേറെ കഴിഞ്ഞ് ബഹളമെല്ലാം അടങ്ങിയെന്ന് തോന്നിയപ്പോൾ കാര്യസ്ഥൻ രാമൻ നായർ തിരിച്ചു വന്നു. അയാൾ കണ്ട കാഴ്ച ഹൃദയഭേദകം.. നടുമിറ്റത്തു നിന്ന് വെള്ളം പുറത്തേക്കൊഴുകുന്ന ഓവുചാലിലൂടെ രക്തം ഒഴുകി കിഴക്കേമുറ്റത്ത് എത്തിയിരുന്നുവത്രെ. ഉലക്കയും ഇരുമ്പുദണ്ഡുകളും മറ്റും ഉപയോഗിച്ച് വാതിലുകളും മറ്റും തകർത്തിരിക്കുന്നു... സ്വർണ്ണാഭരണങ്ങൾ മുതൽ അടുക്കളപ്പാത്രങ്ങൾ വരെ കൊള്ളയടിക്കപ്പെട്ടിരുന്നു. ഇല്ലത്തെ ബാക്കിയുള്ളവർ കൊല ചെയ്യപ്പെട്ട വാസുദേവൻ നമ്പൂതിരിയുടെ ഏട്ടൻ ദാമോദരൻ നമ്പൂതിരിയുടെ ആത്തേമ്മാരുടെ ഇല്ലമായ വേങ്ങേരി(ഗുരുവായൂർ)യ്ക്ക് പോയി. പിന്നീട് ലഹളയെല്ലാം അവസാനിച്ചു എന്ന് ഉറപ്പാക്കി ആഴ്ചകൾക്ക് ശേഷമാണ് ഇല്ലത്തേക്ക് മടങ്ങിയെത്തിയത്. അടുക്കളയിൽ പാചകത്തിനുള്ള ചെമ്പും ചീനചട്ടിയും തവിയും വരെ പുതിയത് വാങ്ങി അവർക്ക് മറ്റൊരു ജീവിതം ആരംഭിക്കുന്ന പോലെ വേണ്ടി വന്നുവത്രെ.

ചുഴലിപ്പുറത്ത് ഇന്നത്തെ മുതിർന്നവരായ വാസുദേവൻ നമ്പൂതിരിയുടെയും ദാമോദരൻ നമ്പൂതിരിയുടെയും

നേരമേറെ കഴിഞ്ഞ് ബഹളമെല്ലാം അടങ്ങിയെന്ന് തോന്നിയപ്പോൾ കാര്യസ്ഥൻ രാമൻ നായർ തിരിച്ചു വന്നു. അയാൾ കണ്ട കാഴ്ച ഹൃദയഭേദകം.. നടുമിറ്റത്തു നിന്ന് വെള്ളം പുറത്തേക്കൊഴുകുന്ന ഓവുചാലിലൂടെ രക്തം ഒഴുകി കിഴക്കേമുറ്റത്ത് എത്തിയിരുന്നുവത്രെ. ഉലക്കയും ഇരുമ്പുദണ്ഡുകളും മറ്റും ഉപയോഗിച്ച് വാതിലുകളും മറ്റും തകർത്തിരിക്കുന്നു... സ്വർണ്ണാഭരണങ്ങൾ മുതൽ അടുക്കളപ്പാത്രങ്ങൾ വരെ കൊള്ളയടിക്കപ്പെട്ടിരുന്നു.



ചുഴലിപ്പുറം ഇല്ലം

മുത്തപ്ഫനായിരുന്നു കൊലചെയ്യപ്പെട്ട അദ്ദേഹം. ഇവിടത്തെ ഇന്നത്തെ ചെറിയ ഉണ്ണികളായ വസുദേവ്, ശ്രീഹരി, കശ്യപ് എന്നിവർ അദ്ദേഹത്തിന് ശേഷമുള്ള അഞ്ചാം തലമുറയിൽ പെട്ടവരായി. വാസുദേവൻ നമ്പൂതിരി വിവാഹം ചെയ്തത് തൃക്കളയൂർ ചെമ്പത്ത് വാര്യത്തെ ഇത്തായി വാരസ്യാരെയായിരുന്നു. ഒരു മകനായിരുന്നു ഉണ്ടായിരുന്നത്– നാരായണ വാര്യർ.

കോഴിക്കോട് ജില്ലയുടെ അതിർത്തി പ്രദേശമായ പന്നിക്കോട് എരഞ്ഞിമാവിലാണ് ചുഴലിപ്പുറം ഇല്ലം.. മൂന്ന് ഇല്ലങ്ങളാണ് പന്നിക്കോട് ദേശത്ത് ഉള്ളത്. ചെറുവക്കാട്, നടുവിലേടം, ചുഴലിപ്പുറം. ദേശക്ഷേത്രമായ ശ്രീകൃഷ്ണപുരം വിഷ്ണു ക്ഷേത്രത്തിലെ ഊരായ്മക്കാരാണ് ഈ മൂന്ന് ഇല്ലങ്ങളും. കൊടിയത്തൂർ, ചെറുവാടി, കുനിയിൽ, എടവണ്ണപ്പാറ എന്നീ ഭാഗങ്ങളിലെ ഏക്കർ കണക്കിന് ഭൂമിയുടെ ജന്മിത്വാവകാശമുള്ള കുടുംബങ്ങളായിരുന്നു ഈ മൂന്ന് ഇല്ലക്കാരും. മലബാർ കലാപത്തെ സ്വാതന്ത്ര്യ സമരമായി കരുതുന്നുണ്ടെങ്കിലും ജൻമിമാരെ കൊള്ളയടിച്ച് നശിപ്പിക്കുക എന്ന ഒരു ലക്ഷ്യവും അതിനു പിന്നിൽ ഉണ്ടായിരുന്നു എന്നതിന് തെളിവാണ് ഇത്തരം കൊലയും കൊള്ളയും.

നടുക്കുന്ന ആ സംഭവങ്ങളുടെ ദൃക്സാക്ഷികൾ ഇന്ന് ആരും ജീവിച്ചിരിപ്പില്ല. കേട്ടുകേൾവികൾ മാത്രം എല്ലാവർക്കും. എങ്കിലും നൂറു വർഷത്തോടടുക്കുന്ന ഹൃദയഭേദകമായ ആ സംഭവത്തിന്റെ ചില അവശേഷിപ്പുകൾ മായാതെ ഇവിടെ ഉണ്ട്. അക്രമികൾ തകർക്കാൻ ശ്രമിച്ച വാതിൽപ്പാളികളിൽ അവരുടെ ബലപ്രയോഗത്തിന്റെ പാടുകൾ പതിഞ്ഞത് മായാതെ ഇന്നും നമുക്കിവിടെ കാണാം. തലമുറകൾ പലതു കഴിഞ്ഞിട്ടും അന്നു ചിന്തിയ ചുടുരക്തത്തിന്റെ ഗന്ധവും പേറി നാലുകെട്ടും നടുമിറ്റവും ഇന്നും കാലത്തെ അതിജീവിക്കാൻ ശ്രമിച്ചു കൊണ്ട് ഇവിടെയുണ്ട്. ഇവിടുത്തെ പുതുതലമുറയും ആ നഷ്ടങ്ങളുടെ വേദന കേട്ടുകേൾവികളിലൂടെ മനസ്സിന്റെ അഭ്രപാളികളിൽ സൂക്ഷിച്ചു വച്ചിട്ടുണ്ട്.

# ചെറിയ ലോകത്തെ
# വലിയ സ്വപ്നം



എസ്.എസ്.എൽ.സിക്ക് എപ്ലസ് ഉണ്ടായാൽ പലർക്കും ആദ്യം തോന്നുന്നത് ഡോക്ടറാവാനാണ്. എന്നാൽ ഒമ്പതാം ക്ലാസിൽ പഠിക്കുമ്പോൾ തന്നെ ഭദ്രയ്ക്ക് തോന്നിയത് ബെംഗളൂരുവിലെ ഐ.ഐ.എസ് സിയിൽ ചേർന്ന് കണക്ക് പഠിക്കണമെന്നാണ്.ഇന്ത്യയിലെ ഒരേയൊരു ഇൻസ്റ്റിട്യൂട്ട്.റാങ്കിംഗിൽ ഒന്നാം സ്ഥാനം! നോബൽ സമ്മാന ജേതാവ് സി.വി. രാമനും ഹോമി ജഹാംഗീർ ഭാഭയും വിക്രം സാരാഭായിയുമെല്ലാം ഉണ്ടായിരുന്ന സ്ഥാപനം!! 400 കോടിയിലധികം രൂപയുടെ പുസ്തകമുള്ള സ്ഥാപനം!!!

കണക്കു മാഷ് പറഞ്ഞാണ് അതേപ്പറ്റി കേട്ടത്. പിന്നെ അതു മാത്രമായി ചിന്ത.അവിടെ കിട്ടാൻ കെ.വി.പി.വൈ (കിഷോർ വൈജ്ഞാനിക് പ്രോത്സാഹൻ യോജന) എന്നൊരു അഖിലേന്ത്യാ പരീക്ഷയുണ്ടത്രെ. അതെഴുതണമെന്ന് മനസ്സിലാക്കി. എന്നാൽ ഫറോക്കിലെ ട്യൂഷൻ സെന്ററുകളിലൊന്നിലും അതേപ്പറ്റി കേട്ടവരില്ല.കോഴിക്കോട്ടെ കോച്ചിംഗ് സെന്ററുകളിൽ ചോദിച്ചു, അവിടെയും അതിന് കോച്ചിംഗ് നൽകുന്നവരില്ല.മറ്റൊരു സ്ഥാപനത്തിൽ ചെന്നു.ഒന്നര ലക്ഷം ഫീസടക്കണം. ഗഡുക്കളായിപ്പോരാ ഒറ്റയടിക്ക്. കാശില്ലാത്തതിനാൽ അതിനു പോയില്ല. അപ്പോൾ എന്തു ചെയ്യും? നന്നായി ട്യൂഷൻ എടുക്കുന്ന ചിലരെ നെറ്റ് വഴി കണ്ടെത്തി. മോഡൽ ചോദ്യങ്ങൾ സംഘടിപ്പിച്ചു. പ്രദീപും ശർമ്മയുമായി കിട്ടാവുന്ന ഉത്തരേന്ത്യൻ പുസ്തകങ്ങളെല്ലാം ശേഖരിച്ചു. പത്താം ക്ലാസിലാവുമ്പോൾ ആ പരീക്ഷയെഴുതി. പക്ഷേ,കട്ട് ഓഫ് കടന്നില്ല. എന്നു വച്ച് പിൻമാറിയിട്ടില്ല. പ്ലസ് വണ്ണിലും എഴുതാം. പ്ലസ് ടുവിലും എഴുതാം. അതല്ലെങ്കിൽ ജി.മെയിൻ എഴുതിയും ഒരു കൈ നോക്കാം. എല്ലാ വഴിയും പരിശ്രമിക്കുകയാണ് ഇപ്പോൾ. ശാന്തിക്കാരന്റെ മകൾ എന്ന പ്രൊഫൈൽ ചിലതിനെല്ലാം തടസ്സമാണ് എന്ന് ധരിച്ചവരുണ്ട്. എന്നാൽ ഇച്ഛാശക്തിയുണ്ടെങ്കിൽ ഒന്നും തടസ്സമല്ല. ഇന്ത്യയിലെ ഒന്നാം നമ്പർ സ്ഥാപനത്തെപ്പറ്റി കേട്ടറിയാൻ തടസ്സമില്ല. അതിൽ എത്താനുള്ള വഴികൾ മനസ്സിലാക്കാൻ തടസ്സമില്ല. രാവിലെ എണീറ്റ് പഠിക്കാൻ തടസ്സമില്ല. ലക്ഷ്യത്തിനനുസരിച്ച് ഓരോരോദിവസത്തെയും വർക്ക് പ്ലാൻ ചെയ്യാൻ തടസ്സമില്ല. കഠിനാദ്ധ്വാനം ചെയ്യുന്നതിനും തടസ്സമില്ല. ഭദ്ര ഇപ്പോൾ ചെയ്യുന്നത് അതാണ്. ഫറോക്ക് ഗണപത് ഹയർ സെക്കൻഡറിയിൽ പ്ലസ് വണ്ണിന് പഠിക്കുന്നതോടൊപ്പം കെ.വി.പി.വൈയ്ക്ക് കൂടി ഒരു കൈ നോക്കുന്നു.

ഗൈഡ് ചെയ്യാൻ ഒരാൾ പോലുമില്ല. കെ.വി.പി.വൈയെപ്പറ്റി വല്ല സംശയവും ചോദിച്ചാൽ പറഞ്ഞു കൊടുക്കാൻ പോലും ആളില്ല. എറണാകുളത്താണെങ്കിൽ ട്യൂഷന് പറ്റിയ സ്ഥാപനങ്ങളുണ്ട്. എന്നാൽ ഫറോക്കിൽ അതൊന്നുമില്ല. ചെറിയ ലോകത്ത് താമസിച്ചു കൊണ്ട് വലിയ സ്വപ്നങ്ങൾ നെയ്യുന്നതിന്റെ വിഷമം നന്നായി അനുഭവിക്കുന്നു.

എങ്കിലും ആത്മവിശ്വാസം പകരാൻ ചി

(ശേഷം 52–ാം പേജിൽ)




ശ്രീരാമന്റെ ഭരണകാലത്തുള്ള സ്വർണ്ണനാണയത്തിന്റെ അഞ്ചു നാണയങ്ങളും കൊണ്ടുപോയി. ഒരെണ്ണം മാത്രമാണ് തിരിച്ചുകിട്ടിയത്.

# ഒരു കൊല്ലവും എട്ടു മാസവും അഭയാർത്ഥികളായി വൈക്കത്ത്

ഒരു കൊല്ലവും എട്ടു മാസവും അഭയാർത്ഥികളായി വൈക്കത്ത് താമസം... മലപ്പുറം ജില്ലയിലെ മഞ്ചേരിക്കടുത്ത് പുൽപ്പറ്റ നാഗേരി എന്ന എന്റെ ഇല്ലത്തെ അംഗങ്ങൾക്ക് മാപ്പിളലഹള കാരണം അനുഭവിക്കേണ്ടിവന്ന അനന്തരഫലം.

1921 ലെ മാപ്പിള ലഹളയിൽ എന്റെ മുത്തച്ഛൻ വിഷ്ണു നമ്പൂതിരിയെ മാപ്പിളമാർ വെടിവെച്ച ശേഷം വെട്ടിക്കൊലപ്പെടുത്തുകയായിരുന്നു. ഇല്ലത്തെ ഗോവണിച്ചുവട്ടിലാണ് ഈ ക്രൂരകൃത്യം കലാപകാരികൾ നടത്തിയത്. അന്ന് അദ്ദേഹത്തിന് എഴുപത്തിയാറ് വയസ്സ്. അദ്ദേഹത്തെ കൂടാതെ മൂന്നു പേരെ കൂടി അന്ന് കൊലചെയ്തു. കേലുക്കുട്ടി എന്ന ചെത്തുതൊഴിലാളിയെയും കൂടാതെ രണ്ട് നായർ യുവാക്കളെയുമാണ് കൊലപ്പെടുത്തിയത്. ഈ ക്രൂരതക്ക് ശേഷം കുടുംബാംഗങ്ങൾക്ക് കോഴിക്കോട്ടേക്ക് പലായനം ചെയ്യേണ്ടിവന്നു. സാമൂതിരിയുടെ സംരക്ഷണത്തിൽ കുറച്ച് ദിവസം താമസിച്ചു. അഭയാർത്ഥികൾ വന്നു നിറഞ്ഞതിന്റെ ഫലമായി അവിടെ നിന്ന് തിരുവിതാംകൂർ ഭാഗത്തേക്ക് പോകേണ്ടിവരികയായിരുന്നു പിന്നീട്. വൈക്കത്ത് എത്തി അവിടെ അടുത്ത് തോട്ടകത്ത് ദാമോദരൻ കൈമൾ എന്നവരുടെ സന്മനസ്സ് കൊണ്ട് അവിടെ താമസമാക്കി. എന്റെ അമ്മ, വല്യച്ഛൻ, അദ്ദേഹത്തിന്റെ പത്നി, എന്റെ ഓപ്പോൾ, മറ്റു കുട്ടികൾ എന്നിവർ അവിടെ താമസിക്കുകയും അച്ഛൻ അധികാരിയായതിനാൽ തിരിച്ചുവന്ന് മഞ്ചേരിയിൽ താമസമാക്കുകയും ചെയ്തു. മഞ്ചേരി ഹരികിഴായ ക്ഷേത്രത്തിന് സമീപത്ത് ഒരിടത്ത് ഭക്ഷണം, കുളി എന്നിവയെല്ലാം അദ്ദേഹത്തിന് ഏർപ്പാട് ചെയ്തിരുന്നു. രാത്രി ഉറങ്ങുവാൻ മഞ്ചേരി പോലീസ് സ്റ്റേഷനിലേക്ക് പോവുകയുമായിരുന്നു ചെയ്തിരുന്നത്. ലഹളയെല്ലാം കഴിഞ്ഞതിനു ശേഷം മാത്രമേ എല്ലാവർക്കും ഇല്ലത്തേക്ക് തിരിച്ചുവരാൻ കഴിഞ്ഞുള്ളു.



ഈ കോണിച്ചുവട്ടിൽ വെച്ചാണ് വിഷ്ണു നമ്പൂതിരിയെ കലാപകാരികൾ വെടിവെച്ചു കൊന്നിട്ടത്

തിരിച്ചെത്തിയ സമയത്ത് മുത്തച്ഛന്റെ തലയോട്ടിയും എല്ലുകളും മാത്രമായിരുന്നു ബാക്കി. കൊള്ള ചെയ്ത എല്ലാ സാധനങ്ങളും ലഹളക്കാർ കൊണ്ടുപോയി. പാത്രങ്ങൾ, ചെമ്പ്, ചരക്ക് മുതലായവയെല്ലാം കൊണ്ടുപോയി. ലഹള തുടങ്ങി എന്നറിഞ്ഞ് പൂക്കോട്ടൂരിൽ ഒളിപ്പിച്ചുവെച്ചിരുന്ന സാധനങ്ങളെല്ലാം അവർ നശിപ്പിച്ചു. ശ്രീരാമന്റെ ഭരണകാലത്തുള്ള സ്വർണ്ണനാണയത്തിന്റെ അഞ്ചു നാണയങ്ങളും കൊണ്ടുപോയി. ഒരെണ്ണം മാത്രമാണ് തിരിച്ചുകിട്ടിയത്. മഞ്ചേരി



വിഷ്ണു നമ്പൂതിരിയെ കൊലചെയ്യുന്നത് കണ്ട പേരക്കുട്ടി ചെമ്പാഴി ദേവകി അന്തർജനം

ഖജാന കൊള്ളചെയ്ത് ഏകദേശം ആറു ലക്ഷം രൂപ കൊള്ളയടിക്കുകയും ഇല്ലത്തിന്റെ അടുത്തുള്ള വിഷ്ണുക്ഷേത്രം അടിച്ച് തകർക്കുകയും ചെയ്തു. ചിരുദേവി എന്ന ഒരു നായർ സ്ത്രീയെ മതം മാറ്റുകയും ലഹളക്ക് ശേഷം അവർ വീണ്ടും ഹിന്ദുവായി മാറുകയും ചെയ്തു. കന്നുകാലികളെയും, നെല്ലും കൊള്ള ചെയ്തു. ഇത്തരത്തിൽ വർഗ്ഗീയ ലഹള നടത്തിയവർക്ക് പെൻഷൻ കൊടുക്കുകയും അനുഭവിച്ചവർക്ക് കൊടുക്കാതിരിക്കുന്നതും നീതിനിർവ്വഹണമാണെന്ന് തോന്നുന്നില്ല. വരുന്ന വർഷം മാപ്പിള ലഹളയുടെ നൂറാം വർഷം ആഘോഷിക്കുകയാണ്. കൊള്ളയ്ക്കും നിർബന്ധിത മതം മാറ്റത്തിനും അന്ന് ചുക്കാൻ പിടിച്ചിരുന്ന വാരിയത്ത് കുഞ്ഞഹമ്മദ് ഹാജി, ആലി മുസ്ലിയാർ, ചെമ്പകശ്ശേരി തങ്ങൾ എന്നിവർക്ക് വീണ്ടും സ്മാരകങ്ങൾ പണിയാനും മറ്റുമുള്ള കാര്യങ്ങൾ തകൃതിയായി നടന്നുവരുന്നു എന്ന് കേൾക്കുന്നു. മതപരിവർത്തനം നടത്തുന്ന ഒരു കേന്ദ്രവും മഞ്ചേരിക്കടുത്തുതന്നെയാണ് എന്ന് നാം അറിയേണ്ടതാണ്. പൂക്കോട്ടൂർ, തൂവൂർകിണർ, തൃക്കളയൂർ എന്നീ സ്ഥലങ്ങൾ അന്നത്തേതിന്റെ ബാക്കിപത്രങ്ങളായി ഇന്നും നിലനിൽക്കുന്നു.




ആറ്റുപുറം ഇല്ലം

# ആശ്രയിച്ചിരുന്നവർ തന്നെ കലാപകാരികൾ

മലപ്പുറം ജില്ലയിൽ അരീക്കോട് ,മഞ്ചേരി ഭാഗങ്ങളിലെ നിരവധി ഭൂസ്വത്തുക്കൾക്ക് ജൻമിത്വാവകാശമുള്ളവരും അംശം അധികാരികളുമായ അരീക്കോട് കൊഴക്കോട്ടൂരിലുള്ള ആറ്റുപുറം തറവാട്ടിലും മാപ്പിള ലഹളക്കാലത്ത് നമ്പൂതിരി ജീവൻ ബലിയർപ്പിക്കപ്പെട്ടു. കൂടെ വിശ്വസ്തനായ ഒരു കുടുംബ സുഹൃത്തിന്റെയും. ലഹള തുടങ്ങി എന്നറിഞ്ഞ് അപകടം മനസ്സിലാക്കി ആറ്റുപുറത്തെ നമ്പൂതിരിമാരും അന്തർജ്ജനങ്ങളും കുട്ടികളും ബന്ധുഗൃഹത്തിലേക്ക് മാറി താമസിച്ചിരുന്നു. എങ്കിലും ഇന്നത്തെ കാരണവരായ പുരുഷോത്തമൻ നമ്പൂതിരി ഉൾപ്പെടുന്ന മുതിർന്ന തലമുറയുടെ മുത്തപ്ഫനായ വാസുദേവൻ നമ്പൂതിരിയും അദ്ദേഹത്തിന്റെ അമ്മാത്തു നിന്നെത്തിയ ചേന്നുനായർ എന്ന കാര്യസ്ഥനും അമ്പലത്തിൽ ശാന്തിക്കു വന്ന വാഴാമ്പറ്റ നമ്പൂതിരിയും സഹായത്തിനായി നിൽക്കുന്ന ഒരു എമ്പ്രാന്തിരിയും ഇല്ലത്ത് തന്നെ താമസിച്ചു.

പണിയായുധങ്ങൾക്കും മറ്റ് പല കാര്യങ്ങൾക്കും ആറ്റുപുറത്തില്ലത്തിനെ ആശ്രയിച്ചിരുന്നവർ തന്നെയാണ് ഇവിടേക്ക് എതിരായി തിരിഞ്ഞത്... ഇല്ലത്ത് ഒരു തോക്ക് ഉണ്ട് എന്നറിഞ്ഞശേഷം അവർ എത്തിയത് പണിയായുധങ്ങൾക്ക് വേണ്ടിയായിരുന്നില്ല. ആ തോക്ക് ആവശ്യപ്പെടാനായിരുന്നു. പക്ഷേ നൽകാൻ പറ്റില്ല എന്ന് പറഞ്ഞ് അവരെ തിരിച്ചയച്ചു. തോക്ക് ഭദ്രമായി സൂക്ഷിക്കുവാൻ



*കൊലചെയ്യപ്പെട്ട ആറ്റുപുറം വാസുദേവൻ നമ്പൂതിരി*

വേണ്ടി ഇല്ലത്തിനടുത്തുള്ള അപ്പു മേനോനെ ഏൽപ്പിക്കുകയും ചെയ്തുവത്രെ.

പിന്നീട് ലഹള തുടങ്ങിയ ശേഷം അക്രമികളുടെ രൂപത്തിൽ അവരെത്തി. ഇല്ലം അക്രമിച്ച് പത്തായത്തിലെ ധാന്യങ്ങളും ആ തോക്കും കൈവശപ്പെടുത്തുക എന്നതായിരുന്നു അവരുടെ പ്രധാന ഉദ്ദേശം. വാതിലുകൾ ഉലക്ക വച്ച് ഇടിച്ച് തകർക്കാൻ ശ്രമിച്ചു. ആ ശ്രമം പാഴായപ്പോൾ ജനലഴികൾ മുറിച്ച് അകത്തു കടന്നു. തോക്കിനായി തിരച്ചിൽ നടത്തി. ഈ സമയത്ത് വാസുദേവൻ നമ്പൂതിരിയും മറ്റു മൂന്നു പേരും ഇല്ലത്തിനടുത്തുതന്നെ ഒളിച്ചിരിക്കുകയായിരുന്നു. തിരച്ചിലിനിടയിൽ അപ്പു മേനോൻ പിടിക്കപ്പെട്ടു. അദ്ദേഹത്തിന് ഒന്നും സംഭവിക്കേണ്ട എന്നു കരുതി വാസുദേവൻ നമ്പൂതിരി താക്കോൽക്കൂട്ടം എറിഞ്ഞുകൊടുത്തു. അത് വന്ന ദിശ മനസ്സിലാക്കി ലഹളക്കാർ വാസുദേവൻ നമ്പൂതിരിയെയും പിടികൂടി. മറ്റുള്ളവരെയും ബന്ധനത്തിലാക്കി. ശാരീരികമായി വളരെധികം ഉപദ്രവിച്ചു. എതിർത്തു നിൽക്കുന്നവനെ കീഴടക്കി ഇല്ലായ്മ ചെയ്യുക എന്നതു തന്നെയായിരുന്നു ലഹളക്കാരുടെ നയം. അവർ പറയുന്നത് കേട്ടാൽ ജീവൻ രക്ഷപ്പെടും.

തോക്ക് എവിടെയാണെന്നു പറഞ്ഞാൽ ജീവനെടുക്കാതിരിക്കാം എന്നവർ പറഞ്ഞു. പക്ഷേ വാസുദേവൻ നമ്പൂതിരിയും അപ്പു മേനോനും വഴങ്ങിയില്ല. അക്രമികൾ ബന്ധനത്തിലാക്കിയ എല്ലാവരേയും ചാലിയാറിന്റെ തീരത്തുള്ള കുളിക്കടവിലേക്ക് കൊണ്ടുപോയി. വാഴാമ്പറ്റ നമ്പൂതിരിയേയും എമ്പ്രാന്തിരിയേയും ചേന്നുനായരേയും വെറുതെ വിട്ടു. വാസുദേവൻ നമ്പൂതിരിയേയും അപ്പുമേനോനേയും ആ കടവിൽ വച്ച് കഴുത്തറുത്ത് കൊലപ്പെടുത്തുകയാണ് ഉണ്ടായത്. വാസുദേവൻ നമ്പൂതിരി വിവാഹം കഴിച്ചിരുന്നത് പെരിന്തൽമണ്ണക്കടുത്തുള്ള ഒരവമ്പുറം ഇല്ലത്തുനിന്നാണ്. പെൺമക്കൾ മാത്രമായിരുന്നു ഉണ്ടായിരുന്നത്.

ദൃക്സാക്ഷികളും, ഓർമ്മകളും മറ്റ് അവശേഷിപ്പുകളുമെല്ലാം മാഞ്ഞുപോയിരിക്കുന്നു. കേട്ടറിവുകൾ മാത്രമാണ് ബാക്കി. എങ്കിലും നഷ്ടബോധത്തിന്റെ നീറ്റൽ വർഷങ്ങളും പതിറ്റാണ്ടുകളും പിന്നിട്ടിട്ടും ആറ്റുപുറത്തില്ലത്തും ബാക്കി നിൽക്കുന്നു... ●

ചെറുകഥ

# നിശ്ശബ്ദജീവികൾ

അനിയൻ മണ്ണാനിക്കാട്



മകരമാസത്തിലെ മരംകോച്ചുന്ന തണുപ്പിൽ നാലഞ്ചു നാഴിക നടന്ന്, വിയർത്ത് കുളിച്ച് അമ്പലമുറ്റത്ത് എത്തിയപ്പോഴേക്കും ഭക്തജനങ്ങൾ അക്ഷമയോടെ കാത്തുനിന്നിരുന്നു. ശാന്തിക്കാരൻ എത്താൻ വൈകിയതിലുള്ള പ്രതിഷേധം അവരുടെ മുഖത്തും വാക്കിലും പ്രകടമായിരുന്നു. ആരേയും ശ്രദ്ധിക്കാതെ കലങ്ങി മറിഞ്ഞ കുണ്ടൻകുളത്തിലിറങ്ങി മുങ്ങി ശ്രീകോവിൽ തുറന്ന് വിളക്ക് വെച്ചു. അഭിഷേകം ചെയ്ത് മലർ നിവേദിച്ചപ്പോഴേക്കും ഭക്തന്മാർക്ക് പ്രസാദം കിട്ടാൻ വൈകിയിരുന്നു. എല്ലാവർക്കും പ്രസാദം കൊടുത്ത് തിടപ്പള്ളിയിലെത്തി നിവേദ്യം അടുപ്പത്തിട്ടു.

വീണ്ടും പ്രസാദത്തിന് മുറവിളി മുഴങ്ങിയപ്പോൾ എല്ലാം ഇട്ട് എറിഞ്ഞ് വീണ്ടും ശ്രീകോവിലിലെത്തി. ചിലർക്ക് പ്രസാദം മാത്രം പോര. പുണ്യാഹം വേണം. നെയ് ജപിച്ച് കൊടുക്കണം. ചരട് ജപിച്ച് കൊടുക്കണം. അങ്ങിനെ പോകുന്നു നീണ്ട പട്ടിക. എല്ലാവരെയും തൃപ്തിപ്പെടുത്തി തിടപ്പള്ളിയിൽ എത്തിയപ്പോഴേക്കും അടുപ്പിലെ തീ കെട്ടിരുന്നു. അരി അങ്ങിനെ ത്തന്നെ കിടക്കുന്നു. ഈട് ഇല്ലാത്ത വിറക് വെച്ച് ഊതി ഊതി വീണ്ടും തീ കത്തിച്ചു. കണ്ണും മുഖവും നീറാൻ തുടങ്ങി. എത്ര പറഞ്ഞാലും ഇങ്ങനത്തെ വിറകേ കഴകക്കാർ കൊണ്ടുവരൂ. തന്റെ വിധി! അദ്ദേഹം സമാധാനിച്ചു. ഉഷപ്പൂജ കഴിഞ്ഞ് പ്രസാദം കൊടുക്കുമ്പോൾ സ്ഥലത്തെ പ്രധാനിയുടെ ശകാരം. 'ഒരു പ്രാവശ്യം കുറിയിടാനുള്ള ചന്ദനം പോലും ശാന്തിക്കാരൻ തരില്ലത്രേ! വല്ലാത്ത പിശുക്ക് പോലും.'

''കമ്മിറ്റിക്കാരുടെ കല്പനയാണ്, ചന്ദനം കുറേശ്ശെ കൊടുത്താൽ മതി എന്ന്. ചന്ദനമുട്ടിക്ക് ഭയങ്കര വിലയാണത്രേ!''

ആവലാതിക്കാരൻ ക്ഷമാപണത്തോടെ പറഞ്ഞു.

''അറിയാഞ്ഞിട്ട് പറഞ്ഞതാണേ, തിരുമേനീ. ക്ഷമിക്കണേ'''അപ്പോൾ അദ്ദേഹത്തിന് ആശ്വാസം തോന്നി. അതാ വരുന്നു വേറൊരു



പരാതി.

''തിരുമേനീ, ഇന്നലത്തെ പായസം അല്പം കരിഞ്ഞിരുന്നു.''

''ഞാൻ എന്താ ചെയ്വ? നാലു ദിക്കിലെ പൂജ കഴിക്കണം. ചന്ദനം അരക്കണം. വരുന്നവർക്കൊക്കെ പ്രസാദം കൊടുക്കണം. നേദ്യോം വെക്കണ്ടേ? ഞാൻ ഒരാളല്ലേള്ളൂ.



രണ്ടാളുടെ പണിയല്ലേ ഞാൻ ഒറ്റ ആൾ എടുക്കുന്നത്. എനിക്ക് മാന്ത്രിക വിദ്യയൊന്നും അറിയില്ല്യല്ലോ.''

ഇത് കേട്ടപ്പോൾ എല്ലാവരും സഹതാപത്തോടെ പുറത്തേക്ക് പോയി.

അത് അവരുടെ അഭിപ്രായം. വേറെ ചിലർക്ക് വേറെ ചിലതാണ്.

നിത്യവും തറ്റുടുത്തേ, പൂജ കഴിക്കാവൂ. ഒരു കലശമെങ്കിലും പൂജിച്ച് ആടണം. എങ്കിലേ ദേവ ചൈതന്യം വർദ്ധിക്കുകയുള്ളൂവത്രേ!

ഇതിനുള്ള സംവിധാനം ഇവിടെയുണ്ടോ? ഒന്നും അറിയാതെ ആൾക്കാർ ഓരോന്നു പറയും. ഇത് കേട്ട് നമുക്ക് തുള്ളാൻ പറ്റോ? ശരിയാംവണ്ണം വിളക്ക് വെക്കാൻ കൂടി കമ്മിറ്റിക്കാർ സമ്മതിക്കില്ല. എണ്ണച്ചെലവ് കുറക്കണമത്രേ!

വഴിപാടുകാരുടെ എണ്ണ കത്തിച്ചാൽ കമ്മിറ്റിക്കാർക്ക് എന്താ ചേതം?

അവർക്ക് അകത്തെ കാര്യത്തിലല്ല താല്പര്യം. പുറത്ത് പൊടിപൊടിക്കണം. പണം പിരിക്കാനും ആഘോഷങ്ങൾ നടത്താനുമല്ലേ കമ്പം! ബാലെ നടത്താനും, നാടകം കളിപ്പിക്കാനും എത്ര വേണമെങ്കിലും ചെലവാക്കാം. ഒരു വിരോധവുമില്ല. ഇനിയും പൂജക്കാരനെപ്പറ്റി ഒരുപാട് പരാതികളുണ്ട്.

ശാന്തിക്കാരന് വൃത്തി പോരത്രേ! മുണ്ടും പൂണൂലും മറ്റും മുഷിഞ്ഞു നാറും പോലും!

കലങ്ങിമറിഞ്ഞ കൊക്കർണിയിൽ കുളിച്ചാൽ മുണ്ട് മുഷിയില്ല്യേ? അടുപ്പത്ത് പെരുമാറുമ്പോൾ മുണ്ടിൽ കരിപറ്റില്ലേ?

ഒന്നും അറിയാതെ ആൾക്കാർ ഓരോന്നു പറയും. അവരെപ്പോലെ കുളിമുറിയിൽ വാസനസോപ്പ് തേച്ചുകുളിക്കാൻ ശാന്തിക്കാരന് പറ്റോ? അലക്കിത്തേച്ച ഡബിളും കസവുവേഷ്ടിയും അണിഞ്ഞ് ഗമയിൽ വിലസാൻ ഈ സാധുവിന് കഴിയോ?

ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ പാടുപെടുമ്പോൾ ശമ്പളം ഇത്തിരി കൂട്ടിത്തരാൻ കമ്മിറ്റിക്കാരോട് പറഞ്ഞാൽ അവർ ട്രസ്റ്റിയെ സമീപിക്കാൻ പറയും. ട്രസ്റ്റിക്കമ്മിറ്റിക്കാരോട് പറയാനും. ഫലം തഥൈവ!

ഇതിനെതിരായി പ്രതിഷേധിക്കാനോ, പറയാനോ, പ്രസംഗിക്കാനോ, പ്രവർത്തിക്കാനോ തനിക്ക് ആരുമില്ലല്ലോ എന്ന നിസ്സഹായാവസ്ഥയെപ്പറ്റി ഓർക്കുമ്പോൾ അദ്ദേഹത്തിന്റെ കണ്ണ് നിറയും!

ചിലപ്പോൾ തോന്നും ശാന്തി ഒഴിവാക്കിപ്പോയാലോ എന്ന്. ബിരുദധാരിയാണെങ്കിലും പിന്നെ എന്തു പണി കിട്ടും?

''നമ്പൂര്യല്ലേ'' ഒരു ഭക്തൻ പ്രസാദം വാങ്ങുമ്പോൾ ചോദിച്ചു.

''അഫൻ തിരുമേനിയുടെ മകന്റെ വേളി മറ്റന്നാളല്ലേ? കേമായിട്ടാണത്രേ. വരൻ ഗൾഫിലല്ലേ? ഞങ്ങൾക്കൊക്കെ ക്ഷണണ്ട്.''

അയാളുട വിശദീകരണം കേട്ടപ്പോൾ മറുപടി പറയാൻ കഴിഞ്ഞില്ല. ''പോണം'' എന്നു മാത്രം പറഞ്ഞു. ശരിയാണ്. പോകേണ്ടതുതന്നെ. മടിയിൽ വെച്ച് ലാളിച്ച് വളർത്തിയ ഉണ്ണിയല്ലേ? പക്ഷേ, എന്തു ചെയ്യും. മുട്ടുശാന്തിക്ക് ആളെ കിട്ടണ്ടേ? അസമയത്ത് ചേക്കേറുന്നതിനേക്കാൾ ഭേദം പോകാതിരിക്കുന്നതാവും. അദ്ദേഹം തീരുമാനിച്ചു.

പെട്ടെന്ന് ആരോ മണി അടിച്ചപ്പോൾ മനോരാജ്യത്തിൽ നിന്ന് ഞെട്ടിയുണർന്നു. ഉച്ചപ്പൂജക്കുള്ള നേദ്യത്തിന് നേരമായി.

ദാ, അപ്പോൾ വരുന്നു ഒരു മഹാൻ! ധൃതിപിടിച്ച് നടന്നതിന്റെ ലക്ഷണമുണ്ട് മുഖത്ത്. അയാൾ അദ്ദേഹത്തെ സമീപിച്ച് യാചനാഭാവത്തിൽ പറഞ്ഞു.

''തിരുമേനീ ഒരു കൂട്ടുപായസം വെക്കണം.''

ഇതു പറഞ്ഞതും സഞ്ചിയിൽ നിന്ന് അരിയും, ശർക്കരയും, നാലഞ്ച് നാളികേരവും നിലത്ത് നിരത്തി വെക്കലും ഒപ്പം കഴിഞ്ഞു.

''നാളെ പോരേ? ഇന്ന് ഇത്തിരി ധൃതിയുണ്ട്. ഉണ്ണീടെ പെറന്നാളാണ്.''

''അത് പറ്റില്ല തിരുമേനി. ഇന്ന് മകളുടെ വിവാഹനിശ്ചയമാണ്. പല തെരക്കുകളും കാരണം വരാൻ വൈകിയതാ.'' അയാളുടെ ക്ഷമായാചനം കേട്ടപ്പോൾ അദ്ദേഹത്തിന് സഹതാപം തോന്നി.

''തിരുമേനി, കൂട്ടത്തിൽ ഒരു പുഷ്പാഞ്ജലിയും കൂടി ആയ്ക്കോട്ടെ.'' അയാൾ നാളും പേരും പറഞ്ഞുകൊടുത്തു. മൃത്യുഞ്ജയ ഹോമം എന്നു പറഞ്ഞില്ലല്ലോ. ഭാഗ്യം. അദ്ദേഹം ആശ്വസിച്ചു.

നാലഞ്ചു നാളികേരം ചിരകിപ്പിഴിഞ്ഞ് പായസമുണ്ടാക്കി നിവേദിച്ചുകൊടുത്തപ്പോൾ അയാൾ അഞ്ചു രൂപയുടെ ഒരു നാണയം തൃപ്പടിയിൽ വെച്ചുകൊണ്ട് ഭവ്യതയോടെ പറയുകയാണ്.

''തിരുമേനീ, റബ്ബറിന് തീരെ വിലയില്ല'' എന്ന്.

കുനിഞ്ഞുനിന്ന് അനുഗ്രഹിക്കുമ്പോൾ അകത്ത് അരിശം കത്തിജ്വലിക്കുകയായിരുന്നു അദ്ദേഹത്തിന്. ഉണ്ണിയുടെ പിറന്നാളിനുള്ളവരെല്ലാം എത്തിക്കാണും. അച്ഛൻ മാത്രം വന്നില്ല്യല്ലോ എന്ന് മക്കളും 'മറ്റും' മുറുമുറുക്കുന്നുണ്ടാവും.

ഉച്ചപ്പൂജ കഴിഞ്ഞ്, നടയടച്ച്, റോഡിലേക്കിറങ്ങിയപ്പോഴേക്കും ഉച്ച ബസ് പോയിക്കഴിഞ്ഞിരുന്നു. ഇനി മൂന്നു മണി വരെ കാത്തിരിക്കാൻ വയ്യ. ചുട്ടുപൊള്ളുന്ന പാതയിൽക്കൂടി മുഷിഞ്ഞ തോർത്ത് തലയിൽ കെട്ടി നഗ്നപാദനായി നടക്കുമ്പോൾ അദ്ദേഹം എന്തൊക്കെയോ പിറുപിറുത്തിരുന്നു.

## അറിയേണ്ട നമ്പൂതിരി / ചേരാമംഗലം ഉണ്ണികൃഷ്ണൻ

# കമ്പ്യൂട്ടറിലെ നമ്പൂരിഭാഷ!

**സി.സ്മിത**



*ഉണ്ണികൃഷ്ണൻ നമ്പൂതിരി*

പാലക്കാട് IITയിൽ അസിസ്റ്റന്റ് പ്രൊഫസർ ആണ് ഈ നമ്പൂതിരി.

സിംഗപ്പൂർ യൂണിവേഴ്സിറ്റി ഓഫ് ടെക്നോളജി ആൻഡ് ഡിസൈനിങിൽ റിസർച്ച് ഫെലോ ആയി ജോലി നോക്കുന്ന സമയത്തായിരുന്നു ഈ നിയമനം. അവിടെ റോബോട്ടിക്, ഇൻറർനെറ്റ് ഓഫ് തിങ്സ്, സൈബർ ഫിസിക്കൽ സിസ്റ്റം തുടങ്ങിയ മേഖലകളിലായിരുന്നു ഗവേഷണം.

ഇതിൽ ഇൻറർനെറ്റ് ഓഫ് തിങ്സ് എന്നതൊക്കെ ഭാവിയിലെ ഭൂതമാണ്! ഇപ്പോൾ നെറ്റിൽ ഇൻഫർമേഷനാണ് കൈമാറുന്നതെങ്കിൽ അടുത്ത ഭാവിയിൽ തിങ്ങ്സ് ആവുമത്രെ!!

മലപ്പുറം ജില്ലയിലെ ഊരകം എന്ന നാട്ടിൻപുറ പഞ്ചായത്തിലെ ചേരാമംഗലം ഇല്ലത്തെ ഉണ്ണികൃഷ്ണൻ എന്നൊരു നമ്പൂതിരി ഇപ്പോൾ പരിശ്രമിക്കുന്നത് ആ സ്വപ്നം നടപ്പാക്കാനാണ്.

ഇതിനു മുമ്പ് ബെഗളൂരുവിലെ ഇന്ത്യൻ ഇൻസ്റ്റിട്യൂട്ട് ഓഫ് സയൻസിലായിരുന്നു ഗവേഷണം. ഇന്ത്യയിലെ നമ്പർ വൺ യൂണിവേഴ്സിറ്റിയിൽ. കമ്പ്യൂട്ടറുകൾക്ക് വേണ്ടി ഒരു ഗ്രാഫ് മാനിപ്പുലേഷൻ ഭാഷ സൃഷ്ടിച്ച കേമൻ.കോടാനുകോടി വിവരങ്ങൾ തലങ്ങും വിലങ്ങും ശേഖരിച്ചു വച്ച കമ്പ്യൂട്ടറിൽ നിന്ന് ആശയങ്ങൾ ഗ്രാഫിക്കലായി അപഗ്രഥിച്ചെടുക്കാൻ ഒരു കിടിലൻ ഭാഷ. അതാണ് ഇയാൾ ചെയ്തത്. കടുകട്ടി ഭാഷയിൽ അതിദുർഘടമായിക്കിടക്കുന്ന വസ്തുതകളെ എളുപ്പത്തിൽ അപഗ്രഥിക്കാനായി സുന്ദരമായൊരു ഭാഷ. കമ്പ്യൂട്ടറിൻെറ ഭാഷയിൽ പറഞ്ഞാൽ ഡൊമൈൻ സ്പെസിഫിക് ലാംഗ്വേജ്.

ന്യൂയോർക്കിലെ എ.സി.എം പബ്ളിക്കേഷനിൽ ആ പ്രബന്ധം പ്രകാശനം ചെയ്തു.

കമ്പ്യൂട്ടിംഗ് മേഖലയിലെ ലോകത്തെ ബ്രൈറ്റെസ്റ്റ് മനസ്സുകൾ ചേർന്ന് രൂപീകരിച്ച ഒരു ഫോറമാണ് എ.സി.എം അസോസിയേഷൻ ഫോർ കമ്പ്യൂട്ടിംഗ് മെഷിനറി.അവരുടെ ജേർണലാണ് ആ വിഷയത്തിൽ അവസാനവാക്ക്.

എങ്ങനെയെത്തി ഇവിടെ ?.

ചേരാമംഗലത്തെ അദ്ധ്യാപക ദമ്പതിമാരുടെ ആറ് മക്കളിൽ ഇളയവൻ.

എല്ലാരും സിബിഎസ്ഇ സ്കൂൾ തെരഞ്ഞെടുക്കുന്ന കാലത്ത് ഇയാൾ പഠിച്ചതെല്ലാം ഗവൺമെൻറ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ. ജിഎൽപി സ്കൂൾ ഊരകം കിഴുമുറി, ജിഎച്ച്എസ്എസ് വേങ്ങര, ഗവ. കോളേജ് മലപ്പുറം, തൃശ്ശൂർ ഗവ.എഞ്ചിനീയറിംഗ്കോളേജ് ,കൊച്ചിൻ യൂണിവേഴ്സിറ്റി ,ഒടുവിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസും.

റേഡിയോയിൽ പാട്ടു കേട്ടായിരുന്നു പഠനം . മണ്ണെണ്ണ വിളക്കായിരുന്നു ശരണം.

എൻജിനീയറിങ് മേഖല സ്വയം തീരുമാനിച്ചത്. കമ്പ്യൂട്ടർ സയൻസിൽ ബിരുദാനന്തര ബിരുദം.എച്ച്സിഎൽ സോഫ്റ്റ്‌വെയർ കമ്പനിയിൽ ജോലി. അത് വേണ്ടെന്നു വച്ച് അധ്യാപനം തൊഴിലാക്കി. എറണാകുളം രാജഗിരി എഞ്ചിനീയറിംഗ് കോളേജിൽ കമ്പ്യൂട്ടർ സയൻസിൽ അധ്യാപകനായിരിക്കെ ഐ ഐ എസ് സിയിൽ ഗവേഷണത്തിന് അഡ്മിഷൻ .

പിന്നെ ജർമനിയിലെ മാക്സ് പ്ലാങ്ക് ഇൻഫോമാറ്റിക്സിൽ ഇന്റേൺഷിപ്. പ്രസന്റേഷന്റെ ഭാഗമായി അമേരിക്കയിലെ ഹവായ് ദ്വീപുകൾ ചെക്ക് റിപ്പബ്ലിക്കിലെ പ്രാഗ്എന്നീ സ്ഥലങ്ങളിലേക്ക് യാത്ര. അവിടെ വെച്ച് പല പ്രമുഖ ഗവേഷകരുമായും ആശയവിനിമയം. ഫാൽക്കൺ എന്ന ഗ്രാഫ് മാനിപുലേഷൻ പ്രോഗ്രാമിംഗ് ലാംഗ്വേജിന്റെ നിർമ്മാണം.

ഫാൽക്കൺ എ ഗ്രാഫ് എന്ന് ഗൂഗിളിൽ ടൈപ്പ് ചെയ്താൽ തന്നെ ഗവേഷണപ്രബന്ധത്തിലെത്തും. ഫാൽക്കൺ എന്നത് ഏട്ടൻ ഭാഗമായ ക്രിക്കറ്റ് ക്ലബ്ബിന്റെ പേര്. പഠനത്തിന് പ്രചോദനം ഏട്ടനായതു കൊണ്ടും ക്രിക്കറ്റിനോടുള്ള താൽപര്യം കൊണ്ടുമാണ് ആ പേരിട്ടത് .എൺപതാം വയസ്സിലും പഠിച്ചു കൊണ്ടിരിക്കുന്ന വല്യമ്മാവനാണ് പ്രചോദനം നൽകിയ മറ്റൊരാൾ.

പഠിച്ചു മുന്നേറുമ്പോഴും പൂണൂൽ ധാരിയാണ്. സന്ധ്യാവന്ദനവും സഹസ്രനാമവും മുടക്കാറില്ല.

മഴപെയ്യുന്നു മദ്ദളം കൊട്ടുന്നു എന്ന സിനിമയിൽ ഒരു ഡയലോഗുണ്ട്. 'എന്റെ ബുദ്ധി കൊണ്ട് അമേരിക്ക വളരണ്ട' ഇത് ഇടക്കിടെ പറയാറുണ്ട്.ഈ വാക്കുകൾ അന്വർത്ഥമാക്കി കൊണ്ട് സിംഗപൂരിലെ വർക്കിനു ശേഷം ഇന്ത്യയിലേക്ക് തിരിച്ചു വന്നിരിക്കുന്നു.

മെയ്ക്ക് ഇൻ ഇന്ത്യ!!

കെ എസ് ഇ ബി അസിസ്റ്റൻറ് എൻജിനീയറായ പയ്യന്നൂർ കിഴക്കേടത്ത് മനയിലെ ഗായത്രിയാണ് കുട്ടന്റെ സഹധർമ്മിണി . അനഘ,അന്വിത എന്നിവർ മക്കളും.

●

# കിരാത നടനം

## വള്ളിവട്ടം ശങ്കരൻ നമ്പൂതിരി വേട്ടക്കര നടനത്തിൽ ഗോൾഡൻ ജൂബിലിയിലേക്ക്



**താമരക്കുളം ദിവാകരൻ നമ്പൂതിരി**

പന്തീരായിരം നാളികേരം കൂട്ടി വെച്ച് രണ്ടു കൈ കൊണ്ടുമായി ആരോഹണ ക്രമത്തിലുള്ള ചെണ്ട മേളത്തിനനുസരിച്ച് അവ എറിഞ്ഞുടക്കുന്ന ദൃശ്യം അദ്ഭുതാദരങ്ങളോടെ മാത്രമേ കണ്ടുനിൽക്കാനാവൂ.

വേട്ടക്കരുമകന്റെ ശൌര്യ ഗാംഭീര്യങ്ങളോടെയുള്ള കളം, അതിനു ചുറ്റുമായി 4 കാലിൽ നിർത്തിയ മേലാപ്പിൽ കുരുത്തോല തോരണങ്ങൾ. ആസുര വാദ്യമായ ചെണ്ടയുടെ താള നിബദ്ധമായ ഗർജന ഘോഷം. ഉടുത്തു കെട്ടി കഴുത്തിൽ ചുവന്ന ചെത്തിമാലയണിഞ്ഞ വള്ളിവട്ടം ശങ്കരൻ നമ്പൂതിരി, വെളിച്ചപ്പാടായി. ചുറ്റും കണ്ണിമ ക്കാതെ നോക്കി നിൽക്കുന്ന ഭക്തജനം. നൃത്തച്ചുവടുകളോടെ ചെമ്പട താളത്തിൽ തുടങ്ങുന്ന കള പ്രദക്ഷിണം . ഒന്ന്, രണ്ട് , മൂന്ന് .... പ്രദക്ഷിണങ്ങൾക്ക് അനുസരിച്ച് വ്യത്യസ്തങ്ങളായ ചുവടുകളോടെ ശങ്കരൻ നമ്പൂതിരി. ഓരോ പ്രദക്ഷിണത്തിനും മുറുകിക്കൊണ്ടിരിക്കുന്ന ചെണ്ടമേളം, അതിനനുസരിച്ച് വേഗത കൂടുന്ന ചുവടുകൾ, മനോധർമ്മ പ്രയോഗങ്ങൾ എന്നിവ പറഞ്ഞറിയിക്കാനാവാത്ത ഒരു മാനസിക തലത്തിലേക്ക് ഭക്തരെ എത്തിക്കുന്നു. ഏഴ്, ഒൻപത് പ്രദക്ഷിണങ്ങൾ പറന്നു കൊണ്ടാണെന്ന മട്ടിലാണ് പൂർത്തീകരണം.

അതു കഴിഞ്ഞാണ് പന്തീരായിരം. പന്തീരായിരം നാളികേരം കൂട്ടി വെച്ച് മൂന്നോ നാലോ സഹായികൾ വെളിച്ചപ്പാടിന്റെ കൈയെത്തും ദൂരത്തേക്ക് കൃത്യമായി എത്തിക്കുകയും രണ്ടു കൈ കൊണ്ടുമായി ആരോഹണ ക്രമത്തിലുള്ള ചെണ്ടമേളത്തിനനുസരിച്ച് അവ എറിഞ്ഞുടക്കുകയും ചെയ്യുന്ന ദൃശ്യം അദ്ഭുതാദരങ്ങളോടെയേ കണ്ടു നിൽക്കാനാവൂ. വള്ളിവട്ടം ശങ്കരൻ നമ്പൂതിരി ഏകദേശം രണ്ടര മണിക്കൂറു കൊണ്ടാണ് ഇത് നടത്താറുള്ളത്.

1 സെക്കന്റിൽ 1 തേങ്ങ
1 മിനിറ്റിൽ 60 തേങ്ങ
100 മിനിറ്റിൽ 6000 തേങ്ങ

അങ്ങിനെ 12000 തേങ്ങക്ക് 200 മിനിറ്റ് (3 മണിക്കൂർ 20 മിനിറ്റ് ) വേണം. എന്നാൽ ശങ്കരൻ നമ്പൂതിരി 1 മിനിറ്റിൽ 80 തേങ്ങയാണ് പൊട്ടിക്കുന്നത്. അതായത് 1 തേങ്ങ പൊട്ടിക്കുവാൻ 3/4 സെക്കന്റ് മാത്രം. പരദേവതാ കടാക്ഷം.





മുല്ലക്കൽ തറയിൽ നിന്ന് പൂജിച്ചു കൊടുക്കുന്ന വാളും പിടിച്ചുള്ള മണിക്കൂറുകൾ നീളാവുന്ന എഴുന്നെള്ളത്ത്, കള പ്രദക്ഷിണം, നാളികേര മേറ്, കളം മായ്ക്കൽ, അരുളപ്പാട് തുടങ്ങിയവ പൂർത്തീകരിക്കാൻ ആരോഗ്യവും മെയ് വഴക്കവും മാത്രം പോര പരദേവതയോടുള്ള നിഷ്കാമ ഭക്തിയും

### ശങ്കരൻ നമ്പൂതിരി പന്തീരായിരം നടത്തിയ ക്ഷേത്രങ്ങൾ

ഒരേ സ്ഥലത്ത് തന്നെ പല തവണ പന്തീരായിരം നടത്തിയതാണ് ഭൂരിഭാഗവും.

ഇരട്ടക്കുളങ്ങര ക്ഷേത്രം, മണ്ണം പൊയിൽ, കുളത്തൂർ ക്ഷേത്രം, അത്തോളി , വിരളൂർ ക്ഷേത്രം, ചേളന്നൂർ, ശിവക്ഷേത്രം, തൃക്കുറ്റിശ്ശേരി, മണൽ കുളങ്ങര ക്ഷേത്രം, കൊയിലാണ്ടി. ക്ഷേത്രപാലൻ കോട്ട, തിരുവങ്ങൂർ, പനായിടം ക്ഷേത്രം, പനായി, വാഴോത്ത് പരദേവതാ ക്ഷേത്രം, കാവുംതറ, സുബ്രമണ്യ ക്ഷേത്രം, നടുവണ്ണൂർ, ഉള്ളൂരിടം പരദേവതാ ക്ഷേത്രം, ഉള്ളൂർ, വെള്ളിക്കാളക്കുളങ്ങര ക്ഷേത്രം, തലക്കുളത്തൂർ, പുതിയകാവ് ക്ഷേത്രം, ബാലുശ്ശേരി, കേളികേട്ടകാവ് , നന്മണ്ട, മങ്ങാട്ടിടം പരദേവതാ ക്ഷേത്രം, മങ്ങാട്, കരുമല ക്ഷേത്രം, കരുമല, അരുമ്പയിൽ പരദേവതാ ക്ഷേത്രം, ഉള്ളിയേരി, മുകവൂർ അയ്യപ്പൻകാവ്, മുകവൂർ, കോട്ടുകളങ്ങര ക്ഷേത്രം, കക്കോടി, കാവിൽ പരദേവതാ ക്ഷേത്രം, കാക്കൂർ, എരട്ടപ്പനച്ചി പരദേവതാ ക്ഷേത്രം, ചേളന്നൂർ, പോഴിക്കടവ് ക്ഷേത്രം, ചേളന്നൂർ, ബിലാത്തിക്കുളം പരദേവതാ ക്ഷേത്രം, ബിലാത്തിക്കുളം, തൃക്കലങ്ങോട് പരദേവതാ ക്ഷേത്രം, മഞ്ചേരി, നിലമ്പൂർ വേട്ടക്കരുമകൻ ക്ഷേത്രം, നിലമ്പൂർ, നീലേശ്വരം വേട്ടക്കരുമകൻ ക്ഷേത്രം, നീലേശ്വരം, എള്ള് എരഞ്ഞി പരദേവതാ ക്ഷേത്രം, തളിപ്പറമ്പ്, പെരുന്തട്ട ശിവക്ഷേത്രം, ഗുരുവായൂർ, താമരക്കാട് പരദേവതാ ക്ഷേത്രം, താമരക്കാട് കോട്ടയം, കോട്ടപ്പടി ശിവക്ഷേത്രം, മലപ്പുറം, പന്ന്യം വള്ളി ഇല്ലം, നൻമണ്ട, തെഞ്ചീരി ഇല്ലം, രാമല്ലൂർ, നരിക്കുനി എടമന ഇല്ലം, കൊയിലാണ്ടി, കിഴക്കേടത്ത് ഇല്ലം, അത്തോളി, അഞ്ഞൂറ്റിമംഗലം ഇല്ലം, ബാലുശ്ശേരി, പാലപ്പുഴ ഇല്ലം, കരിങ്കല്ലത്താണി, തോട്ടം ഇല്ലം, പാഞ്ഞാൾ, കുന്നാക്കാട് ഇല്ലം, എടപ്പാൾ



പന്തീരായിരം തേങ്ങയേറ്

അരുഗ്രഹവും കൂടി വേണം.

അർജുനന് പാശുപതാസ്ത്രം നൽകുന്നതിനായി ശിവപാർവ്വതിമാർ കിരാതനും കൈരാതിയുമായി ഭൂമിയിൽ അവതരിച്ചതും അവതാരോദ്ദേശം നിറവേറ്റിയ കിരാതദമ്പതിമാർ കുറച്ചു കാലം കൂടി ഭൂമിയിൽ വസിച്ചതും കിരാതസൂനുവിന്റെ ജനനവും പിന്നീട് സ്വർഗലോകത്തു നിന്നും വേട്ടക്കരുമകൻ ഗൂഡല്ലൂരിലെ നമ്പോലക്കോട്ടയിൽ പ്രത്യക്ഷനായതുമായ കഥകൾ നമുക്ക് സുപരിചിതമാണല്ലോ. ഗൂഡല്ലൂരിൽ നിന്നാണ് കുറുമ്പ്രനാട് രാജാവ് രാജ്യരക്ഷക്കായി വേട്ടക്കരു മകനെ രാജതലസ്ഥാനമായ ബാലുശ്ശേരി കോട്ടയിലേക്ക് ഭജിച്ചുകൊണ്ടുവരുന്നത്.

ഐതിഹ്യപ്രകാരം പണിക്കർ എന്ന സ്ഥാനപ്പേരു ലഭിച്ച കാരകൂറ നായന്മാരോ, പണിക്കർമാരോ, നമ്പൂതിരിമാരോ മാത്രമേ വേട്ടക്കരുമകന് വെളിച്ചപ്പെടാറുള്ളു. ഒരു പ്രത്യേക തരത്തിലുള്ള, വെള്ള വസ്ത്രം കൊണ്ടുള്ള ഉടുത്തുകെട്ട്, അതിനു മുകളിലായി വീരാളിപ്പട്ട് ഇതാണ് വേട്ടക്കരുമകൻ വെളിച്ചപ്പാടിന്റെ വേഷം. ഉടുത്തുകെട്ടും നീട്ടി വളർത്തിയ കുടുമയും ദീർഘകാലത്തെ പരിശീലനവും വേട്ടക്കരു മകനോടുള്ള അടിയുറച്ച ഭക്തിയും മനസ്സിലേക്കാവാഹിച്ച വേട്ടക്കര് ചൈതന്യവും വെളിച്ചപ്പാടിന് ഒരു പ്രത്യേക ഊർജം പ്രദാനം ചെയ്യുന്നു.

മൂന്നു തലമുറകളായി വേട്ടക്കര് മകന്റെ വെളിച്ചപ്പാടാണ് വള്ളിവട്ടം ഇല്ലക്കാർ. മുത്തശ്ശൻ ദാമോദരൻ നമ്പൂതിരി, അഛൻ രാമൻ നമ്പൂതിരി, ഇപ്പോഴത്തെ ശങ്കരൻ നമ്പൂതിരി എല്ലാവരും വേട്ടക്കരുമകൻ നൃത്തത്തിൽ പ്രശസ്തർ. തൃക്കലങ്ങോട് താമസിച്ചിരുന്ന കാരകുറ കുഞ്ഞുണ്ണിപ്പണിക്കരാണ് അനാരോഗ്യം കാരണം കുറുമ്പ്രനാട്ട് രാജവംശത്തിന്റെ തലസ്ഥാനമായിരുന്ന ബാലുശ്ശേരി കോട്ടയിലെ വെളിച്ചപ്പാട് സ്ഥാനം വള്ളിവട്ടം രാമൻ നമ്പൂതിരിയെ ഏൽപ്പിക്കുന്നത്. 1958 മുതൽ 1970 വരെ പതിമൂന്നു വർഷത്തോളം ബാലുശ്ശേരി കോട്ടയിലെ വെളിച്ചപ്പാടായിരുന്ന രാമൻ നമ്പൂതിരി, ശസ്ത്രക്രിയയും ഉയർന്ന ബി.പി യും കാരണം വെളിച്ചപ്പാട് സ്ഥാനം കാരകൂറ പണിക്കരുടെ പുതുതലമുറയെ തിരിച്ചു ഏൽപ്പിക്കുകയായിരുന്നു.

അന്ന് കുട്ടിയായിരുന്ന ശങ്കരൻ നമ്പൂതിരി 1972 ൽ 18ാമത്തെ വയസ്സിലാണ് പ്രശസ്തനായ നടുക്കണ്ടി രാവുണ്ണിക്കുട്ടി മാരാരുടെയും അച്ഛൻ രാമൻ നമ്പൂതിരിയുടെയും ശിഷ്യനായി അരങ്ങേറ്റം നടത്തുന്നത്. തൃക്കലങ്ങോട് മേലേടത്ത് വേട്ടക്കരുമകൻ ക്ഷേത്രത്തിലായിരുന്നു അരങ്ങേറ്റം. 1973 ൽ തന്നെ ബാലുശ്ശേരി മണ്ണാംപൊയിൽ ഇരട്ടക്കുളങ്ങര ക്ഷേത്രത്തിൽ ആദ്യത്തെ പന്തീരായിരം. വർഷത്തിൽ അമ്പതോളം സ്ഥലങ്ങളിലായി ഒന്ന് മുതൽ 32 കളം വരെ വെളിച്ചപ്പാട്. അതിനിടക്ക് 152 ഓളം പന്തീരായിരങ്ങൾ. 150–ാമത്തെ പന്തീരായിരവും ആദരിക്കലും ഇതേ അമ്പലത്തിൽ നിന്നു തന്നെ. 67ാം വയസ്സിലും, തുടങ്ങിയ കാലത്തെ അതേ ഊർജത്തോടെ തന്റെ ദൌത്യം തുടരുന്നു, ശങ്കരൻ നമ്പൂതിരി. വേട്ടക്കര നടനത്തിൽ 50 വർഷം പൂർത്തിയാക്കാനൊരുങ്ങുകയാണ് പന്തീരായിരത്തിന്റെ എണ്ണത്തിലും റെക്കോർഡ് ഉള്ള ശങ്കരൻ നമ്പൂതിരി.

കോഴിക്കോടിനടുത്തുള്ള ഒരു പന്തീരായിരം മുഴുവനായി പ്രാദേശിക ചാനലിൽ സംപ്രേക്ഷണം ചെയ്തിരുന്നു. പല പന്തീരായിരങ്ങളും വാർത്താ രൂപത്തിലും ഇന്റർവ്യൂ രൂപത്തിലും മീഡിയകളിൽ വന്നിട്ടുണ്ട്. പല സ്ഥലങ്ങളിലും ഷൂട്ട് ചെയ്ത് സി ഡിയാക്കി സൂക്ഷിച്ചിട്ടുണ്ട്. യൂ ട്യൂബിൽ സെർച്ച് ചെയ്താലും വള്ളിവട്ടത്തിന്റെ പന്തീരായിരത്തിന്റെ വിശദവിവരങ്ങൾ ലഭ്യമാണ്.

കാക്കൂരിനടുത്ത് പ്രശാന്തസുന്ദരവും വിശാലവുമായ പറമ്പിൽ പഴയ മട്ടിൽ തന്നെ നിലനിർത്തിയ എട്ടുകെട്ടിലാണ് വള്ളിവട്ടം ശങ്കരൻ നമ്പൂതിരിയും കുടുംബവും താമസിക്കുന്നത്. മക്കൾക്കൊക്കെ നല്ല വിദ്യാഭ്യാസം നൽകിയിട്ടുണ്ട് .അമ്മ പാർവ്വതി അന്തർജനം

ഭാര്യ: ഹരിപ്പാട് നാണംപാട്ടിൽ ഇല്ലത്ത് ശ്രീദേവി അന്തർജനം. മകൾ : പാർവ്വതി ഫിസിക്കൽ ഓഷ്യാനോഗ്രാഫിയിൽ Ph D ചെയ്യുന്നു. മകൾ: ശ്രുതി MSc BEd നരിക്കുനി എടമന ഇല്ലത്തെ ജിതിൻ നമ്പൂതിരിയുടെ സഹധർമ്മിണി മകൾ: ശരണ്യ MCA കക്കട്ടിൽ കൽപ്പകഞ്ചേരി ഇല്ലത്തെ ശ്രീകാന്തിന്റെ സഹധർമ്മിണി മകൻ: ശ്രീരാം B Com , Logistic Diploma. ●



കളപ്രദക്ഷിണം



# മാനിപുരത്തെ ബ്രഹ്മശ്രീ

വിനോദ് മങ്ങത്തായ

കോഴിക്കോട് ജില്ലയിലെ കൊടുവള്ളി പഞ്ചായത്തിൽ നമ്പൂതിരി ഇല്ലം ഒന്നേ ഒന്ന്. മാനിപുരത്ത് മക്കാട് മന. ഗൃഹനാഥൻ മാധവൻ നമ്പൂതിരി. 1963ൽ കൊടുവള്ളി പഞ്ചായത്തിലേക്കു നടന്ന തിരഞ്ഞെടുപ്പിൽ മക്കാട് മാധവൻ നമ്പൂതിരി സർവ്വതന്ത്ര സ്വതന്ത്രനായി മത്സരിച്ചു. മത്സരത്തിന് ഏറെ സവിശേഷതകൾ ഉണ്ടായിരുന്നു.

മുസ്ലീം ഭൂരിപക്ഷമായ വാർഡ്. തമ്മിൽ തമ്മിൽ ബദ്ധവൈരികളായ മുസ്ലീംലീഗും കമ്യൂണിസ്റ്റ് പാർട്ടിയും ഒന്നിച്ചു പിന്തുണച്ചയാളായിരുന്നു വാർഡിൽ മക്കാടിന്റെ എതിർ സ്ഥാനാർത്ഥി. ഏതു കണക്കുകൂട്ടലിലും ജയസാദ്ധ്യത കക്ഷിരാഷ്ട്രീയക്കാരന് മാത്രം.

സവിശേഷത, ഇലക്ഷൻ റിസൽട്ടിനുമുണ്ടായിരുന്നു. സ്വതന്ത്രനായ മക്കാട് ബഹുഭൂരിപക്ഷത്തോടെ ജയിച്ചു കയറിയപ്പോൾ രാഷ്ട്രീയക്കാരുടെ സ്ഥാനാർത്ഥിക്ക് കെട്ടിവെച്ച പണം നഷ്ടമായി .ജാതി മത രാഷ്ട്രീയ സമവാക്യങ്ങൾക്കപ്പുറത്ത് ,പ്രബുദ്ധരായ ജനത തങ്ങളുടെ വികസന നായകനെ തിരഞ്ഞെടുക്കുകയായിരുന്നു. 1965 മുതൽ 1973 വരെ കൊടുവള്ളി പഞ്ചായത്തിന്റെ പ്രസിഡണ്ട് ആയി മക്കാട് മാധവൻ നമ്പൂതിരി. കൊടുവള്ളി–മാനിപുരം റോഡ് ഭംഗിയായി പണി തീർത്തപ്പോൾ മക്കാട് കരാറുകാരനുമായി.

## കോൺട്രാക്ടർമാരിൽ ആദ്യത്തെ നമ്പൂതിരി: മാനിപുരത്ത് മക്കാട് മാധവൻ നമ്പൂതിരി

മക്കാടിന്റെ അയൽവാസിയും ധനാഢ്യനുമായ മോയൻകുട്ടി ഹാജിയായിരുന്നു അന്ന് കൊടുവള്ളി പഞ്ചായത്തിന്റെ പ്രസിഡണ്ട്. കൊടുവള്ളി – മാനിപുരം റോഡ് നിർമ്മാണത്തിന് സർക്കാർ അനുവദിച്ചത് 75000 രൂപ മാത്രം. എസ്റ്റിമേറ്റ് തുകയാണെങ്കിൽ 1 ലക്ഷം. ഏറ്റെടുക്കാൻ ഒരു കരാറുകാരും മുന്നോട്ടു വന്നില്ല. അറിഞ്ഞു നഷ്ടം സഹിക്കാൻ ആരും തയ്യാറാവില്ലല്ലോ.

കോൺട്രാക്ടർമാരായി പ്രസിഡണ്ടിനും വൈസ് പ്രസിഡണ്ടിനും തന്നെ വേഷം കെട്ടേണ്ടി വന്നു. മോയൻകുട്ടി ഹാജിയും മാധവൻ നമ്പൂതിരിയും ഇറക്കിയത് ബാക്കി വേണ്ട 25000 രൂപ. അമ്പതു കൊല്ലം മുമ്പുള്ള ഇരുപത്തയ്യായിരമാണേ!!

കരാറുകാർക്ക് നഷ്ടം വന്നു എന്നല്ല മക്കാട് പറയുക ലാഭം കിട്ടി എന്നാണ്. തന്റെയും മോയിൻകുട്ടി ഹാജിയുടേയും സ്വന്തം നാടായ മാനിപുരത്തേക്ക് ഉന്നത നിലവാരമുള്ള റോഡ് വന്നു എന്നതാണ് ആ ലാഭം.

‘‘വികസനത്തിന്റെ കാര്യത്തിൽ ഏറെ പിന്നോക്കമായിരുന്നു കൊടുവള്ളി. തൊട്ടടുത്ത പഞ്ചായത്താണ് ചാത്തമംഗലം. പുളിയശ്ശേരി ദാമോദരൻ നമ്പൂതിരി (PCD) ആയിരുന്നു പഞ്ചായത്ത് പ്രസിഡണ്ട്. സർക്കാറിന്റെ വിവിധ ഫണ്ടുകൾ പഞ്ചായത്തുകളിലേക്ക് എത്തിക്കാനുള്ള വഴികളൊക്കെ പറഞ്ഞു തന്നത് അദ്ദേഹമാണ്. അങ്ങിനെ കിട്ടിയ ഫണ്ടുകൾ ഉപയോഗിച്ച് റോഡുകളും കെട്ടിടങ്ങളും നിർമ്മിക്കാനുള്ള കരാറുകൾ ഞങ്ങൾ

തന്നെ ഏറ്റെടുക്കേണ്ടി വന്നു. ഇങ്ങനെയൊക്കെയാണ് ഞാൻ കരാറുകാരനായി തുടർന്നതെന്നു ചുരുക്കം.''

PWD യിലെ A class കോൺട്രാക്ടർ ആയി പേരെടുത്തപ്പോഴും ഏറ്റെടുക്കുന്ന വർക്കിന്റെ ഗുണനിലവാരത്തിൽ ആദ്യന്തം ശ്രദ്ധയും നിഷ്ക്കർഷയും മക്കാട് മാധവൻ നമ്പൂതിരി പുലർത്തി വന്നു.

നിരവധി റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾ മക്കാട് ഏറ്റെടുത്തു നടത്തി.



## പൂർത്തിയാക്കിയ ചില പ്രധാന കരാറുകൾ

കൊടുവള്ളി, താമരശ്ശേരി ,ഓമശ്ശേരി ബസ് സ്റ്റാന്റുകൾ, കണ്ണൂർ പിലാത്തറ ബസ് സ്റ്റാന്റ്, കാസർഗോഡ്, ചന്തേര ഗവ: ഹൈസ്കൂൾ ക്ലാസ് മുറികൾ, കോഴിക്കോട് ഗവ: ആർട്സ് കോളേജ് വിപുലമായ റിപ്പയർ, വാട്ടർ ടാങ്ക്, കോഴിക്കോട് NIT (പഴയ REC) എഞ്ചിനീയറിംഗ് ബ്ലോക്ക് ,കൊടുവള്ളി പഞ്ചായത്ത് ഓപ്പൺ എയർ സ്റ്റേജ് ,പുതുപ്പാടി പഞ്ചായത്ത് ഓഫീസ് ,താമരശ്ശേരി പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ്...

പറഞ്ഞ സമയത്തിനും നേരത്തേ ഏറ്റെടുത്ത പണി തീർത്തതിന് സർക്കാർ പല തവണ ഉപഹാരം നൽകി ആദരിച്ചിട്ടുണ്ട് മക്കാടിനെ. പ്രവൃത്തികളുടെ കണിശതയും കാര്യക്ഷമതയും കാരണം, എം.എൽ എ മാരും മന്ത്രിമാരും മറ്റധികാരികളും ചില പ്രധാന വർക്കുകൾ ചെയ്യാൻ മക്കാടിനോട് അഭ്യർത്ഥിക്കാറുണ്ടായിരുന്നു.

താമരശ്ശേരിയിലെ ഒരു വർക്ക്സൈറ്റിൽ രാവിലെ മുതൽ പണികൾ നടക്കുന്നു. പണിസ്ഥലത്തു നിന്ന് മിനിറ്റുകൾ പോലും മാറി നിൽക്കാതെ പണിക്കാർക്ക് നിർദ്ദേശം നൽകുകയാണ് മക്കാട്. മറുനാട്ടുകാരനായ ഒരാൾ വന്ന് മക്കാടിനെ പരിചയപ്പെട്ടു .എന്നിട്ടു പറഞ്ഞത്രെ, ഞാനൊരു ടൂറിസ്റ്റ് ഹോം പണിയാൻ ഉദ്ദേശിക്കുന്നു. അത് സാർ തന്നെ ചെയ്യണം. അങ്ങിനെ മക്കാട് ഏറ്റെടുത്ത് പണിതതാണ് താമരശ്ശേരി വെളിമണ്ണ ടൂറിസ്റ്റ് ഹോം. ഒട്ടനവധി വീടുകളുടെ നിർമ്മാണ നിർവ്വഹണവും മക്കാട് പൂർത്തിയാക്കിയിട്ടുണ്ട്.

നമ്പൂതിരി (The Most trust worthy) ത്തം പ്രവൃത്തികളിലും നിലനിർത്തുന്നതിനാൽ വലിയ മുസ്ലീം പള്ളികളുടെ നിർമ്മാണ പ്രവൃത്തികൾ മക്കാടിനെ തിരഞ്ഞു വരാറാണ് പതിവ്.സുവർണ്ണനഗരിയായ കൊടുവള്ളിയിലെ മുസ്ലീം (പഴയ, പുതിയ) പണക്കാരും, ശ്രേഷ്ഠരായ വിശ്വാസികളും പള്ളി നിർമ്മാണം വിശ്വസിച്ച് ഏൽപ്പിക്കുന്നത് മക്കാട് മാധവൻ നമ്പൂതിരിയെയാണ് .

മടവൂർ സി.എം. മഖാം ഓർഫനേജ് ,കൊടുവള്ളി യത്തീംഖാന,ചാത്തമംഗലം അൻസാരി യത്തീംഖാന എന്നീ സ്ഥാപനങ്ങളുടെ വിവിധ കെട്ടിടങ്ങൾ മക്കാടിന്റെ കോൺക്രീറ്റുറപ്പിൽ തീർത്തവയാണ്. മക്കാട് പണി കഴിപ്പിച്ച മുസ്ലീം ആരാധനാലയങ്ങൾ നിരവധി.

കൊടുവള്ളി മാർക്കറ്റ് വലിയ പള്ളി, പെരുവാൻതോട് പള്ളി, കരുവമ്പൊയിൽ ടൗൺ മസ്ജിദ്, പട്ടിണിക്കര പള്ളി, പാലക്കുറ്റി പള്ളി, വാവാട് പള്ളി, മടവൂർ രാംപൊയിൽ പള്ളി, ആനപ്പാറ പള്ളി. മടവൂർ സി. എം. മഖാം പള്ളി... വർക്ക് സൈറ്റുകളിൽ എല്ലാം നേരിട്ട് പോകാറില്ലേ എന്ന ചോദ്യത്തിന് മക്കാട് പറഞ്ഞതിങ്ങനെ:

''അതു നിർബന്ധമാണ്. മെയിൻ സ്ലാബ് / ബീം / പോലെയുള്ള പ്രധാന വർക്കുകൾ കഴിയുന്നതുവരെ അവിടെ ഉണ്ടാവണം .പലപ്പോഴും മണിക്കൂറുകൾ നിന്നു തന്നെ .അതു നമ്മൾ സ്വന്തം വീടുപണി പോലെ ശ്രദ്ധിക്കണം. സാധനങ്ങളുടെ കൂട്ട് ,സെറ്റിംഗ് ,സമയം പലതും. വർഷങ്ങൾ നിലനിൽക്കേണ്ടവയാണ് ഓരോ എടുപ്പും. ഉത്തരവാദിത്തത്തോടെ പാഷൻ ആയി അതിനെ കണ്ടാൽ ക്ഷീണമൊന്നുമുണ്ടാകില്ല. ഞാനാണെങ്കിൽ ഇല്ലത്തു നിന്ന് ഇറങ്ങിയാൽ തിരിച്ചെത്തുന്നതു വരെ വർക്ക് സൈറ്റുകളിൽ നിന്നും ജലപാനം പോലും പതിവില്ല.''

മുസ്ലീം പള്ളികളുടെ നിർമ്മാണങ്ങൾ എന്തുകൊണ്ട് മക്കാടിനെ തേടി വരുന്നു എന്ന സംശയം ഈ മറുപടിയോടെ തീർന്നു.

വർക്കുകളിലെ **മക്കാട് ബ്രാന്റിംഗ്** അഥവാ നമ്പൂതിരി മാർക്കിംഗ് തറവാടിത്തത്തിന്റെ നന്മയായി സമൂഹം അടയാളപ്പെടുത്തി. പ്രദേശത്തെ നിരവധി വീടുകൾ കഴിഞ്ഞ പ്രളയത്തിൽ തകർന്നടിഞ്ഞു. കൊടുവള്ളി ടൗണിനടുത്ത് പുഴയിൽ കോൺക്രീറ്റ് സ്ട്രക്ചറിൽ 80 കളിൽ മക്കാട് നിർമ്മിച്ച ഓപ്പൺ എയർ സ്റ്റേജ് വെള്ളപ്പൊക്കത്തെ പോലും അതിജീവിച്ച് ഇന്നും തലയു



*മനോജ് കെ.ജയൻ (സർഗത്തിലെ കുട്ടൻ തമ്പുരാൻ) മക്കാട്ടില്ലത്ത്*


ഫോട്ടോ: രവി മങ്ങത്തായ

യർത്തി നിൽക്കുന്നു.

## ഫ്ളാഷ്ബാക്ക്

### ചരിത്രം രചിച്ച മക്കാട് മന

കഠിനാധ്വാനത്തിന്റെ നൂറ്റാണ്ടുകൾക്കിപ്പുറം തികഞ്ഞ പ്രൗഢിയോടെ നിൽക്കുകയാണ് മക്കാട് ഇല്ലം. കൊടുവള്ളി ടൗണിൽ നിന്നും 3 KM : മാനിപുരത്ത് മെയിൻറോഡിനോട് ചേർന്ന് അതിവിശാലമായ ഇല്ലപ്പറമ്പ്. വലം വെച്ച് ഒഴുകുന്ന പുഴ. ഇല്ലം പരിപാലിക്കുന്ന നരസിംഹക്ഷേത്രം ദൂരെ കാണാം. പുരാതനമായ എട്ടുകെട്ടും പത്തായപ്പുരയും. തൊട്ടടുത്ത് പുതുതായി പണിത ഭവനവും. ഇല്ലത്തിന്റെ ഉടമസ്ഥതയിൽ ഉള്ള എയ്ഡഡ് സ്കൂളിന്റെ ബസ്സുകൾ മക്കാട്ടെ വലിയ മുറ്റത്ത് പാർക്ക് ചെയ്തിരിക്കുന്നു .പ്രദേശത്തെ ആദ്യ കാറിനെ ഓർമിപ്പിക്കുന്ന ഗാംഭീര്യത്തോടെ ഒരു അമ്പാസഡർ പോർച്ചിൽ ഉണ്ട്.

അൽപ്പം കൂടി പിറകോട്ടു പോകാം. വർഷം 1921. മക്കാട് മനയിൽ താമസം ഇന്നത്തെ മാധവൻ നമ്പൂതിരിയുടെ പിതാവ് വാസുദേവൻ നമ്പൂതിരി .ജന്മിയും കൃഷിക്കാരനും പൊതു കാര്യപ്രസക്തനുമായിരുന്നു നമ്പൂതിരി .ബ്രിട്ടീഷ് മലബാറിൽ ഭരണം സർക്കാർ സമിതികളായ ബോർഡുകൾ വഴിയാണ്. മലബാർ ഡിസ്ട്രിക്ട് എന്ന ഒറ്റ ജില്ല. അതിന്റെ പ്രസിഡണ്ട് കൊയിലാണ്ടിക്കാരനായ നിയമജ്ഞൻ അഡ്വക്കറ്റ് രാമയ്യർ. (ജസ്റ്റീസ് വി.ആർ കൃഷ്ണയ്യരുടെ പിതാവ്) ജില്ലാ ബോർഡിന് തൊട്ടു താഴെയുള്ള താലൂക്ക് ബോർഡ് പ്രസിഡണ്ടും, മലബാർ ഡിസ്ട്രിക്ട് ബോർഡ് മെമ്പറുമായിരുന്നു വാസുദേ



*നിൽക്കുന്നവർ (ഇടത്തുനിന്ന്): സഞ്ജയ്, ബീന, ലീന, അനി, സൂരജ്, സ്മിത, ലസിത, അരവിന്ദ് രണ്ടാമത്തെ വരി (ഇടത്തുനിന്ന്): കൃഷ്ണൻ നമ്പൂതിരിപ്പാട്, ആര്യ, ഡോ. കൃഷ്ണൻ നമ്പൂതിരി, മക്കാട് മാധവൻ നമ്പൂതിരി, അംബിക, ദേവകി അന്തർജനം, മധുകുമാർ, ഡോ. അശോക് കുമാർ. താഴത്തെ വരി: (ഇടത്തു നിന്ന്) ദേവകുമാർ, അശ്വതി, ഗോവിന്ദ്, ദേവിക, ഗായത്രി, മൈത്രേയി, അദിതി*

വൻ നമ്പൂതിരി. കൊടുവള്ളി പഞ്ചായത്തിലെ ആദ്യത്തെ സ്കൂൾ സർക്കാർ അനുമതി വാങ്ങി തുടങ്ങിയത് മക്കാട് വാസുദേവൻ നമ്പൂതിരിയാണ്. അദ്ദേഹം ചാലക്കുടി പൂവ്വത്തിശ്ശേരി മള്ളിയൂർ മനയിൽ നിന്നാണ് വിവാഹം കഴിച്ചിരുന്നത്.

ബ്രിട്ടീഷ് ഗവർമെന്റിനെതിരെ തുടങ്ങിയ ഖിലാഫത്തു സമരം മലബാറിൽ അതിവേഗം മതതീവ്രവാദികളുടെ നിയന്ത്രണത്തിലായി. അധികാരികളേയും നാട്ടുപ്രമാണിമാരേയും തിരഞ്ഞു പിടിച്ച് ആക്രമിക്കുന്നതു പതിവായി. കൊള്ളയടിയും നിർബന്ധിത മതം മാറ്റവും, അനുസരിക്കാത്തവരെ നിഷ്ക്കരുണം വെട്ടിക്കൊല്ലുന്നതും അക്രമികളുടെ രീതിയായി.

ധികൾ പ്രഖ്യാപിക്കുന്ന കോടതിയായി മക്കാട്ടില്ലത്തെ പത്തായപ്പുര.

മനയിലെ ഖിലാഫത്ത് ഭരണത്തിന് പക്ഷേ ഒന്നര ദിവസമേ ആയുസ്സുണ്ടായുള്ളൂ. ബ്രിട്ടീഷ് പട്ടാളം നിയമവാഴ്ച പുന:സ്ഥാപിച്ചു. അക്രമികളെ മക്കാട് ഇല്ലത്തു നിന്ന് തുരത്തി. മക്കാട് മനയിൽ മധ്യ മലബാറിലെ താൽക്കാലിക ഭരണകേന്ദ്രം ബ്രിട്ടീഷുകാർ തുടങ്ങി. സായുധരായ ബ്രിട്ടീഷ് പട്ടാളം മക്കാട്ട് ക്യാമ്പ് ചെയ്തു.

1921ൽ ആറുമാസക്കാലം മക്കാട് പത്തായപ്പുരയായിരുന്നു മേഖലാ കലക്ടറേറ്റും ഹജൂർ കച്ചേരിയും. ( മാധവൻ നായർ, മലബാർ കലാപം, മാതൃഭൂമി കോഴിക്കോട് ) മലബാറിൽ, മറ്റൊരു മനയിലും ബ്രിട്ടീഷുകാർ താൽക്കാലിക

സന്താനങ്ങൾ ജനിച്ചു. ഉണ്ണികളായി മാധവൻ നമ്പൂതിരിയും അനുജനും. രണ്ട് ജ്യേഷ്ഠ സഹോദരിമാരും. ഇളയ ഉണ്ണിക്ക് കുഞ്ഞുന്നാളിലേ ജീവൻ നഷ്ടമായി. മാധവൻ നമ്പൂതിരിയും രണ്ടു സഹോദരിമാരും മക്കാട് മനയിൽ നിന്നും പഠിച്ചു വലുതായി.

മക്കാട്ടെ പ്രൗഢിയും പാരമ്പര്യവും ബന്ധങ്ങളും അതിവിപുലമാണ്. കേരളത്തിലെ പ്രശസ്തങ്ങളായ ഒട്ടനവധി ഇല്ലങ്ങൾ മക്കാട്ടെ ചർച്ചക്കാരും വേഴ്ചക്കാരുമാണ്. സമ്പന്നമായ സംസ്ക്കാരത്തിന്റെ ഈടുവെപ്പുകളാണ് അവയെല്ലാം. മൂത്ത സഹോദരിയായ പാർവ്വതി അന്തർജനത്തെ കൊടുത്തത് ചേമഞ്ചേരി മഠത്തിലേക്ക് .അഡ്വക്കറ്റ് MG നമ്പൂതിരിപ്പാട് 2010ൽ ദിവംഗത



*പോർങ്ങോട്ടൂർ സുബ്രഹ്മണ്യസ്വാമി ക്ഷേത്രം*

മാനിപുരത്തെ നല്ലവരായ മുസ്ലീം തറവാട്ടുകാർ മക്കാട് മനയുമായി ഗാഢ സൗഹൃദത്തിലായിരുന്നു .എന്നാൽ ഏറനാട്ടിൽ നിന്നും കലാപക്കാരായ മാപ്പിളമാരുടെ വൻസംഘം സായുധരായി മക്കാട് ഇല്ലം ലക്ഷ്യമാക്കി പുറപ്പെട്ടു. ഈ വിവരമറിഞ്ഞ നാട്ടാർ മക്കാട് നമ്പൂതിരിയേയും കുടുംബത്തേയും ഭാര്യാഗൃഹം നിൽക്കുന്ന തൃശൂർ ജില്ലയിലെ ചാലക്കുടി പൂവ്വത്തിശ്ശേരിക്ക് പറഞ്ഞയച്ചു. പ്രതാപത്തോടെ നിറഞ്ഞു നിൽക്കുന്ന മനയും മനപ്പറമ്പും അക്രമികളെ മത്തു പിടിപ്പിച്ചു .പലതും പൊളിക്കുകയും തകർക്കുകയും ചെയ്തു .പത്തായങ്ങൾ കുത്തിക്കവരാൻ ശ്രമിച്ചു. ശരീഅത്ത് എന്ന പേരിൽ അന്യായവി

ഭരണ കേന്ദ്രം സ്ഥാപിച്ചിട്ടില്ല. പൈതൃക സംരക്ഷണത്തിൽ ദത്തശ്രദ്ധരായ സായിപ്പുമാർ ഇല്ലത്തിനും വസ്തുവകകൾക്കും യാതൊരു നാശവുമുണ്ടാക്കിയില്ലത്രെ. പരദേവതാ പൂജകൾ നടക്കുന്ന വടക്കിനി അവർ പവിത്രമായി തന്നെ സംരക്ഷിച്ചത്രെ.

മലബാർ കലാപം ശമിച്ചതിനു ശേഷം വാസുദേവൻ നമ്പൂതിരിയും കുടുംബവും മക്കാട്ടേക്ക് മടങ്ങി വന്നു. സഹധർമ്മിണി ഉമാദേവി അന്തർജനത്തിന് കുട്ടികൾ ഉണ്ടായില്ല. വാസുദേവൻ നമ്പൂതിരി സന്തത്യർത്ഥം കണ്ണൂർ അഞ്ചരക്കണ്ടി കുന്നഞ്ചിറ ഇല്ലത്തു നിന്ന് നങ്ങയ്യ അന്തർജനത്തെ രണ്ടാമത് വിവാഹം കഴിച്ചു. ഈ ദമ്പതിമാർക്ക് നാലു

നായി.രണ്ടു കുട്ടികളാണ് ഈ ദമ്പതിമാർക്ക്. മകൾ ശ്രീലത, ഇന്ത്യൻ എയർ ലൈൻസിൽ എക്സിക്യൂട്ടീവ് ഡയറക്ടർ ആയിരുന്ന, കോട്ടയം മുട്ടസ്സ് ഇല്ലം വിജയകുമാറിന്റെ സഹധർമ്മിണിയാണ്. ഇവരുടെ മകൾ ആതിരയും ഭർത്താവ് കൈതപ്രം മംഗലം ജീവനും ഇംഗ്ലണ്ടിൽ എഞ്ചിനീയർമാരാണ്.

മകൻ എം.ജി. അശോകൻ കോഴിക്കോട് ബാറിലെ പ്രശസ്തനായ അഡ്വക്കറ്റ്. മങ്കട മൂത്തേടത്ത് സുസ്മിതയാണ് സഹധർമ്മിണി. മക്കളായ സൂര്യനാരായണനും മായയും ജോലിയിലും പഠനത്തിലും.

മാധവൻ നമ്പൂതിരിയുടെ രണ്ടാമത്തെ ഓപ്പോൾ ആയ ഗംഗാദേവിയെ

കൊരട്ടി മംഗലശ്ശേരി MS നമ്പൂതിരി വിവാഹം കഴിച്ചു. ഹൈസ്കൂൾ ഹെഡ്മാസ്റ്ററായിരുന്ന MS നമ്പൂതിരി ഇതിനകം അന്തരിച്ചു. ഈ ദമ്പതിമാർക്ക് മൂന്നു മക്കൾ. മകൻ എം.എസ് വിനോദിനു ബിസിനസ്സാണ്. ജയശ്രീ സഹധർമ്മിണി. മകൾ ശിവാനി. അധ്യാപികയായ അനിതയെ ബേപ്പൂർ മംഗലശ്ശേരി രാമാനന്ദനാണ് വിവാഹം കഴിച്ചത്. കണ്ണൂർ ഹിഗ്ഗിംബോതംസ് ബുക്ക്സ്റ്റാൾ നടത്തുന്നു. ഇവരുടെ മകൻ വിധു ആനന്ദ് ഐ.സി.ഐ.സി.ഐ. ബാങ്കിൽ. ലേഖ ഹൈസ്കൂൾ ടീച്ചറാണ്. കാസർഗോഡ് നീലേശ്വരം മാടമനയിലെ ബിസിനസ്സ്കാരനായ സനിലൻ വിവാഹം കഴിച്ചു. അഭിറാം ശങ്കറും അനന്തകേശവനും മക്കൾ.

1936 ലെ മീനത്തിലാണ് മാധവൻ നമ്പൂതിരിയുടെ ജനനം. ഇല്ലം വക മാനിപുരം എൽ.പി സ്കൂളിൽ (നാട്ടിലെ ആദ്യ വിദ്യാലയം) പ്രാഥമിക വിദ്യാഭ്യാസം.

5 th സ്റ്റാൻഡാർഡിനു ശേഷം കോഴിക്കോട് സാമൂതിരി സ്കൂളിൽ ഹൈസ്കൂൾ പഠനം. മാധവന് 10 വയസ്സുള്ളപ്പോഴായിരുന്നു പിതാവായ വാസുദേവൻ നമ്പൂതിരിയുടെ മരണം.

മാധവന്റെ ഉപനയനവും ബന്ധപ്പെട്ട വ്രതങ്ങളും പിതാവിന്റെ മരണ ശേഷമാണ് നടന്നത്. കൃഷിയും മറ്റു വസ്തുവകകളും പൂർണ്ണമായ ഉത്തരവാദിത്തത്തോടെ നോക്കി നടത്തിയിരുന്നത് കൊറ്റിവട്ടം നാരായണൻ നമ്പൂതിരി ആയിരുന്നു. ഒരു വലിയച്ഛന്റെ സ്ഥാനത്ത് നിന്നു കൊണ്ട് വിദ്യാഭ്യാസത്തിന് മുടക്കം വരാതെ കൊറ്റിവട്ടം പരിപാലിച്ചു. 50 വർഷങ്ങളിലധികം അദ്ദേഹം മക്കാട് താമസിച്ചിരുന്നു.

വൈദ്യശാസ്ത്രത്തിൽ ഡോക്ടർ ആകാനായിരുന്നു മാധവന് മോഹം. MBBS സെലക്ഷൻ BSc ക്കു ശേഷമാണ്. ഇൻറർമീഡിയറ്റിന് നേടിയ മാർക്കുകൾ വെച്ച് സുഖമായി BSc ക്കു ചേരാവുന്നതുമാണ്.

കോഴിക്കോട് മെഡിക്കൽ കോളേജൊക്കെ തുടങ്ങുന്നതിനും മുമ്പുള്ള കാലം. MBBS പഠിക്കണമെങ്കിൽ മദിരാശിയിലെ സ്റ്റാൻലി മെഡിക്കൽ കോളേജിൽ 5 വർഷം നിൽക്കണം.

ഉണ്ണിയായ മാധവനെ വിദൂരദേശത്തേക്ക് ഏറെക്കാലം വിടാൻ അമ്മ തയ്യാറായില്ല



*മക്കാട് മദ്രാസ് സർവ്വകലാശാലയുടെ ബിരുദദാന വേളയിൽ*

മാധവന് ബിരുദപഠനം കോഴിക്കോട്ട് തന്നെ തുടരേണ്ടി വന്നു. 1958 ബാച്ചിൽ ഗുരുവായൂരപ്പൻ കോളേജിലെ BA ഇക്കണോമിക്സുകാരനായി മാധവൻ. മദ്രാസിൽ ആയിരുന്നു BA കോൺവെക്കേഷൻ. (അന്ന് കാലിക്കറ്റ് യൂനിവേഴ്സിറ്റി ജനിച്ചിട്ടില്ല).

ഗുരുവായൂരപ്പൻ കോളേജ് പിന്നീട് കേരള സർവ്വകലാശാലയുടെ കീഴിലായി.1960 ൽ ഹൈ സെക്കന്റ് ക്ലാസോടെയായിരുന്നു മാധവൻ നമ്പൂതിരി സാമ്പത്തിക ശാസ്ത്രത്തിൽ MA എടുത്തത്.

നമ്പൂതിരിമാരിലെ ആദ്യത്തെ പോസ്റ്റ് ഗ്രാജുവേറ്റ്. കൊടുവള്ളി പഞ്ചായത്തിലെ ആദ്യത്തെ MA ക്കാരൻ .

''വിദ്യാഭ്യാസത്തിന് അന്ന് അവസരങ്ങൾ നന്നെ കഷ്ടിയാണ്. കോഴിക്കോടും പാലക്കാടും ഒക്കെയേ കോളേജുകൾ ഉള്ളൂ. നഗരത്തിൽ കോലോത്തോ ഏതെങ്കിലും ഇല്ലങ്ങളിലോ നിന്ന് പഠിക്കണം. ESLC, ഒപ്പം വിദ്വാൻ. മിക്കവരും പഠനം അവിടെ നിർത്തും.പരമാവധി BA. പിന്നെ അധ്യാപനം .

BA ക്ക് സഹപാഠികളിൽ നമ്പൂതിരിമാരായി അരീക്കോട് കരുപ്പം വി.കെ സി നാരായണൻ നമ്പൂതിരിയും വി.കെ ശങ്കരൻ നമ്പൂതിരിയും പുത്തൂർ മുതുമന സുബ്രഹ്മണ്യൻ നമ്പൂതിരിയും ഉണ്ടായിരുന്നു. അവരൊക്കെ അധ്യാപകരായി പെട്ടെന്ന് ജോലിയിൽ കയറി. എനിക്ക് തുടർന്ന് പഠിക്കാൻ തന്നെയായിരുന്നു മോഹം.

ബിരുദം നേടുന്നവരിൽ പത്ത് ആൾക്കാർക്കേ അന്ന് PG പ്രവേശനമുള്ളൂ.

ഗുരുവായൂരപ്പനിൽ തന്നെ പഠിച്ച് ജയിച്ചവരിൽ ഞാനടക്കം 4 ആൾക്കേ അവിടെ MA ക്കു അഡ്മിഷൻ കിട്ടിയുള്ളൂ. പെൺകുട്ടികളായ സഹപാഠികൾ പ്രോവിഡൻസ് കോളേജിൽ നിന്നും വന്നവരായിരുന്നു. പഠനം ഇന്നത്തെ കലാലയം പോലെയല്ല. ഡെഡിക്കേറ്റഡ് ആയ ഗുരുനാഥന്മാർ. അവരുടെ മേഖലകളിൽ അതിപ്രഗൽഭരായവർ. എം.ജി.എസ്സ് നാരായണൻ, I G മേനോൻ, സി.നാരായണൻ എന്നിവർ അധ്യാപകരായിരുന്നു. വളരെ സ്ട്രിക്റ്റ് ആയ കാമ്പസ് . ബാച്ചിലെ ചിലരെയൊക്കെ കാണാറുണ്ട് .മാതൃഭൂമി മാനേജിംഗ് ഡയറക്ടർ എം.പി വീരേന്ദ്രകുമാർ എന്റെ സഹപാഠി ആയിരുന്നു .സീനിയർ ബാച്ചിൽ ആയിരുന്നു അത്തിപ്പറ്റ ശങ്കരനാരായണൻ നമ്പൂതിരി എന്നാണ് ഓർമ്മ. MA യ്ക്ക് എന്റെ ജൂനിയർ ആയിരുന്ന പേരാമ്പ്ര അവിഞ്ഞാട്ട് ഗോശാലക്കൽ തറവാട്ടിലെ A പ്രസാദ് IAS നേടി ഗുജറാത്തിൽ കലക്ടർ ആയി.''

മാനിപുരം സ്കൂളിന്റെ രണ്ടാമത്തെ ഹെഡ് മാസ്റ്റർ മാധവൻ നമ്പീശൻ. താമസം മക്കാട്ടെ പത്തായപ്പുരയിൽ. ശിഷ്യനായ മാധവൻ നമ്പൂതിരിയെ സ്കൂൾ സമയം കഴിഞ്ഞ് മാസ്റ്റർക്ക് ശ്രദ്ധിക്കുകയും സംശയങ്ങൾ തീർത്തു കൊടുക്കുകയും ചെയ്യാലോ .പ്രശസ്ത സിനിമാ സംവിധായകൻ ഹരിഹരന്റെ പിതാവാണ് മാധവൻ നമ്പീശൻ. കുട്ടിക്കാലത്ത് തന്നെ ഹരിഹരൻ എന്റെ ഉറ്റ സുഹൃത്തായി. സർഗ്ഗം സിനിമയിലെ മിക്ക ഭാഗങ്ങളും ചിത്രീകരിച്ചത് ഇവിടെയാണ്.

ദേശക്ഷേത്രമായ മാനിപുരം നരസിംഹമൂർത്തി ക്ഷേത്രത്തിന്ന് ഊരാളനായി ഇപ്പോൾ മക്കാട് മാത്രം. പ്രദേശത്ത് പണ്ട് നാൽപ്പതോളം ഇല്ലങ്ങൾ ഉണ്ടായിരുന്നത്രെ. ബ്രഹ്മാലയങ്ങൾക്കു പുകൾപെറ്റ സ്ഥലമായിരുന്നു ഇവിടം. കാലത്തിന്റെ കുത്തൊഴുക്കിൽ പലതും നശിച്ച് അന്യം നിന്നു. മിക്കതും വിസ്മൃതമായി .മക്കാട് പണ്ടു തന്നെ പ്രതാപികളായിരുന്നു. 1855 ൽ മലബാർ കലക്ടർ കനോലി സായിവ് ആയിരുന്നു. (കോഴിക്കോട് നഗരം ചുറ്റി ഒഴുകുന്ന കനോലി കനാലിന്റെ സ്രഷ്ടാവ്.) മലബാർ കലാപത്തിനും 66 കൊല്ലം മുമ്പ്. കനോലിയുടെ കർക്കശമായ വികസന നിലപാടുകൾ കാരണം ശത്രുക്കളായ കുറേ പേർ അദ്ദേഹത്തെ വകവരുത്താൻ തീരുമാനിച്ചു. കലക്ടേഴ്സ് ബംഗ്ലാവിൽ സോഫയിൽ ഇരിക്കുകയായിരുന്ന കനോലി സായ്‌വിനെ ഭാര്യയുടെ കൺമുന്നിൽ വെച്ച് അക്രമികൾ വെട്ടിക്കൊല്ലുകയായിരുന്നു. അവർ കൊടുവള്ളി മാനിപുരത്ത് മക്കാട് ഇല്ലത്തു വന്ന് മുന്നൂറു രൂപയും സാധനങ്ങളും കവർന്ന് ഓടിപ്പോയെന്ന് ചരിത്രം പറയുന്നു ( ലോഗൻസ് മലബാർ മാനുവൽ :1887)

ഇല്ലത്തും, പത്തായപ്പുരയിലും എല്ലാം . മലയാളി ഒരിക്കലും മറക്കാത്ത കഥാപാത്രം മനോജ് കെ ജയൻ ജീവൻ നൽകിയ കുട്ടൻ തമ്പുരാൻ സർഗ്ഗത്തെ അനശ്വരമാക്കി. സിനിമ ഇവിടെ വെച്ചു തന്നെ ചിത്രീകരിക്കണമെന്ന് ഹരിഹരന് നിർബന്ധമുണ്ടായിരുന്നു .. കാരണം ഇതൊന്നും കഥ മാത്രമായിരുന്നില്ല. ഞങ്ങൾക്കു കൂട്ടായുണ്ടായിരുന്നു, കളിയിലും കാര്യത്തിലും കുട്ടൻ തമ്പുരാനെപ്പോലൊരാൾ. ഇല്ലത്തെ അടുത്ത ബന്ധു. സിനിമയിലെപ്പോലെ, ഒരു ഭാഗവതരുടെ ഉപേക്ഷിക്കപ്പെട്ട മകൻ. മുറുക്ക്, ഇത്തിരി അപസ്മാരം, പ്രത്യേക ഭാവഹാവാദികൾ, കണ്ണിൽ ചിലപ്പോൾ ക്രൗര്യം. ആവോളം സമ്പത്ത്, അനാഥത്വം.

നായകനായ വിനീത് നായിക രംഭയെ പത്തായത്തിൽ നിന്നും പിടിച്ചുയർത്തുന്ന ഒരു സീനുണ്ട് സിനിമയിൽ. പതിനായിരക്കണക്കിന് പറ നെല്ല് സൂക്ഷിച്ചിരുന്ന മക്കാട്ടെ വലിയ പത്തായം തൊട്ടു കാണിച്ച് മാധവൻ നമ്പൂതിരി പറഞ്ഞു.

ഇതാണ് (പ്രതി)നായകനായ കുട്ടൻ തമ്പുരാൻ ഇരുന്നു വിളയാടിയ പത്തായപ്പുരയും, കൊമ്പുകളാലലങ്കരിച്ച പ്രൗഢമായ പൂമുഖവും മുറ്റവും.

സർഗ്ഗത്തിലെ പ്രശസ്തമായ ഗാനം മക്കാട്ടെ ചുവരുകൾ മൂളുന്നതു പോലെ.

*ആന്ദോളനം, ദോളനം / മധുരിപു ഭഗവാൻ മാനസമു*



*സംവിധായകൻ ഹരിഹരന്റെ കൂടെ*

*രളിയെ / ചുമ്പിച്ചുണർത്തുന്നൊരാ നന്ദലഹരിയിൽ / ആന്ദോളനം, ദോളനം.*

**ഓർമ്മ വെച്ച നാൾ മുതലുള്ള ബന്ധമാണ് ഞങ്ങൾക്ക്. സമഭാവന, നാലു പേർ അറിയാൻ വേണ്ടിയല്ലാത്ത സഹായമനഃസ്ഥിതി. മാനുഷിക ധർമ്മത്തിന്റെ പൂർണ്ണരൂപം. മക്കാടിന്റെ വിവാഹമാണ് ഞാനെന്റെ ജീവിതത്തിൽ കണ്ട ഏറ്റവും വലിയ ഉത്സവം. 1962 ൽ. ജാതി മത പരിഗണനകൾക്കപ്പുറത്ത് ആബാലവൃദ്ധം നാട്ടാർ ഒരേ മനസ്സോടെ ഒറ്റപ്പന്തിയിൽ സദ്യയുണ്ട്. ജീവിതത്തിൽ ബന്ധപ്പെടുന്നവരിൽ അപൂർവ്വങ്ങളിൽ അപൂർവ്വം ചിലരുണ്ടാകും. അവരെ മനസ്സിൽ എന്നുമെന്നും സൂക്ഷിക്കും. സിനിമാ ബന്ധങ്ങളിൽ പ്രേംനസീർ എനിക്കെങ്ങിനെ ആയിരുന്നോ അതുപോലെയാണ് മാധവൻ നമ്പൂതിരിയോടുള്ള ബന്ധവും. നിസ്വാർത്ഥനായ മനുഷ്യസ്നേഹി.**



1962 ൽ മാധവൻ നമ്പൂതിരി വിവാഹിതനായി. വധു കൊയിലാണ്ടി അവിടനല്ലൂർ അമ്പലപ്പുത്തൂർ കേശവൻ നമ്പൂതിരിയുടെ മകൾ ദേവകി. ഈ ദമ്പതികൾക്ക് ആദ്യം പിറന്നത് ഇരട്ടക്കുട്ടികളാണ്. ബീനയും ലീനയും.

ബീനയെ നെല്ലിപ്പറ്റ ബാണത്തൂർ കൃഷ്ണൻ നമ്പൂതിരിപ്പാട് (AGM, കേരളാ ഗ്രാമീൺ ബാങ്ക് ) വിവാഹം ചെയ്തു. മകൾ അശ്വതി, എഞ്ചിനീയർ തെഞ്ചേരി ദേവകുമാറിന്റെ സഹധർമ്മിണി. മകൻ സഞ്ജയ് MBA കഴിഞ്ഞ് ബാംഗ്ളൂരിൽ ജോലി .

ലീനയെ തിരുവല്ല കുട്ടത്തമശ്ശേരി മനയിൽ ഡോക്ടർ കൃഷ്ണൻ നമ്പൂതിരി വിവാഹം കഴിച്ചു .മെഡിക്കൽ കോളേജ് സർവ്വീസിനു ശേഷം തിരുവല്ല മെഡിക്കൽ മിഷൻ ഹോസ്പിറ്റലിൽ ജോലി ചെയ്യുകയാണ് ശിശുരോഗ വിദഗ്ധനായ ഡോക്ടർ കൃഷ്ണൻ നമ്പൂതിരി.

ഇവർക്ക് എഞ്ചിനീയറായ ഗോവിന്ദ്, (ഭട്ടി തെക്കേടം ശ്രീകല സഹധർമ്മിണി) അരവിന്ദ് (ബൈജൂസ് എഡ്യൂക്കേഷനൽ ആപ്പിൽ ബാംഗ്ളൂർ) എന്നിവരാണ് മക്കൾ .



*മക്കളോടും മരുമക്കളോടും പേരക്കുട്ടികളോടുമൊപ്പം*

മൂന്നാമത്തെ മകളായ ലസിത ചാർട്ടേഡ് എക്കൗണ്ടൻറ് ആയി ദോഹയിൽ ഒരു കനേഡിയൻ സർവ്വകലാശാലയിൽ ജോലി ചെയ്യുന്നു. കരുനാഗപ്പള്ളി വെള്ളിമന ഡോക്ടർ അശോക് കുമാറി(ഖത്തറിൽ മെക്കാനിക്കൽ എഞ്ചിനീയർ)ന്റെ സഹധർമ്മിണി .മക്കൾ അദിതി (US ൽ ആർക്കിടെക്ചറൽ എഞ്ചിനീയർ) മൈത്രേയി (US ൽ സിവിൽ എഞ്ചിനീയർ).

ഏക മകനായ സൂരജ് സിവിൽ എഞ്ചിനീയർ. 15 വർഷം മാതൃഭൂമിയിൽ പ്രവർത്തിച്ചു. (മാതൃഭൂമിയുടെ കോട്ടക്കൽ ഓഫീസ്, പ്രസ് കെട്ടിടം കാര്യക്ഷമമായും സമയബന്ധിതമായും പൂർത്തിയാക്കിയതിന് കമ്പനിയുടെ പ്രത്യേക അഭിനന്ദനം സൂരജ് നേടി) മാധവൻ നമ്പൂതിരിയുടെ മരാമത്ത് പണികളും വ്യാപാരസ്ഥാപനങ്ങളും മറ്റും നോക്കി നടത്താൻ സൂരജ് മാതൃഭൂമി വിട്ടു. ധാരാളം വീടുകളുടെ നിർമ്മാണ ജോലികൾ സൂരജിന്റെ നേതൃത്വത്തിൽ മക്കാട് കൺസ്ട്രക്ഷൻസ് ഏറ്റെടുത്ത് നടത്തുന്നു .

**'അച്ഛൻ എനിക്ക് ഒരു ചലഞ്ച് ആണ്. വർക്കുകളിൽ ആ പാരമ്പര്യം തുടരുക എന്ന ചലഞ്ച്'** - സൂരജ് മക്കാട്



മക്കാടിന്റെ സിഗ്നേച്ചർ പതിയുന്ന പ്രവൃത്തികൾ മകനായ സൂരജിലൂടെ പുതിയ തലമുറയിലും **'ക്ലാസ്'** ആവുന്നു.

മഞ്ചേരി വള്ളിക്കാപ്പറ്റ നാരായണമംഗലത്ത് മനയിൽ അനിയാണ് സൂരജിന്റെ സഹധർമ്മിണി. LLBക്കാരിയാണ് അനി.

**''എന്റെ അച്ഛൻ നാറാസ്സ് വാസുദേവൻ നമ്പൂതിരി കേന്ദ്രീയ വിദ്യാലയം പ്രിൻസിപ്പൽ ആയിരുന്നു. അച്ഛന്റെ ആത്മസുഹൃത്തായ ഒളപ്പമണ്ണ നമ്പൂതിരിപ്പാടാണ് മക്കാട്ടേക്ക് വിവാഹാലോചനയുമായി വന്നത് .വിദ്യാഭ്യാസത്തിനും ഹാർഡ് വർക്കിനും ഏറെ പ്രാധാന്യം കൽപ്പിക്കുന്ന സ്ഥലം .അതായിരുന്നു അച്ഛൻ ഈ ഇല്ലത്തെപ്പറ്റി എന്നോട് പറഞ്ഞത്. മക്കാട് മന സെന്റർ ഓഫ് എക്സലൻസ് ആയ ഇൻസ്റ്റിറ്റ്യൂഷൻ തന്നെയാണ്. ഞങ്ങളുടെ വിവാഹ ശേഷം കൂടുതൽ സൗകര്യങ്ങൾക്കായി നഗരത്തിലേക്ക് സ്വന്തം വീടുവെച്ച് മാറുക എന്നത് ഇന്നു വരെ ആലോചിച്ചിട്ടേ ഇല്ല . സ്നേഹ വാത്സല്യങ്ങളുടെ ഈ ഹോമിനപ്പുറത്ത് മറ്റൊരു സ്വർഗ്ഗമില്ല.''**



'പൂനെയിൽ ഫ്ളെയിം യൂനിവേഴ്സിറ്റിയിൽ ഇന്റർനാഷനൽ റിലേഷൻസ് വിദ്യാർത്ഥിനി ദേവികയും കോഴിക്കോട് ഭവൻസിൽ എട്ടാം ക്ലാസുകാരിയായ ആര്യയും മക്കൾ .

## ബെൽജിയം പൗരത്വമുള്ള മകൾ

മക്കാട് മാധവൻ നമ്പൂതിരിയുടെ ഇളയ മകൾ ഡോക്ടർ സ്മിത. കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്ന് MBBS. ബെൽജിയത്തിലെ ബ്രസൽസ് യൂനിവേഴ്സിറ്റിയിൽ നിന്ന് MD, PhD. ബ്രസ്റ്റ് കാൻസറുമായി ബന്ധപ്പെട്ട് ഗവേഷണ പ്രൊജക്ട് ചെയ്യുന്നു. തിരുവല്ല തിരുമൂലപുരം നെടുവേലി മന മധുകുമാറി(കമ്പ്യൂട്ടർ എഞ്ചിനീയർ ) ന്റെ സഹധർമ്മിണിയാണ് സ്മിത. ചെന്നൈയിൽ കുടുംബമായി താമസിക്കുന്ന ഡോക്ടർക്ക് ബെൽജിയം പൗരത്വമാണ്.

മൂന്നു മാസത്തിലൊരിക്കൽ എങ്കിലും ബ്രസ്സൽസ് യൂനിവേഴ്സിറ്റി ഹോസ്പിറ്റലിൽ പോയി വരണം. ഇന്ത്യയിൽ താമസിക്കാൻ ആജീവനാന്ത വിസയും ഉണ്ട്. ഈ ദമ്പതിമാർക്ക് 2 പെൺകുട്ടികൾ.

ഗായത്രി കോഴിക്കോട് NIT യിൽ നിന്നും ബയോടെക്നോളജി എഞ്ചിനീയറിംഗ് കഴിഞ്ഞ് ആംസ്റ്റർഡാം യൂനിവേഴ്സിറ്റിയിൽ ഉപരി പഠനത്തിന് തയ്യാറെടുക്കുന്നു. അംബിക വിദ്യാർത്ഥിനിയാണ്. ഒപ്പം സംഗീതവും നൃത്തവും അഭ്യസിക്കുന്നു . ഇംഗ്ലീഷിൽ നോവൽ എഴുതി പ്രസിദ്ധീകരിച്ചു ഈ കൊച്ചു മിടുക്കി .

* * *

തന്റെ ജീവിതവിജയത്തിനാധാരം ഈശ്വരാനുഗ്രഹവും ജനപിന്തുണയുമാണെന്ന് മാധവൻ നമ്പൂതിരി ഉറച്ചു വിശ്വസിക്കുന്നു. സ്വന്തം ഗ്രാമമായ മാനിപുരത്തിന്റെ സർവ്വതോമുഖമായ വികസനത്തിൽ അദ്ദേഹം വഹിച്ച പങ്ക് വളരെ വലുതാണ്.


ഭൗതിക രംഗത്തെന്ന പോലെ ആധ്യാത്മിക രംഗത്തും മക്കാടിന്റെ പ്രവർത്തനങ്ങൾ വിപുലമാണ്.

ചിന്മയാനന്ദ സ്വാമികൾ കോഴിക്കോട്ടു വന്നപ്പോൾ മക്കാട് സ്വാമികളെ സന്ദർശിച്ചിരുന്നു. സ്വാമികൾ മുംബൈയിൽ നിന്ന് മക്കാടിന് അയച്ച കത്ത് അദ്ദേഹം നിധി പോലെ സൂക്ഷിക്കുന്നു.

50 വർഷമായി പോർങ്ങോട്ടൂർ



*മാനിപുരം നരസിംഹമൂർത്തി ക്ഷേത്രം*



Hari Om!

Bangalore,
3 May 1984.

Swami Chinmayananda

Sri. Madhavan Namboodiri,
Makkat Illam,
MANIPURAM.
Kodumvalli
Via Calicut.

Hari Om! Hari Om!!
Salutations!

It was a joy to meet you at Variar's Bhiksha. Times change — so we must also change and take up new roles. But a Namboodiri even as a contractor, should bring in our Namboodiri culture in our contacts and performance!

Jai Jai Jagadeeswara!

Love,

Sandeepany Sadhanalaya

സുബ്രഹ്മണ്യ ക്ഷേത്രത്തിന്റെ പാരമ്പര്യ ട്രസ്റ്റി എന്ന നിലയിൽ അദ്ദേഹം ശ്രദ്ധേയനായി. കോടികളുടെ വികസന പ്രവർത്തനമാണ് പോർങ്ങോട്ടൂർ സുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിൽ നടന്നത്. ക്ഷേത്രം തന്ത്രി പാതിരിശ്ശേരി ശങ്കരൻ നമ്പൂതിരിപ്പാടിന്റെ നിർദ്ദേശാനുസരണം എല്ലാ താന്ത്രികച്ചടങ്ങുകളും നടന്നു. സുബ്രഹ്മണ്യസ്വാമിയുടെ പ്രധാന ശ്രീകോവിലിനു പുറമേ ധന്വന്തരമൂർത്തിക്കും (മഹാവിഷ്ണു), ശിവനും പ്രത്യേകം ക്ഷേത്രങ്ങൾ ഇന്നു പോർങ്ങോട്ടൂരിൽ ഉണ്ട്.

പ്രദേശത്തെ വിവിധ ക്ഷേത്രങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ മക്കാട് നിർവ്വഹിച്ചിട്ടുണ്ട്. വെഴുപ്പൂർ മഹാദേവക്ഷേത്രം ചുറ്റമ്പലം, മാനിപുരം നരസിംഹ ക്ഷേത്രം, മുത്താലം ഭഗവതി ക്ഷേത്രത്തിലെ ശ്രീകോവിൽ, നമസ്കാര മണ്ഡപം എന്നിവ എടുത്തു പറയേണ്ടവയാണ്.

മക്കാട് മാധവൻ നമ്പൂതിരിയുടെ പ്രൊഫൈൽ മാനിപുരത്തിന്റേയും പ്രൊഫൈൽ ആകുന്നു.

സുഹൃദ്സമിതി മക്കാടിന്റെ സപ്തതി (2006 പൊതു പരിപാടിയായി സംഘടിപ്പിച്ചു. അന്ന് നാട്ടാർ സമർപ്പിച്ച മംഗളാശംസയിൽ നമുക്കിങ്ങനെ വായിക്കാം.

**''തൊട്ടതെല്ലാം പൊന്നാക്കുന്ന പ്രവർത്തന ശൈലിയാണ് തിരുമേനിയുടേത്. എല്ലാവരുമായും ഇണങ്ങാനല്ലാതെ ആരുമായും പിണങ്ങാൻ മാധവൻ നമ്പൂതിരിക്കറിയില്ല. വാക്കും പ്രവൃത്തിയും പൊരുത്തപ്പെട്ടു പോകണമെന്ന് അദ്ദേഹത്തിനു നിർബന്ധമാണ് .തന്റെ സമ്പാദ്യങ്ങൾ സ്വകുടുംബത്തിനു മാത്രമല്ല എല്ലാവർക്കും പ്രയോജനപ്പെടണമെന്ന് അദ്ദേഹം വിശ്വസിക്കുന്നു''.**

1962 ൽ നാട്ടിൽ പാൽ വിതരണ സംഘത്തിന്റെ സ്ഥാപക പ്രസിഡണ്ട് . കോഴിക്കോട്ടെ കേന്ദ്ര സംഘം ഡയറക്ടറും വൈസ് പ്രസിഡണ്ടും. കൊടുവള്ളി പഞ്ചായത്ത് പ്രസിഡണ്ട്, കൊടുവള്ളിയിലെ ആദ്യത്തെ വിദ്യാലയമായ മാനിപുരം എ.യു. പി സ്കൂൾ മാനേജർ (പുതുക്കിപ്പണിത സ്കൂളിൽ ഇന്ന് ആയിരത്തിലധികം കുട്ടികൾ ,മുപ്പത്തേഴ് ഡിവിഷനുകൾ, അമ്പതിലധികം ടീച്ചർമാരും)

കോഴിക്കോട് ഭൂവികസന ബാങ്കിന്റെ ഡയറക്ടർ ,റോഡുകളും കെട്ടിടങ്ങളുമായി ഒട്ടനവധി വർക്കുകൾ നടത്തിയ PWD A ക്ലാസ് കോൺട്രാക്ടർ. മോഡേൺ വുഡ് ഇൻഡസ്ട്രീസ് ,ഓമശ്ശേരിയിലും ഈങ്ങാപ്പുഴയിലും പെട്രോൾ പമ്പുകൾ എന്നിവയടക്കം ഒറ്റക്കും കൂട്ടായുമുള്ള ബിസിനസ് സംരംഭങ്ങൾ.

യു. ഡി. എഫിന്റെ സീറ്റു വിഭജനത്തിൽ കൊടുവള്ളി അസംബ്ലി മണ്ഡലം പൊതുവേ മുസ്ലീം ലീഗിനായിരിക്കും. തെരഞ്ഞെടുപ്പു കമ്മിറ്റിയുടെ ചെയർമാൻ സ്ഥാനം മുഖ്യ പാർട്ടിയായ കോൺഗ്രസ്സിനാവും.

അറുപതു വർഷങ്ങളായി രാഷ്ട്രീയ കേരളത്തിൽ കൊടുവള്ളിയെ പ്രതിനിധീകരിച്ച നേതാക്കന്മാർ മിക്കവരും മുസ്ലീം ലീഗുകാരാണ് .സ്ഥാനാർത്ഥികളായി മത്സരിക്കുന്നവർ പല പ്രാവശ്യവും മാറി വരാറുണ്ട് .എന്നാൽ ഐക്യജനാധിപത്യ മുന്നണി ഇലക്ഷൻ കമ്മിറ്റിയുടെ ചെയർമാൻ സ്ഥാനത്തേക്ക് എന്നും കൊടുവള്ളിയിൽ ഒരേ ഒരു പേരേ സർവ്വസമ്മതമായി നിർദ്ദേശിക്കപ്പെടാറുള്ളൂ. മക്കാട് മാധവൻ നമ്പൂതിരി.

സമിതി കൺവീനർ സ്ഥാനം മുസ്ലീം ലീഗിനാണ് . അനവധി പ്രാവശ്യം പി.ടി. എ റഹീം ആയിരുന്നു മക്കാടിനൊപ്പം പ്രവർത്തിച്ച കൺവീനർ. (ഇപ്പോൾ കുന്ദമംഗലം LDF എം.എൽ.എ)

''ഇ.അഹമ്മദ് സായ്വ് മത്സരിച്ച ഇലക്ഷൻ കാലം. ഞാൻ സമിതി കൺവീനർ, നമ്പൂരിപ്പാട് ചെയർമാൻ. എല്ലാ കണക്കുകളും കഴിഞ്ഞ് യു.ഡി.എഫിന് അന്നത്തെ പതിമൂവായിരം രൂപ മടക്കി നൽകി നമ്പൂതിരി. ഇലക്ഷൻ ചിലവുകൾ കഴിഞ്ഞ് ബാക്കി പണം തിരിച്ചടക്കുന്നതൊക്കെ തെരഞ്ഞെടുപ്പു സമിതികളിൽ അപൂർവ്വമാണ് എന്ന് അര നൂറ്റാണ്ടായി രാഷ്ട്രീയത്തിലുള്ള എനിക്ക് പറയാൻ സാധിക്കും. നമ്പൂരിപ്പാട് കോൺഗ്രസുകാരനാണ് .പാരമ്പര്യങ്ങളുള്ള യഥാർത്ഥ കോൺഗ്രസുകാരൻ എന്ന് ഞാൻ പറയും. വിശ്വാസ്യത, കാര്യക്ഷമത, സത്യസന്ധത ഇതൊന്നും വിട്ട് നമ്പൂരിക്ക് കളിയില്ല. പോർങ്ങോട്ടൂരിലെ പ്രതിഷ്ഠാദിനത്തിന്റെ പ്രസാദമായ കാരോലപ്പം എല്ലാ വർഷവും എന്റെ വീട്ടിൽ എത്തിക്കാറുണ്ട്. ജാതിമതങ്ങൾക്കപ്പുറത്ത് അന്നും ഇന്നും മാനിപുരത്തിന്റെ ജനനായകനാണ് എന്റെ ആത്മസുഹൃത്തായ മാധവൻ നമ്പൂതിരി.''



**പി.ടി.എ റഹീം, M-L-A**

കൊടുവള്ളിയെ പ്രതിനിധീകരിച്ച മുസ്തഫ പൂക്കോയ തങ്ങൾ, ഇ അഹമ്മദ്, പി.വി. മുഹമ്മദ്, പി.എം. അബൂബക്കർ, സി മോയിൻ കുട്ടി, വി.എം ഉമ്മർ മാസ്റ്റർ, സി. മമ്മൂട്ടി തുടങ്ങി മക്കാടിന്റെ സൗഹൃദവലയത്തിൽ നിരവധി പേരുണ്ട്.

കോഴിക്കോട് എം.പി. എം.കെ. രാഘവൻ, വടകര എം.പി കെ. മുരളീധരൻ ,കൊടുവള്ളി എം.എൽ എ കാരാട്ട് റസാക്ക് ,മാതൃഭൂമി മാനേജിംഗ് ഡയറക്ടർ എം.പി വീരേന്ദ്രകുമാർ ,മാനേജിംഗ് എഡിറ്ററും KTC പാർട്ട്ണറുമായ പി.വി.ചന്ദ്രൻ, മാതൃഭൂമി, KTC ഡയറക്ടറും സിനിമാ പ്രൊഡ്യൂസറുമായ പി.വി..ഗംഗാധരൻ ,ആർക്കിയോളജിസ്റ്റ് കെ.കെ.മുഹമ്മദ് ,ചരിത്രകാരനായ



*മക്കാട്ടെ പുതിയ ഭവനം*

എം.ജി.എസ് നാരായണൻ, മുൻ ജില്ലാ കലക്ടർ ടി. ഭാസ്ക്കരൻ IAS എന്നിവർ മക്കാടിന്റെ അടുത്ത സുഹൃത്തുക്കൾ.

* * *

കൊടുവള്ളി ടൗണിൽ 1974 മുതൽ പ്രവർത്തിച്ചു വരുന്ന സ്ഥാപനമാണ് മോഡേൺ വുഡ് ഇൻഡസ്ട്രീസ് .മൂന്നു പേരാണ് മുതലാളിമാർ .മക്കാട് മാധവൻ നമ്പൂതിരിയും ടി.കെ പരിയേയിക്കുട്ടി ഹാജിയും ടി.കെ കുഞ്ഞഹമ്മദ് ഹാജിയും.

(കുഞ്ഞഹമ്മദ് ഹാജി അൽപ്പകാലം മുമ്പ് നിര്യാതനായി )

മക്കാട് ഒന്നാന്തരം നമ്പൂതിരി .പോർങ്ങോട്ടൂർ സുബ്രഹ്മണ്യസ്വാമിയുടെ ഭക്ത ശ്രേഷ്ഠൻ .മക്കാട്ടെ ഉടമസ്ഥതയിലുള്ള ഇല്ലപ്പറമ്പിലെ നരസിംഹ ക്ഷേത്രം നാട്ടാർക്കൊപ്പം ജാഗ്രതയായി പരിപാലിക്കുന്ന നിസ്വാർത്ഥൻ .

പരിയേയിക്കുട്ടി ഹാജി ദീനി ആയ ഒന്നാന്തരം മുസ്ലീം .അനവധി പള്ളിക്കമ്മിറ്റികളിലും കൊടുവള്ളി ഓർഫനേജിലും നേതൃത്വം .

ബിസിനസിലും ജീവിതത്തിലും അവർ പൊട്ടാത്ത സൗഹൃദച്ചരട് കോർത്തെടുത്തു.

‘‘50 വർഷമായി ഞങ്ങൾ കച്ചവട പങ്കാളികളാണ്. പരിയേയിക്കുട്ടി ഹാജി പ്രമുഖ വ്യവസായിയും അറിയപ്പെടുന്ന പൊതുപ്രവർത്തകനും. ടി കെ പി പ്ലൈവുഡ്സ്, അസോസിയേറ്റഡ് ട്രാവൽസ് തുടങ്ങി അനവധി സംരംഭങ്ങൾ ഇന്നും അവർ നടത്തുന്നു. ഓർഫനേജ് കൺട്രോൾ ബോർഡിന്റെ പ്രസിഡണ്ട്, കൊടുവള്ളി മുസ്ലീം ഓർഫനേജ് പ്രസിഡണ്ട്, ചെറുകിട വ്യവസായ സംഘടനാ പ്രസിഡണ്ട് എന്നിവ ടി.കെ വഹിച്ച ചില പദവികൾ മാത്രം. 55 വർഷമായി തുടരുന്ന ഊഷ്മളമായ സുഹൃദ്ബന്ധം.’’

> ‘ഞാനും നമ്പൂരിയും നാട്ടുകാരാണ്. വലിയ അടുപ്പക്കാരും. സത്യവും മര്യാദയും കൈവിടാത്ത മനുഷ്യൻ. മൂപ്പര് നല്ല ഹിന്ദുവാണ്. ഞാൻ മുസ്ലീമും അതോണ്ടെന്താ? ഞമ്മളെ കൂട്ടു ബിസിനസ്സിലും അടുപ്പത്തിലും ഇന്നുവരെ ഒരു പ്രശ്നവും ഉണ്ടായിട്ടില്ല.
>
> 
>
> ഞങ്ങളൊന്നിച്ച് അനവധി പ്രവർത്തിച്ചിട്ടുണ്ട് .മാനിപുരം പാലം വരാനും മറ്റും .ബാപ്പയുടെ കാലം മുതലേ ഉള്ള ബന്ധമാണ് .സത്യവും നിയമവും അനുസരിക്കുന്നവരുടെ കൂട്ട് ജീവിതത്തിലും ബിസിനസ്സിലും വേർപെടില്ല.’
>
> **പരിയേയിക്കുട്ടി ഹാജി**

‘വ്യവസായി, കോൺട്രാക്ടർ എന്നിവക്കെല്ലാമുപരിയായി നല്ലൊരു സംഘാടകൻ കൂടിയാണ് മക്കാട് മാധവൻ നമ്പൂതിരി. എന്റെ അടുത്ത സുഹൃത്ത്. അനവധി മേഖലകളിൽ ഒന്നിച്ച് പ്രവർത്തിച്ചിട്ടുണ്ട്.’ യോഗക്ഷേമസഭ സംസ്ഥാന പ്രസിഡന്റും സർവ്വോദയ സംഘം നേതാവുമായിരുന്ന എം.ബി. മൂസത് മാസ്റ്റർ പറഞ്ഞു.

മുതിർന്ന സഭാപ്രവർത്തകൻ എ.പി. നമ്പൂതിരിയുടെ വാക്കുകളിൽ നിന്ന് :

‘‘യോഗക്ഷേമസഭയുടെ കോഴിക്കോട് ജില്ലാ പ്രസിഡണ്ട് ആയിരുന്നു മക്കാട്. സഭയുടെ പത്താം സംസ്ഥാന സമ്മേളനം 1987 ൽ കോഴിക്കോട്ട് നടന്നപ്പോൾ ജനറൽ കൺവീനർ. സമ്മേളനങ്ങൾ സഭക്ക് സാമ്പത്തിക ബാധ്യത വരുത്തിയിരുന്ന കാലത്ത് നല്ലൊരു തുക ബാലൻസ് ഉണ്ടാക്കാൻ മക്കാടിന്റെ നേതൃത്വത്തിലുള്ള കമ്മിറ്റിക്ക് കഴിഞ്ഞു. അന്ന് മിച്ചം വന്ന തുകയുപയോഗിച്ച് ആദിശങ്കരയോഗക്ഷേമ കേന്ദ്രത്തിന്റെ പേരിൽ വാങ്ങിയ സ്ഥലത്താണ് ഇന്ന് സഭയുടെ ജില്ലാ ഓഫീസ് പ്രവർത്തിക്കുന്നത്.’’

എം.ബി. മൂസ് മാസ്റ്റർ, ചെമ്പകശ്ശേരി വാസുദേവൻ നമ്പൂതിരി, ഡി.വി നമ്പൂതിരിപ്പാട്, ഒളപ്പമണ്ണ ഡോ. ഒ.എൻ.വി. നമ്പൂതിരിപ്പാട്, ആറ്റുപുറം (AP) നമ്പൂതിരി, മംഗലശ്ശേരി ബാലൻ എന്നിവരോടൊപ്പം ചേർന്ന് മക്കാട് ഗായത്രി കല്യാണമണ്ഡപം നടത്തി. യോഗക്ഷേമസമിതിയുടേയും ഗായത്രി യാത്രാ സമിതിയുടേയും ആഭിമുഖ്യത്തിൽ സ്വദേശത്തും വിദേശത്തുമായി ഒട്ടേറെ യാത്രകൾ മക്കാടിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചിട്ടുണ്ട്.

‘ആദ്യം ഉദ്ദേശിക്കുന്ന സ്ഥലത്തേക്ക് പറ്റുമെങ്കിൽ പൈലറ്റ് ട്രിപ്പ് തന്നെ നടത്തും. ഇല്ലെങ്കിൽ പരമാവധി വിവരങ്ങൾ ശേഖരിക്കും. അതാണ് ചിട്ടയായ യാത്രകളുടെ മക്കാട് സ്‌റ്റൈൽ’ യോഗക്ഷേമസഭ സംസ്ഥാന സെക്രട്ടറിയായിരുന്ന മങ്ങത്തായ കൃഷ്ണൻ നമ്പൂതിരി ഓർക്കുന്നു.

ഒട്ടനവധി വിദേശയാത്രകൾ മക്കാട് മാധവൻ നമ്പൂതിരി സ്വന്തം കുടുംബത്തോടൊപ്പം നടത്തിയിട്ടുണ്ട് .യു.എസ്എ., ഇംഗ്ലണ്ട്, ഫ്രാൻസ്, ജർമ്മനി, ഇറ്റലി, ബൽജിയം (ഇളയ മകൾ സ്മിതയും ഭർത്താവ്. മധുകുമാറും 15 വർഷം അവിടെ താമസിച്ചിരുന്നു.) നെതർലാന്റ്സ്, ഓസ്ട്രിയ, സ്വിറ്റ്സർലണ്ട്, ഹവായ് ദ്വീപുകൾ, ഈജിപ്ത്, കംബോഡിയ, ബഹറിൻ, ദുബൈ, ഖത്തർ (മകൾ ലസിതയും ഭർത്താവ് അശോകനും അവിടെ താമസിക്കുന്നു), തായ്‌ലണ്ട്, സിങ്കപ്പൂർ, മലേഷ്യ.

പല രാജ്യങ്ങളിലും പലവട്ടമാണ് മക്കാട് യാത്ര ചെയ്തത്. ഏറ്റവും ഇഷ്ടപ്പെട്ട യാത്ര ഏതെന്ന ചോദ്യത്തിന് മക്കാട് ഇങ്ങനെ പറഞ്ഞു.

‘‘യാത്രകൾ എല്ലാം ഇഷ്ടമാണ്, വി

> നമ്പൂതിരിയുമായി വർഷങ്ങളുടെ അടുത്ത പരിചയമുണ്ട് . സമഭാവന ജീവിത വ്രതമാക്കിയ ആളാണ് മക്കാട് മാധവൻ നമ്പൂതിരി .ക്ഷേത്ര സംസ്കാരത്തിന്റെ അന്തസ്സത്ത ഹൃദയത്തിൽ സൂക്ഷിക്കുന്നയാൾ .പ്രദേശത്ത് നന്മയുടെ പ്രകാശം പരത്തുന്ന നല്ല മനുഷ്യൻ.
>
> 
>
> **(തോട്ടത്തിൽ രവീന്ദ്രൻ, കോഴിക്കോട് മേയർ )**

വിധ ദേശങ്ങൾ, ജനതതികൾ, സംസ്കാരങ്ങൾ. ഏറെ കാര്യങ്ങൾ മനസ്സിലാക്കാനുണ്ട്. എല്ലാം ഒന്നിനൊന്ന് മികച്ചവയാണ്. ഏറ്റവും ഇഷ്ടം ഏതെന്നു ചോദിച്ചാൽ ഈജിപ്ത് യാത്രയാണെന്നു പറയാം. ഫറവോമാർ, പിരമിഡുകൾ, മമ്മികൾ ,പ്രത്യേകിച്ച് കെയ്റോവിൽ നിന്ന് ആസ്വാനിലേക്കുള്ള ക്രൂയിസ് യാത്ര. സംസ്കാരത്തിന്റെ അടയാളങ്ങൾ സംരക്ഷിക്കുന്ന ഈജിപ്തുകാരുടെ ശുഷ്ക്കാന്തി പ്രത്യേകം എടുത്തു പറയേണ്ടതാണ് .കാലങ്ങളായി നശിക്കാതെ ഭൗതിക ശരീരം സൂക്ഷിച്ച മമ്മികൾ, കഷ്ടിച്ച് മാത്രം നടക്കാവുന്ന വഴികളിലൂടെ അവ കാണാനുള്ള യാത്രകൾ എല്ലാം എല്ലാം.

അതു പോലെ കമ്പോഡിയയിലെ അങ്കോർ വാട്ട് ക്ഷേത്രസമുച്ചയം. ലോകത്തിലെ ഏറ്റവും വലുതാണത്.''

സൂക്ഷ്മാംശങ്ങൾ പോലും ഓർത്തു സൂക്ഷിക്കുന്ന ഈ വലിയ സഞ്ചാരിയുടെ കണ്ണുകളിൽ ലോകം കണ്ട തിളക്കം.

മീനത്തിലെ ആയില്യമാണ് മക്കാടിന്റെ ജന്മനക്ഷത്രം. കുട്ടിക്കാലത്ത് പിതാവ് നഷ്ടപ്പെട്ട അനാഥത്വം. ധാരാളം വസ്തുവകകളുടെ ഉടമസ്ഥൻ.രാവിലെ 5 മണിക്ക് ഉണരൽ . തേവാരമായി ഗായത്രീ ജപം .നിത്യം ക്ഷേത്ര ദർശനം . ഉന്നത വിദ്യാഭ്യാസം നേടിത്തന്ന ലാളിത്യം. കൊടുവള്ളിയിലെ ആദ്യത്തെ MA ക്കാരന്റെ ജീവിതവീക്ഷണം തെളിനീർ പോലെ സംശുദ്ധം. ശുഭ്രവസ്തധാരിയുടെ ഹൃദയവും ശുഭ്ര നിർമ്മലം. ജഗന്നിയന്താവിന്റെ വിനീതനായ പ്രജയായി സകർമ്മിയായ ജീവിതം. ഉന്നത വിദ്യാഭ്യാസം നേടിയ മക്കൾ, മരുമക്കൾ ബന്ധുമിത്രാദികൾ. സഫലമാകുന്ന യാത്രയിൽ കണ്ണായി, വിളക്കായി ആത്മസഖിയായി സഹധർമ്മിണി ദേവകി.

**''ജോലിയാണ് പ്രധാനം. സൈറ്റിലെ പണികൾ കഴിഞ്ഞേ എത്ര വൈകിയാലും വരൂ. അതാണ് പതിവ്. അതെനിക്കും ശീലമായി.''**

ദേവകിയോപ്പോളുടെ വാക്കുകൾ കർമ്മനിരതനായ മക്കാടിന്റെ നേർ ചിത്രമാവുന്നു.

മക്കാടും പ്രാണപ്രേയസിയും സഹധർമ്മയാത്ര തുടങ്ങിയതിന്റെ അമ്പതാം വാർഷികം 2012 ൽ കുടുംബാംഗങ്ങൾ ആഘോഷിച്ചു. കോഴിക്കോട് കടവ് റിസോർട്സിലും മക്കാട് ഇല്ലത്തുമായി.

കോഴിക്കോട് ജില്ലയിൽ സമുദായത്തിലെ ആദ്യത്തെ പോസ്റ്റ് ഗ്രാജുവേറ്റ്. ആദ്യത്തെ കോൺട്രാക്ടർ. സർവ്വോപരി എന്നും അസ്സൽ നമ്പൂരി. എന്റർപ്രൈനർഷിപ്പിൽ നമ്പൂതിരി യുവാക്കൾക്ക് ഒരു പാഠപുസ്തകം തന്നെയാണ് മക്കാട്. എല്ലാ അർത്ഥത്തിലും **മാനേജ്മെന്റ് ഗുരു.**

തന്റെ വിജയരഹസ്യം എന്തെന്നു ചോദിച്ചപ്പോൾ മക്കാട് പുഞ്ചിരിച്ചു. വിജയം എനിക്കല്ല, മടി കൂടാതെയുള്ള പ്രവർത്തനങ്ങൾക്കാണ്. അലസത വെടിഞ്ഞ് വർക്ക്ഹോളിക് ആവുക, അതാണ് പ്രധാനം. നമ്പൂതിരിയുവാക്കൾക്ക് നൽകാൻ എന്തെങ്കിലും ഉപദേശം ചോദിച്ചപ്പോൾ മക്കാട് പറഞ്ഞതിങ്ങനെ: നമ്പൂരിക്ക് വേണ്ടത് തലമുറകളിലൂടെ കിട്ടിയിട്ടുണ്ട്. അതാണ് നമ്പൂരിത്തം. പൂണുനൂലിന്റെ മഹത്വത്തിൽ ഉറച്ചു നിൽക്കണം. എന്നും.. വിശ്വാസ്യതയും ആത്മാർത്ഥതയും എപ്പോഴും പ്രധാനമാണ്. നന്നായി പഠിച്ചു മാത്രം ഇറങ്ങിത്തിരിക്കുക, ജീവിതത്തിലും ബിസിനസ്സിലും. ചിട്ടയായി പ്രവർത്തിക്കുക Plan, Control, Execute, Audit. കുറുക്കുവഴികളില്ല. 'നമിക്കിലുയരാം നടുകിൽ തിന്നാം / നൽകുകിൽ നേടീടാം.'



*മക്കാട് തറവാട് മുറ്റം: അയ്യപ്പന്റെ ശ്രീകോവിൽ*

മാറ്റങ്ങളുടെ കുത്തൊഴുക്കിലും വിടാതെ പിടിച്ച നമ്പൂരിത്തം .ഭൂപരിഷ്ക്കരണ നിയമത്തിൽ പെട്ട് മക്കാട്ടെ സ്വത്തു വകകൾ ഒന്നും നഷ്ടപ്പെട്ടിട്ടില്ല .കൃഷി നശിച്ചിട്ടില്ല .പൊതുസമൂഹം സ്നേഹത്തോടെ നൽകിയ ഉന്നത സ്ഥാനങ്ങൾക്കും മാറ്റമുണ്ടായിട്ടില്ല.

മക്കാടിന്റെ പെരുമ നവചൈതന്യത്തോടെ പ്രോജ്ജ്വലിക്കുകയാണ്. **24 x 7** പ്രവർത്തനങ്ങളിലൂടെ വിജയ ഗായത്രികൾ ജപിച്ചു കൊണ്ടിരിക്കുന്ന മാധവൻ നമ്പൂതിരി പുഞ്ചിരി തൂകി.

**വിശ്രമമില്ലാത്ത ഈ കർമ്മ സന്യാസി അടുത്ത വർഷം ശതാഭിഷിക്തനാവുകയാണ്.**

ഫോൺ: 94479 03777



*കോഴിക്കോട് എൻ.ഐ.ടി. പുതിയ ബ്ലോക്കിന്റെ ഉദ്ഘാടനം അന്നത്തെ വിദ്യാഭ്യാസ മന്ത്രി ടി.എം. ജേക്കബ്ബ് നിർവ്വഹിക്കുന്നു. 1986-ൽ 10 മാസം കൊണ്ടാണ് മക്കാട് ഈ കരാർ പൂർത്തീകരിച്ചത്. വലത്ത് മക്കാട് നമ്പൂതിരി*

കവിത



# സമയസൂചികൾ

ജ്യോതി നാരായണൻ

സമയസൂചികളെ
എനിക്ക് ഭയമാണ്
പ്രശാന്തമായ സായാഹ്നങ്ങളെ
ഒരു കൊടുങ്കാറ്റിലൂടെ തട്ടിച്ചിതറുന്ന
വികൃതരൂപങ്ങളെ...
രാവും പകലും മൗനം മുറിച്ചെറിഞ്ഞ്
തലതല്ലിയാർക്കുന്ന ഇഴജന്തുക്കളെ
മുൻഗാമിയുടെ കിതപ്പൊടുങ്ങിയ
തെരുവുചാലുകൾ
വലിയ നിഴലിലൊളിപ്പിച്ച്
ഊറിച്ചിരിക്കുന്ന സമയസൂചികയെ...
അനന്തമായ യാത്രക്കൊടുവിൽ
ഇല്ലായ്മകളുടെ ഭാണ്ഡം പേറി
കയറിവരുമ്പോഴൊക്കെയും
തലച്ചോറിൽ നഷ്ടബോധം കുത്തിവെക്കുന്ന
വിഷസൂചികളെ...
അവയോർമ്മിപ്പിക്കുന്നത്
കാലിടറിവീണ് മഴവെള്ളത്തിലൊലിച്ചുപോയ
വസന്തത്തെയാണ്...
തിരിച്ചുവരും മുമ്പ് തിര വിഴുങ്ങിയ
ചെറിയ കിനാവഞ്ചികളേയും...
മയക്കത്തിലേക്കൂർന്നു വീഴുമ്പോൾ
വിളിച്ചുണർത്തി കാണിച്ചുതരുന്നത്
വഴി മറന്ന പക്ഷിയുടെ
നിറം നരച്ച തൂവൽ...

ഇരുണ്ട ചുവരിൽ
മയിൽ ചിത്രങ്ങളലങ്കരിച്ച
ചില്ലുകൂട്ടിലും
അവ മുരളുക തന്നെയാണ്
സമയം തെറ്റിയ ദേശാടനങ്ങൾക്ക്
അതിരു വരച്ച്, നെറ്റി ചുളിച്ച്
ആത്മാവിലേക്ക് കൈചൂണ്ടുന്ന
ആ കറുത്ത സൂചികൾ!

വിശ്രമങ്ങളിലേക്കിഴഞ്ഞിറങ്ങി
ജീവിതമെടുത്ത്
ഇതിഹാസമെഴുതാനുപദേശിക്കുന്ന
അതേ സൂചികൾ.

കൈവെള്ളയിലെ നീലിച്ച പാടുകൾക്ക്
സമവാക്യമെഴുതാനാവാതെ
വാതിൽത്തണലിലഭയം തിരഞ്ഞ
ശൈശവത്തിലുറവയെടുത്ത്

ജീവിതത്തിന്റെ ബലൂൺ ഭംഗിയെ
സമയമുനകൾക്ക് പണയം വെച്ച ബാല്യത്തിലൂടെ
ഉത്സവങ്ങളുറങ്ങിപ്പോയ കൗമാരവും കടന്ന്
ഭയമൊഴുകുകയാണ്

നിഴലുകളറ്റുപോകുമ്പോഴും
ഒടുവിലത്തെ ഹൃദയമിടിപ്പിൽ നിന്നുറവയെടുത്ത്
മരവിപ്പുടലാകെ പടരുമ്പോഴും
അവയെത്തുക
എന്റെ സമയസീമയെക്കുറിച്ചോർമ്മിപ്പിക്കാനാകും

മരണവൃത്തത്തിലവസാന നിമിഷ-
മടയാളപ്പെടുത്തി അലറിച്ചിരിക്കുന്ന
യന്ത്രസൂചികൾ..!

# കണ്ണിപറമ്പിൽ കവിത വിരിയുന്ന നേരം

## 23 കുട്ടികൾ 23 കവിതകൾ

**ഭാവനയുടെ ആകാശം മണിക്കൂറുകൾ കൊണ്ടു കീഴടക്കിയ പ്രതിഭകൾ ഏവരേയും അത്ഭുതപ്പെടുത്തി. 'നാം' എന്ന കണ്ണിപറമ്പിലെ നമ്പൂതിരി യുവാക്കളുടെ സംഘം പുറവണ്ണൂർ എടക്കാട് വെച്ചു 29 - 5 - 19 ന് നടത്തിയ 'വർണ്ണം' ശില്പശാലയുടെ അനുഭവമായിരുന്നു ഇത്. എഴുത്തിന്റെ വഴികളെക്കുറിച്ചും രചനയുടെ ഘട്ടങ്ങളെക്കുറിച്ചും ഉദ്ഘാടകൻ പാനാട് പത്മനാഭൻ നമ്പൂതിരി (സ്വസ്തി അസോ. എഡിറ്റർ) കുട്ടികളോട് പറഞ്ഞു. കാവ്യാസ്വാദനം, കവിത വിശകലനം, ബിംബ കല്പനകൾ തുടങ്ങിയ വിഷയങ്ങൾ വിവിധ സെഷനുകളിലായി ചർച്ച ചെയ്തു. കവിയും ഗാനരചയിതാവുമായ മുല്ലപ്പള്ളി നാരായണൻ നമ്പൂതിരി, വൈത്തല ഉണ്ണികൃഷ്ണൻ, വൈത്തല നാരായണൻ നമ്പൂതിരി, നരിയങ്ങൽ തലപ്പണ പാർവ്വതി അന്തർജ്ജനം, ഡോ. വീട്ടിക്കാട് പരമേശ്വരൻ, എളപ്പില നാരായണൻ നമ്പൂതിരി, പി.പി. എൻ നമ്പീശൻ എന്നിവർ ക്ലാസ് നയിച്ചു. കുട്ടികൾ കവിതകൾ അവതരിപ്പിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്തു. മനോജ്കുമാർ എടക്കാട് (ഉണ്ണിക്കുട്ടന്റെ) അദ്ധ്യക്ഷതയിൽ ചേർന്ന പരിപാടിയിൽ എസ്.എസ്.എൽസി, പ്ലസ് ടു വിജയികൾക്ക് പി.ഇ. സാവിത്രി അന്തർജ്ജനം സമ്മാനങ്ങൾ നൽകി. പി.ഇ. വാസുദേവൻ നമ്പൂതിരി, വി.ഇ. ശ്രീനാഥ് (അനിയൻ) കരിപ്പാല സുബ്രഹ്മണ്യൻ (കുഞ്ഞുണ്ണി), ദേവൻ നടുവിലേടം എന്നിവർ സംസാരിച്ചു. സംഘാടനം കൊണ്ടും ഉള്ളടക്കം കൊണ്ടും മികച്ചു നിന്ന ശില്പശാല വർണാഭമായി എന്ന് വിലയിരുത്തപ്പെട്ടു.**

**വി.ഇ. ഉണ്ണികൃഷ്ണൻ**



## അമ്മ

രണ്ടക്ഷരങ്ങൾക്കുമുള്ളിലായരുമയായ്
മിന്നും പ്രഭാവമാണമ്മ
ജീവിതച്ചൂടിലും തണലേകി നിൽക്കുന്ന
നന്മയാം വൃക്ഷമാണമ്മ
സ്നേഹ കിരണങ്ങളാൽ
തഴുകിത്തലോടുന്ന
ദിവ്യപ്രകാശമാണമ്മ
പാലമൃതൂട്ടിയിട്ടെന്നെ ഞാനാക്കിയ
പ്രത്യക്ഷ ദൈവമാണമ്മ
സ്നേഹ ദീപത്തിൻ പ്രകാശത്തിലലിയുന്ന
ദൈവീക ഭാവമാണമ്മ- എന്റെ
നന്മതൻ നെയ്‌വിളക്കമ്മ

**അനശ്വര പി.ഇ**
പുറവണ്ണൂർ, എടക്കാട്



## പ്രകൃതീശ്വരി

മലയും പുഴയും കാടും മേടും
കടലും ചേർന്നോരെന്നമ്മ
പച്ചപട്ടുടയാടയുടുത്തും
പിച്ചക മലരിൻ മാലയണിഞ്ഞും
കാറ്റാൽ തഴുകിയുറക്കീടുന്നൊരു
പ്രകൃതീശ്വരിയാണെന്നമ്മ
സ്നേഹിക്കേണം അമ്മയെ, യാരും
നോവിക്കരുതേ നാം മക്കൾ

**പാർവതി പി**
പേരൂർ ഇല്ലം



## മധുരം മലയാളം

മലയാളമണ്ണിന്റെ ഭാഷയെ ഞാനെന്റെ
മാറോടു ചേർത്തങ്ങുവെയ്ക്കും
മലയാളിയായിപ്പിറക്കാൻ കഴിഞ്ഞതെ-
ന്നഭിമാനമായിക്കരുതും
മലയാളമാണെന്റെ ഭാഷയെന്നുള്ളത്
മടി കൂടിടാതെ മൊഴിയും
കേരളമണ്ണിന്റെ ഭാഷയ്ക്കു വേണ്ടി ഞാ-
നാവുന്നതൊക്കെയും ചെയ്യും
വാത്സല്യമേകുന്ന ഭാഷയെ ഞാനെന്റെ
അമ്മയായ് തന്നെയും കാണും
മണ്ണിനോടിഴചേർന്ന് നിന്നതിൻ
സംസ്കാരഭംഗിയെ കാത്തു കൊണ്ടീടും
അമ്മയെ കാക്കേണ്ട ചുമതല ഞാൻ തന്നെ
നിറവേറ്റി നിലനിർത്തിയുയരും
അമ്മയെക്കാണാതെ ആംഗലം തേടുന്നോർ
ആരെന്ന ബോധം മറന്നോർ
അതിനൊത്തു മായുന്നു നമ്മുടെ
ഉള്ളിലെ മലയാളിയെന്ന വികാരം,
മധുര മലയാളമെന്നൊരു ഭാഷ

**സുവർണ്ണ മുല്ലപ്പള്ളി**



കണ്ണിപറമ്പിൽ കവിത വിരിയുന്ന നേരം കണ്ണിപറമ്പിൽ കവിത വിരിയുന്ന നേരം കണ്ണിപറമ്പിൽ കവിത വിരിയുന്ന നേ

# ആപ്പിന്റെ കോപ്പ്

**ക**ണ്ടാലവൻ കൂട്ടുകാരൻ-കൂട്ടു
ക്കൂടിയാൽ വിട്ടൊഴിയില്ല
ലോകത്തിലുള്ളതൊക്കെയും
ഒരു 'ടച്ചി'ലെത്തിച്ചു നൽകും
എന്നാലവന്നറിയില്ല, ഏത്
വേണ്ടത് വേണ്ടാത്തതെന്ന്
കൂട്ടരെ ശത്രുവായ്ത്തീർക്കും- പിന്നെ
ശത്രുവെക്കൂട്ടാളിയാക്കും
പാവം കളിക്കൂട്ടുകാരെ-കേളി
ചെയ്തു കൊലക്കു കൊടുക്കും
പോക്കിരിയാണവനെന്നാൽ-പല
ആപ്പുകൾ കൈവശമുണ്ട്
നമ്മളെയാപ്പിലാക്കീടാൻ-പോന്ന
കോപ്പുണ്ടവനെന്നറിക



**ആദർശ് മങ്ങത്തായ**

# സദ്യ

പല പല പല പല വിഭവങ്ങൾ
സദ്യകഴിച്ചാൽ ഗംഭീരം
സാമ്പാർ, ഓലൻ, കാളൻ, തൈരും
കറികൾ പലവിധമുണ്ടല്ലോ
മുരിങ്ങ, പയറ്, വാഴയ്ക്ക
കൈപ്പാതേങ്ങ, അവിയലും
പാലും അടയും ചേർന്നാലോ
ഉഗ്രൻ പായസമായല്ലോ
മാങ്ങ, നെല്ലി, നാരങ്ങ
പലവിധമുണ്ട് അച്ചാറ്
എണ്ണയിൽ മുങ്ങിയ രസികൻ പപ്പടം
കറുമുറെ, കറുമുറെ തിന്നാലോ
ഇഞ്ചിത്തൈരും ചോറും പുളിയും
തോരനുമുപ്പേരീം അതികേമം
ആരു കണ്ടാലും കൊതിച്ചിടുന്ന
രസികൻ രസവും പപ്പടവും
പലവിധമല്ലോ വിഭവങ്ങൾ
വായിൽ കപ്പലിറക്കാലോ





**ശ്രേയ വാസുദേവ്**
പേരൂർ



# വേനൽച്ചൂട്

മീനമാസത്തിൻ പകൽ കഴിഞ്ഞു
മഴയില്ല, മഴമേഘമെങ്ങുമില്ല
എരിയും വെയിലിന്റെ തീഷ്ണതയിൽ
ഭൂമിയിലെല്ലാം കരിഞ്ഞുപോയി

സൂര്യന്റെ ഘോരമാം നോട്ടത്തി-
ലെരിയുന്നു, പച്ചപ്പു മാഞ്ഞുപോകുന്നു
പൂക്കൾ ഉണങ്ങിയ പൂമരങ്ങൾ
താഴെ, നീരുറവ തേടും ജലാശയങ്ങൾ

വെയിലേറ്റു വിണ്ട വയലുകൾ
വേരിട്ട് തുണ്ടുകളായി കിടപ്പൂ
മഴയെ പ്രതീക്ഷിച്ചു നിൽക്കും തവളതൻ
തൊണ്ടയിൽ ശബ്ദം നിലച്ചു


കരിനിഴൽ ചാർത്തായി മാറിയ ചെടികളോ
കരിങ്കൊടി തോരണമായി
കാട്ടിലെ ജീവികൾ ദാഹജലം തേടി
നാട്ടിലെങ്ങും അലയുന്നു
ഇടിവെട്ടി മഴപെയ്തു പുളകങ്ങൾ
ചൂടുവാൻ, കാത്തിരിപ്പാണിന്നു നമ്മൾ



**വൈഷ്ണവി കെ.പി.**
കട്ടയാട്ടു പാട്ടം

# ലോകനാഥൻ

**അ**രുണവർണ്ണങ്ങളാം മുടിയഴിച്ചഴകോടെ
വീരാളിപ്പട്ടുമരയിൽ ചുറ്റി
പ്രകൃതിമാതാവിനെ പുൽകിയുണർത്തിയി-
ട്ടഴകേകി മിഴിവേകിശോഭയേകി
മാനവരാശിതൻ ജീവിതപ്പാതയിൽ
കനകപ്രകാശം വിതച്ചുകൊണ്ട്
അങ്ങുകിഴക്കുനിന്നുദയനാ മലകേറി
പൂക്കളെത്തഴുകി വരുന്ന ദേവൻ
ഉന്നിദ്രഭാവനായ് രാജതേജസ്വിയായ്
സിന്ദൂരവർണ്ണനായ് അതിരൗദ്രവദനനായ്
ഉലകത്തിനുൺമയായ്
ഊഴിക്കു കാവലായ്
ലോകൈകനാഥൻ വിളങ്ങിടുന്നു



**ആർദ്ര മങ്ങത്തായ**




## ചിലന്തി വല

**ചി**ലന്തിവല പോൽ ചുമരിൽ പറ്റി
കിടന്നീടുന്നു വിരുതനവൻ
പൈസക്കാരുടെ വീട്ടിൽക്കാണും
തണുപ്പു നൽകും 'കുളറവൻ'

ഇവൻ പടർത്തും തണുപ്പിനൊപ്പം
പല പല രോഗം മടിയാതെ
ചൂടിനെ വെല്ലാൻ കുളറിനാകും
രോഗം തടയാൻ വഴിയില്ല
മരങ്ങൾ നട്ടുവളർത്തുക നമ്മൾ
നാട്ടിൽ തണലുവളർന്നീടാൻ

**അരവിന്ദ് പരമേശ്വരൻ വി**
വീട്ടിക്കാട്ട് ഇല്ലം





## വഴിതെറ്റാതെ...

**വ**ഴിതെറ്റലുണ്ടാകാ ജീവിതത്തിൽ
വഴിപോലെ നോക്കി നടന്നീടണം
കൈകളിൽ ഫോണുമായ് കുമ്പിട്ടിരിക്കുന്നു
കൂട്ടരോടൊത്തു നാം ചാറ്റു ചെയ്ത്
നല്ലതല്ലേ ഇത്?, നല്ലതാണോ ഇത്?
സംശയം തീരുന്നതില്ലെനിക്ക്!
അച്ഛനുമമ്മയും ചൊല്ലുന്നു വേണ്ടാന്ന്,
ഏട്ടൻ പറയുന്നു വേണോ അമ്മോ!

മുത്തശ്ശിയൊന്നുമേ മിണ്ടാതിരിക്കുന്നു,
എന്തു ചെയ്യേണ്ടു ഞാൻ സങ്കടമായ്

നല്ലതും ചീത്തയും വേറെ അറിയണം
നമ്മതൻ ഭാഗത്തു നിന്നിടേണം
കൂട്ടുകാരൊത്തു നടക്കുന്ന നേരത്ത്
കൂട്ടർക്ക് നേർവഴി കാട്ടിടേണം
എല്ലാരും ചൊല്ലുന്ന കാര്യങ്ങൾ കേൾക്കണം
നേരെ അറിഞ്ഞു നാം ചെയ്തിടേണം

**സാന്ദ്ര വി.എൻ.**
വൈത്തല ഇല്ലം





## വെളിച്ചമേ നയിച്ചാലും

**അ**സ്തമയ സൂര്യന്റെ മുന്നിൽ
വാക്കുകൾ തേങ്ങലായ് സമർപ്പിക്കുമ്പോഴും
ഒരു നീണ്ട നിഴലായ് എന്നെ പിന്തുടരുന്നു.
ധീരനായ് ഞാൻ അങ്ങയെ കാണുന്നു
നീ ആഴിയിലേക്ക് ആഴ്ന്നിറങ്ങുമ്പോഴും
ആകാശത്തൊരുമാരിവിൽ തരുന്നു
ഇരുളിന്റെ അഗാധതയിൽ ഞാനിരിക്കുമ്പോൾ
പിൻവിളക്കിൻ പുതുകിരണമായ്
നീയുദിക്കുന്നു
മുന്നിലേക്കെന്നെ നയിക്കുന്നു

**അശ്വിൻദേവ് പി.ഇ.**
പുറവണ്ണൂർ എടക്കാട്ടില്ലം



## പൊരുളറിയാം



**നീ**തന്നെ സ്വന്തമായ് കാത്തുകൊൾക
സൗഭാഗ്യമെല്ലാമെടുത്തു കൊൾക
കൂടെപ്പിറന്നവർ കൂടെ നടന്നവർ
എല്ലാർക്കുമായി നീ പങ്കുവെയ്ക്ക-
നല്ല കാലത്തുള്ള കൂട്ടുകാരെല്ലാരും
ഇല്ലായ്മയൊത്തു വരികയില്ല
ദു:ഖങ്ങൾ സ്വന്തമനുഭവിച്ചീടണം
സൗഖ്യങ്ങൾ പങ്കിടാൻ ആളേറിടും
എങ്കിലും സ്നേഹിക്കവേണം  പരസ്പരം
സത്യമറിഞ്ഞു വളർന്നീടേണം

**ജയദേവ് എടക്കാട്ടില്ലം**



## പുഴ

**പു**ഴകൾ പലതും ഒഴുകുന്നു
ശബ്ദത്തോടെ ഒഴുകുന്നു
മീനുകളൊക്കെത്തുള്ളിച്ചാടി
പേക്രോം പേക്രോം തവളകളും
തോണികൾ പലതും ഒഴുകുന്ന
കുട്ടികളൊക്കെ നീന്തുന്നു
താറാകുഞ്ഞുകൾ ആടിപ്പാടി
ആർത്തുചിരിച്ചു കളിക്കുന്നു

**രഘുശങ്കർ കെ.ടി**
കോടിത്തലപ്പണ ഇല്ലം



## മനുഷ്യൻ



**റോ**ക്കറ്റിലേറിക്കുതിച്ചു അവൻ,
കാടെല്ലാം വെട്ടിമുറിച്ചു
വിണ്ണിനെ തൊട്ടുതലോടി അവൻ,
മണ്ണിൽ വിഷം വാരിവീശി
വെള്ളത്തിൽ നീന്തിത്തുടിച്ചു അവൻ,
നീരിലും നഞ്ഞു കലക്കി
വായുവിൽ പാറി നടന്നു അവൻ,
ഭൂമിയെ പാടെ മറന്നു

**ശ്രീഹരൻ, പി.ഇ.**
പുറവണ്ണൂർ എടക്കാട്



## പന്ത്

**കൂ**ട്ടുകാരോടൊത്ത് കൂട്ടുക്കൂടാൻ
കൂട്ടരിൽ ഒന്നാമനായീടുവാൻ
പന്തയം വെച്ചു കളിച്ചീടുവാൻ
പന്തെ നീയാണെന്റെയുറ്റമിത്രം
വെങ്കലം, വെള്ളിയും സ്വർണ്ണവുമായ്
രാജ്യത്തിനുറ്റവനായീടുവാൻ
അഭിമാനതാരമായ് എന്നെ മാറ്റാൻ
അപമാനമില്ലാതെതിരിടുവാൻ
കളിയിലെ കാര്യമറിഞ്ഞിടേണം
പന്തുപോലെപ്പോഴും ജീവിതത്തിൽ
പായണം ലക്ഷ്യത്തിലേക്കു നമ്മൾ

**വൈഷ്ണവ് ശങ്കർ**
കട്ടയാട്ടില്ലം





കണ്ണിപറമ്പിൽ കവിത വിരിയുന്ന നേരം കണ്ണിപറമ്പിൽ കവിത വിരിയുന്ന നേരം കണ്ണിപറമ്പിൽ കവിത വിരിയുന്ന നേ

# പുത്രി

**ഞാ**ൻ മാമലകളുടെ പുത്രി
എന്നിൽ നിന്ന് പുതുജീവൻ ഉടലെടുത്തു
എന്റെ യാത്രകളിൽ നിന്ന് പുതുസംസ്കാരവും
ഞാൻ ജീവൻ നൽകി നൂറായിരം
ജന്മങ്ങൾ  പ്രകാശിപ്പിച്ചു
എന്റെ ദുഃഖം; എന്റെ സഹനം,
എന്റെ തപസ്സ്; ഭൂമിയിൽ അമൃതം ചൊരിഞ്ഞു
അമൃതമയമായ എന്റെ ചോര!
ഇന്ന് വിഷമയമായിത്തീർന്നുവോ?

**ദേവിക ഇടക്കാട്**



# സൂര്യൻ

**പ്ര**ഭാതത്തിൻ കാവലാളായ്
അവനെത്തും ദിനംതോറും
സ്വയം കത്തിയെരിയുന്നു
പ്രജാമോക്ഷത്തിനായെന്നും
ധരണിതൻ സുസ്ഥിതിക്കായ്
അന്ധകാരമകറ്റുന്നോൻ
മറക്കില്ലയവനൊന്നും
കർമ്മവും ധർമ്മവും സത്യം
നമിക്കുന്നു സവിതാവാം
ധർമ്മയോധാവേ നിന്നെ

**ശ്രീപ്രിയ**
പെരികമന





# പൂവ്

**പൂ**ക്കളെക്കാണുവാനെന്തു ഭംഗി
പൂമണമേൽക്കുവാനെന്തു രസം
മുറ്റത്തു പൂച്ചെടി നട്ടു വളർത്തുവാൻ,
കാറ്റിലാടുന്നതു കണ്ടിരിക്കാൻ,
പൂവുകൾ തോറും പറന്നു നടക്കുന്ന
പൂന്തേൻ നുകരും ശലഭമാവാൻ
ആവുകിലെങ്കിലു,മാകുവാനെന്നുടെ-
ഉള്ളിലൊരു മോഹം പൂവിടുന്നു



**ശ്രീരുദ്രൻ**
പുറവണ്ണൂർ എടക്കാട്



## പൂവും തേനും

**പൂ**വിന് പല പല നിറമുണ്ട്
പൂവിന് നല്ലൊരു മണമുണ്ട്
പൂവിന് നല്ലൊരു ചേലുണ്ട്
പൂവിന്നുള്ളിൽ തേനുണ്ട്
പൂന്തേനുണ്ണാൻ വന്നോളൂ
പൂമ്പാറ്റകളെ വന്നോളൂ
പൂന്തേനുണ്ടു രസിച്ചോളൂ

**വിനയ്ശങ്കർ**
നടുവിലേടം





## മഴ

**മ**ഴയേ മഴയേ നീയില്ലെങ്കിൽ
മരവും ചെടിയും ഇല്ലല്ലോ
മഴയേ മഴയേ നീയില്ലങ്കിൽ
ഭൂമി, പച്ച പുതക്കില്ല
മഴയേ മഴയേ നീയില്ലെങ്കിൽ
മഴവില്ലിനിമേൽ വരുകില്ല

വിഷ്ണു കേശവ്
കട്ടയാട്ട് പാട്ടം





## തെങ്ങ്


**കു**ത്തബ്മിനാറിൻ പൊക്കത്തിൽ
നീണ്ടു നിവർന്നൊരു തെങ്ങ്
വിരിഞ്ഞു നിൽക്കും പൂക്കുല പോലെ
ഓല നിറഞ്ഞൊരു തെങ്ങ്
തലയിൽ നിറയെ മധുരത്തേങ്ങകൾ
മടിയാതേറ്റും തെങ്ങ്
നാടിൻ പേരായ് മാറിയ തെങ്ങ്
കേരം തിങ്ങും കേരളനാട്

**ശിവശങ്കർ കെ.പി**





കണ്ണിപറമ്പിൽ കവിത വിരിയുന്ന നേരം കണ്ണിപറമ്പിൽ കവിത വിരിയുന്ന നേരം കണ്ണിപറമ്പിൽ കവിത വിരിയുന്ന നേ



# മരങ്ങൾ

**മ**രങ്ങൾ നമ്മുടെ കൂട്ടാളി
മഴപയ്യുമ്പോൾ കുടയായി
വെയിലാവുമ്പോൾ തണലായി
പൂക്കളമിടുവാൻ പൂവായി
ഓടിക്കയറാൻ മരമായി
ഊഞ്ഞാലിടുവാൻ കൊമ്പായി
ക്ഷീണിക്കുമ്പോൾ പഴമായി
പ്രാണന് വായുവുമായീടും
മരമേ നീയെൻ മാതാവോ?

സോദരനോ? നീ കാമുകനോ?

**രേവന്ത് കൃഷ്ണൻ എം.**



# മോഹം

**വി**ദ്യാലയത്തിലെ മാവിൻ ചുവട്ടിൽ വ-
ന്നൊത്തിരി നേരമിരിക്കേണം- കൊച്ചു
കൂട്ടരോടൊത്തു കളിക്കേണം-കണ്ണി
മാങ്ങക്ക് കല്ലെറിഞ്ഞീടേണം-ഉപ്പു
കൂട്ടി രസിച്ചു കഴിക്കേണം-മാങ്ങ
യണ്ടിയെ പന്താക്കിമാറ്റേണം
.....
പന്തിനൊപ്പം പാഞ്ഞുപോകുന്നു
പണ്ടത്തെയോർമ്മയും പാഴ്ചിന്തയും

**ദേവ്മാധവ് എൻ.ടി.**



# മഴ



**മ**ഴ, മഴ, മഴ, മഴ, മഴ വന്നേ
മഴയിൽ തുള്ളി രസിക്കാലോ
ഉണ്ണിക്കുട്ടൻ തോണിയിറക്കി
മഴമേളം തക മഴമേളം
തവളക്കുട്ടൻ നീട്ടിപ്പാടി
പേക്രോം പേക്രോം തുടിമേളം

**സാരംഗ് സുബ്രഹ്മണ്യൻ കെ.ടി.**
കോടിത്തലപ്പണ



ദാമോദരൻ വൈഷ്ണവം

# 'അച്ഛന്റെ ഇല്ലം എന്റേതുമായി'

മിഥുനമാസ രേവതി-2019 ജൂൺ 26 'തറവാട്ടു കാരണവ' രുടെ അശീതി (എൺപതാം പിറന്നാൾ) ആയിരുന്നു മുത്താലം വാഴാമ്പറ്റ ഇല്ലക്കാർക്ക്. മുൻതലമുറയിലെ അഫൻനമ്പൂതിരിക്ക് വിജാതി വിവാഹത്തിലുണ്ടായ മകൻ ഇല്ലക്കാർക്കു മാത്രമല്ല ബന്ധുമിത്രാദികൾക്കും വേണ്ടപ്പെട്ടവനായത് മറ്റൊരു അഫൻ നമ്പൂതിരിയുടെ മഹാമനസ്കത കൊണ്ട്!

അരീക്കോട് കൊഴക്കോട്ടൂർ പാലൊളി മാധവി അമ്മയിൽ യശശ്ശരീരനായ വാഴാമ്പറ്റ വിഷ്ണു നമ്പൂതിരിക്കുണ്ടായ സീമന്തപുത്രൻ ദാമോദരന് അച്ഛനെ കണ്ട ഓർമ്മയില്ല. പലപ്പോഴായി അമ്മ പറഞ്ഞു കൊടുത്ത ധാരണമാത്രം. പ്രസിദ്ധമായ സാളഗ്രാമം നരസിംഹമൂർത്തി ക്ഷേത്രം ഊരാളനും മേൽശാന്തിയുമായിരുന്നു അച്ഛൻ. രാജയക്ഷ്മാവ് (ക്ഷയരോഗം) പിടിപെട്ട് അച്ഛൻ മരിക്കുമ്പോൾ ദാമോദരന് നാലഞ്ചു വയസ്സു മാത്രമേയുള്ളൂ.

അഫൻ നമ്പൂതിരിമാർ സ്വസമുദായത്തിൽ നിന്നും വേളികഴിക്കണമെന്ന യോഗക്ഷേമസഭയുടെ ആഹ്വാനം നമ്പൂതിരി യുവാക്കൾ ഉൾക്കൊണ്ടു തുടങ്ങിയ കാലം. വിഷ്ണു നമ്പൂതിരിയുടെ അനുജൻ ഉണ്ണികൃഷ്ണൻ നമ്പൂതിരിക്ക് 'പരിവേദന ഭ്രഷ്ട്' വരാതെ വേളി കഴിക്കാൻ വേണ്ടി ദാമോദരന്റെ അച്ഛൻ വേളിയും കഴിച്ചിരുന്നു. ഇല്ലത്തെ ആ ചെറിയമ്മയിൽ നാരായണൻ (അപ്പു) എന്ന അനുജനും ഉണ്ടായി-മൂന്നര വയസ്സ് ഇളയതായി. തുടർന്നുണ്ടായത് ദാമോദരേട്ടൻ തന്നെ പറയും:


ഇ.എസ്. എൽ.സി വരെ (8-ാം ക്ലാസ്) അരീക്കോട്ട് യു.പി. സ്കൂളിൽ പഠിച്ചു ദാമോദരൻ. പതിനഞ്ചു കിലോമീറ്റർ ചുറ്റളവിൽ ഹൈസ്കൂൾ ഇല്ലാത്തതിനാൽ തുടർ പഠനത്തിന് ഒരു നിവൃത്തിയുമില്ല. അങ്ങനെ വിലപ്പെട്ട രണ്ടു വർഷം വെറുതെയിരുന്നു. ആയിടക്കാണ് മുക്കത്ത് ഹൈസ്കൂൾ ആരംഭിച്ചത്. ഈ വിവരം അമ്മ അറിഞ്ഞപ്പോൾ ദാമോദരനോടു ഒരു ചോദ്യം: " രണ്ടു കൊല്ലം വെറുതെ ഇരുന്നില്ലേ? ഇപ്പോഴും പഠിക്കണമെന്ന് തോന്നുന്നുണ്ടോ?"

പഠിച്ചു കൊള്ളാമെന്നായിരുന്നു മറുപടി.

അമ്മ ഉടനെ തന്നെ ശങ്കരേട്ടനെ (വലിയമ്മയുടെ മകൻ) വിളിച്ചു പറഞ്ഞു: 'ദാമോദരനേയും കൂടി നീ നാളെത്തന്നെ വാഴാമ്പറ്റ ഇല്ലംവരെ പോവുക. അവന് അവിടെ താമസിച്ചു പഠിക്കാനുള്ള അനുവാദവും ചോദിക്കുക. ഇല്ലത്തു താമസിക്കാൻ പറ്റിയാൽ എല്ലാം ശരിയായി." ഈ അഭിപ്രായം വീട്ടിൽ എല്ലാവർക്കും സ്വീകാര്യമായി. എനിക്കും സന്തോഷമായി.

മുമ്പു രണ്ടു പ്രാവശ്യം അവധിക്കാലത്ത് ഞാൻ ഇല്ലത്തു പോയി ദിവസങ്ങളോളം താമസിച്ചു തിരിച്ചു പോന്നിരുന്നു. ആ അനുഭവം എന്നിൽ ശുഭപ്രതീക്ഷ വളർത്തി. അവിടെയുള്ള എല്ലാവരുടെയും സ്നേഹമസൃണമായ പെരുമാറ്റം ഞാൻ അനുഭവിച്ചറിഞ്ഞതാണ്.

പിറ്റേ ദിവസം രാവിലെ പുറപ്പെട്ടു ഉച്ചക്കു മുമ്പായി ഞങ്ങൾ അവിടെയെത്തി. അന്ന് ഇല്ലത്തെ കാര്യങ്ങൾ എല്ലാം നോക്കിയിരുന്നത് ഉണ്ണികൃഷ്ണൻ അഫനും നാരായണേട്ടനും കൂടിയായിരുന്നു. ഞങ്ങളെ കണ്ടപ്പോൾ തന്നെ അഫൻ ചിരിച്ചുകൊണ്ടു പുറത്തേക്കു വന്നു. എന്നാൽ ഏട്ടനെ കണ്ടതുമില്ല. അന്വേഷിച്ചപ്പോളാണറിയുന്നത് ഏട്ടൻ വസൂരിരോഗം ബാധിച്ച് പത്തായപ്പുരയിൽ ഒരു മുറിയിൽ കിടപ്പിലാണെന്ന്. നോക്കാൻ ഒരു ആളേയും നിർത്തിയിട്ടുണ്ട്. ഞങ്ങൾ വല്ലാത്തൊരു സന്ദിഗ്ദ്ധാവസ്ഥയിലായി. ചെന്നകാര്യം അഫന്റെ മുമ്പിൽ അവതരിപ്പിക്കണോ അതോ ഒന്നും പറയാതെ തിരിച്ചു പോരണോ? അവസാനം പറയാൻ തന്നെ തീരുമാനിച്ചു. ശങ്കരേട്ടൻ എല്ലാ കാര്യങ്ങളും അഫന്റെ മുമ്പിൽ അവതരിപ്പിച്ചു. ദാമോദരനെ ഇവിടെ താമസിച്ചു പഠിക്കാൻ അനുവദിക്കണമെന്ന് ഒരു അപേക്ഷയും.



അഫന്റെ മറുപടി വളരെ പെട്ടെന്നായിരുന്നു.

"ഇതിനിപ്പോ ഒരനുവാദം ചോദിക്കേണ്ട ആവശ്യമൊക്കെയുണ്ടോ? ദാമോദരന് എപ്പോൾ വേണമെങ്കിലും ഇവിടെ വന്ന് താമസിച്ചു കൂടേ? അതു പഠിക്കാനാണെങ്കിൽ വളരെ നല്ല കാര്യവും" എന്റെ ജീവിതത്തിലെ ഏറ്റവും ധന്യമായ മുഹൂർത്തം. എന്റെ സർവ്വശ്രേയസ്സിനും അടിസ്ഥാനം. സന്തോഷം കൊണ്ട് ഞാൻ അറിയാതെ എന്റെ കണ്ണുകൾ നിറഞ്ഞുപോയി.

അന്നത്തെ സാമൂഹ്യ വ്യവസ്ഥിതിയനുസരിച്ച് അച്ഛൻ ജീവിച്ചിരിപ്പുണ്ടായിരുന്നെങ്കിൽപോലും കാര്യം അത്ര നിസ്സാരമായി പരിഹരിക്കപ്പെടുമായിരുന്നെന്ന് പറയാൻ പറ്റില്ല. ഇവിടെയാണ് അഫന്റെ ഹൃദയവിശാലതയുടെ മഹത്വം പ്രകടമാകുന്നത്. ഇവിടെ താമസിച്ചു പഠിക്കലൊക്കെ ബുദ്ധിമുട്ടാവുമെന്ന ഒരു സൂചനയാണ് അഫന്റെ വാക്കുകളിൽ സ്ഫുരിച്ചിരുന്നതെങ്കിൽ അവിടെ എല്ലാം അവസാനിച്ചു. ആ സ്നേഹവും അനുഗ്രഹവും അംഗീകാരവും എന്നെ ഇന്നത്തെ ഞാനാക്കി മാറ്റി. ഇല്ലത്തെ ഒരംഗമാക്കി. അഫന്റെ സന്മനസ്സു കൊണ്ട് എന്റെ പ്രശ്നങ്ങളെല്ലാം പരിഹരിക്കപ്പെട്ടു. അഫന് ഒരായിരം പ്രണാമങ്ങൾ.

ഞാനും ശങ്കരേട്ടനും ഊണു കഴിച്ച് അരീക്കോട്ടേക്ക് മടങ്ങാൻ ഒരുങ്ങി. ഏട്ടനെ ഒന്നു കണ്ടു പോകുന്നതല്ലേ ഉചിതമെന്നു തോന്നിയെങ്കിലും അഫന്റെ അഭിപ്രായം അതു വേണ്ടെന്നായിരുന്നു. വസൂരി പൊങ്ങിയതെല്ലാം ഏറെക്കുറെ കരിഞ്ഞു പോയിരിക്കുന്നു. ഇപ്പോൾ രോഗം പകരാനുള്ള സാദ്ധ്യത കൂടുതലാണ് അതുകൊണ്ട് അടുത്തവരവിന് കാണാം എന്ന അഫന്റെ ഉപദേശം



***കോവൂരിൽ നടന്ന പിറന്നാൾ ആഘോഷ ചടങ്ങിൽ നിന്ന്***

ഞങ്ങളും സ്വീകരിച്ചു.

രണ്ടാഴ്ചക്കുള്ളിൽ സ്കൂൾ തുറക്കും. സ്കൂൾ തുറക്കുന്ന ദിവസം തന്നെ എത്തണം. അഡ്മിഷൻ കഴിഞ്ഞാൽ നേരെ ഇല്ലത്തേക്കു ചെല്ലാമെന്നു പറഞ്ഞ് ഞങ്ങൾ യാത്ര തിരിച്ചു. വീട്ടിലെത്തി എല്ലാവരോടും കാര്യങ്ങൾ വിശദമായി പറഞ്ഞു. എല്ലാവർക്കും സന്തോഷമായി. ഏട്ടന്റെ അസുഖവിവരം പറഞ്ഞപ്പോൾ വിഷമവുമായി.

അഡ്മിഷനു വേണ്ട സജ്ജീകരണങ്ങളോടെ പറഞ്ഞ ദിവസം രാവിലെ നേരത്തെ ഞാനും ശങ്കരേട്ടനും കൂടി മുക്കത്തേക്കു പുറപ്പെട്ടു. പത്തു മണിയോടെ സ്കൂളിലെത്തി. അപ്പോളല്ലേ അത്ഭുതം! ഏട്ടൻ ഞങ്ങളേയും കാത്ത് സ്കൂളിൽ ഇരിക്കുന്നു! സ്വപ്നത്തിൽ പോലും പ്രതീക്ഷിക്കാത്ത കൂടിക്കാഴ്ച!

വൈകാതെ തന്നെ എന്റെ അഡ്മിഷൻ കഴിഞ്ഞു. പിഷാരടി മാഷെ കണ്ട് യാത്ര പറഞ്ഞ് ഏട്ടന്റെ കൂടെ ഞങ്ങൾ ഇല്ലത്തേക്ക്. ഊണുകഴിച്ച് ശങ്കരേട്ടൻ നാട്ടിലേക്കു മടങ്ങി. എന്റെ ഇല്ലത്തു താമസിച്ചുകൊണ്ടുള്ള പഠിപ്പ് ആരംഭിച്ചു.

ഇല്ലത്ത് ഏട്ടന്റെ നേരെ താഴെയായി മൂന്നു സഹോദരിമാരാണ് ഉണ്ടായിരുന്നത്. സാവിത്രി, ഉമാദേവി, ദേവകി. ഞാൻ അവിടെ താമസിക്കാൻ തുടങ്ങുന്നതിന് മുമ്പു തന്നെ മൂന്നു പേരുടെയും പെങ്കൊട കഴിഞ്ഞിരുന്നു. എന്നെ സ്വന്തം സഹോദരനായാണ് അവരെല്ലാം കണ്ടത്. 'ഞങ്ങളുടെ, എന്റെ ആങ്ങള' എന്നു പറഞ്ഞാണ് എന്നെ മറ്റുള്ളവർക്ക് പരിചയപ്പെടുത്താറ്. ഓപ്പോൾമാരിൽ രണ്ടു പേർ ഇപ്പോഴില്ല. ശതാഭിഷേകം കഴിഞ്ഞ മൂന്നാമത്തെ ഓപ്പോൾ മുണ്ടൂരിൽ (പാലക്കാട് ജില്ല) മകനോടൊത്തു താമസിക്കുന്നു. ഇല്ലത്തു നിന്ന് ഓപ്പോളെ കാണാൻ അവിടെ ചെല്ലുന്നവരോട് ഇപ്പോഴും ആദ്യം അന്വേഷിക്കുന്നത് എന്നെ കുറിച്ചാണത്രെ! ഞാൻ ചെന്നാൽ ഓപ്പോളുടെ സന്തോഷം ഒന്നു കാണേണ്ടതു തന്നെയാണ്. വല്ല്യമ്മ, ചെറിയമ്മ, ജ്യേഷ്ഠൻ വേട്ട ഓപ്പോൾ....എന്നിൽ വാത്സല്യം ചൊരിഞ്ഞ ഓരോരുത്തരേയും ബഹുമാനപുരസ്സരം ഞാൻ ഓർക്കാറുണ്ട്.

എസ്.എസ്.എൽ.സി. ജയിച്ച് ടൈപ്പ് റൈറ്റിംഗ് ലോവർ പാസായി ചാലപ്പുറം ബാങ്കിൽ ഗുമസ്തനായി ജോലിയിൽ ചേർന്നു. ചാലപ്പുറം ബാങ്ക് വിജയാബാങ്കിൽ ലയിച്ചതോടെ സേവന വേതനങ്ങൾ ഉയർന്നു. കേരളത്തിൽ പലയിടത്തും, പുറത്ത് കൽക്കത്ത, അസൻസോൾ, ധൻബാദ് എന്നിവിടങ്ങളിലും വിജയാബാങ്ക് ബ്രാഞ്ചുകളിൽ ജോലി ചെയ്യുന്ന കാലത്തും ഇല്ലവുമായുള്ള സജീവ ബന്ധം തുടർന്നു. ആ കാലത്ത് എന്റെ സാന്നിദ്ധ്യമില്ലാതെ ഇല്ലത്ത് ഒരു പെങ്കൊട നടന്നത് ഷീലയുടെ (ജ്യേഷ്ഠന്റെ മൂത്തമകൾ) മാത്രമാണ്. ബാങ്ക് മാനേജരായി കൽക്കത്ത ബ്രാഞ്ചിൽ ചെന്ന ഉടനെയായിരുന്നു അത്. 1985ൽ കേരളത്തിൽ തിരിച്ചെത്തി വടകര, മേപ്പാടി, കോഴിക്കോട് ബ്രാഞ്ചുകളിൽ മാനേജരായും പാലക്കാട് സീനിയർ മാനേജരായും സേവനമനുഷ്ഠിച്ച് 1999 ജൂൺ 30 ന് വിരമിച്ചു.

അഫന്റെ ശതാഭിഷേക വേളയിൽ ഇല്ലത്തു ചെന്നപ്പോൾ തിരക്കുമൂലം അഭിവാദ്യം ചെയ്യാൻ അല്പം താമസിച്ചു. അടുത്തെത്തി സാഷ്ടാംഗം നമസ്കരിച്ചു അനുഗ്രഹം തേടി. " നീ ഇതുവരെ എവിടെയായിരുന്നു. എത്ര നേരമായി ഞാൻ അന്വേഷിക്കുന്നു" അഫന്റെ ചോദ്യം. കാണുന്നവരോടൊക്കെ എന്തെങ്കിലും കുശലം പറയാതെ വയ്യല്ലോ എന്നു കരുതിയതാണ് അബദ്ധമായത്. അത് എനിക്ക് ഒരു പാഠമായിരുന്നു.

അഫനും ഏട്ടനും അനുജൻ അപ്പുവും ഒന്നും ഇന്നില്ല. എങ്കിലും ഞാൻ ഇടയ്ക്കിടെ ഇല്ലത്തു പോകാറുണ്ട്. അഥവാ ഞാൻ അങ്ങോട്ടു ചെല്ലാൻ വൈകിയാൽ അവിടെ നിന്ന് കോവൂർ എം.എൽ.എ. റോഡിലെ 'വൈഷ്ണവ' ത്തിലേക്ക് അവർ വരുമെന്ന് ഉറപ്പ്. ഫോണിലൂടെയുള്ള ബന്ധപ്പെടൽ മുടങ്ങാറില്ല. "ഇല്ലത്തേക്ക് പുറപ്പെട്ടാൽ പിന്നെ ഒരു ക്ഷീണവും വയ്യായ്കയും ഇല്ല. വേറെ എങ്ങോട്ടേക്കാണെങ്കിലും വയ്യായ്ക കലശലാണ്. അതുകൊണ്ട് വേറെ എങ്ങും പോകയും വേണ്ട" എന്റെ സഹധർമ്മിണിക്ക് എന്നെക്കുറിച്ചുള്ള സ്ഥിരം പരാതിയാണിത്.

' ദാമോദരേട്ടൻ. ഞങ്ങളുടെ, ഇപ്പോഴത്തെ തറവാട്ടുകാരണവര്' എന്നെ ഇല്ലത്തുള്ളവരുടെ പരിചയപ്പെടുത്തൽ!

നമ്പൂതിരിമാരുടെ മക്കളായി പിറന്ന പലരേയും എനിക്ക് അറിയാം. അതിൽ പലർക്കും അച്ഛന്റെ ഇല്ലത്തെക്കുറിച്ചോ ബന്ധുക്കളെക്കുറിച്ചോ ഒരു ധാരണയുമില്ല. പക്ഷേ, ഇല്ലത്തുള്ളവരുടെയും ഇല്ലത്തു നിന്ന് വേളികഴിച്ചവരുടെയും ബന്ധുമിത്രാദികളുടെയും സ്നേഹാദരങ്ങൾ ഇന്നും അനുഭവിക്കുന്ന ഞാൻ ധന്യതയോടെ ഭഗവദ് പാദങ്ങളിൽ നമസ്കരിക്കുന്നു. ●

# ചെറിയ ലോകത്തെ വലിയ സ്വപ്നം

(24-ാം പേജിൽ നിന്ന്)

ലതുണ്ട്. എസ്.എസ്.എൽ. സിയുടെ എപ്ളസ്. പിന്നെ എട്ടാം ക്ളാസിൽ പഠിക്കുമ്പോൾ ലഭിച്ച 24000രൂപയുടെ നാഷണൽ മീൻസ് കം മെരിറ്റ് സ്കോളർഷിപ്പ് . പരീക്ഷയെഴുതിയാണ് അതിൽ വിജയിച്ചത്. പഠിച്ചുനേടുക എന്ന ആശയത്തിന് അന്നാണ് വിത്തു പാകിയത്.

കെ.വി.പി.വൈ കീഴ്പ്പെടുത്തി കേരള റിക്കാർഡുമായി ജീ അഡ്വാൻസിൽ അഖിലേന്ത്യാ മൂന്നാം റാങ്കു നേടി ബെംഗളൂരു ഐ.ഐ.എസ് സിയിൽ പഠിക്കുന്ന തിരൂർക്കാരൻ ഷാഫിൽ മഹീന്റെ ഫോൺ നമ്പർ സംഘടിപ്പിച്ചു നൽകിയപ്പോൾ ഭദ്രയ്ക്ക് സംശയം ഇദ്ദേഹത്തെ കോൺടാക്ട് ചെയ്യാൻ പറ്റുമോ? മൂന്നു വർഷം മുമ്പ് ഇതേ മോഹവുമായി കഴിഞ്ഞിരുന്ന ആളാണ് ആ കുട്ടിയെന്ന് പറഞ്ഞപ്പോൾ ആത്മ വിശ്വാസത്തിന്റെ തെളിച്ചം. ഒരു ദിവസം കഴിഞ്ഞില്ല, ആ റിക്കാർഡുകാരനിൽ നിന്ന് ഐ.എസ്.എസ്.സിയെക്കുറിച്ച് ആവോളം ചോദിച്ചറിഞ്ഞതിന്റെ ത്രില്ല്.

കണക്ക് മാത്രമല്ല ഭദ്രയുടെ ലോകം. കഥകളി സംഗീതത്തിൽ കഴിഞ്ഞ മൂന്നു വർഷമായി സംസ്ഥാനത്ത് എ ഗ്രേഡുകാരിയാണ്.ഇക്കഴിഞ്ഞ പുതുവർഷദിനത്തിൽ സംഘടിപ്പിച്ച സംസ്ഥാനതല ചലച്ചിത്രഗാന മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയപ്പോൾ സമ്മാനം നൽകിയത് കെ.എസ് ചിത്ര. കൈതപ്രം ദാമോദരൻ നമ്പൂതിരി, ഗുരു ചേമഞ്ചേരി കുഞ്ഞിരാമൻ നായർ,തുടങ്ങിയവരുടെ സാന്നിദ്ധ്യത്തിൽ പാടാൻ കഴിഞ്ഞതിന്റെ ചാരിതാർത്ഥ്യവുമുണ്ട്.

അച്ഛൻ വണ്ടൂരിനടുത്ത് ചാത്തങ്ങോട്ടുപുറത്തെ പുല്ലങ്ങോട് ഇല്ലത്തെ സുരേഷ് നമ്പൂതിരി കോട്ടക്കൽ പി.എസ്.വി നാട്യസംഘം മുൻ അദ്ധ്യാപകനാണ് . ഇപ്പോൾ ഫറോക്ക് നല്ലൂർ ശിവക്ഷേത്രം മേൽശാന്തി.അമ്മ ഗുരുവായൂർ കൊടക്കാട് ഇല്ലത്തെ സവിത നല്ലൂർ യു.പി.സ്കൂൾ അദ്ധ്യാപികയാണ്. ●

**വിഷ്ണു മുല്ലപ്പള്ളി**
ക്ലാസ് 7
ചൂലൂർ A.u.p School







കളറിംഗ്
**ധനഞ്ജയ് കൃഷ്ണൻ**
കളത്തില്ലം, താമരശ്ശേരി





**എൻ.ജെ. ദേവനന്ദന**
8 std
താമരശ്ശേരി





**യദുറാം**
3 std G U-P
മണക്കാട്, ചെറൂപ്പ
വീട്ടിക്കാട് ഇല്ലം

clr

# 40 -ാം വിവാഹ വാർഷികം



നാൽപതാം വിവാഹ വാർഷികം
ആഘോഷിക്കുന്ന വെള്ളിമുറ്റത്ത് രാജൻ
മൂസദും വസന്ത അന്തർജനവും. 2019
ജൂലായ് 20ന് വസന്ത അന്തർജനത്തിന്റെ
ഷഷ്ഠിപൂർത്തി പിറന്നാൾ കൂടിയാണ്

# 40 -ാം വിവാഹ വാർഷികം



നാൽപതാം വിവാഹ വാർഷികം
ആഘോഷിക്കുന്ന താമരക്കുളം
ശ്രീധരൻ നമ്പൂതിരിയും (70
വയസ്സ്), മാധവി ശ്രീധരൻ
നമ്പൂതിരിയും (60 വയസ്സ്)


GIM
Guruvayurappan Institute of Management
AICTE Approved I Affiliated to Bharathiar University I ISO 9001 : 2015 Certified



An Exclusive B-School
Since 1996
MBA+ @ GIM
Recognised Centre for Research in Management : PhD. & MPhil.

Dr. U.C.G. Namboothiri
Chairman, SGECT

Mr. K. M. Sankaranarayanan Namboothiri
Vice Chairman , SGECT & Secretary GIM

Mr. M. K. Krishnan Namboodiripad
Secretary, SGECT

Dr. N. Maheswaran Bhattathiripad
Treasurer, SGECT

Coimbatore - Palakkad Highway, Navakkarai , Coimbatore - 641105. Tamilnadu
Tel : +91 422 2656213, 2656515 Mob : 8056885577, 9495612442, 9442652106
www.facebook.com/gimatmba / Website : www.gimat.org / Email : info@gimat.org / admission@gimat.org

# പാലാഞ്ചീരി– ഒരു ദീപ്ത സ്മരണ

പിന്നിട്ട രണ്ട് നാളുകളിലും പതിവിൽ കവിഞ്ഞ തിരക്കായിരുന്നു. ആയതിനാൽ സഭാവൃത്താന്തങ്ങളറിയാൻ തീരുമാനിച്ച് ഫോൺ കൈയിലെടുത്തു ആരെ ആദ്യം വിളിക്കണം? ഒട്ടും ചിന്തിക്കേണ്ടിവന്നില്ല. ശ്രീശങ്കര ജയന്തി ആഘോഷങ്ങളിൽ പങ്കെടുത്ത് എത്തിയ പി.ഡി.എനെ തന്നെ ആവട്ടെ ആദ്യം. സമയം സായംസന്ധ്യ. ഏതാണ്ട് 7.30 കഴിഞ്ഞുകാണും. ഏറെ പരിചിതമായ നമ്പറിൽ വിരലമർന്നു. മറുതലയിൽ നിന്ന് രസകരമായ അവതരണത്തിൽ സഭാവാർത്തകൾ കേൾക്കാം എന്ന് മനസ്സ് പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. ഫോൺ ബെല്ലടിച്ചു. പതിവിൽ നിന്ന് വ്യത്യസ്തമായി സ്ത്രീ ശബ്ദം. ഉടനെ തിരിച്ചറിഞ്ഞു. മരുമകൾ. അച്ഛനെവിടെ കൊടുക്കൂ എന്ന് പറഞ്ഞതും അൽപ്പനേരം നിശ്ശബ്ദമായിരുന്നു. പിന്നെ ഏറെ ആർദ്രമായ സ്വരത്തിൽ അച്ഛനെ ഡോക്ടറെ കാണിച്ചു മടക്കിക്കൊണ്ടുവന്നു. കേട്ടപ്പോൾ എന്തോ പന്തികേട് തോന്നി. ഞാൻ അടുത്ത ചോദ്യത്തിന് തയ്യാറെടുക്കവേ പ്രിയ പറഞ്ഞു. അച്ഛൻ പോയി മധുവേട്ടാ.. കേട്ടത് ഉൾക്കൊള്ളാൻ പറ്റാതെ എന്ത് എന്ന് വീണ്ടും ചോദിക്കാൻ ഒരുമ്പെട്ടെങ്കിലും ശബ്ദം പുറത്തുവന്നില്ല. കൈ വിറച്ചോ, അതോ മനസ്സിടറിയോ... ഫോൺ താഴെ വീണു. പിന്നെ സ്വല്പ നേരം എല്ലാം നിശ്ചലമായി. മനസ്സിനും ശരീരത്തിനും മരവിപ്പ് മാത്രമായിരുന്നു. ഇനിയും മുക്തനായിട്ടില്ല ആ ഷോക്കിൽ നിന്ന്.

പിറ്റേന്ന് പ്രഭാതത്തിൽ തന്നെ പാലാഞ്ചേരി എത്തി സാഷ്ടാംഗം നമസ്കരിച്ചു. എന്റെ ദൈന്യത ആരും തന്നെ കാണരുതേ എന്ന് ആത്മാർത്ഥമായി ആഗ്രഹിച്ചു. അകത്ത് ആരെയും നോക്കിയില്ല. ഏറെ ആരോടും സംസാരിച്ചുമില്ല. ഈയടുത്ത കാലത്തൊന്നും ഇത്രയേറെ എന്നെ സ്പർശിച്ച ഒരു മരണം വേറൊന്നില്ലായിരുന്നു.

സഭാ പ്രവർത്തനത്തിലും പൊതു ജീവിതത്തിലും ഭരണ ബഞ്ചിനേക്കാൾ പ്രതിപക്ഷ ബഞ്ചിനോടായിരുന്നു ഏട്ടന് താല്പര്യം. കൂടാതെ കൂട്ടിന് അല്പം ചുവപ്പൻ പ്രത്യയശാസ്ത്രവും.

സഭയുടെ യാഥാസ്ഥിതികത്തെ കാരുണ്യമില്ലാതെ വിമർശിക്കുവാനും സാധാരണക്കാരന്റെ മനസ്സറിയുന്നതിലും വിജയിച്ച ഒരു പച്ചയായ നമ്പൂതിരി - അതായിരുന്നു നാരായണേട്ടൻ.

ഈയിടെ യോഗക്ഷേമസഭ നടത്തിയ (അദ്വൈതം–2018) ജില്ലാ കലാമേളയുടെയും കുടുംബമേളയുടെയും നടത്തിപ്പുമായി ബന്ധപ്പെട്ട സമ്പർക്ക പരിപാടി ഏ



താണ്ട് 20 ഓളം ദിവസം നീണ്ടുനിന്നു. ഒട്ടുമിക്ക ദിവസങ്ങളിലും നരായാണേട്ടന്റെ സാന്നിദ്ധ്യം ഉണ്ടായിരുന്നു. വണ്ടിയിൽ കയറി, ഇറങ്ങുന്നതുവരെ നിർത്താതെ സംസാരിച്ചിരുന്ന ഏട്ടന്റെ തികച്ചും യാത്രക്ക് ഇന്ധനം തന്നെയായിരുന്നു.

ആകാശത്തിന് കീഴെയുള്ള എന്തിനെക്കുറിച്ചായാലും ഏട്ടന് അഭിപ്രായമുണ്ടായിരുന്നു. വിവാദങ്ങളും വാഗ്വാദങ്ങളും പൊട്ടിച്ചിരികളുമായുള്ള ആ ദിവസങ്ങളിലെ അനുഭവങ്ങൾ കൂടിയാവാം ഓർക്കാപ്പുറത്തെ വേർപാട് ഏറെ ദുഃഖകരമാക്കിയത്.

മരണത്തിന് ഒരാഴ്ച മുമ്പ് കണ്ടപ്പോൾ സ്വകാര്യമായി പറഞ്ഞു സ്റ്റേറ്റ് മീറ്റിംഗിൽ കോഴിക്കോടിന്റെ പ്രവർത്തനം വേണ്ടത്ര ശരിയല്ല എന്നാണ് പറയുന്നത്. അവസാനം വേണ്ടിവന്നാൽ ഒരു കത്ത് ഞാനങ്ങ് കൊടുക്കും. എല്ലാവരോടും ഇതൊന്നും പറയുന്നില്ല. നോക്കാം എന്ന് ഒരു ആത്മഗതവും.

ശ്രീശങ്കര ജയന്തി ആഘോഷത്തെപ്പറ്റി പറയാൻ വിളിച്ച വേളയിൽ എനിക്ക് ഇവിടെ പങ്കെടുക്കണമെന്നാണ് ആഗ്രഹം. <u>മനസ്സും പ്രാർത്ഥനയും ഇവിടെയാണ്.</u> എങ്കിലും സ്റ്റേറ്റ് പ്രതിനിധി എന്ന നിലയ്ക്ക് കാലടിയിൽ പോയേക്കാം. അവിടെ എത്തിയിട്ട് വിളിച്ചന്വേഷിച്ചു ഇവിടത്തെകാര്യം. ഒരുതരത്തിൽ ഒരു നിയോഗമാവാം സംസ്ഥാന നേതാക്കളെയും ഭാരവാഹികളെയും കാണാനും സംവദിക്കാനും നാരായണേട്ടന് കഴിഞ്ഞല്ലോ.

വളരെ നല്ല ഒരു സുഹൃത്ബന്ധം പരിചയക്കാരിലൊക്കെ നിലനിർത്താനും ഏട്ടൻ എന്നും ശ്രദ്ധിച്ചിരുന്നു.

കോഴിക്കോട് സഭയ്ക്ക് ഒരു ജില്ലാ ആസ്ഥാനം എന്ന സ്വപ്നം എപ്പോഴും നാരായണേട്ടൻ പറയുമായിരുന്നു. മകൻ, മകൾ, മരുമകളുടെ ജോലി എന്നിവയും ചില സ്വകാര്യ നിമിഷങ്ങളിൽ ചർച്ച ചെയ്യുമായിരുന്നു.

ചികഞ്ഞെടുക്കാൻ ഒട്ടേറെ അനുഭവങ്ങളും അവസരങ്ങളുമുണ്ടെന്നിരിക്കിലും ആ ദീപ്തമായ സ്മരണക്ക് മുമ്പിൽ പ്രണാമങ്ങളോടെ കൂപ്പുകൈകളോടെ

സ്വന്തം അനിയൻ

മധു അരീക്കര

## സ്വസ്തിയുടെ പ്രിന്റർ ആന്റ് പബ്ലിഷർ

യോഗക്ഷേമസഭ സംസ്ഥാന സമിതി അംഗമായിരുന്ന യശഃശ്ശരീരനായ പാലാഞ്ചീരി നാരായണൻ നമ്പൂതിരി കോഴിക്കോട്ടെ പെരുമണ്ണ ഉപസഭാംഗമായാണ് സമുദായ സംഘടനാ പ്രവർത്തനം തുടങ്ങിയത്. യുവജന വിഭാഗത്തിന്റെ ജില്ലാ നേതൃനിരയിലെത്തിയ അദ്ദേഹം 35–ാം വയസ്സിൽ കോഴിക്കോട് ജില്ലാ സെക്രട്ടറിയായി. 1987 ൽ പത്താം സംസ്ഥാന സമ്മേളനത്തിന്റെ വിജയകരമായ നടത്തിപ്പിന് യുവജനങ്ങളെ അണിനിരത്തിയതിന്റെ മികവിന് അംഗീകാരമായിരുന്നു അത്. ടി.സി. നാരായണൻ നമ്പൂതിരി, മങ്ങത്തായ കൃഷ്ണൻ നമ്പൂതിരി തുടങ്ങിയ അക്കാലത്തെ സഭയുടെ സംസ്ഥാന നേതാക്കളുടെ പ്രോത്സാഹനം ഉണ്ടായിരുന്നു. കഴിഞ്ഞ മൂന്നു ദശകങ്ങളിലായി നാലു തവണ ജില്ലാ സെക്രട്ടറിയുടെ ചുമതലയിലും മറ്റു ചുമതലകളിലും ശുഷ്കാന്തിയോടെ പ്രവർത്തിച്ചു. ശങ്കരവേദാന്തവും വിവേകാനന്ദ സാഹിത്യവും അനുസന്ധാനം ചെയ്തതിനാൽ ധീരമായി അഭിപ്രായ പ്രകടനം നടത്തിയിരുന്നു. 'സ്വസ്തി' ത്രൈമാസികയുടെ പ്രിന്റർ ആന്റ് പബ്ലിഷർ എന്ന നിലയിൽ ഭാവാത്മകമായ നിർദ്ദേശങ്ങൾ നൽകിയിരുന്നു. നെടുങ്ങോട്ടൂർ കല്ലാനിക്കാട്ടു മനയിലെ ആര്യാദേവി അന്തർജ്ജനമാണ് പത്നി. കാഞ്ഞങ്ങാട് താമരശ്ശേരി മാധവൻ ഭട്ടതിരിയുടെ പത്നി. തുളസി (അദ്ധ്യാപിക) മകളും അനാമയൻ (ഓഡിറ്റർ, ക്ഷീരവികസന വകുപ്പ്) മകനുമാണ്. പ്രിയ തിരുവാലൂർ മകന്റെ പത്നി. സാരംഗ് മാധവ്, ധനി, ദ്യുതി, പേരക്കുട്ടികൾ. ശ്രീരുദ്രോപാസനയിലൂടെ പാലാഞ്ചീരി ഇല്ലത്തെ പതിനൊന്ന് പൂർവ്വികർ (ഏകാദശരുദ്രന്മാർ) ഉപാസിച്ച പരദേവതാ ക്ഷേത്രം പുനരുദ്ധരിക്കുകയും വർഷങ്ങളായി തേവാരം അവിടെയാക്കുകയും ചെയ്തിരുന്നു നാരായണൻ പാലാഞ്ചീരി.

**-സ്വസ്തി പത്രാധിപർ**

# എല്ലാ വർഷവും ഉപസഭാ റാങ്കിംഗ് ആരോഗ്യകരമായ മത്സരമാവട്ടെ ഇനി

## ഉപസഭാ റാങ്കിംഗ്

കഴിഞ്ഞ രണ്ടു ദശകങ്ങളിലെ കോഴിക്കോട് ജില്ലയിലെ, യോഗക്ഷേമ സഭാ പ്രവർത്തനം വിലയിരുത്തുമ്പോൾ 2019 സുപ്രധാന വർഷമാണ്. ഉപസഭകളിലെ അംഗങ്ങളുടെ പൊതുപട്ടിക ഡിജിറ്റലൈസ് ചെയ്യാനാരംഭിച്ചത് ഈ കൊല്ലമാണ്. 13 ഉപസഭകളിലായി 2462 അംഗങ്ങളാണ് ഉള്ളതെന്ന് ജില്ലാ ഭാരവാഹികൾ സൂചിപ്പിച്ചു. അംഗസംഖ്യയിൽ ഇത് റിക്കാർഡാണ്. റാങ്കിംഗ് താഴെ പറയുന്നു.

1. കൊയിലാണ്ടി- കെ.ഡി.ഇ-21-306,
2. പെരുമണ്ണ- കെ.ഡി.ഇ- 7- 302,
3. കണ്ണിപറമ്പ്- കെ.ഡി.ഇ-14- 282,
4. കോഴിക്കോട് സിറ്റി- കെ.ഡി.ഇ-1- 260,
5. ബാലുശ്ശേരി - കെ.ഡി.ഇ. 6- 237,
6. കക്കോടി - കെ.ഡി.ഇ-12- 192,
7. ഫറോക്ക്- കെ.ഡി.ഇ-8- 152,
8. ചാത്തമംഗലം കെ.ഡി.ഇ-3- 143,
9. മുക്കം - കെ.ഡി.ഇ. 16- 140,
10. ചേവായൂർ -കെ.ഡി.ഇ-18- 134,
11. രാമല്ലൂർ- കെ.ഡി.ഇ-9- 131,
12. താമരശ്ശേരി കെ.ഡി.ഇ-2- 96,
13. ഉച്ചക്കാവ് കെ.ഡി.ഇ-10-76

1970ൽ കേരള നമ്പൂതിരി സമാജം രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചതിന്റെ സുവർണ്ണ ജൂബിലി വർഷമാണിത്. ഓമശ്ശേരി നീലേശ്വരത്തായിരുന്നു ഹെഡ്ക്വാഫീസ്. അവിടെ ഉപസഭ ഉടൻ തുടങ്ങണം. നെടിയനാട് യൂണിറ്റ് നരിക്കുനി ഉപസഭയായി അടുത്തകാലം വരെ സജീവ പ്രവർത്തനം കാഴ്ചവെച്ചു. അവിടേയും സഭാ പ്രവർത്തനം മുൻഗണന നൽകി പുനരാരംഭിക്കണം. വടകര, തിനൂർ, (വടകര താലൂക്ക്) പേരാമ്പ്ര, ഉള്ളിയേരി, അത്തോളി (കൊയിലാണ്ടി താലൂക്ക്), കോടഞ്ചേരി (താമരശ്ശേരി താലൂക്ക്), കൂഴക്കോട് (കോഴിക്കോട് താലൂക്ക്) ഉപസഭകളും മിനിമം അംഗസംഖ്യയിലെങ്കിലും 2019 ൽ തുടങ്ങാനുള്ള ദൗത്യം യോഗക്ഷേമസഭ സ്വസ്തി പ്രവർത്തകർക്ക് ഏറ്റെടുക്കാം. അതിന്റെ ആദ്യപടിയായി പത്തു സ്വസ്തി വരിക്കാരെ വീതം പത്തോളം വരുന്ന മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ നമുക്കു കണ്ടെത്താം. (ജൂലായ് 14 ന് വടകരയിൽ ഉപസഭ രൂപീകരിച്ചു. 18 സ്വസ്തി വരിക്കാരെ ചേർത്തു).

നാലു ഉപസഭകളെങ്കിലും സജീവമായിട്ടുണ്ടെങ്കിൽ ജില്ലാ കമ്മിറ്റി രൂപീകരിക്കാം. 2003 ൽ 663 അംഗങ്ങളും 8 ഉപസഭകളും ജില്ലയിൽ ഉണ്ടായിരുന്നതായി രേഖകളിൽ കാണുന്നു. 2004 ൽ 1364- 12 ഉപസഭ, 2005 ൽ 1950- 11 ഉപസഭ ഇങ്ങനെ ഏറിയും കുറഞ്ഞും മുന്നേറി. 2010 ൽ കോഴിക്കോട്ട് സംസ്ഥാന സമ്മേളനം നടന്നപ്പോൾ ജില്ലയിൽ 12 ഉപസഭകളും 1389 അംഗങ്ങളും ഉണ്ടായിരുന്നു. 2012 ൽ 1759 അംഗങ്ങൾ 16 ഉപസഭകളിലായി ഉണ്ടായി. 2014 ൽ 2025-17 ഉപസഭയായി. അതിനു ശേഷം ഉപസഭകളുടെ എണ്ണത്തിൽ പ്രതിവർഷം ഏറ്റക്കുറച്ചിലുകൾ ഉണ്ടായെങ്കിലും അംഗസംഖ്യ 2351, 2254,2318 കൂടിക്കൊണ്ടിരുന്നു. ഈ വർഷം 2019 ൽ 13 ഉപസഭകളും 2462 അംഗങ്ങളും എന്ന നിലയിലാണ്. അതുകൊണ്ട് അടുത്ത വർഷം 22 ഉപസഭകളും 3000 അംഗങ്ങളും എന്ന അത്ര അസാദ്ധ്യമല്ലാത്ത ലക്ഷ്യം മുന്നിൽവെച്ചു പ്രവർത്തിക്കാം.

കോഴിക്കോട് സിറ്റിയിൽ 40 ശതമാനം ഇല്ലങ്ങളിൽ നിന്നേ അംഗങ്ങളുള്ളൂ. 2009 ൽ 520 അംഗങ്ങൾ ഉണ്ടായിരുന്നു. നരിക്കുനി ഉപസഭയിൽ 150 അംഗങ്ങൾ വരെ ഉണ്ടായി. കൊയിലാണ്ടി ഉപസഭയുടെ ഉത്സാഹത്തിലും നേതൃത്വത്തിലും ഉള്ളിയേരി, പേരാമ്പ്ര, അത്തോളി ഉപസഭകൾ പുനരാരംഭിച്ചാൽ നന്നായിരിക്കും. താമരശ്ശേരി ഉപസഭക്ക് കോടഞ്ചേരി, നരിക്കുനി, നീലേശ്വരം ഉപസഭകൾ തുടങ്ങാൻ മുൻകൈ എടുക്കാനാവും. വടകര താലൂക്കിലെ ഉപസഭകൾ ജില്ലാ സഭയുടെ മേൽനോട്ടത്തിലാവട്ടെ പുനരാരംഭിക്കൽ. കോഴിക്കോട് താലൂക്കിലെ കിഴക്കൻ മേഖലയിലെ കണ്ണിപറമ്പ്, ചാത്തമംഗലം, മുക്കം, ഉച്ചകാവ് ഉപസഭകൾ, കുന്ദമംഗലം ആസ്ഥാനമാക്കി കൂഴക്കോട് ഉപസഭ പുനരാരംഭിക്കാം. കൊളക്കുത്ത്-രാമനാട്ടുകര-വള്ളിക്കുന്ന് പടിഞ്ഞാറൻ കോഴിക്കോട് പരിധിയിൽ വരുന്നു. ചേവായൂർ ആസ്ഥാനമാക്കി പെരുമണ്ണയും സിറ്റിയും ഫറോക്കും സംയുക്തമായി പന്തീരാങ്കാവിൽ പുതിയ ഉപസഭക്ക് സാദ്ധ്യത ആരായാം.

കൊയിലാണ്ടി, വടകര, താലൂക്കുകളിലെ ഉപസഭാ പ്രവർത്തനം ഏകോപിപ്പിക്കുന്ന ഒരു ജില്ലാ വൈസ് പ്രസിഡന്റും ജോയിന്റ് സെക്രട്ടറിയും ചുമതലക്കാരായി വേണം. താമരശ്ശേരി, കിഴക്കൻ കോഴിക്കോട് താലൂക്കുകളിലെ പ്രവർത്തനം മുക്കം ആസ്ഥാനമാക്കി ഒരു ജില്ലാ വൈസ് പ്രസിഡന്റും ജോയിന്റ് സെക്രട്ടറിയും ചേർന്ന് ശ്രദ്ധിക്കണം. മറ്റൊരു വൈസ് പ്രസിഡന്റും ജോയിന്റ് സെക്രട്ടറിയും കോവൂരിലെ ജില്ലാ ആസ്ഥാനമന്ദിരം കേന്ദ്രമാക്കി കോഴിക്കോട് താലൂക്കിലെ പടിഞ്ഞാറൻ മേഖലയും ശ്രദ്ധിക്കുന്നുണ്ടാവും.

ജില്ലാ പ്രസിഡന്റിന്റേയും സെക്രട്ടറിയുടെയും ഖജാൻജിയുടേയും മുഖ്യ അജണ്ട ജില്ലാ ആസ്ഥാനമന്ദിര നിർമ്മാണമാവട്ടെ. പ്ലാൻ പുതുക്കാറായിട്ടുണ്ടെങ്കിൽ അതു വേണം. തപശ്ശക്തിയും ഈശ്വരാധീനവും സാമ്പത്തിക സമാഹരണ ശേഷിയും കർമ്മകുശലതയും ഉള്ള ഒരു നേതൃത്വം ചുമതലയേൽക്കുന്നതിന് ഓരോ ജില്ലാ കൗൺസിൽ അംഗവും സഗൗരവം സ്വകർത്തവ്യം അനുഷ്ഠിക്കേണ്ടതുണ്ട്.

ജയ് ജയ് യോഗക്ഷേമസഭ

സംസ്ഥാനത്ത് റജിസ്റ്റർ ചെയ്തിട്ടുള്ള കോഴിക്കോട് ജില്ലയിലെ ഉപസഭകളും റജി. നമ്പറും താഴെ നൽകുന്നു (2003) വരെ.

| ക്രമ നമ്പർ | റജി. നമ്പർ | ഉപസഭ |
|---|---|---|
| 1 | KDE-1 | കോഴിക്കോട് സിറ്റി |
| 2 | KDE-2 | താമരശ്ശേരി |
| 3 | KDE-3 | ചാത്തമംഗലം |
| 4 | KDE-4 | നരിക്കുനി |
| 5 | KDE-5 | പേരാമ്പ്ര |
| 6 | KDE-6 | ബാലുശ്ശേരി |
| 7 | KDE-7 | പെരുമണ്ണ |
| 8 | KDE-8 | ഫറോക്ക് |
| | (2003 നു ശേഷം) | |
| 9 | KDE-9 | രാമല്ലൂർ |
| 10 | KDE-10 | ഉച്ചക്കാവ് |
| 11 | KDE-11 | നീലേശ്വരം |
| 12 | KDE-12 | കക്കോടി |
| 13 | KDE-13 | വടകര |
| 14 | KDE-14 | കണ്ണിപറമ്പ് |
| 15 | KDE-15 | അത്തോളി |
| 16 | KDE-16 | മുക്കം |
| | (2010 നു ശേഷം) | |
| 17 | KDE-17 | കൂഴക്കോട് |
| 18 | KDE-18 | ചേവായൂർ |
| 19 | KDE-19 | കോടഞ്ചേരി |
| | (2013) | |
| 20 | KDE-20 | ഉള്ളിയേരി |
| | (2014) | |
| 21 | KDE-21 | കോയിലാണ്ടി |

(2018 ലെ യോഗക്ഷേമ സഭാ സംസ്ഥാന ഡയറക്ടറിയുടെ 240-ാം പേജിൽ തിനൂർ ഉപസഭാ ഭാരവാഹികളുടെ പേരുണ്ട്)
തിനൂർ-22 (1989 ൽ സംസ്ഥാന നിർവ്വാഹക സമിതി അംഗമായിരുന്നു തിനൂരിലെ യശഃശ്ശരീരനായ സി.എച്ച്. മാധവൻ നമ്പൂതിരി. കേരള നമ്പൂതിരി സമാജത്തിന്റെ പ്രവർത്തനമുണ്ടായതു മുതൽ 90 കൾ വരെ തിനൂർ. കുറ്റ്യാടി യൂണിറ്റുകൾ ഉപസഭകളായി പ്രവർത്തിച്ചു വന്നു.



*ഉച്ചക്കാവ് ഉപസഭയുടെ ജനറൽബോഡി യോഗത്തിൽ നിന്ന്*

## ഉച്ചക്കാവ് ഉപസഭ

ചുഴലിപ്പുറത്ത് ഇല്ലത്ത് വെച്ച് നടന്ന ജനറൽബോഡി യോഗത്തിൽ ഉച്ചക്കാവ് ഉപസഭയുടെ പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു.

സി.സി. വാസുദേവൻ നമ്പൂതിരി ചുഴലിപ്പുറത്തില്ലം- പ്രസിഡന്റ്, സി.കേശവൻ നമ്പൂതിരി ചെറുവക്കാട്ടില്ലം- സെക്രട്ടറി, എൻ.രവീഷ് നടുവിലേടത്ത് ഇല്ലം- ജോയിന്റ് സെക്രട്ടറി, എൻ.രാജേഷ് നടുവിലേടത്ത് ഇല്ലം- ട്രഷറർ, ഒ.ടി. നാരായണൻ നമ്പൂതിരി, എൻ.ഋഷീകേശൻ നമ്പൂതിരി-വൈസ് പ്രസിഡന്റുമാർ, എൻ.വിഷ്ണു നമ്പൂതിരി നടുവിലേടത്ത് ഇല്ലം, എൻ. നാരായണൻ നമ്പൂതിരി, നടുവിലേടത്ത് ഇല്ലം, എൻ. പ്രതാപൻ, നടുവിലേടത്ത് ഇല്ലം, പ്രസാദ് ചെറുവക്കാട്- മെമ്പർമാർ.

ഉപസഭാ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വലമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാൻ പുതിയ കമ്മിറ്റി തീരുമാനിച്ചു.

വനിതാ വിഭാഗത്തിന്റെ നേതൃത്വത്തിൽ കാറ്ററിംഗ് യൂണിറ്റ് ഉപസഭയിൽ ആരംഭിച്ചു.

## താമരശ്ശേരി ഉപസഭ

കരിങ്ങമണ്ണ നാരായണൻ നമ്പൂതിരിയുടെ ഇല്ലത്ത് വെച്ച് നടന്ന ജനറൽബോഡി യോഗത്തിൽ താമരശ്ശേരി ഉപസഭയുടെ അടുത്ത മൂന്നു വർഷത്തേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുത്തു.
പുതിയ ഭാരവാഹികൾ: സെക്രട്ടറി .ശ്രീദേവി കെ ഗോവിന്ദ്, പ്രസിഡന്റ്. ഉണ്ണികൃഷ്ണൻ നമ്പൂതിരി കാവിൽ പടിഞ്ഞാറേടം, വൈസ് പ്രസിഡന്റ്.കൃഷ്ണപ്രസാദ് കളം, ട്രഷറർ.ഗോപിനാഥൻ നമ്പൂതിരി കോൽപ്പുറം, ജോയിന്റ് സെക്രട്ടറി. കിരൺ ലാൽ കളം.
ഉപസഭയുടെ പ്രവർത്തനം കൂടുതൽ സജീവമാക്കുവാനുള്ള ചർച്ചകൾ പിന്നീട് ചേർന്ന എക്സിക്യൂട്ടീവ് യോഗത്തിൽ നടന്നു. രാമായണ മാസാചരണത്തിന്റെ ഭാഗമായി നാലമ്പല ദർശനം നടത്താൻ തീരുമാനിച്ചു.

## ഫറോക്ക് ഉപസഭ

2019 ഏപ്രിൽ 27ന്നു എടക്കുറ്റിപ്പുറത്ത് മുല്ലപ്പള്ളി (കരുമകൻകാവ്) ഇല്ലത്ത് വെച്ച് നടന്ന ജനറൽബോഡിയിൽ നീല മന ശങ്കരൻ (പ്രസിഡന്റ്), എടക്കാട്ട് മോഹനൻ (വൈസ് പ്രസിഡന്റ്), മുല്ലപ്പള്ളി രാമനുണ്ണി (സെക്രട്ടറി), നാറണി യാട്ട് ശ്രീദിൻ (ജോ. സെക്രട്ടറി), നാറണിയാട്ട് ദാമോദരൻ (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു

## കോഴിക്കോട് ജില്ലാ കൗൺസിൽ യോഗം ഭാരവാഹികളെ നിശ്ചയിച്ചു

യോഗക്ഷേമ സഭയുടെ കോഴിക്കോട് ജില്ലാ കൗൺസിൽ അംഗങ്ങളുടെയും ഉപസഭാ ഭാരവാഹികളുടെയും പൊതുയോഗം 28-07-2019 ന് പോലീസ് ക്ലബ് ഹാളിൽ നിർണിയാട് ദാമോദരൻ നമ്പൂതിരി ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു. പ്രശസ്ത് വിജയം നേടിയ വിദ്യാർത്ഥികളെ അനുമോദിക്കുകയും റിപ്പോർട്ടും വരവു ചെലവു കണക്കും വായിച്ചു ചർച്ച ചെയ്ത് പാസാക്കുകയും ചെയ്തു. പുതിയ ജില്ലാ നിർവ്വാഹക സമിതികളേയും അവയുടെ സംസ്ഥാന കൗൺസിൽ അംഗങ്ങളേയും പാനലുകൾ അവതരിപ്പിച്ച് തെരഞ്ഞെടുക്കുന്നതിന് സി.ആർ. ഒ. നിയോഗിച്ച ശ്രീ. ഇ.ആർ. ഉണ്ണി (എ.ആർ.ഒ) കാർമ്മികത്വം വഹിച്ചു.

മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി ജില്ലാ പ്രസിഡന്റാ യും താമരക്കുളം ദിവാകരൻ നമ്പൂതിരി സെക്രട്ടറിയായും തിരുമംഗലം കൃഷ്ണൻ നമ്പൂതിരി ഖജാൻജിയായിട്ടുള്ള താണ് പുതിയ ജില്ലാ നിർവ്വാഹക സമിതി. 25 സംസ്ഥാന കൗൺസിൽ അംഗങ്ങളേയും തെരഞ്ഞെടുത്തിട്ടുണ്ട്.

'യോഗക്ഷേമസഭാ സ്വസ്തി' എന്ന പേരിന് ദേശീയ അംഗീകാരം ലഭിച്ചു കഴിഞ്ഞിട്ടുള്ള ജില്ലാ മുഖപത്രത്തിന്റെ പ്രിന്ററും പബ്ലിഷറുമായി ബാലുശ്ശേരി ഉപസഭാംഗവും മുതിർന്ന സഭാ പ്രവർത്തകനുമായ കെ.ഐ. വിഷ്ണു നമ്പൂതിരി (ഗായത്രി നിവാസ്, തൃക്കുറ്റിശ്ശേരി, പി.ഒ. വാകയാട്, നടുവണ്ണൂർ-673614) യുടെ നിയമനത്തിന് നേരത്തെ ജില്ലാ കൗൺസിൽ അംഗീകാരം നൽകുകയുണ്ടായി.

2019 സെപ്തംബർ 13,14,15 തിയ്യതികളിൽ ആലപ്പുഴയിൽ വെച്ചു നടക്കാൻ പോകുന്ന യോഗക്ഷേമസഭയുടെ സംസ്ഥാന സമ്മേളനം 'അദ്വൈതം 2019' വൻ വിജയമാക്കാൻ ആഹ്വാനം ചെയ്ത് കൃതജ്ഞത പ്രകാശിപ്പിച്ച് യോഗം പിരിഞ്ഞു.

പുതുതായി തെരഞ്ഞെടുക്കപ്പെട്ട നിർവ്വാഹക സമിതി ചുമതലയേറ്റെടുത്ത് ഭാവിപ്രവർത്തനങ്ങൾ ആലോചിച്ചു നിശ്ചയിച്ചു. ജില്ലാ ഭാരവാഹികളെ അനുമോദിച്ചു കൊണ്ട് സ്വസ്തി ചീഫ് എഡിറ്റർ സംസാരിച്ചു.



*നാറണിയാട് ദാമോദരൻ നമ്പൂതിരി ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്യുന്നു*

**യോഗക്ഷേമ സഭയുടെ കോഴിക്കോട് ജില്ലാ സാരഥികൾ**



*മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി പ്രസിഡന്റ്*



*താമരക്കുളം ദിവാകരൻ നമ്പൂതിരി സെക്രട്ടറി*



*തിരുമംഗലം കൃഷ്ണൻ നമ്പൂതിരി ഖജാൻജി*

## കണ്ണിപറമ്പ് ഉപസഭ

11.05.19ന് പേരൂരിൽ വെച്ച് ചേർന്ന കണ്ണിപറമ്പ് ഉപസഭയുടെ വാർഷിക ജനറൽബോഡിയിൽ പുതിയ കമ്മിറ്റി നിലവിൽ വന്നു. എൻ.ടി.ഉണ്ണി കൃഷ്ണൻ നമ്പൂതിരി- പ്രസിഡന്റ്, കെ.ടി.ശങ്കരൻ- വൈസ് പ്രസിഡന്റ്, വി. പരമേശ്വരൻ- സെക്രട്ടറി, കെ. ത്രിവിക്രമൻ- ജോ. സെക്രട്ടറി, പി.നീലകണ്ഠൻ നമ്പൂതിരി- ഖജാൻജി എന്നിവരെ തിരഞ്ഞെടുത്തു. വനിതാ വിഭാഗം പ്രസിഡന്റായി സുജ പുതുക്കുളങ്ങര, സെക്രട്ടറിയായി ഇന്ദിര പേരൂർ, ഖജാൻജിയായി അനഘ തലപ്പണ എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു.

യുവജന വിഭാഗം പ്രസിഡന്റ് രഘു വൈത്തല, സെക്രട്ടറി ദീപക് നാരായണൻ, ഖജാൻജി ദേവദർശൻ എടക്കാട്.

ഉപസഭാ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ തീരുമാനിച്ചു. കാരുണ്യ പ്രവർത്തന നിധി പുനരാരംഭിക്കുക, മരണം സംഭവിക്കുന്ന ഇല്ലങ്ങളിൽ 50 കിലോഗ്രാം അരി നൽകുക, പുതിയ അധ്യയന വർഷത്തിൽ കുട്ടികൾക്ക് ബാഗ്, കുട, സ്ലേറ്റ്, നോട്ടുബുക്ക് എന്നിവ നൽകുക എന്നിവയാണ് പുതിയ പ്രവർത്തനങ്ങൾ. ഉപസഭയുടെ ഓഫീസായി ഉപയോഗിക്കാൻ വി.ടി. ഉണ്ണികൃഷ്ണൻ നമ്പൂതിരി നൽകിയ റൂമിന്റെ ഫർണിഷിംഗ് പ്രവർത്തനങ്ങൾ ആരംഭിച്ചു. സെക്രട്ടറി

**കണ്ണിപറമ്പ് ഉപസഭ**

# അനുമോദനങ്ങൾ



വിഷ്ണു കമ്പളം
SSLC Full A Plus



ശ്രീനാഥ് സി.-
ചന്ദനവേലി മന
SSLC Full A Plus



സുവർണ മുല്ലപ്പള്ളി-
SSLC Full A Plus



പി.സാവിത്രി
അരീക്കോട് ഉപസഭ
SSLC Full A Plus



ശ്രീഹരി യു.
രാമല്ലൂർ ഉപസഭ
SSLC Full A Plus



അനുരഞ്ജ് വി.ദേവ്
അകപ്പുറം ഇല്ലം
SSLC Full A Plus



അപർണ പി.
പഴേടം ഇല്ലം
VHSE Full A Plus



ആതിര
മേപ്പാട് ഇല്ലം
ഡിഗ്രി ഡിസ്റ്റിംഗ്ഷൻ



മിത്രവിന്ദ പി.കെ.
പുതുശ്ശേരി ഇല്ലം
CBSE Full A Plus



പ്രണീത
നരിക്കുനി എടമന ഇല്ലം
+2 Full A Plus



സുദേവ് പാലക്കുന്നം
Plus2- Full A Plus



അനഘ എം.സി
12th Std. CBSE
Full A Plus



തേജശ്രീ വി.എസ്.
12th Std. CBSE
92 ശതമാനം



വേദ വി. നമ്പൂതിരി
10th Std. ICSC
മുണ്ടോളിക്കളം ഇല്ലം



സുപർണ തെക്കേടത്ത്
മുംബെയിൽ ഉയർന്ന റാങ്കോടെ MBBS സെലക്ഷൻ



ഭദ്രപ്രിയ .വി
NET,JRF സെലക്ഷൻ



ഗായത്രി പുല്ലങ്കോട്
MTech (Environmental Engg) ഉന്നത വിജയം



ഡോ. ആരതി അന്തർജനം
DNB പ്ലാസ്റ്റിക് സർജറി ഉന്നത വിജയം



മീരാ കൃഷ്ണൻ
(USS), നടുവത്തേടത്ത് ഇല്ലം, അരീക്കോട്



പവിത്ര
അയ്യാടത്തില്ലം
(USS)




ഏപ്രിൽ ലക്കം സ്വസ്തി മുഴുവനായും വായിച്ചു. മികവ് പുലർത്തുന്നുണ്ട്:
പ്രതിഭകളുടെ വിവരണം യുവാക്കൾക്ക് വളരെയധികം ഗുണം ചെയ്യും.സംശയമില്ല. നമ്പൂതിരി സമുദായത്തിന്റെ ഒരു നേർക്കാഴ്ചയായി അതിനെ കണക്കാക്കാം. ബാലവിഭാഗത്തെ പ്രോൽസാഹിപ്പിക്കുന്നതിനായി അവരുടെ ഒരു പംക്തി കൂടി ഉൾപ്പെടുത്തിയാൽ കൂടുതൽ നന്നായിരിക്കും

**കോരമ്പറ്റ ശങ്കരൻ നമ്പൂതിരി**
**9946438951**

## സ്വസ്തി ത്രൈമാസിക മാസികയാവട്ടെ

പരശുരാമനാൽ ബ്രാഹ്മണർക്ക് ദാനം ലഭിച്ചതാണ് കേരളഭൂമി എന്ന് ചരിത്രം പറയുന്നു. ഈ ബ്രാഹ്മണരുടെ സാത്വികജീവിതത്തെയും ദാനധർമ്മാദികളെയും പാടെ മറന്ന് കൊണ്ട് പല സംഭവങ്ങളെയും വളച്ചൊടിച്ച് 'സവർണ്ണമേധാവിത്തം' എന്നൊക്കെ പറഞ്ഞ് സമുദായത്തെയൊന്നാകെ ഇകഴ്ത്തിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ഈ അവസ്ഥയിൽ സമുദായൈക്യവും സ്നേഹവും വളർത്താൻ 'സ്വസ്തി' ശ്രമിക്കുന്നുണ്ടെന്ന് സ്നേഹപൂർവ്വം പറയട്ടെ. നമ്മുടെ ചരിത്രത്തെയും പാരമ്പര്യങ്ങളെയും കുറിച്ച് പറയുന്നതോടൊപ്പം ഇന്നത്തെ തലമുറയുടെ സമുദായ, വ്യക്തിഗതനേട്ടങ്ങളെ പ്രോത്സാഹിപ്പിക്കുവാനും സ്വസ്തിയ്ക്ക് കഴിയുന്നുണ്ട്. ഇത് തുടരുവാനും ത്രൈമാസികയിൽ നിന്ന് മാസികയാക്കിത്തീർക്കുവാനും അണിയറപ്രവർത്തകർക്ക് സാധിക്കട്ടെ. നമുക്കിടയിൽ ഏത് വിധത്തിലുമുള്ള അവശതയുമനുഭവിക്കുന്നവരെ കണ്ടെത്തുവാനും അവർക്ക് ആവുംവിധത്തിലുമുള്ള സഹായം എത്തിക്കുവാനുമുള്ള ഒരു ചാലകശക്തികൂടിയായിത്തീരട്ടെ സ്വസ്തി.

**നാഗേരി വിഷ്ണു ഉണ്ണി നമ്പൂതിരി (മണി)**
പുല്പറ്റ.
**9400154702**



## സ്വസ്തി കിട്ടാനും രചനകൾ അയക്കാനും
## 9447337337

swasthithrimonthly@gmail.com എന്ന ഇ-മെയിൽ അഡ്രസ്സിലും യോഗക്ഷേമസഭ ജില്ലാ ആസ്ഥാന മന്ദിരം, കോവൂർ വിഷ്ണു ക്ഷേത്രത്തിന് സമീപം, പി.ഒ. ചേവായൂർ, കോഴിക്കോട്, പിൻ 673017 എന്ന വിലാസത്തിലും 9447337337 എന്ന വാട്സ് ആപ്പ് നമ്പറിലും കത്തുകൾ അയക്കാവുന്നതാണ്. വരിസംഖ്യ പേടിഎം വഴിയും അയക്കാവുന്നതാണ്. നമ്പർ 9447337337.

സ്വസ്തി പന്ഥാം അനുചരേമ= നല്ല വഴിയിൽ കൂടി നല്ലപോലെ നടന്നിടാം.

**മാളിക ഗോവിന്ദൻ നമ്പൂതിരി**
പെരുമണ്ണ, 9400411414

അടിസ്ഥാനപരമായി മാനസികമായ സുഖം വേണം വാർത്തകളും അറിവുകളും വായിക്കുന്നവർക്കും കേൾക്കുന്നവർക്കും സുഖം തോന്നണം പൂർണ്ണമനസ്സോടെ സ്വീകരിക്കാൻ കഴിയണം

**നാരായണൻ കരിപ്പം**

വി.ടി വാസുദേവൻ ഈ മാസികയേക്കുറിച്ച് പറഞ്ഞിരുന്നു ഞാൻ ഒരു വരിക്കാരനാകുവാനും ആഗ്രഹിക്കുന്നു.ഇത് രാഷ്ട്രീയ മുക്തമാണെന്ന് വി.ടി പറഞ്ഞു. ഇത് നമ്പൂതിരിമാരുടെ രാഷ്ട്രീയ നിരപേക്ഷമായ ഒരു കൂട്ടായ്മയാണെങ്കിൽ ഞാനുണ്ട് കൂടെ വരിസംഖ്യ എത്ര? അയക്കേണ്ട വിലാസം. എല്ലാം വ്യക്തമാക്കണം

**മാധവൻ കോടാർമണ്ണ**

## ടീനേജ് പ്രതിഭകളെ പരിചയപ്പെടുത്തൽ വളരെ നന്നായി

പ്രിയപ്പെട്ട സ്വസ്തിയുടെ അണിയറ പ്രവർത്തകർക്ക്. ടീനേജ് നമ്പൂതിരി പ്രതിഭകളുടെ പരിചയപ്പെടുത്തൽ വളരെ നന്നായി. ഈ ഉയരങ്ങളിലും തനതായ സംസ്കൃതി കൈവിട്ടിട്ടില്ല എന്നതാണ് വളരെ കാര്യമായ സത്ത. അധികം ആരാലും അറിയപ്പെടാതെ പോകുന്നവരെ പരിചയപ്പെടുത്തിയത് ഉചിതം. മറ്റുള്ളവർക്ക് വേണ്ടി ജീവിതം ഉഴിഞ്ഞുവെച്ച നമ്പൂതിരി ആയി ജനിച്ചവരുടെ(?) പരിചയപ്പെടുത്തൽ കൂടി വേണം എന്ന് ആഗ്രഹിക്കുന്നു. (എന്റെ അറിവിൽ പട്ടാമ്പിയിലെ കൊപ്പത്ത് അഭയം എന്ന പ്രസ്ഥാനം നടത്തുന്ന പള്ളത്ത് മനയിലെ കൃഷ്ണേട്ടൻ എന്ന വ്യക്തിയെ എല്ലാവർക്കും പരിചയപ്പെടുത്തി കൊടുത്താൽ നന്നായിരിക്കും.)

**മധു താമരക്കുളം, 9444181996**

ഒരു കോപ്പി കിട്ടിയാൽ കൊള്ളാമായിരുന്നു ഏപ്രിൽ ലക്കത്തിൽ ജാലവിദ്യക്കാരനായ ഒരു നമ്പൂതിരി യുവാവിനെ പരിചയപ്പെടുത്തുന്ന ലേഖനമുണ്ടെന്നറിഞ്ഞു താമരക്കുള. ത്തിൽ നിന്നാരെങ്കിലും ഇല്ലത്തേക്ക് വരുമ്പോൾ കൊടുത്തയച്ചാൽ മതി.

**വാഴക്കുന്നം എസ് .എൻ**

ഒരു അക്കൗണ്ട് ഹാൻഡിൽ ചെയ്യുന്നതിന് പകരം സ്വസ്തി ഒരു പേജ് ആയി മാറ്റുന്നതായിരിക്കും നന്നാവുക . ആളുകളെ വായിക്കാൻ പ്രേരിപ്പിക്കാൻ തരത്തിലുള്ള ഫോട്ടോസ്ഉം എഴുത്തുകളും അതിൽ ഉൾപെടുത്തുക . ഇടയ്ക് ചില എഡിറ്റോറിയൽസ്, ചിത്രങ്ങൾ , ഫങ്ഷന്കൾ സ്വസ്തിയിൽ ഉൾപെടുത്താൻ പറ്റാത്തവ ഈ പേജ് വഴി ആളുകളിലേക് എത്തിക്കാം. സോഷ്യൽ മീഡിയ ഒന്ന് നന്നായി മാനേജ് ചെയ്യണം .
നന്ദി

**വിഷ്ണു**

## വൈവിദ്ധ്യം കൊണ്ട് ശ്രദ്ധേയമാവട്ടേ



പല ഗ്രൂപ്പുകളിൽ നിന്നും,നമ്മുടെ സമുദായത്തിലെ, മിടുക്കരായ കുട്ടികളെ ക്കുറിച്ചുള്ള ലേഖനങ്ങൾ വായിച്ചു.താഴെ നോക്കിയപ്പോൾ സ്വസ്തിയുടേതാണെന്ന് കണ്ടു.ഈ പ്രതിഭകളെ തിരഞ്ഞുപിടിക്കാനും സ്വസ്തിയിലൂടെ അവരെ പരിചയപ്പെടുത്താനും മാസികയുടെ അണിയറശിൽപികൾ നടത്തിയ പ്രയത്നം പ്രശംസനീയമാണ്.വ്യത്യസ്തത പുലർത്തുന്ന articles... Really the team has done a wonderful, commendable, work.. congratgulations ....ഇനിയും പല മേഖലകളിൽ ഉള്ള, മിടുക്കികളെ,മിടുക്കൻമാരെ, പുറത്തു കൊണ്ടുവരൂ..രചനകളുടെ വൈവിദ്ധ്യം കൊണ്ട് ശ്രദ്ധേയമാവട്ടേ സ്വസ്തി.....

എനിക്ക് ഈ ലക്കവും ഇനിയുള്ളതും അയച്ചുതരണം...

**എം. ഗിരിജ (ഐ.ആർ.എസ്.)**

റിട്ട. അസി. കമ്മീഷണർ ഓഫ് സെൻട്രൽ എക്സൈസ്

9447347697

വായിക്കാൻ താൽപര്യം ണ്ട്.. എനിക്കും അയച്ചുതരൂ

**ഗിരീശൻ പെരുമ്പാവൂർ**

സ്വസ്തിയ്ക്ക് വേണ്ടി ആകാംക്ഷയോടെ കാത്തിരിക്കുന്നു.

**നീലകണ്ഠൻ പേരൂർ**



*ഏപ്രിൽ ലക്കം സ്വസ്തി സരസ ഞാളൂരിന് സ്വസ്തി ചീഫ് എഡിറ്റർ കൊയത്തടി പരമേശ്വരൻ കൈമാറുന്നു*

# അനുമോദനങ്ങൾ



*സി.പി.വൈശാഖ് തിരുവനന്തപുരം ഐസറിൽ നിന്ന് ഫിസിക്സിൽ ഡോക്ടറേറ്റ് നേടി. - തലക്കുളത്തൂർ പൈങ്ങാട്ട് ഇല്ലം*



*മനോജ് നാഗേരി ഇല്ലം കോഴിക്കോട് സർവ്വകലാശാലയിൽ നിന്നും കെമിസ്ട്രിയിൽ ഡോക്ടറേറ്റ് നേടി.*




*സഞ്ജയ് പുതുക്കുടി ഇല്ലം (യു.എസ്.എസ്.), ഹരിപ്രസാദ് വേണാട്ടില്ലം (യു.എസ്.എസ്), ഭരദ്വാജ് കളത്തില്ലം (എൽ.എസ്.എസ്.)*




*നാരായണൻ പുതുശ്ശേരി ഇല്ലം കൊയിലാണ്ടി ഉപസഭ GATE-ൽ പ്രശസ്ത വിജയം*

# പാണിഗ്രഹണം





വിദു ആനന്ദ്. കൊല്ലം 1164 കന്നി മാസം 1 തീയതിക്ക് 1988 സെപ്തംബർ 17 ശനിയാഴ്ച പകൽ 9 മണി 8 മിനിട്ടിന് ജനനം. 13 വർഷം 10 മാസം 4 ദിവസം ശനി ശിഷ്ട ദശ. ഉയരം: 173 സെ.മീ. ജോലി: ബാങ്കിൽ ഡെപ്യൂട്ടി മാനേജർ. ഫോൺ: 9746481877.





ഉദയാദി 13 നാ. 15 വിനാഴികക്ക്
ചിത്ര 3.10 പാദം പുരുഷ ജനനം


നിധീഷ് കെ.വി., കശ്യപഗോത്രം, ജനനത്തീയതി: 1990 സെപ്തംബർ 21 (1166 കന്നി 5) ജനനസമയം: പകൽ 11 മണി 37 മിനിട്ട്, നക്ഷത്രം ചിത്ര, ഉയരം: 167 സെ.മീ., വിദ്യാഭ്യാസ യോഗ്യത: ബി.കോം, ഓഫ്സെറ്റ് പ്രിന്റിംഗ് ടെക്നോളജി, ജോലി: പ്രൈവറ്റ് സ്ഥാപനത്തിൽ, അച്ഛൻ: പരേതനായ നാരായണൻ നമ്പൂതിരി, കക്കാട്ടില്ലം. അമ്മ: പ്രേമലത അന്തർജനം (രണ്ടു പേരും റിട്ട. ടീച്ചർമാർ), സഹോദരി: വിവാഹിത. അഡ്രസ്: പി.പ്രേമലത, കക്കാട് വലിയ ഇല്ലം, ഏറാമല പി.ഒ., ഓർക്കാട്ടേരി, കോഴിക്കോട്- 673501, മൊബൈൽ: 9947606086, 9497832965.




ഹരിത ടി., 1172-ാമാണ്ട് മീന മാസം 29-ാം തീയതി 1997 ഏപ്രിൽ മാസം 12-ാം തീയതി മന്ദവാരെ മകീര്യം നക്ഷത്രം എടവക്കൂറും ശുക്ലപക്ഷ പഞ്ചമ്യാന്ത്യഗത വ്യാഘ്രക്കരണവും ശോഭനനാമ യോഗവും കൂടിയ സമയെ IST. 2-34 a.m. മണിക്ക് മൃഗാന്ത്യ ദ്രേക്കാണെ ശ്രീമത് കുമാരീ ഭൂജാതാ 5 വർഷം 10 മാസം 23 ദിവസം ആറു നാഴിക നക്ഷത്രപക്ഷെ ജന്മതാരാധിപ കുഢശിഷ്ടദശാ. ഉയരം: 163 സെ.മീ. വിദ്യാഭ്യാസ യോഗ്യത: എം.എസ്.സി. കെമിസ്ട്രി. ഫോൺ: 9495464547




1158 എടവമാസം 27ന് 1983 ജൂൺ 1 ന് ശനിയാഴ്ച 55 നാ 32 വി മേടലഗ്നം രോഹിണി നക്ഷത്രം പുരുഷജനനം. 0-07-01 ചന്ദ്ര ശിഷ്ടദശ. അച്ഛൻ എ.എം. രവി, അമ്മ കെ.എം.സാവിത്രി. പുനർവിവാഹം കൊച്ചിയിൽ ഇൻഫോപാർക്കിൽ MNC യിൽ ജോലി ചെയ്യുന്നു. ജോലിയുള്ളവർക്ക് പ്രഥമ പരിഗണന. മറ്റു ഡിമാൻഡുകളില്ല.
അവിഞ്ഞിക്കാട്ടുമന, വളപുരം പി.ഒ., പുലാമന്തോൾ, മലപ്പുറം, ഫോൺ: 9995007384




കൊല്ലവർഷം 1173 കന്നിമാസം 5-ാം തീയതി 1997 സെപ്തംബർ 21-ാം തീയതി രവിവാരം രാത്രി 8 നാഴികയും 30 വിനാഴികയും ചെന്നപ്പോൾ രോഹിണി നക്ഷത്രം ഒന്നാം പാദം ഇടവക്കൂറ് കൃഷ്ണപക്ഷ ഷഷ്ഠിയിൽ സുരഭിക്കരണം വശീയാൻ നാമ നിത്യയോഗവും കൂടിയ സമയത്ത് എടവം രാശി ലഗ്നത്തിൽ കുമാരീ ജനനം.
8 കൊല്ലം 9 മാസം 24 ദിവസം ചന്ദ്ര ശിഷ്ട ദശ. വിദ്യാഭ്യാസ യോഗ്യത: എം.എസ്.സി. മാത്തമാറ്റിക്സ്, ഫോൺ: 8075215551, 9400622253.

## ആദരാഞ്ജലികൾ




വാസുദേവൻ നമ്പൂതിരി- കോയില്യം



സുബ്രഹ്മണ്യൻ നമ്പൂതിരി,
കാരക്കാട്ടില്ലം, മാങ്കാവ്, സിറ്റി ഉപസഭ



വാസുദേവൻ നമ്പൂതിരി- പാറോളി
ഇല്ലം, ഓർക്കാട്ടേരി, വടകര



കൊയ്ത്തടി വാസുദേവൻ
നമ്പൂതിരി




**സുകന്യ**
D/o നീലകണ്ഠൻ നമ്പൂതിരി & രമ
അന്തർജനം
കൈപ്പള്ളി മന, തച്ചിങ്ങനടം
മലപ്പുറം

**ശ്രീജിത്ത്**
S/o ശ്രീധരൻ നമ്പൂതിരി & ഉഷ
അന്തർജനം
തിരുത്തൂർ മന, കൃഷ്ണ ഗാർഡൻ
തൃശൂർ

ആശംസകളോടെ: ബന്ധുമിത്രാദികൾ

Wish you a happy married life



**അശ്വതി**
D/o നാരായണൻ & ഷർമിള
വേണാട്ടുമന, കിഴക്കുമ്പാട്ടുകര,
തൃശൂർ

**ജയകൃഷ്ണൻ നമ്പൂതിരി**
S/o ഉണ്ണിനാരായണൻ നമ്പൂതിരി
& ദേവകിക്കുട്ടി
വാഴാമ്പറ്റ മന, പി.ഒ.മണാശ്ശേരി
മുക്കം, കോഴിക്കോട്

ആശംസകളോടെ: ബന്ധുമിത്രാദികൾ

*Wish you a happy married life*



**നിതിൻ**

S/o മണി പുൽപറമ്പിൽ & നിർമ്മല പി.കെ.
എടക്രമഞ്ചേരി പുൽപറമ്പിൽ ഇല്ലം,
പെരുമണ്ണ, കോഴിക്കോട്

**കാവ്യ**

D/o മധു നമ്പൂതിരി & ബീന
കോൽപുറത്ത് ഇല്ലം,
കോഴിക്കോട്

ആശംസകളോടെ: ബന്ധുമിത്രാദികൾ


പ്രശാന്ത സുന്ദരമായ
പ്രകൃതിയുടെ
മടിത്തട്ടിലാവട്ടെ
ആരോഗ്യത്തിന്റെ
പുത്തനുണർവ്വ്...
മികച്ച ചികിത്സ ലഭ്യമാക്കുന്ന
സ്പെഷ്യാലിറ്റി വിഭാഗങ്ങൾ
സന്ധിരോഗ വിഭാഗം
മുട്ടുവേദന, തേയ്മാനം, ആർത്രൈറ്റിസ്
നട്ടെല്ലുരോഗ വിഭാഗം
നടുവേദന, കഴുത്ത് വേദന, സ്പോൺഡിലൈറ്റിസ്
വാതരോഗ വിഭാഗം
പക്ഷാഘാതം, കൈ കാൽ കടച്ചിൽ, തരിപ്പ്, വേദന
ജീവിതശൈലീരോഗ വിഭാഗം
പ്രമേഹം, പ്രഷർ, കൊളസ്ട്രോൾ, അമിതവണ്ണം
ഉദരരോഗ വിഭാഗം
ഗ്യാസ്ട്രബിൾ, ഗ്രഹണി, അൾസർ, IBS
മൂലവ്യാധിരോഗ വിഭാഗം
സ്ത്രീരോഗ വിഭാഗം
ത്വക്ക്‌രോഗ വിഭാഗം
നേത്രരോഗ വിഭാഗം
പ്രസവാനന്തര ചികിത്സാ വിഭാഗം
TREATMENT ROOMS
PHARMACY
HERBAL GARDEN
CANTEEN
ORGANIC FARM
LAKE
NALUKETTU MANA
LIBRARY
പുറച്ചേരി, ഏഴിലോട്(പി.ഒ), കണ്ണൂർ-670309
Ph: 0497 2800298, 9495014766
www.kesavatheeram.com
കേശവതീരം
ആയുർവ്വേദ ആശുപത്രി